BISHOP MOORE COLLEGE, MAVELIKARA

1964 - 2014
GOLDEN JUBILEE

# Golden Jubilee SOUVENIR

BISHOP MOORE COLLEGE
Mavelikara - 690 110
Web: www.bishopmoorecollege.org.
e-mail:bpmoorecollege@gmail.com
Ph: No. 0479-2303260/ 2303230, Fax: 0479-2303230





Rt. Rev. Edward Alfred Livingstone Moore


COLLEGE


Our Manager
Rt. Rev. Thomas K. Oommen




Founder Principal
Rev. Prof. K. C. Mathew



RARY


Our Principal
Dr. Leelamma George

# Teaching Staff



# Message from the Manager



I am delighted to send my warm greetings to you as you gather together to celebrate the Golden Jubilee of Bishop Moore College, Mavelikara. This college has been a symbol of Christian witness for a long time and I am also happy to celebrate with you as you mark this significant milestone of the church. The aim of Missionary Institutions has always had a difference compared to the other institutions based on Christian values, educational vision and mission.

As Dr. S. Radhakrishnan has rightly pointed out, 'the troubles of the world are due to the fact that education has become an intellectual exercise without moral and spiritual values'. The concept of education generally implies the process of lifting a person from a lower to a higher plane of thought and action. Every civilized society has a set of value components based on its needs, interests, beliefs, cultural tradition and economic background. It is the inevitable duty of the Educational Institutions to impart and inculcate such values in the learners. This is possible through the meaningful and effective interactions of teachers, students and the learning atmosphere.

What we lack today is a healthy inter-human relationship between the teacher and the taught. Modern education has, so far, concentrated only on the 'learning to do' aspects and not on the 'learning to be' requirements of education. Education is not merely an activity of acquiring knowledge and facts. It must create in the learner the right attitudes and positive values for the upliftment of the society. Swami Vivekananda says that 'we need a life-building, human-making, and character-building education'.

At this time, I remember with gratitude the pioneer principals, teachers and non-teaching staff of this college who have rendered their services to the growth and development of this prestigious institution. I would also like to appreciate the efforts which have been taken by the Principal, teaching and non-teaching staff, students and members of the Governing Council for organizing this Golden Jubilee celebration.

This is not only an occasion to look back with gratitude for all that our God has done for us but also to look forward with renewed vision and revived commitment to the work that lies ahead. May the time of Jubilee be a fruitful and meaningful one to take up new responsibilities in order to carry out God's mission.

I wish the Souvenir Committee members and all the members of the Bishop Moore College community all success and prayers.

Kottayam,
10.02.2015.

**† Rt. Rev. Thomas K. Oommen**
CSI Deputy Moderator, Manager &
Bishop of Madhya Kerala Diocese.

# Non Teaching Staff



# പ്രിൻസിപ്പൽ എഴുതുന്നു...

സുവർണ്ണജൂബിലിയുടെ നിറവിലെത്തിയിരിക്കുന്ന ബിഷപ്പ് മൂർ കോളജിന്റെ പ്രിൻസിപ്പലായിരിക്കുവാൻ സാധിച്ചതിൽ ഞാൻ അഭിമാനം കൊള്ളുന്നു. ഗതകാല പാരമ്പര്യം നഷ്ടപ്പെടാതെ സൂക്ഷിച്ചുകൊണ്ട് ഈ കലാലയം നിറപ്പകിട്ടാർന്ന സ്വപ്നങ്ങളുമായി ജൈത്രയാത്ര തുടരുകയാണ്.

ക്രൈസ്തവമിഷനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനത്തിന്റെ ഭാഗമായി അപരിഷ്കൃതമേഖലകളിലെ സാധാരണജനങ്ങളിലേയ്ക്ക് വിദ്യാവെളിച്ചം പ്രസരിച്ചതിന്റെ സ്മരണ പുതുക്കിക്കൊണ്ട് മാവേലിക്കര ബിഷപ്പ് മൂർ കോളജ് സുവർണ്ണജൂബിലി ആഘോഷിക്കുകയാണ്. സംസ്ഥാനമൊട്ടാകെ ജൂനിയർകോളജുകൾ ആരംഭിക്കുവാനുള്ള കേരളാഗവൺമെന്റിന്റെ പ്രഖ്യാപനമുൾക്കൊണ്ട് 1964–ൽഅന്നത്തെ സി.എസ്.ഐ.ബിഷപ്പ് റൈറ്റ് റവ .എം. എം.ജോണിന്റെ നേതൃത്വത്തിലുള്ള മഹായിടവക കൗൺസിലിന്റെ തീരുമാനമനുസരിച്ച് റവ.സി.ഐ.ഏബ്രഹാമിന്റെ പരിശ്രമത്തിൽ കണ്ടെത്തിയ കല്ലുമലപ്രദേശത്ത് ഈ കലാലയം സ്ഥാപിതമായി. റവ.കെ.സി.മാത്യുഅച്ചന്റെ നേതൃത്വത്തിൽ, 469 വിദ്യാർത്ഥികളുമായി ഓലഷെഡ്ഡിലാരംഭിച്ച കോളജ് ഇന്ന് 11 ഗ്രാജ്വേറ്റ് കോഴ്സുകളും 4പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകളും 3 റിസർച്ചു സെന്ററുകളും ഉള്ള ഉന്നതവിദ്യാഭ്യാസകേന്ദ്രമായി ഉയർന്നു കഴിഞ്ഞു.പ്രീപ്രൈമറി വിദ്യാഭ്യാസം മുതൽ ഗവേഷണം വരെയുള്ള സാധ്യതകൾ ബിഷപ്പ് മൂർ കോളജ്‌വിദ്യാഭ്യാസസമുച്ചയത്തിലുൾപ്പെടുന്നു.നിരവധി ഐ.എ.എസ്.കാർക്ക് ജന്മം നല്കിയിട്ടുള്ള ഈ കോളജ് രാഷ്ട്രീയരംഗത്തും ആദ്ധ്യാത്മികരംഗത്തും സാഹിത്യരംഗത്തും കലാരംഗത്തും ഉള്ള അനേകം പ്രഗത്ഭർക്ക് പരിശീലനക്കളരിയായിരുന്നു..നാക് അക്രഡിറ്റേഷനിൽ ഉയർന്ന ഗ്രേഡിലെത്തിയിരിക്കുന്ന ഈ കോളജിന് വിജയകഥകളേറെ.കേരള സർവ്വകലാശാലാപരീക്ഷകളിൽ മിക്ക വർഷങ്ങളിലും ഉയർന്ന റാങ്കുകൾ കരസ്ഥമാക്കുവാൻ ഈ കലാലയത്തിലെ വിദ്യാർത്ഥികൾക്കു കഴിഞ്ഞിട്ടുണ്ട്. വിവിധ നാഷനൽ– ഇന്റർനാഷനൽ സെമിനാറുകൾക്ക് ഓരോ വർഷവും ബിഷപ്പ് മൂർ കോളജ് വേദിയൊരുക്കുന്നു. അക്കാദമിക് അക്കാദമികേതര പ്രവർത്തനങ്ങളിൽ മികവു തെളിയിച്ചുകൊണ്ട് കോളജ് മുന്നേറുകയാണ്. വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകളിലൂടെ വിദ്യാർഥികളിൽ വ്യക്തിത്വവികസനവും കർമ്മബോധവും ഉണർത്തുവാൻ ഇവിടെ സൗകര്യങ്ങളൊരുക്കുന്നു. നിസ്വാർത്ഥസേവനത്തിന്റെ മന്ത്രമോതിയ ബിഷപ്പ് എഡ്വേർഡ് ആൽഫ്രഡ് ലിവിംഗ്സ്റ്റൺ മൂറിന്റെ കാലടികളെ പിന്തുടർന്ന് അർപ്പണബോധത്തോടുകൂടി പ്രവർത്തിക്കുന്ന അദ്ധ്യാപകരും അനദ്ധ്യാപകരും ബിഷപ്പ്മൂർ കോളജിന്റെ പാരമ്പര്യം നഷ്ടപ്പെടാതെ സൂക്ഷിക്കുന്നു.



മലയാളമനോരമയുടെ മഴവെള്ള സംഭരണത്തിനുള്ള അവാർഡ് കരസ്ഥമാക്കിയ ഈ കോളജ് ഇക്കോഫ്രണ്ട്‌ലി ക്യാംപസായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. ക്യാംപസ് റിക്രൂട്ട്മെന്റുകൾക്ക് അവസരമൊരുക്കു വാനും കംപ്യൂട്ടർ – എം.എൽ.ടി.കോഴ്സുകൾ ഏർപ്പെടുത്തുവാനും കഴിഞ്ഞത് ഇവിടുത്തെ പഠനസാഹചര്യങ്ങൾക്ക് അനുബന്ധമാകുന്നു. കല്ലുമലപ്രദേശത്ത് വിദ്യാദീപം തെളിയിച്ച ഈ വിദ്യാകേന്ദ്രം അമ്പതുവർഷം കൊണ്ട് ഇവിടുത്തെ സാധാരണജനജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞു. അരനൂറ്റാണ്ടുകാലത്തെ പ്രവർത്തനസാഫല്യത്തിന്റെ സ്മരണകൾ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമിരുന്ന് പൂർവ്വവിദ്യാർത്ഥികൾ പങ്കിടുകയാണിന്ന്. രക്ഷാകർത്താക്കളും പൂർവ്വ വിദ്യാർത്ഥികളും മുൻ അദ്ധ്യാപക– അനദ്ധ്യാപകരും ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അദ്ധ്യാപക–അനദ്ധ്യാപകരും അഭ്യുദയകാംക്ഷികളും നല്കുന്ന പിന്തുണയാണ് ഈ കലാലയത്തിന്റെ വിജയരഹസ്യം.കലാലയത്തിന്റെ പ്രവർത്തനനയത്തെ മാനിക്കുന്ന വിദ്യാർത്ഥികളിലൂടെ ഞങ്ങൾ ധന്യരാകുന്നു.

കോളജിന്റെ മാനേജർമാരായി കാലാകാലങ്ങളിൽ പ്രശസ്തനേതൃത്വം നല്കിയ മഹായിടവകഅദ്ധ്യക്ഷന്മാരായിരുന്ന ബിഷപ്പ് എം. എം. ജോൺ, ബിഷപ്പ് ടി. എസ്. ജോസഫ്, ബിഷപ്പ് എം. സി. മാണി, ബിഷപ്പ് സാം മാത്യു, ബിഷപ്പ് തോമസ് സാമുവൽ, ഇപ്പോൾ മാനേജരെന്ന നിലയിൽ നേതൃത്വം നല്കുന്ന മധ്യകേരളമഹായിടവക ബിഷപ്പും ഡപ്യൂട്ടി മോഡറേറ്ററുമായ റൈറ്റ് റവ. തോമസ് കെ.ഉമ്മൻ തിരുമേനി എന്നിവരെ നന്ദിപൂർവ്വം സ്മരിക്കുന്നു. പ്രിൻസിപ്പൽമാരായി സേവനമനുഷ്ഠിച്ചുകൊണ്ട് ഈ കലാലയത്തിന് അടിസ്ഥാനമുറപ്പിച്ച റവ. പ്രഫ. കെ.സി. മാത്യു പ്രഫ. എം.കെ.ചെറിയാൻ, പ്രഫ. വിക്ടർ സാം, പ്രഫ. മാമ്മൻ വർക്കി, പ്രഫ.കോശി നൈനാൻ, ഡോ.മാത്യു കോശി, ഡോ. കുര്യൻ തോമസ്, ഡോ. തോമസ് കുരുവിള എന്നിവരോടും ഞങ്ങൾക്ക് കടപ്പാടുണ്ട്.

അമ്പതു വർഷത്തെ പ്രവർത്തനപാരമ്പര്യത്തിൽ നിന്ന് ആർജ്ജിക്കുവാൻ കഴിഞ്ഞ ഊർജ്ജം ബിഷപ്പ് മൂർ കോളജിന് കരുത്തേകട്ടെ. പൂർവ്വികർ കൊളുത്തിയ ദീപശിഖ നിറവെളിച്ചത്തോടെ വരുംതലമുറകളിലേക്കു ഞങ്ങൾ കൈമാറട്ടെ. ബിഷപ്പ് മൂർ കോളജ് വിജയത്തിന്റെ പതാകയുമായി മുന്നേറട്ടെ.

ഡോ. ലീലാമ്മ ജോർജ്ജ്



Inception of the College



OUR FORMER PRINCIPALS

# GENERAL CONVENERS



*Prof. Jacob Chandy*



*Dr. Sabu George*

# TREASURERS



*Dr. Ranjith Mathew Abraham*



*Dr. Varughese Anie Kurien*



# Editorial

## What Really Matters...

When Bishop Moore College is celebrating its Golden Jubilee, it is my privilege to bring out a souvenir. May I invite you to discover the abundance of memories flowing through these pages. In more than sixty articles, former and present staff, students and distinguished alumni around the world have penned down stories, amusing anecdotes and real life experiences, shared straight from the heart. The photographs compiled give a bird's eye view of the college from its inception till date.

In this world of computerized automation, where gadgets and numbers gain prominence, this souvenir points out that real life is centred around people. Every person who has walked down the portals of this great institution has left an individual mark which has added to the history of this college. Their experiences, values and love shared indeed make the world a better place.

It is my wish that those who read this souvenir may be touched by its mark of simplicity, note of readability, focus on human values, and significance given to experiences. May it help us all to remember that, in the end, it is friends and family that really matter.

Dr. Anne Angeline Abraham
annekunnath@gmail.com

*Writing means sharing. It's part of the human condition to want to share things - thoughts, ideas, opinions. (Paulo Coelho)*

# ഉള്ളടക്കം


| | | |
|---|---|---|
| വിദ്യാഭ്യാസം - മാനവസംസ്കാരത്തിന്റെ കാവൽഭടൻ | ബിഷപ്പ് ഡോ. സാം മാത്യു | 22 |
| വിദ്യാദീപ്തി പകർന്ന സരസ്വതീക്ഷേത്രം | ഡോ. മാത്യൂസ് മാർ തിമോത്തിയോസ് | 28 |
| സുവർണ്ണജൂബിലി റിപ്പോർട്ട് | ജൂബിലി കൺവീനേഴ്സ് | 30 |
| വളർത്തച്ചൻ (നമ്മുടെയും കോളേജിന്റെയും) | റവ. കെ. സി. മാത്യുവുമായി അഭിമുഖം | 50 |
| കലാലയം | പ്രഫ. വി. ഐ. ജോൺസൺ | 59 |
| മാവേലിക്കരയിലെ സാംസ്കാരിക വളർച്ചയുടെ പരിപക്വഫലം | പ്രഫ. എം. കെ. ചെറിയാൻ | 60 |
| ഒരു സുഹൃത്തിനെ ഓർമിക്കുമ്പോൾ | ഡോ. സാബു ജോർജ് | 68 |
| ഞങ്ങൾ ഞങ്ങളെ തേടിയ ഇടം | ഡോ. മാത്യു കോശി | 72 |
| വിദ്യാഭ്യാസ ധർമം ധാർമിക അഭ്യസനം | ഡോ. കുര്യൻ തോമസ് | 74 |
| എന്റെ പ്രീഡിഗ്രിയും മോഹനക്കുറുപ്പും | ഷീലാ തോമസ് ഐഎഎസ് | 86 |
| വർത്തമാനം ഭരത് സുരേഷ് ഗോപി | | 98 |
| നായിക | ലോപ എസ്. | 101 |
| പറയാം നമ്മുടെ കുടുംബപുരാണം | റവ. പ്രഫ. ഇട്ടി മാത്യു | 116 |
| പറന്നകന്ന ഔദ്യോഗികനാളുകൾ | പ്രഫ. വിഘ്നേശ്വരൻ വി. | 118 |
| ഇന്നോളമെത്തുന്ന ഗാനപുണ്യം | പ്രഫ. കോശി തലയ്ക്കൽ | 120 |
| ചില കൊച്ചു കൊച്ചു കാര്യങ്ങൾ | പ്രഫ. വി. സി. ജോൺ | 124 |
| സൗജന്യം എന്ന സൗകര്യം | റോജിൻ പൈനുംമൂട് | 130 |
| ഓർമയിൽ ഓജസോടെ രജതജൂബിലി | പ്രഫ. ജോർജ്ജ് ജേക്കബ് | 134 |
| കല്ലുമലയുടെ ഭാഗ്യതാരം | മേഴ്സി പോൾ | 142 |
| നമുക്ക് ഓർമകളിൽ ചെന്നു രാപാർക്കാം | കെ. കെ. സുധാകരൻ | 156 |
| മികവിന്റെ പാതയിൽ വിട്ടുവീഴ്ചയില്ലാതെ | കെ. ജി. മുകുന്ദൻ | 158 |
| ആത്മകഥപോലെ ഒന്ന് | പ്രഫ. മധു ഇറവങ്കര | 160 |
| ഇതാ... ഇവിടെ വരെ, പ്രിൻസിപ്പൽമാരോടൊപ്പം | ജോർജ് സഖറിയ | 164 |
| ഫോണിൽ പാളിയതും ലീവിൽ നേടിയതും, ഓർമകൾ ഒത്തിരിയാണ് | ഐപ്പ് ജോൺ | 166 |
| ജൂബിലി നിറവിൽ വൈദികസംഗമം | റവ. ഷാലു റ്റി. മാത്യു | 168 |
| അന്നൊരിക്കൽ | | 169 |
| ഒരു മരവും ചുംബനയോഗവും | ശിവശൈലം ശരത്കുമാർ | 173 |
| തിരുമുറ്റം നിറയെ ഓർമകൾ മേയുന്നു | പി. വി. ശിവശങ്കരപിള്ള | 174 |
| കലാലയവും കുറേ ഉപപാഠങ്ങളും | ജിജുമോൻ എം. | 177 |
| എന്റെ കലാലയം, എന്റെ ഭവനം | ജേക്കബ് ഫിലിപ്പ് | 180 |
| കെണി | പ്രഫ. ദിപു ജോസഫ് | 195 |
| ആളൊരുങ്ങി അരങ്ങൊരുങ്ങി | പ്രഫ. പ്രേംജിത്ത് എം. ആർ. | 196 |

# CONTENTS


| | | |
|---|---|---|
| Igniting Change | Rt. Rev. Thomas Samuel | 24 |
| An Icon of Integral Knowledge | Rt. Rev. Dr. Issac Mar Philoxenos | 26 |
| I Witness 50 Years | Prof. George M. Cherian | 36 |
| The Journey from Silver to Gold | Dr. Ranjith Mathew Abraham | 42 |
| The Best Years | Prof. Vilasini Pillai | 59 |
| College Days | Priyadarshini S. | 62 |
| Campus - A venue for Self Discovery | Prof. Mammen Varkki | 64 |
| Memories Four Fold | Prof. Koshy Ninan | 70 |
| Growing Globally, Rejoice | Dr. Thomas Kuruvilla | 76 |
| An Anthology of Memories | Rev. Dr. Valson Thampu | 78 |
| Fond Remembrances | Swami Amrithaswarupananda | 82 |
| Parading Nightmares | Dr. C. Gopinathan Pillai | 84 |
| My Bishop Moore College | Prof. C. A. Abraham | 87 |
| A Poem as a Memoir of the Campus | Dr. Raju Vallikkunnam | 88 |
| Freedom | Sigy Thomas IAS | 91 |
| Along the Memory Lane (Sr. Rachel Joseph Hall) | Rev. Prof. K. C. Mathew | 94 |
| Random Thoughts | Prof. Anna Verghis | 114 |
| Life with My Long Lost Friend | Prof. Achyamma C. Thomas | 132 |
| En Route to Greater Heights | Prof. George Kurien | 136 |
| BMS to BMC | Rajasekharan | 138 |
| Endaro Mahanubhavulu | Prasannavadanan Thampi | 144 |
| Reminiscing My Bishop Moore College days | Prof. Simon George | 148 |
| The Glory that Hatched out from a Thatched Shed | Prof. Mathew C. Ninan | 150 |
| Ecclesia | Rev. Dr. Mathew Varkey | 152 |
| The Legacy that Guides us Forth | Prof. Merin George | 155 |
| Experiences Excised | Jackson Joseph | 170 |
| The Dream no Longer a Dream | Anjali S. Thampan | 178 |
| Of Misses and Hits | Dr. Nair Anup Chandrasekharan | 181 |
| Teacher Alumni Speak | | 182 |
| Our Departments | | 183 |
| An Ode to my Alma Mater | Prof. Renjith Krishnan K. R. | 192 |
| For that Chemistry of Life | Dr. Sherely Annie Paul | 194 |
| Pearls of Nostalgia | Sony Oommen Thomas | 195 |
| Laurels to our Alma Mater | Sherin Mary Samuel | 197 |



# വിദ്യാഭ്യാസം - മാനവസംസ്കാരത്തിന്റെ കാവൽഭടൻ


**റൈറ്റ്. റവ. ഡോ. സാം മാത്യു**

*(മുൻ മാനേജർ & ബിഷപ്പ്, സിഎസ്ഐ മദ്ധ്യകേരള മഹായിടവക)*


മാവേലിക്കര ബിഷപ്പ് മൂർ കോളേജ് സുവർണ്ണജൂബിലി ആഘോഷത്തിന്റെ നിറവിലായിരിക്കുമ്പോൾ കോളേജിന്റെ ആരംഭം മുതൽ ഇന്നു വരെയുള്ള കാലഘട്ടത്തിൽ നേടിയെടുത്ത പേരും പെരുമയും പ്രശംസനീയമാണ്. കോളേജിന്റെ ആരംഭത്തിനും വളർച്ചയ്ക്കും കാരണഭൂതരായ പ്രശസ്തരായ വ്യക്തികളെ ആദരവോടെ സ്മരിക്കുന്നു. ബിഷപ്പ് ഡോ.എം.എം.ജോൺ, വെരി.റവ.സി.ഐ.ഏബ്രഹാം, റവ. പ്രഫ.കെ.സി.മാത്യു എന്നിവരുടെ നിസ്തുലമായ സേവനങ്ങളെ പ്രകീർത്തിക്കേണ്ടതുണ്ട്. മാവേലിക്കരയിൽനിന്നുള്ള വിദ്യാർത്ഥികൾ കോളേജ് വിദ്യാഭ്യാസത്തിനായി പന്തളം, തിരുവല്ല, ചങ്ങനാശ്ശേരി എന്നിവിടങ്ങളിലുണ്ടായിരുന്ന കോളേജുകളിലേക്കു ദീർഘദൂരം യാത്രചെയ്തു പോകേണ്ടിയിരുന്നു. സിഎസ്ഐ സഭയുടെ വകയായിരുന്ന സ്ഥലമാണ് ബിഷപ്പ് മൂർ കോളേജിനുവേണ്ടി നീക്കിവച്ചത്. തിരുവിതാംകൂർ-കൊച്ചി മഹായിടവകയിൽ ബിഷപ്പായിരുന്ന ഹോഡ്ജസ്സിന്റെ നാമത്തിൽ സ്ഥാപിതമായിരുന്ന ബി.എച്ച്. ഹൈസ്കൂൾ അദ്ദേഹത്തിന്റെ ഓർമ്മയെ ചരിത്രത്തിന് ഏൽപ്പിച്ചപ്പോൾ ബിഷപ്പ് മൂറിന്റെ ഓർമയെ നിലനിർത്തുന്നതിനു മാവേലിക്കരയിൽ സ്ഥാപിതമായ കോളേജിന് അദ്ദേഹത്തിന്റെ പേരു നൽകിയത് ഏറ്റവും ഉചിതമായി.

സിഎംഎസ് മിഷനറിമാർ പ്രേഷിത പ്രവർത്തനങ്ങൾ നടത്തിയത് ആരെയും മതത്തിൽ ചേർക്കാനായിരുന്നില്ല. അന്ധവിശ്വാസത്തിലും അവിദ്യയിലും ദുരാചാരങ്ങളിലും ജാതിസ്പർധയിലും വികലമായ സമൂഹത്തെ സംസ്കാരത്തിലേക്കും അഭിവൃദ്ധിയിലേക്കും നയിക്കുന്നതിനുവേണ്ടിയായിരുന്നു. അതിനു വിദ്യാഭ്യാസത്തിനു സാധിക്കുന്നതുപോലെ മറ്റൊന്നിനുമാകില്ലെന്നു മനസിലാക്കിയ അവർ പള്ളികളോടു ചേർന്നു പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. പ്രാഥമിക വിദ്യാഭ്യാസമെങ്കിലും നൽകണമെന്ന ഉദ്ദേശത്തോടെയാണ് അവർ അതിനു തുടക്കം കുറിച്ചത്. എന്നാൽ, ഇംഗ്ലീഷ് വിദ്യാഭ്യാസം കൂടാതെ ഉയർച്ചയും പുരോഗതിയും ഉണ്ടാകില്ലെന്നു ബോധ്യമായതോടെ പിന്നീട് ഹൈസ്കൂളുകളും കോളേജുകളും സ്ഥാപിച്ചു. പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസംമൂലം സംസ്കാരബോധവും വിജ്ഞാനവും വ്യക്തിത്വവളർച്ചയും ഉണ്ടായി. ജാതി, മതം, വർഗം, അന്ധവിശ്വാസം എന്നിവയുടെ തടവിൽനിന്നുള്ള മോചനമാണ് വിദ്യാഭ്യാസം കൊണ്ടു നേടേണ്ടതെന്ന് അവർ തിരിച്ചറിഞ്ഞു. മീൻ പിടിച്ചുകൊടുക്കുന്നതിനേക്കാൾ നല്ലത് മീൻ പിടിക്കാൻ പഠിപ്പിക്കുകയാണെന്നൊരു

ചൈനീസ് പഴമൊഴിയുണ്ട്. വിദ്യ പകർന്നുകൊടുക്കുന്നതിനേക്കാൾ മെച്ചമായി മറ്റൊന്നുമില്ല എന്നതാണ് വിദ്യാഭ്യാസത്തിന്റെ തത്വം. വ്യക്തിത്വം വളരണം, ജീവിതത്തിൽ ആത്മവിശ്വാസം ഉണ്ടാകണം, സ്വാതന്ത്ര്യബോധം സ്വായത്തമാക്കണം, തിന്മയുടെ പരാജയവും നന്മയുടെ വിജയവും മനസിലാക്കണം. ഇതിനെല്ലാം വിദ്യാഭ്യാസം ആവശ്യമാണ്. കേരളസമൂഹത്തിന്റെ പരിവർത്തനത്തിനും വളർച്ചയ്ക്കും വിദ്യാഭ്യാസം എത്രമാത്രം സഹായകരമായിരുന്നുവെന്നു മനസിലാക്കുമ്പോഴാണ് മിഷനറിമാരുടെ ത്യാഗപൂർണമായ സേവനത്തിന്റെ വില ബോധ്യമാകുന്നത്.

കാലചക്രത്തിന്റെ തിരിവിൽ വിദ്യാഭ്യാസത്തിനു പുതിയ മാനങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. അറിവിന്റെ വിസ്ഫോടനമാണ് ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ശാസ്ത്രസാങ്കേതികജ്ഞാനത്തിന്റെ പൊട്ടിത്തെറി സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇന്നത്തെ തലമുറയ്ക്ക് കാലത്തിന്റെ മാറ്റം മനസിലാക്കുവാൻ കഴിയുന്നുണ്ട്. കഴിഞ്ഞുകൊണ്ടിരിക്കുന്ന തലമുറയ്ക്ക് പുതിയ തലമുറയെ മനസിലാക്കാൻ കഴിയാതെ വന്നേക്കാം. ചിന്തകളാണ് ലോകത്തെ ഭരിക്കുന്നത് എന്നു എമേഴ്സൺ പറഞ്ഞിട്ടുള്ളത് എത്ര ശരിയാണ്. മനുഷ്യന്റെ മഹത്വം ചിന്തിക്കുന്നതിനുള്ള ശക്തിയാണ്. മനുഷ്യൻ മറ്റെന്തിനേക്കാളും ഭയപ്പെടുന്നതും ചിന്തയെയാണ്. വിദ്യാഭ്യാസം അറിവിനുള്ള ദാഹം സൃഷ്ടിക്കുന്നു. സാമൂഹ്യപുരോഗതിയുടെ അടിസ്ഥാനം വിദ്യാഭ്യാസമാണ്. പുതിയതൊന്നും ഉൾക്കൊള്ളുവാൻ കഴിയാത്തവനു പുരോഗതി അന്യമാണ്. കുടുസ്സായ മനസും പരിവർത്തനത്തിനു വിധേയമാകാൻ ഇഷ്ടപ്പെടാത്ത വ്യക്തിത്വമുള്ളവരും കാലഹരണപ്പെട്ട ആശയങ്ങളെ സ്നേഹിക്കുന്നവരായിരിക്കും. സ്വതന്ത്രവിദ്യാഭ്യാസം മനുഷ്യനെ മൗഢ്യചിന്തകളുടെ തടവറകളിൽനിന്നു മോചിപ്പിക്കുന്നു. വാൻ ഡോറൻ എന്ന തത്വചിന്തകൻ വിദ്യാഭ്യാസം നമ്മുടെ അജ്ഞതയുടെ വളർന്നുകൊണ്ടിരിക്കുന്ന തിരിച്ചറിവാണ് എന്നു എഴുതിയിട്ടുള്ളത് എത്രയോ അർത്ഥവത്താണ്.

വിദ്യാഭ്യാസത്തിന്റെ അതുല്യതയെക്കുറിച്ച് പഠിപ്പിക്കുന്നൊരു കഥ ഇപ്രകാരമാണ്. ഒരാൾ മരുഭൂമിയിൽ കൂടെ നടന്നുപോകുകയായിരുന്നു. അപ്പോൾ അദ്ദേഹം ഒരു ശബ്ദം കേട്ടു. "വഴിയിൽ കിടക്കുന്ന മിനുസമുള്ള കല്ലുകൾ പെറുക്കിയെടുത്തു സഞ്ചിയിലാക്കുക. നാളെ നിങ്ങൾ സന്തോഷവും ദുഃഖവും ഉള്ള വ്യക്തിയാകും". അദ്ദേഹം കുറെ കല്ലുകൾ പെറുക്കി സഞ്ചിയിലാക്കി. വെറും കല്ലുകൾ എന്തിനാണ് കൂടുതൽ പെറുക്കുന്നത് എന്നയാൾ ചിന്തിച്ചു. പിറ്റേദിവസം അയാൾ സഞ്ചിയിലുണ്ടായിരുന്ന കല്ലുകൾ പുറത്തെടുത്തു നോക്കി. അവയെല്ലാം അമൂല്യങ്ങളായ രത്നങ്ങളായിരുന്നു. അത്രയും പെറുക്കിയെടുക്കാൻ കഴിഞ്ഞല്ലോ എന്നോർത്ത് അദ്ദേഹം സന്തോഷിച്ചു. അതേസമയം, കുറെക്കൂടി പെറുക്കിയെടുക്കുവാൻ കഴിഞ്ഞില്ലല്ലോ എന്നോർത്തു ദുഃഖവുമുണ്ടായി. വിദ്യാഭ്യാസത്തിന്റെ മൂല്യം ഈ കഥ നമ്മെ പഠിപ്പിക്കുന്നു. അറിവ് ഇന്നലെകളുടെ കലവറയല്ല മറിച്ച്, ഇന്നിന്റെ പ്രളയമാണ്. അതിനുമാത്രമേ നാളെ നമ്മെ സമുദ്രത്തിൽ എത്തിക്കാൻ കഴിയൂ. അറിവ് ചലനാത്മകമാണ്. വിദ്യാഭ്യാസസ്ഥാപനങ്ങൾ അറിവിന്റെ പാണ്ടികശാലയല്ല, അതിന്റെ വിതരണകേന്ദ്രങ്ങളാണ്. പുതിയ അറിവുകളെ കണ്ടെത്തുവാനുള്ള ഉപഗ്രഹങ്ങൾ അയയ്ക്കുന്ന സാറ്റലൈറ്റ് സെന്ററുകളാണ്. വിദ്യാഭ്യാസം കാലത്തെ അതിജീവിക്കുവാൻ പ്രേരിപ്പിക്കുന്നതാകണം. പുതിയ ചക്രവാളങ്ങൾ കണ്ടെത്തുവാൻ സഹായിക്കണം. "ഇന്ന് വിദ്യാഭ്യാസം പൂർത്തിയാക്കുന്നവൻ നാളെ പഠനം തുടരുന്നില്ലെങ്കിൽ അതിനടുത്ത ദിവസം അയാൾ വിദ്യാഹീനനാണ്" ഓരോ മനുഷ്യരും അതുല്യരാണ്. സത്ഗുണ പൂർണതയുള്ള വ്യക്തികളെ സൃഷ്ടിക്കുന്ന കേന്ദ്രങ്ങളാകണം വിദ്യാഭ്യാസസ്ഥാപനങ്ങൾ. "അൽപജ്ഞാനം അപകടകരമാണ്" എന്നു പറഞ്ഞ അലക്സാണ്ടർ പോപ്പുതന്നെയാണ് "അഹങ്കാരം മണ്ടന്മാരുടെ ഉള്ളിൽ വസിക്കുന്ന തിന്മയാണ്" എന്നു പറഞ്ഞതും. നന്മയുള്ള മനുഷ്യർ നിറഞ്ഞ സമൂഹം സംസ്കാരത്തിന്റെ പൂർത്തീകരണമാണ്.



# IGNITING CHANGE

**Rt. Rev. Thomas Samuel**
(Bishop Emeritus CSI & Former Manager)



Many people and institutions of higher education strive to create change. Well, change is not an action, it is a philosophy – a way of living and learning that is infused in all that we do. St. Augustine said, “The higher your structure is to be, the deeper must be its foundation”. We must explore possibilities and work collaboratively toward results. Then we can ignite change.

You know who our greatest competitor is. We ourselves. Most of us do not want to change. We accept what already exists. As we celebrate the golden jubilee of our college, are we ready to ignite change? Our Anglican intellectual tradition requires and inspires us to hold fast to this purpose as we seek the truth through knowledge.

Let us use our talents not to build ourselves up but rather to transform the world. The Anglican Missionaries were social transformers. We must strive to contribute new ideas, develop solutions and educate students to be visionaries and ethical leaders. As members of an institution of higher education, finding new ways of expressing ourselves and living truthfully, can help us realize our potential for greatness.

We must empower and embolden our faculty, students and alumni to ignite change in the campus. Focusing and dedicating our resources to cultivate academic innovation can make our

college a world-class intellectual destination. Enhance student opportunities for scholarship and research. Create an ideal living-learning environment in which the intellectual life thrives.

We need eminent faculty researchers who can, in turn, create undergraduate and graduate research opportunities. Also, inspire the alumni to make an impact on our transformative efforts. Academic excellence must be your mission. The higher education at Bishop Moore College must be a dynamic, demanding and rewarding process for faculty and students who engage in it with open minds, restless hearts and a willingness to explore infinite possibilities. We need to be innovative and help the students integrate knowledge and real-life experience.

Do not be content with status quo. Develop new pedagogical approaches that encourage critical thinking to provide the foundation for ethical leadership and to inspire compassionate action. Foster a co-operative environment in which faculty and students shape leading ideas together. Students must be equipped to use their knowledge to explore new frontiers and embrace new challenges.

The concept of building capacity through partnerships is absent in our academic world. It is important that we emphasize interdisciplinary education. By pooling their talents and interests, faculty and students can develop multifaceted solutions for complex problems and address pressing societal needs. This is an area where one can integrate knowledge with experience. For example, students learn in class about the issues and structures affecting the economically poor and socially backward communities. If the students get a chance to work with people in those communities, the process of integrating classroom knowledge with community experience will enhance learning.

Add value to your educational experience. Use resources to educate the whole person. Promote scholarship and foster innovations. It empowers students and faculty to create new paradigms, achieve professional success and build a more just society.

Let us ignite change.



# BISHOP MOORE COLLEGE – AN ICON OF INTEGRAL KNOWLEDGE



**Rt. Rev. Dr. Isaac Mar Philoxenos**
(Bishop, Mar Thoma Syrian Church)

I am happy to know about the Golden Jubilee Celebration of Bishop Moore College, my *alma mater*. I had the privilege to be a student of this college from 1967 to 1972. The initial set up of the college with the limited facilities, having classes under the thatched roof was encouraging as well as challenging. However, we never felt anything lacking, because of the warmth of relationship and the spirit of care and love expressed by the dedicated teachers who inspired the students to choose the right path in their pursuit of knowledge and remained devoted to creating an academic home.

Many things can be mentioned about the life in the college that remains a refreshing experience in memory. However, let me limit to the quality education that was offered through this premier institution. Yes, it can be categorically stated that what I am today is because of the value and richness of noble principles that was imbibed into my life and the ideals of the revered teachers that influenced me. The careful 'watch' of the principal Rev. K. C. Mathew, the friendly guidance of Prof. George M. Cherian, gentle advise of Prof. S. Krishnaiyar, loving kindness of Mrs. Elizabeth Mathew and the affinity and approachability of all teachers are some of the good memories that I cherish in life.

Often the question is raised on the relevance of higher education for personal development and nation building. The development model in improving the quality of life is 'integral', where acquiring knowledge, possessing emotional stability and keeping healthy relationships are hallmarks. To grow in knowledge and stature, one needs to have the 'grace' of God and goodwill of other human beings. At every step it is essential to receive the goodness that makes life worth living. This we expect during the course of higher education. The intellectual uprightness, spiritual growth, behavioral maturity and creative response to the realities of life, are integral along with the encouragement of the committed Professors and lecturers who are 'role models'. Bishop Moore College is blessed in this aspect, having well qualified, dedicated leadership in the teaching fraternity.

A person is equipped to respond to the challenges in life and to participate in nation building. It should be borne in mind that the word nation has now acquired a wide spectrum of meaning. The concept of nation as geographical space within the four boundaries has to some extent been changed. The idea of nation has received multidimensionality. For example, we experience the global flow of capital, labour, information, and images that make the texture of the nation more complex and diverse. Therefore at every time the relationship between higher education and development has been a contested debate. Mahatma Gandhi's call at the time of Swadeshi campaign, "not just mass production, but production for the masses" and President Pranab Mukherjee's address to the joint session of parliament in 2014, calling for "Development through good Governance", the vision for a united, strong and modern India – "Ek Bharat, Shreshta Bharat" is to be understood in this context. The fundamental question in this regard, is on the purpose and method of higher education in the current global economy. It also calls for promoting bio-justice and affirming human dignity through life-giving and life-affirming development.

As a student of Economics in Bishop Moore College, I grappled with the basic principles of Economics and its theory. It began to re-work in molding my thought pattern for a better understanding of the society and the economic systems that transform life. It also lead to the understanding of 'Economy of life' and human predicament in the holistic development of a person and the society. One may concur with Amartya Sen, when he described development as freedom. He observes freedom in the sense of (1) political freedom and transparency in relations between people, (2) freedom of opportunity, including freedom to access credit; and (3) economic protection from abject poverty, including through income supplements and unemployment relief. To enjoy the freedom in its fullest sense and to be mindful of the responsibility in making life meaningful are essential factors of significance. It can help gauge the value of a person and assess the dignity of an individual.

The freedom and the opportunity to grow as a healthy person were akin to the academic life at my College. Involvement in Students Union, Arts club, NCC, and Sports were considered vital in the holistic development of a person. When one takes part in it with a creative mind, he will have a broader perspective of life and the educational institution will act as the catalyst in molding life. As we look back, we will never forget the enthusiasm expressed in participating in such co-curricular activities. 'If one misses the opportunity, it will never come back' is the general principle. The words of encouragement 'you can do better' from the teachers, was a driving force to move forward with confidence.

To make a person better is the fundamental role of education. Yes, I owe very much to this college in my making and being as I am today. It is my prayer that Bishop Moore College move to greater heights through its commitment to academic excellence and value education and impart 'integral knowledge' to students to enrich the future generations of this nation.



# വിദ്യാദീപ്തി പകർന്ന സരസ്വതീക്ഷേത്രം

**ഡോ. മാത്യൂസ് മാർ തിമോത്തിയോസ്**
*(മലങ്കര ഓർത്തഡോക്സ് സഭ യു.കെ-ആഫ്രിക്കൻ ഭദ്രാസന മെത്രാപ്പോലീത്താ)*

നല്ല കെട്ടിടങ്ങൾ ഉള്ളതുകൊണ്ടുമാത്രം ശാസ്ത്രം വളരണമെന്നില്ലായെന്നും എന്നാൽ, ശാസ്ത്രസാങ്കേതികപുരോഗതിക്ക് നല്ല കെട്ടിടങ്ങൾ ഉണ്ടാകണമെന്നും ഒരിക്കൽ ശാസ്ത്രപ്രതിഭയായ ഡോ.സി.വി.രാമൻ അഭിപ്രായപ്പെടുകയുണ്ടായി. വിദ്യാഭ്യാസസ്ഥാപനത്തിന്റെ കാര്യവും ഇതുപോലെയാണ്. നല്ല ക്ലാസ്മുറികൾ വിദ്യാഭ്യാസത്തിന് ആവശ്യമാണ്. അതുകൊണ്ടുമാത്രം മികച്ച വിദ്യാഭ്യാസം ലഭിക്കണമെന്നില്ല. ഈ രണ്ടു കാര്യത്തിലും ബിഷപ്പ് മൂർ കോളേജ് തുടക്കം മുതൽ ശ്രദ്ധിച്ചിരുന്നുവെന്നു കാണാം.

കൊച്ചി-തിരുവിതാംകൂർ മഹായിടവകയിലെ പാശ്ചാത്യമിഷനറിമാരിൽ നാലാമനായിരുന്നു റൈറ്റ് റവ.എഡ്വേർഡ് ആൽഫ്രഡ് ലിവിങ്സ്റ്റൺ മൂർ. അദ്ദേഹം  സിഎംഎസ് കോളേജിലെ അധ്യാപകൻകൂടിയായിരുന്നു. 1937ൽ മഹായിടവകയുടെ അദ്ധ്യക്ഷസ്ഥാനത്തുനിന്നും വിരമിച്ചു. 1944ൽ ഇംഗ്ലണ്ടിൽവെച്ച് കാലം ചെയ്തു. അദ്ദേഹത്തിന്റെ സ്മരണാർത്ഥമാണ് മാവേലിക്കര ബിഷപ്പ് മൂർ കോളേജ് 1964ൽ സ്ഥാപിതമാകുന്നത്. മാവേലിക്കരയുടെ വിദ്യാഭ്യാസ സാംസ്കാരിക മേഖലയിൽ പുതിയൊരു തുടക്കത്തിന് ഈ വിദ്യാഭ്യാസസ്ഥാപനം വഴിയൊരുക്കി.

ആദ്യത്തെ പത്തുവർഷം കോളേജിന്റെ മാനേജർ ബിഷപ്പ് റൈറ്റ് റവ.എം.എം.ജോൺ ആയിരുന്നു. പ്രാരംഭകാലപ്രതിസന്ധികളെ അതിജീവിക്കുവാനുള്ള ഇച്ഛാശക്തി അദ്ദേഹത്തിനുണ്ടായിരുന്നു. തുടർന്ന് 1981 വരെ ബിഷപ്പ് റൈറ്റ് റവ. ടി.എസ്.ജോസഫ് ആയിരുന്നു മാനേജർ. പിന്നീട് ബിഷപ്പ് എം.സി.മാണിയും. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ബഹുമുഖ വളർച്ചയായിരുന്നു ഈ മഹത്തുക്കൾ ലക്ഷ്യമിട്ടിരുന്നത്.

കോളേജിന്റെ ആരംഭം മുതൽ കാൽനൂറ്റാണ്ടുകാലംവരെ കോളേജിന്റെ പ്രിൻസിപ്പൽ റവ.കെ.സി.മാത്യു ആയിരുന്നു. ധിഷണാശാലിയായ അധ്യാപകനും നേതൃസ്ഥാനീയനുമായിരുന്നു അദ്ദേഹം. മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസമായിരുന്നു അദ്ദേഹം വിദ്യാർത്ഥികൾക്ക് ഉറപ്പുവരുത്തിയിരുന്നത്. കലാകായിക മേഖലകൾക്കും തുല്യപ്രാധാന്യം നൽകി.

എത്രയോ തലമുറകൾക്ക് വിദ്യാദീപ്തി പകർന്ന സരസ്വതീക്ഷേത്രം. മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽ നിന്നും പഠിച്ചിറങ്ങിയ എത്രയോ വ്യക്തികൾ സമൂഹത്തിന്റെ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നു. എത്രയോപേർ അഖിലേന്ത്യാതലത്തിലും വിദേശരാജ്യങ്ങളിലും ഉന്നതസ്ഥാനങ്ങൾ അലങ്കരിക്കുന്നു. സാധാരണജീവിതം നയിക്കുന്നവരിൽപ്പോലും മാതൃകാപരമായ പ്രത്യേകതകൾ പ്രകടമാകുന്നു.

കല്ലുനിറഞ്ഞ മലയിലാണ് കോളേജ് സ്ഥാപിതമായത്. കേരളത്തിലെ മിക്ക കോളേജുകളും മലമുകളിലായിരുന്നു ആരംഭിച്ചത്. തീർത്ഥാടനത്തിന്റെ പ്രതീകം എന്നതാണ് അതു നൽകുന്ന സന്ദേശം. മലമേൽ ഇരിക്കുന്ന പട്ടണം എന്നൊരു പ്രയോഗം ബൈബിളിലുണ്ടല്ലോ. അരനൂറ്റാണ്ടുകൊണ്ട് ഭൂമിശാസ്ത്രപരമായ മാറ്റത്തിനു വിധേയമായതിന്റെ ഫലമായി ഒരുപക്ഷേ ഇന്ന് ബിഷപ്പ് മൂർ കോളേജ് ഉയർന്ന ഇടത്തിലല്ലായിരിക്കാം. മാവേലിക്കര പ്രദേശത്തിന്റെ സാംസ്കാരിക അഭ്യുന്നതിയുടെ മാതൃകയാണ് ഈ വിദ്യാഭ്യാസസ്ഥാപനം. എം.കെ.ചെറിയാൻ കൊഴുവല്ലൂർ, വട്ടപ്പറമ്പിൽ ആർ. ഗോപിനാഥപിള്ള, വി.സി. ജോൺ, രാജൻ വർഗീസ്, മാമ്മൻ വർക്കി, ജോൺ എം.ഇട്ടി, ജോർജ് എം.ചെറിയാൻ, വി.വിഘ്നേശ്വരൻ, എസ്.പരമേശ്വരൻപിള്ള തുടങ്ങിയ എത്രയോ പ്രഗത്ഭരായ അധ്യാപകരാണ് കോളേജിന്റെ ചൈതന്യമായി പ്രവർത്തിച്ചിരുന്നത്. അവർക്ക് മാതൃകയായി പ്രിൻസിപ്പൽ റവ. കെ.സി.മാത്യുവും.

ഞങ്ങളെപ്പോലെയുള്ളവരുടെ ജീവിതത്തിനു മാതൃകാപരമായ മാനങ്ങൾ നൽകാൻ കോളേജിനു കഴിഞ്ഞിട്ടുണ്ട്. അഞ്ചുവർഷക്കാലം ബിഷപ്പ് മൂർ കോളേജിൽ പഠിക്കുവാൻ കഴിഞ്ഞു എന്നതിൽ അഭിമാനിക്കുന്നു. സയൻസ് ഗ്രൂപ്പായിരുന്നു എന്റെ വിഷയം. ഗണിതശാസ്ത്രം പ്രയാസമുള്ള വിഷയമായിരുന്നു. എന്നാൽ, ഇവിടെയെത്തിയപ്പോൾ അതെന്റെ ഇഷ്ടവിഷയമായി. നല്ല അധ്യാപകരുടെ ശിക്ഷണവും ഉപദേശവും ലഭിച്ചു എന്നതാണ് അതിനുകാരണം. എഞ്ചിനീയറിങ് വിദ്യാഭ്യാസത്തിനു സാധ്യത ഉണ്ടായിരുന്നിട്ടും ദൈവഹിതത്താൽ വൈദികമേഖല തെരഞ്ഞെടുക്കുകയായിരുന്നു.

അരനൂറ്റാണ്ടുകാലത്തെ കോളേജിന്റെ സേവനങ്ങൾ പ്രകീർത്തിതമാകുന്ന ഈ സുവനീറിന്റെ ഭാഗമാകുവാൻ കഴിഞ്ഞതിലും സന്തോഷം. കോളേജിന്റെ തുടർന്നുള്ള ശ്രേയസ്സിനായി പ്രാർത്ഥിക്കുന്നു. ദൈവംതമ്പുരാൻ അനുഗ്രഹിക്കട്ടെ.






# സുവർണ്ണജൂബിലി റിപ്പോർട്ട്

ചിരകാലം നിലനിൽക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്ന ഒരു കലാലയത്തിന്റെ ആദ്യഅമ്പതുവർഷത്തെ ശൈശവമെന്നോ, ബാല്യമെന്നോ കൗമാരമെന്നോ എന്തു വിളിക്കുമെന്നു നിശ്ചയം പോരാ. 2014–15 അധ്യയന വർഷത്തിൽ 50 വർഷം പൂർത്തിയാക്കുന്ന ബിഷപ്പ് മൂർ കോളേജ് വാസ്തവത്തിൽ മാവേലിക്കരയുടെ ചരിത്രത്തിലെ സുവർണ്ണരേഖയാണ്. വർത്തമാനകാലത്തിലെ സുവർണ്ണപ്രകാശവും മാവേലിക്കരയുടെ ഭാവിയുടെ പ്രത്യാശയുമാണ്. ബിഷപ്പ് മൂർ കോളേജ് മാവേലിക്കരയിൽ ഇല്ലായിരുന്നെങ്കിൽ മാവേലിക്കരയുടെ ഇന്നുകൾ മറ്റൊരുതരത്തിലാകുമായിരുന്നു എന്നതിൽ സംശയമില്ല. മാവേലിക്കരയിലും പരിസരങ്ങളിലും ജീവിച്ചുപോന്ന പലരുടെയും ഭാവിയെ സ്വാധീനിച്ചതിൽ കോളേജ് വഹിച്ച പങ്ക് വിസ്മരിക്കാനാവുന്നതല്ല. പലരുടെയും തുടർപഠനസാധ്യത തന്നെ വഴിമുട്ടിപ്പോകുമായിരുന്ന അവസ്ഥയ്ക്കു പരിഹാരമായ മഹാപ്രസ്ഥാനമാണ് ബിഷപ്പ് മൂർ കോളേജ്.

കാലം മുമ്പോട്ടൊഴുകുമ്പോൾ ആദ്യസാരഥികൾ തെളിച്ച പാതയിൽ യാത്ര തുടരുകയാണീ കലാലയം. 1964-ലെ സാഹചര്യങ്ങളും സൗകര്യങ്ങളും നിലപാടുകളും എല്ലാംതന്നെ മാറിമറിഞ്ഞുകഴിഞ്ഞു. വിദ്യാഭ്യാസം വിദ്യ അഭ്യസിക്കുക എന്നതിൽനിന്നും മറ്റുപലതിലേക്കും വഴിമാറി. സ്വാശ്രയസ്ഥാപനങ്ങൾ കൂണുപോലെ മുളച്ചു പൊന്തിക്കൊണ്ടിരിക്കുന്നു. കാലത്തിനനുസരിച്ചു മൂല്യങ്ങളിലും മാറ്റങ്ങൾ സംഭവിച്ചു. മുമ്പ് 'കൊടുംപാതക'ങ്ങളായി കരുതപ്പെട്ടിരുന്ന പലതും ഇന്നു 'പ്രമാണ'മായി മാറിക്കഴിഞ്ഞു. പണ്ടു 'മോശ'മെന്നു കരുതപ്പെട്ടിരുന്ന പലതുമിന്ന് 'അത്ര മോശമല്ല' എന്നായിരിക്കുന്നു. മാറ്റങ്ങളുടെ കുത്തൊഴുക്കിൽ അടിസ്ഥാനമൂല്യങ്ങളിൽ ഉറച്ചുനിൽക്കാൻ കഴിയുന്നില്ലെങ്കിൽ ഉണ്ടാകാവുന്ന മൂല്യച്യുതി സമൂഹത്തെ മുഴുവൻ കാർന്നുതിന്നുമെന്നു സ്ഥാപനങ്ങളും വ്യക്തികളും തിരിച്ചറിയണം. ഈശ്വരാരാധന പോലെ പാവനമായ ഒന്നാണു വിദ്യനൽകൽ. വിദ്യാഭ്യാസനടത്തിപ്പിലെ കച്ചവടസാധ്യത 'ശർക്കരക്കുടമാണെ'ന്നു തിരിച്ചറിഞ്ഞതോടെ ഇഷ്ടംകൂടാൻ ഒത്തിരിപ്പേരെത്തി. ഈ പശ്ചാത്തലത്തിൽ ബിഷപ്പ് മൂർ കോളേജ് പോലെയുള്ള സ്ഥാപനങ്ങൾ അടിപതറാതെ മുന്നേറേണ്ടത് അത്യാവശ്യമാണ്. സുവർണ്ണജൂബിലിയുടെ നിറവിൽ നിൽക്കുന്ന, മാവേലിക്കരയെ പരിഷ്കരിച്ച ഈ സ്ഥാപനം അതിന്റെ മുമ്പോട്ടുള്ള ഗമനം ഉറച്ച കാൽവയ്പുകളോടെ തുടരുകതന്നെ വേണം.

2011–12 അക്കാദമികവർഷം തുടങ്ങി 2014–15 വരെ നീണ്ടുനിന്ന ആഘോഷപരിപാടികളുടെ രൂപരേഖ തയാറാക്കിയതു 2011 ഓഗസ്റ്റ് 22–ന് അന്നത്തെ പ്രിൻസിപ്പലായിരുന്ന ഡോ. കുര്യൻ തോമസിന്റെ അധ്യക്ഷതയിൽ ചേർന്ന

യോഗത്തിലാണ്. ഡോ. സാബു ജോർജും പ്രഫ. ജേക്കബ് ചാണ്ടിയും ജനറൽ കൺവീനർമാരായി പ്രവർത്തിക്കുന്ന കമ്മറ്റി പ്രവർത്തനങ്ങളുടെ നേതൃത്വം ഏറ്റെടുക്കുകയും സ്തുത്യർഹമായ രീതിയിൽ തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പരിപാടികളുടെ ആദ്യഘട്ടമെന്ന നിലയിൽ പ്രശസ്ത വാസ്തുശിൽപി പത്മശ്രീ ജി. ശങ്കർ കാമ്പസ് സന്ദർശിച്ച്, അടുത്ത 20 വർഷത്തേക്കുള്ള രൂപരേഖ (Master Plan) തയാറാക്കുകയും അതിനു കോളേജ് ഗവേണിങ് ബോർഡിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. കോളേജിലെ നിർമാണ വികസനപ്രവർത്തനങ്ങൾക്കു ഈ രൂപരേഖ വ്യക്തമായ ദിശാബോധം നൽകിക്കൊണ്ടിരിക്കുന്നു.

അഭിവന്ദ്യനായ ബിഷപ്പ് മൂർ തിരുമേനിയുടെ നാമധേയത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന കോളേജ് അദ്ദേഹത്തോടുള്ള ആദരസൂചകമായി Selfless to the core- Life and witness of Bishop EAL Moore എന്ന പേരിൽ അദ്ദേഹത്തിന്റെ ജീവചരിത്രം പ്രസിദ്ധീകരിച്ചു. പുണ്യസ്മരണീയനായ ബിഷപ്പിന്റെ ജീവിതത്തെ സംബന്ധിക്കുന്ന ആധികാരികരേഖയായ ഈ ഗ്രന്ഥം രചിക്കുന്നതിൽ സുപ്രസിദ്ധ ജീവചരിത്രകാരൻ ഡോ. കെ.എം. ജോർജ് എടുത്ത പ്രത്യേക താൽപര്യത്തെ നന്ദിയോടെ സ്മരിക്കുന്നു. സുവർണ്ണജൂബിലി പ്രവർത്തനങ്ങളുടെ ധനശേഖരാണാർത്ഥം സുപ്രസിദ്ധ മാന്ത്രികനായ ശ്രീ. സാമ്രാജിന്റെ നേതൃത്വത്തിൽ നടത്തിയ മാജിക് ഷോയിലൂടെ ഏകദേശം എട്ടുലക്ഷത്തോളം രൂപ ശേഖരിക്കാൻ കഴിഞ്ഞു എന്നതും ഏറെ സന്തോഷത്തോടെ ഓർക്കുന്നു.

2012-ൽ ഡോ.തോമസ് കുരുവിള കോളേജിന്റെ പ്രിൻസിപ്പലായി ചാർജെടുത്തു. സുവർണ്ണജൂബിലി പ്രവർത്തനങ്ങളുടെ ഔപചാരികമായ ഉദ്ഘാടനം ബഹുമാനപ്പെട്ട കേരളാ ഗവർണർ ശ്രീ. നിഖിൽ കുമാർ നിർവഹിച്ചു. പ്രൗഢഗംഭീരമായ ചടങ്ങിൽ സമൂഹത്തിന്റെ വിവിധ തുറകളിൽപ്പെട്ട ആയിരത്തിയഞ്ഞൂറിലധികം ആളുകൾ പങ്കെടുത്തു.

സുവർണ്ണജൂബിലി കാലഘട്ടത്തിൽ കോളേജ് ഹോസ്റ്റലിനോടു ചേർന്നു യുജിസി ധനസഹായത്തോടെ ഒരു കോടി നാൽപത് ലക്ഷം രൂപ ചെലവഴിച്ചു പുതിയ ഹോസ്റ്റൽ കെട്ടിടം നിർമിച്ചു. അതോടൊപ്പം, കോളേജ് ലൈബ്രറിയുടെ സമീപം സ്ഥിതിചെയ്തിരുന്ന ഒറ്റ നിലക്കെട്ടിടത്തിന്റെ മുകളിൽ ഒരു നിലകൂടി പണിയുകയും ഡിപ്പാർട്ട്മെന്റ് റൂം ഉൾപ്പെടെ വിശാലമായ ക്ലാസ്മുറികൾ പൂർണമായി ഫർണിഷ് ചെയ്ത് ഉപയോഗിച്ചുവരുകയും ചെയ്യുന്നു. അഭിവന്ദ്യനായ മൂർ തിരുമേനിയുടെ പൂർണകായ ഛായാചിത്രം ഓഡിറ്റോറിയത്തിൽ സ്ഥാപിക്കുവാനും സാധിച്ചു. ജൂബിലി പ്രവർത്തനങ്ങൾക്കായി അധ്യാപകരും അനധ്യാപകരും അവരുടെ മാസവരുമാനത്തിൽ നിന്നുമൊരു തുക കൃത്യമായി നൽകി സഹായിക്കുന്ന കാര്യവും ഏറെ സന്തോഷം പകരുന്നു.

സുവർണ ജൂബിലി സമാപന വർഷത്തിൽ ഡോ. ലീലാമ്മ ജോർജ് കോളേജ് പ്രിൻസിപ്പലായി ചുമതലയേറ്റു. കോളേജിനൊരു ചാപ്പൽ എന്ന ആശയം മുന്നോട്ടു വച്ചതും അനുയോജ്യമായ സ്ഥലം കണ്ടെത്തിയതുമൊക്കെ പത്മശ്രീ ജി. ശങ്കർ ആയിരുന്നു. ശ്രീ. ജോൺ പണിക്കരുടെ വ്യത്യസ്തവും മനോഹരവുമായ പ്ലാൻ അനുസരിച്ച്, ശ്രീമതി. റൂബി ജോസഫിന്റെ മേൽനോട്ടത്തിൽ, ഏകദേശം 25 ലക്ഷം രൂപ ചെലവഴിച്ച് പണികഴിപ്പിച്ച ചാപ്പലിന്റെ പ്രതിഷ്ഠാകർമം നിർവഹിച്ചത് സിഎസ്ഐ ഡെപ്യൂട്ടി മോഡറേറ്ററും മദ്ധ്യകേരള മഹായിടവക ബിഷപ്പുമായ റൈറ്റ്. റവ. തോമസ് കെ. ഉമ്മൻ തിരുമേനിയായിരുന്നു.

കോളേജിന്റെ ഊർജ്ജാവശ്യങ്ങൾ പരിഹരിക്കാനായി യുജിസി ധനസഹായത്തോടെ ഏകദേശം പത്തുലക്ഷത്തിലധികം രൂപ ചെലവഴിച്ച് ജനറേറ്റർ സ്ഥാപിക്കാനും സാധിച്ചു. കോളേജിലേക്കെത്തുന്ന വാഹനങ്ങൾ ക്രമീകൃതമായി പാർക്ക് ചെയ്യാനായി പാർക്കിങ് മേഖല നിർമിക്കാൻ സാധിച്ചതും വോളിബോൾ കോർട്ടിന്റെ നിർമാണവും ബാസ്കറ്റ്ബോൾ കോർട്ടിന്റെ നവീകരണവും നേട്ടങ്ങളുടെ പട്ടികയിൽ ഇടം നേടി. കോളേജ് മെയിൻ ഗേറ്റിന്റെ നിർമാണം ശ്രീ. ജോൺ പണിക്കർ തയാറാക്കിയ പ്ലാനനുസരിച്ച് മുന്നേറിക്കൊണ്ടിരിക്കുന്നു. ഈയവസരത്തിൽ കല്ലുമല സെന്റ് പോൾസ് സിഎസ്ഐ ദേവാലയം നൽകിയ സഹകരണത്തെ നന്ദിപൂർവം സ്മരിക്കുന്നു.

പുതിയ നിർമാണപ്രവർത്തനങ്ങൾക്കൊപ്പംതന്നെ നിലവിലുള്ള സംവിധാനങ്ങളുടെ ആധുനീകരണവും നടന്നുകൊണ്ടിരിക്കുന്നു. ബോട്ടണി, ബയോടെക്നോളജി, കെമിസ്ട്രി, ഫിസിക്സ്, മലയാളം, ഇക്കണോമിക്സ്, ഹിന്ദി, മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റുകളും അവയുടെ ക്ലാസുമുറികളും ലാബുകളും സുസജ്ജമായ സ്മാർട്ട് ക്ലാസുകളും ആധുനികരീതിയിൽ സജ്ജീകരിച്ചുകഴിഞ്ഞു. മറ്റു ഡിപ്പാർട്ട്മെന്റുകളിലെ നിർമാണപ്രവർത്തനങ്ങൾ പുരോ



ഗമിക്കുന്നു. സുവർണ്ണ ജൂബിലി കാലയളവിൽ എംഎസ് സി ബോട്ടണിക്കൊപ്പം ബികോമിന്റെ പുതിയ കോഴ്സും ആരംഭിക്കാൻ സാധിച്ചു. നിരവധി പുതിയ കോഴ്സുകൾക്കായുള്ള ശ്രമങ്ങൾ നടന്നുക്കുന്നു. പ്രീഡിഗ്രി കോഴ്സുകളുമായി ആരംഭിച്ച കോളേജ് ഇന്ന് അന്താരാഷ്ട്രനിലവാരമുള്ള ഗവേഷണ വിഭാഗങ്ങളുമായി വളർച്ചയുടെ പടവുകൾ താണ്ടുകയാണ്.

സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി രണ്ട് അന്താരാഷ്ട്ര സെമിനാറുകൾ വിവിധ രാജ്യങ്ങളിലെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ കോളേജിൽ വച്ചുനടത്തുകയുണ്ടായി. ഇതുകൂടാതെ, വിവിധ വിഭാഗങ്ങളുടെ നേതൃത്വത്തിൽ 11 ദേശീയ സെമിനാറുകൾ ഈ കാലയളവിൽ സംഘടിപ്പിക്കപ്പെട്ടു. ഫിസിക്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ കോളേജ് അധ്യാപകർക്കായി നടത്തിയ റിഫ്രഷർ കോഴ്സ് ഏറെ ശ്രദ്ധയാകർഷിച്ചിരുന്നു. റവ. കെ.സി. മാത്യു എ ൻഡോവ്മെന്റ് പ്രഭാഷണം, റവ. ജോർജ് മാത്തൻ സ്മാരക പ്രഭാഷണം, ബിഷപ്പ് എം. എം. ജോൺ സ്മാരക പ്രഭാഷണം, പ്രഫ. പി.യു. ജേക്കബ് എൻഡോവ്മെന്റ് പ്രഭാഷണം തുടങ്ങിയവ എല്ലാ വർഷവും സംഘടിപ്പിക്കപ്പെടുന്നു.

സുവർണ്ണജൂബിലി ആഘോഷങ്ങൾക്കു മാറ്റുകൂട്ടിക്കൊണ്ട് കോളേജിന്റെ അക്കാദമിക് നിലവാരം വാനോളമുയർന്നു. റാങ്കുകൾ പതിവായി മാറി. കേരളാ യൂണിവേഴ്സിറ്റിയുടെ ജന്തുശാ സ്ത്രവിഭാഗത്തിന്റെ ചരിത്രത്തി ലെ ഏറ്റവും ഉയർന്ന മാർക്കോടെ റാങ്ക് നേടിയത് നമ്മുടെ വിദ്യാർത്ഥിനിയായിരുന്നു എന്നത് അഭിമാനത്തോടെ മാത്രമേ ഓർക്കാനാവൂ.

വ്യത്യസ്ത വിഷയങ്ങളിൽ വിദ്യാർത്ഥികളോടും അധ്യാപകരോടും സംവദിക്കാനായി നിരവധി ശാസ്ത്രജ്ഞന്മാരും കലാകാരന്മാരും സാമൂഹ്യപ്രവർത്തകരും ഈ കാലയളവിൽ കോളേജിൽ എത്തിയിരുന്നു.

ജൂബിലി സമാപനവർഷമായ 2014–15ലെ ആഘോഷപരിപാടികൾക്ക് കോളേജിന്റെ മുൻ മാനേജരും മദ്ധ്യകേരള മഹായിടവക മുൻ ബിഷപ്പുമായ റൈറ്റ്.റവ.സാം മാത്യു തിരുമേനി ജൂബിലി പതാക ഉയർത്തിക്കൊണ്ട് ആരംഭം കുറിക്കുകയും വിദ്യാർത്ഥികളെ അഭിസംബോധന ചെയ്തു സംസാരിക്കുകയും ചെയ്തു. സാമൂഹ്യ അവബോധം വളർത്തുകയെന്ന ലക്ഷ്യത്തോടെ അവതരിപ്പിച്ച 'കാറ്റ് മഴയോട് പറഞ്ഞത്' എന്ന പ്രൊഫഷണൽ നാടകം ഏറെ ശ്രദ്ധേയമായി. വിപുലമായ തോതിൽ സംഘടിപ്പിക്കപ്പെട്ട ആർട്സ് ഫെസ്റ്റിവൽ, എക്സിബിഷനുകൾ, ഓണാഘോഷ പരിപാടികൾ, ക്രിസ്തുമസ് ആഘോഷങ്ങൾ, മറ്റു കലാപരിപാടികൾ തുടങ്ങിയവയെല്ലാം ഒന്നിനൊന്നു മെച്ചമായിരുന്നു. 'സുവർണ്ണോത്സവം' എന്ന രണ്ടുമണിക്കൂർ നീണ്ട പ്രോഗ്രാം മികച്ച നിലവാരം പുലർത്തി.




പുതിയ ഓഫീസ് കോംപ്ലക്സും അനുബന്ധസംവിധാനങ്ങളും ക്ലാസ്മുറികളും ഉൾപ്പെടുന്ന കോളേജ് സമുച്ചയത്തിന്റെ പ്ലാൻ തയാറാക്കി ഗവേണിങ് ബോർഡിൽ നിന്ന് അംഗീകാരം നേടി. യുജിസിയുടെ ധനസഹായത്തോടെ ഈ പദ്ധതി വേഗത്തിൽ പൂർത്തീകരിക്കാമെന്നു പ്രതീക്ഷിക്കുന്നു.

കോളേജിനെന്നും പ്രിയങ്കരനും ആദരണീയനുമായ കെ.സി. മാത്യു അച്ചനെ ഈയവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. ഞങ്ങൾക്കെന്നും ഉറച്ച പിന്തുണ നൽകിയ സിഎസ്ഐ ഡെപ്യൂട്ടി മോഡറേറ്ററും കോളേജിന്റെ മാനേജരും ബിഷപ്പുമായ റൈറ്റ്. റവ. തോമസ് കെ ഉമ്മൻ തിരുമേനിയോടും കാലാകാലങ്ങളിൽ നേതൃത്വം നൽകിയ മറ്റു തിരുമേനിമാരോടും മഹായിടവക ഓഫീസ് ഭാരവാഹികളോടും നന്ദിരേഖപ്പെടുത്തുന്നു.

കോളേജിന്റെ അമ്പതാം പിറന്നാളിനോടനുബന്ധിച്ചു പുറത്തിറക്കുന്ന സ്മരണികയുടെ അണിയറശിൽപികൾക്ക് അഭിനന്ദനങ്ങൾ. ജൂബിലി കാലഘട്ടത്തിൽ കോളേജ് ബർസാർ ആയി പ്രവർത്തിച്ച പ്രഫ. ജോർജ് കുര്യൻ, റിട്ട. സീനിയർ സൂപ്രണ്ട് ശ്രീ. ജോർജ് സഖറിയ, വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ജൂബിലി കമ്മറ്റികളുടെ കൺവീനർമാർ തുടങ്ങി ഈ സുവർണ്ണയാത്രയിൽ ഞങ്ങളോടു സഹകരിച്ച, സഹായിച്ച എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി.

മൽസരങ്ങളുടെ ലോകത്തിൽ പാരസ്പര്യത്തിന്റെ നവമാതൃകകൾ ഉയർത്തിക്കൊണ്ടു മുന്നേറുവാൻ നമുക്കിനിയും കഴിയേണ്ടതിനു തുടർന്നും ദൈവത്തിൽ ആശ്രയിച്ചു പ്രവർത്തിക്കാം.

**ഡോ. സാബു ജോർജ്,**
**പ്രഫ. ജേക്കബ് ചാണ്ടി**

(ജനറൽ കൺവീനേഴ്സ്)

# OUR COLLEGE @ 50














# OUR COLLEGE @ 50

















BISHOP MOORE COLLEGE




ബിഷപ്പ് മൂർ കോളേജിന്

# I WITNESS 50 YEARS



Prof. George M. Cherian (Retd.)
Former Vice Principal
Bishop Moore College

Education is about knowledge, but education without morality, values and secular democratic ideals, is dangerous. Bishop Moore College can very well be proud that it has focused on these great ideals all these years and kept pace with the changes taking place in the field of education.

It is, indeed, a great achievement, to get associated with an educational institution for half a century, from its very inception and to get an opportunity to participate both in the Silver Jubilee and the Golden Jubilee celebrations. God the Almighty has given this rare opportunity for a few of us who joined in 1964. But definitely," Not on our merit, but on His grace"

First Batch of Teachers

Bishop Moore College was started with 19 teachers in 1964. Out of this Prof. Ninan Koshy, M/s George Varghese, Janardanan Pillai, Rev. P.J. Varghese, Ms. Helen David and Ms. K.P. Annamma left the college for their own reasons. Sri Joseph Thundiyil, Prof. K. Venkitachalam, Prof. K.C Jacob and Prof. Elizabeth Mathew left for their heavenly abode. The rest of them, Rev. Prof. K.C.Mathew (Founder Principal), Rev. Prof. Itty Mathew, Rev. Prof. Thomas Ninan, Professors M.K.Cherian, T.J.Philip, V.C.John, K.Geroge, Mrs. Anna Varghese and my humble self completed their assigned duty at Bishop Moore College and presently lead a peaceful retired life. Most of the non-teaching





*Teaching staff @1964*

staff appointed in 1964 were retired, but re -employed, except for a few.

Divine Providence

I believe in the Divine intervention in all walks of life. What Shakespeare said "There is a Divinity that shapes our ends" has come very true in my life. I fully agree with Woodrow Wilson when he wrote " I firmly believe in Divine Providence". Otherwise, the C.S. I. Madhya Kerala Diocese would not have finalized the arrangements for starting a Junior College at Mavelikkara in April 1964 when I was just completing my Post Graduate course. The job-seekers of 1960s, would testify, how difficult it was to find a job in Kerala those days.

K.C. Mathew Achan, the Principal designate of the new college, knew me very well from the days I was a student (1953 – 55) in the C.M.S. College, Kottayam. Soon after his appointment as Principal, he shifted his residence from Kottaym to Chakalayal House, Mavelikkara, with his wife, Mrs. Aleyamma Mathew, a Teacher, and two sweet children. Part of his residence was set apart for College office. By the end of April 1964, I met Achan at Mavelikkara and he was kind enough to ask me to help him in his office, as I had a fair knowledge of stenography and office routine.

On getting a High Second Class in the M.A. Degree Exam, without even a formal interview, I was appointed Junior Lecturer in Economics and History, on a total salary of Rs. 156/-( Rs. 125 basic and allowance Rs. 31). From that time onwards, I worked with him faithfully, through thick and thin, till Achan retired in 1989. The greatest lesson I learned from my close association with him was "Love your work, love the people with whom you work. From love and goodness, will spring also your joy and satisfaction. Work is worship". Working in the office, I came to know many facts about the background of the college.

The Background

The name "Bishop Moore College" was given by the Manager and the the Diocesan Bishop Rt. Rev. Dr. M.M.John, to perpetuate the memory of the saintly Bishop Edward Alfred Livingstone Moore who was the Fourth Anglican Bishop of Travancore – Cochin Diocese during 1925 -1937. Along with the C.S.I. Madhya Kerala Diocese, the Orthodox Community and the N.S.S .had also applied for colleges in Mavelikkara, but Kerala University under its able Vice Chancellor Dr. Samuel Mathai decided in favour of the C.S.I on the main consideration that they were the successors of the C.M.S .Missionaries who brought English Education to this part of the country, including education for women.

Kallumala - the only alternative

Earlier Mallappally was the choice of many in the Diocese as the site for the new college, but V. Rev. C.I. Abraham, a senior clergy man who was the vicar of the C.S.I. Christ Church, Mavelikkara and a native of Mallappally threw

his full weight in favour of Mavelikkara. The original plan was to start the college adjacent to the B.H. High School and negotiations were almost finalized to purchase a big plot of land nearby. But on the eve of registering documents, someone undermined the plans. As market by the side of the College road, which some sarcastically called Moore Market.



*Dr. P. V. Cherian, Governor, Maharashtra @ the college*

a quick alternative, Vembazhaserry Thoppu, a plot of land owned by the Diocese, lying near Chennithala, was considered. Since the land was not easily accessible, the plan was dropped and the last alternative was to start the college in the 9 acre plot owned by the Diocese at Kallumala, where there was a small village church and a primary school. As the name says, Kallumala, was a laterite hillock, but at the same, had peaceful and serene settings surrounded by Thazhakkara Puncha.

Meagre facilities

Only one private bus, T & T, was running through Kallumala in 1964. There was a small hotel and tea shop run by Mammachan who catered our immediate needs. In those days the cost of one meal was only 50 paise. An Extra Departmental post office was there which could sell only a maximum of Rs. 10 -12 worth of stamps a day. A flour mill, a small cycle repairing shop, a barbershop and a tailoring shop completed the list of facilities available at Kallumala Junction. There were only very few telephone connections in Mavelikkara. The numbers allotted to the College were 230 and 260. There was no facility for direct dialling and to make a call, the receiver would have to be hold till such time the operator was magnanimous enough to connect the required number. There was a fish and vegetable

Scarcity of funds

To get provisional sanction for the college, it was imperative to possess 25 – 30 acres of land. The sum of four lakh rupees given by the Diocese was all spent for the purchase of additional land. The Diocese was in financial crisis and further help was not possible. The leadership given by V. Rev. C.I.Abraham, Dr.P.M.Mathew, Sri K.V.Chacko and others in raising the necessary funds locally, for the initial expenses need special mention.

Herculean task

The preliminary task was to find out alternative dwelling place for more than half a dozen indwellers on the campus and to find a new place for the cemetery that existed in the proposed site of the College. The co-operation extended by the members of the local church under the leadership of Sri K.J. Paulose,

the church warden, is commendable. To start a college with minimum facilities, within a short span of one to one-and half months was almost next to impossible and that too with very little funds. Class rooms, with necessary furniture and other facilities had to be arranged. Laboratories, and Library had to be equipped and appointments and admissions are to be completed. There was no time to go for first class buildings. The only option was making temporary sheds. Hence, coconut trees from Vembazhaserry Thoppu were cut down and brought to the site and three thatched sheds were made so as to accommodate 6 batches of 80 students each. For covering sides of the sheds, dwarf walls made of bricks were constructed, and rest of the area was covered with bamboo mats. The doors and windows were of the same stuff. Everything went on very well under the direction of the great visionary K.C.Mathew Achan and the work supervisor Sri. M.C.Varkey.

On getting provisional sanction, classes were started on 6th July 1964 with 469 students and 19 teachers. Bicycles were the only mode of conveyance for the Principal and the staff. Although the College was hard pressed for money, the great ideal put forward was that 'money should never be a pre- condition for admissions or appointments' and merit should be the only criterion. Evenings were set apart for visiting the parents and requesting their financial help, which they gladly extended. The College also searched for 'Friends of the College' who could extend financial help and in return they were informed about the various activities in the College.

The College set a great tradition in paying the salary to the staff on the first day of every month, even if money had to be borrowed. Most of the colleges, in those days, appointed teachers in June and terminated the services by 31st March so that the salary for vacation is saved. But here in this college, vacation salary was paid to all those who could put in 8 months of continuous service. A number of staff meetings were held in the presence of well known educationists to find out the real purpose of the College and how to make our college different from others. K.C. Mathew Achan could address every student by his/her name and he insisted that the teachers should call out the names of students whenever attendance was taken.

Chapel services were conducted on every Mondays and Fridays in which teachers were asked to deliver sermons. Scripture and Moral classes were conducted on other days. Since the local church was suffering from dearth of funds, teachers were encouraged to contribute Re. 1 each every month. There was regular staff prayer and every day, classes started with the College prayer.

Using the full name of the College at all times was another ideal that everyone had followed. Otherwise the short forms will push into oblivion the person in whose name the institution was founded. Tutorial classes were arranged for the weaker students. After terminal examinations, every student was asked to be present for the 'Review' by the teachers in the Principal's room. Even the most extrovert students found it difficult to face all the teachers together in the presence of the Principal where an assessment was made on their general performance, both inside and outside the campus. Casual leaves were seldom taken by the teachers, and classes were never left free under any circumstance. Substitutions were arranged in the absence of any teacher. No student was to be seen wandering on the College campus, except during recess.

Curricular, Co-curricular and Extracurricular activities

Education was made an enjoyable celebration by making the College campus a bee-hive of activities. Those were the days when college Unions were not compulsory and the University had nothing to do with it. Even when the established colleges abhorred the idea of College Union, Bishop Moore College took the initiative to start it. The students who scored highest marks were encouraged to take up responsibilities. Candidates were presented before the students on the eve of election. Secret ballot was allowed. The Speaker of the College Union was allowed to preside over important meetings in the speaker's gowns.



*Bishop M.M. John laying the foundation stone*

എനിക്ക് ഏറ്റവും സങ്കടമുള്ള കാര്യം അധ്യാപകരെ നിയമിക്കാൻ പണം വാങ്ങുന്നു എന്നതാണ്. അതു തികച്ചും തെറ്റായ സമീപനമാണ്. എന്നെ എപ്പോഴും ഏറെ വേദനിപ്പിക്കുന്ന കാര്യമാണത്. മാനേജ്മെന്റുകളുടെ കാര്യം പറഞ്ഞാൽ, ബിഷപ്പ് ജോസഫിന്റെ കാലത്തും ബിഷപ്പ് മാണിയുടെ കാലത്തും യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല. അതിനൊക്കെശേഷം അത്ര തൃപ്തി തോന്നിയിട്ടില്ല.

പ്രൈമറി സ്കൂളുകളും കോളേജുകളുമൊക്കെ സഭയുടെ സുവിശേഷ പ്രവർത്തനത്തിന്റെ ഭാഗമാണ്. ഈ കാഴ്ചപ്പാടിൽ സഭയെ ശാക്തീകരിക്കാൻ ശ്രമിക്കണം. നമ്മുടെ ലക്ഷ്യങ്ങളിൽനിന്നൊക്കെ വിട്ടുപോയല്ലോ എന്ന ചിന്തയാണ് ഇപ്പോൾ അവിടെ വരാൻ മടിക്കുന്നതിനുള്ള പ്രധാനകാരണം.

**Q. കല്ലുമല സിഎംഎസ് എൽപി സ്കൂളിനെക്കുറിച്ചുള്ള ഓർമ്മകൾ...**

കല്ലുമല സിഎംഎസ് സ്കൂൾ ആ പ്രദേശത്ത് വലിയൊരു സാമൂഹ്യവിപ്ലവമുണ്ടാക്കിയ സ്കൂളാണ്. ജാതിമതഭേദമന്യേ എല്ലാവർക്കും അഡ്മിഷൻ നൽകിയിരുന്നു. മറ്റു സ്കൂളുകളിലൊന്നും ചില പ്രത്യേക വിഭാഗങ്ങൾക്ക് പ്രവേശനം കൊടുക്കാത്ത കാലത്ത് ജാതി നോക്കാതെ അഡ്മിഷൻ നൽകി പഠിപ്പിച്ച സ്കൂളാണ് കല്ലുമല സി.എം.എസ് സ്കൂൾ. ഈ സ്കൂൾ ഉണ്ടായിരുന്നതുകൊണ്ടാണ് തങ്ങൾക്ക് അടിസ്ഥാനവിദ്യാഭ്യാസം ലഭിച്ചതെന്ന് അവിടെ പഠിച്ച പ്രായം ചെന്ന നിരവധി ആളുകൾ പറഞ്ഞുകേട്ടിട്ടുണ്ട്. നമുക്ക് ആ സ്കൂളിനെക്കുറിച്ചോർത്ത് അഭിമാനം തോന്നണം. ഇപ്പോൾ അതു പുതുക്കിപ്പണിതതായി അറിഞ്ഞു.

**Q. എങ്ങനെയുള്ള വ്യക്തികളാണ് കോളേജിന്റെ നേതൃത്വം ഏറ്റെടുക്കേണ്ടതെന്നാണ് അങ്ങയുടെ അഭിപ്രായം?**

മാമ്മൻ വർക്കി സാർ പ്രിൻസിപ്പൽ ആയിരുന്നപ്പോൾ പല പുതിയ പ്രോജക്ടുകളും കൊണ്ടുവന്നിരുന്നു. പക്ഷേ, പിന്നീടുവന്ന ആളുകൾ അത് പ്രാവർത്തികമാക്കിയില്ല. നിരവധി നല്ല കോഴ്സുകളും സാർ കൊണ്ടുവന്നു. ഹോസ്പിറ്റൽ മാനേജ്മെന്റും എംസിഎ കോഴ്സും അതിലുൾപ്പെട്ടിരുന്നു. അക്കാലത്ത് വളരെ അപൂർവമായ കോഴ്സുകളായിരുന്നു അവ. അത് മുന്നോട്ടു കൊണ്ടുപോയിരുന്നെങ്കിൽ കോളേജിനു വലിയ പ്രയോജനം ലഭിക്കുമായിരുന്നു. നല്ല ദർശനമുള്ളൊരു വ്യക്തിയായിരുന്നു മാമ്മൻ വർക്കി സാർ. അദ്ദേഹത്തെ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തിയില്ല എന്നുള്ളതാണ് കഷ്ടം. മറ്റെല്ലാ പ്രിൻസിപ്പൽമാരും അവരവരുടെ പ്രാപ്തിക്കൊത്തവിധം ദൈവാശ്രയത്തോടുകൂടി പ്രവർത്തിച്ചു. കോളേജിന്റെ നടത്തിപ്പിൽ സജീവപങ്കാളിത്തമുള്ളവർ, കോളേജിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുകളുള്ളവർ... അങ്ങനെയുള്ള ആളുകളെയാണ് നേതൃനിരയിലേക്ക് കൊണ്ടുവരേണ്ടത്.

**Q. ബിഷപ്പ് മൂർ കോളേജ് അമ്പതുവർഷം ആഘോഷിക്കുമ്പോൾ ഇനി എന്തു വിഷൻ മുന്നിൽ വെച്ചു മുന്നോട്ടുപോകണമെന്നാണ് അങ്ങയുടെ ആഗ്രഹം?**

വിദ്യാഭ്യാസമേഖലയിൽ നിന്നുതന്നെ വിട്ടുപോന്ന ആളല്ലേ ഞാൻ? അതിനാൽ, വ്യക്തമായ നിർദേശങ്ങൾ നൽകാൻ ഇപ്പോഴാവില്ല. പക്ഷേ, പുതിയ നിരവധി കോഴ്സുകൾ തുടങ്ങാൻ ശ്രമിക്കണം. ഇന്ത്യൻ ഗവൺമെന്റിൽനിന്നും യുജിസി യിൽനിന്നുമൊക്കെ കോഴ്സ് നടത്തിപ്പിനും ഉപകരണങ്ങൾ വാങ്ങാനുമൊക്കെ ധാരാളം സാമ്പത്തികസഹായം ലഭിക്കും. റിസേർച്ചിന് കൂടുതൽ ഊന്നൽ കൊടുക്കേണ്ടത് അത്യാവശ്യമാണ്. റിട്ടയർമെന്റിനു ശേഷം 8 വർഷം ഞാൻ യുസി കോളേജിന്റെ മാനേജർ ആയി പ്രവർത്തിച്ചിരുന്നു. അവിടെ വിദ്യാർത്ഥികളുടെ കൈയ്യിൽനിന്നും അധ്യാപകനിയമനത്തിനും പണം വാങ്ങാറില്ല. ആ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ ശ്രമിക്കുന്ന കോളേജാണത്.

ഗവൺമെന്റ് ഗ്രാന്റുകളും യുജിസി ഗ്രാന്റുകളും ലഭിക്കുന്നതിനായി ശ്രമിക്കുകയും അതു പരമാ



വധി പ്രയോജനപ്പെടുത്തുകയും ചെയ്യണം. ഇത്തരം കാഴ്ചപ്പാടുള്ള അധ്യാപകരെ പ്രോൽസാഹിപ്പിക്കണം. അവരുടെയൊക്കെ സഹകരണം ആവശ്യമാണ്. കാരണം, യഥാർത്ഥത്തിൽ അധ്യാപകരാണ് കോളേജിനെ മുന്നോട്ടു കൊണ്ടുപോകുന്നത്. ഇതെന്റെ കോളേജാണെന്നും ഇതെങ്ങനെ വളർത്താമെന്നും ചിന്തയുള്ള അധ്യാപകരെ പ്രോൽസാഹിപ്പിച്ചാൽ കോളേജിന്റെ വളർച്ചയ്ക്കും ഭാവിക്കും അത് ഏറെ സഹായകരമാകും.

**Q. സുവർണ്ണജൂബിലി വേളയിൽ കോളേജ് കൂട്ടായ്മയോടുള്ള അച്ചന്റെ സന്ദേശം?**

എനിക്ക് പറയാനുള്ളത് ബിഷപ്പ് മൂർ കോളേജ് എന്നത് സമൂഹത്തിനുള്ള ദൈവത്തിന്റെ സമ്മാനമാണെന്നാണ്. ദൈവത്തിന്റെ സമ്മാനത്തിലാണ് നിങ്ങൾ പ്രവർത്തിക്കുന്നത്. നിങ്ങൾ ഇവിടെ ആയിരിക്കുന്നത് അവിചാരിതമായി സംഭവിച്ചതല്ല, മറിച്ച് ദൈവം നേരിട്ട് തിരഞ്ഞെടുത്തിരിക്കുകയാണ്. അതുകൊണ്ട് ഈ കോളേജിന്റെ വളർച്ചയ്ക്ക് എനിക്ക് എന്തു ചെയ്യാൻ കഴിയുമെന്ന കാഴ്ചപ്പാടാണ് അധ്യാപകർക്ക് ഉണ്ടാകേണ്ടത്. അപ്പോൾ എല്ലാവർക്കും ഒന്നിച്ച് സഹകരിച്ച് പ്രവർത്തിക്കാനും കഴിയും. എന്റെ ജീവിതത്തിൽ ഞാൻ ആഗ്രഹിച്ചതൊന്നുമല്ല നടന്നത്. പക്ഷേ, ദൈവം എന്നെ കൂടുതൽ അനുഗ്രഹപ്രദമായ വഴിയിലൂടെ നടത്തി. അതുകൊണ്ട്, ഇവിടെയെത്തുന്ന ഓരോരുത്തരും ഞാൻ പണം കൊടുത്താണ് അധ്യാപകനായതെന്നുള്ള ചിന്ത ഉപേക്ഷിക്കണം. പകരം, ദൈവതീരുമാനത്തിൽ വിശ്വസിച്ച് പ്രവർത്തിക്കണം. സംഘടനകളൊക്കെ നമ്മളെ പരസ്പരം അകറ്റാനേ ഉപകരിക്കൂ. ഒന്നിച്ചു ചിന്തിച്ച് ഒരേ ദർശനത്തോടെ പ്രവർത്തിച്ചാൽ കോളേജ് നന്നായിട്ടു വരും, സംശയമില്ല.

**Q. 50 വർഷവും കടന്നു മുന്നോട്ടു പോകുമ്പോഴും മികവിന്റെ കേന്ദ്രമായി നിൽക്കാൻ നമുക്കു സാധിക്കണം. അല്ലേ?**

ഈ കോളേജിനുവേണ്ടി പദ്ധതികൾ തയാറാക്കുകയും ഇതിനെ നിയന്ത്രിക്കുകയും ചെയ്യുന്നൊരു



ലേഖകനോടൊപ്പം

ശക്തിയുണ്ട്. കോളേജിന്റെ വളർച്ചയൊക്കെ ദൈവത്തിന്റെ പ്രവർത്തനത്തിന്റെ ഭാഗമാണ്. അതിൽ എനിക്കെങ്ങനെ സഹകരിക്കാം എന്ന ചിന്തയാണ് നമുക്കുവേണ്ടത്.

**Q. സമൂഹത്തോടുള്ള നമ്മുടെ പ്രതിബദ്ധത എങ്ങനെയായിരിക്കണം?**

സമൂഹത്തോടുള്ള നമ്മുടെ ബന്ധം എപ്പോഴും നല്ല രീതിയിൽ നിലനിർത്തിക്കൊണ്ടുപോകാൻ കഴിയണം. നിരന്തരം പ്രാർത്ഥിക്കണം. എൻഎസ്എസ് പോലെയുള്ള നിരവധി പ്രവർത്തനങ്ങൾ കോളേജിലുണ്ട്. അവയെ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തിക്കൊണ്ട്, സമൂഹത്തിന്റെ ആവശ്യങ്ങൾ മനസിലാക്കി സഹായിക്കാൻ ഉള്ള സംവിധാനമുണ്ടാകണം. അത് അത്യാവശ്യമാണ്. ഇതിനുവേണ്ടി മുൻകൈ എടുക്കുമ്പോൾ കുട്ടികൾക്കും ഇത്തരം കാര്യങ്ങളിൽ താൽപര്യമുണ്ടാകും. ചുറ്റുപാടുമുള്ള സമൂഹത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞു സഹായിക്കാനുള്ള കാഴ്ചപ്പാട് നമുക്കുണ്ടാവണം.

**Q. മൂർ ഹൗസ്, പ്രിൻസിപ്പൽസ് കാർട്ടേഴ്സ് തുടങ്ങിയവയൊക്കെ എപ്പോഴാണ് തുടങ്ങിയത്?**

അന്ന് ഞാൻ ഒരു വാടകക്കെട്ടിടത്തിലാണ് താമസിച്ചിരുന്നത്. സ്വന്തമായി ചെറിയൊരു വീട് വേണമെന്നു തോന്നിയപ്പോൾ വാങ്ങിയതാണ് ആ സ്ഥലം. വീട് പണിത വർഷമൊന്നും കൃത്യമായി ഓർക്കുന്നില്ല.

**Q. നിരാശകളുണ്ടായപ്പോൾ അങ്ങേയ്ക്ക് ധൈര്യം ലഭിച്ചതെങ്ങനെയായിരുന്നു?**

എനിക്ക് ദൈവത്തിൽ ഉണ്ടായിരുന്ന വിശ്വാസമാണ് എന്നെ പിടിച്ചു നിർത്തിയത്. പ്രയാസങ്ങളൊക്കെ ഉണ്ടായെങ്കിലും അതൊക്കെ നമുക്ക് കിട്ടിയ പരിശീലനത്തിന്റെ ഭാഗമായിരുന്നു. ദൈവത്തിൽ ഞാൻ പൂർണമായി വിശ്വസിച്ചു. എനിക്ക് ദൈവം മാത്രമേയുണ്ടായിരുന്നുള്ളൂ ആശ്രയിക്കാൻ. നമ്മുടെ സ്വന്തം പരിശ്രമവും സാമർത്ഥ്യവും കൊണ്ടുമാത്രം ഒന്നും നടക്കില്ല. അതിനു ദൈവത്തിന്റെ കൃപയും കരുണയും കൂടി ആവശ്യമാണ്. ഇതു മനസിലാക്കുമ്പോൾ നമ്മൾ ഓരോ ദിവസവും കൂടുതൽ വിനയമുള്ളവരാകും. ദൈവത്തിൽ വിശ്വസിക്കുക, അവൻ നിന്നെ പ്രയാസങ്ങളുടെ മധ്യത്തിലും വഴിനടത്തും.

# കലാലയം

കലാലയം എനിക്ക് സൂര്യനാണ്,
ഒരു പൂമൊട്ടിനെയെന്ന പോലെ
എന്നെ താലോലിച്ചുണർത്തുന്നു.
കലാലയം എനിക്ക് തീരമാണ്,
തിരയുടെ രൗദ്രത്തെയെന്ന പോലെ
എന്റെ വിക്ഷോഭങ്ങളെ പുൽകിയടക്കുന്നു.
കലാലയം എനിക്ക് കണ്ണാടിയാണ്,
കാഴ്ചകളെയെന്നപോലെ
എന്റെ അകവും പുറവും കാണിച്ചുതരുന്നു.
കലാലയം എനിക്ക് കാറ്റാണ്,
പൂക്കളിൽ പൂമ്പൊടിയെന്നപോലെ
എന്റെ പ്രജ്ഞയിൽ വെളിപാടുകൾ വിതറുന്നു.
കലാലയം എനിക്ക് കൈചൂണ്ടിയാണ്,
ദിക്കുകളിലേക്കെന്നപോലെ
ജീവിതത്തിന്റെ സാധ്യതകളിലേക്ക് എന്നെ പ്രേരിപ്പിക്കുന്നു.
കലാലയം എനിക്ക് ആകാശമാണ്,
പക്ഷികളെയെന്ന പോലെ
ഉജ്ജ്വലതയിലേക്ക് എന്നെ വെല്ലുവിളിക്കുന്നു.
കലാലയം എനിക്കമ്മയാണ്,
എതിർക്കുമ്പോഴും വേദനിപ്പിക്കുമ്പോഴും
എന്നോടു ക്ഷമിക്കുന്നു, എന്നെ സ്നേഹിക്കുന്നു.



പ്രഫ. വി.ഐ. ജോൺസൺ
ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം
ബിഷപ്പ് മൂർ കോളേജ്

# THE BEST YEARS

There were broken hearts
And sorrow writ large
Some days, on our faces.
Tear-stained faces and
Soul-wrenching sobs were,
But common things those days.
There was the coldness
Of rebuttals and rebukes,
The loneliness of rejections.
The tyranny of elders
The pain of severed umbilical cords
Lay heavy on our shoulders.
There was the shame
Of having erred grossly,
The anger of being misunderstood.
Yet, those were the days
We loved and cherished best.
Days of youth, bright and brave.
Time was on our side,
A whole lifetime before us
Stretching out into the horizon.
Promises of love and happiness
Beckoned from behind distant rainbows
Tantalising our eager senses.
The fire of youth dazzled us,
The joy of life, young, fearless
Gave us wings to soar alone the world.
Caught in the exciting gush of life's
Onward rush, we laughed long and loud.
Oh, those are the days we cherish the most.



Prof. Vilasini Pillai (Retd.)
(1975-79 Batch)
Assumption College
Changanacherry



*(1964-ൽ സമാരംഭിച്ച ബിഷപ്പ് മൂർ കോളേജിന്റെ ഉദ്ഘാടനം ഔപചാരികമായി നിർവഹിച്ചത് 1966 നവംബർ 4-ന് ആയിരുന്നു. അന്നത്തെ മഹാരാഷ്ട്ര ഗവർണറായിരുന്ന ഡോ. പി.വി. ചെറിയാനായിരുന്നു ഉദ്ഘാടകൻ. ഉദ്ഘാടന മഹോത്സവത്തോടനുബന്ധിച്ച്, കേരളധ്വനി ദിനപത്രത്തിൽ, മാവേലിക്കരയുടെ സാംസ്കാരിക പൈതൃകം അനാവരണം ചെയ്യുന്ന ഒരു ലേഖനം പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചിരുന്നു. 48 വർഷങ്ങൾക്കുമുമ്പ് എഴുതി പ്രസിദ്ധീകരിച്ച പ്രസ്തുത ലേഖനമാണ് ഇവിടെ പുനഃപ്രസിദ്ധീകരിക്കുന്നത്. കോളേജിന്റെ ആരംഭകാലം മുതൽ അധ്യാപകനായും തുടർന്നു പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ച പ്രഫ. കൊഴുവല്ലൂർ എം.കെ. ചെറിയാനാണ് ലേഖകൻ)*

*എഡിറ്റർ*



പ്രഫ. (റിട്ട.) എം.കെ. ചെറിയാൻ
മുൻ പ്രിൻസിപ്പൽ,
ബിഷപ്പ് മൂർ കോളേജ്

# ബിഷപ്പ് മൂർ കോളേജ് മാവേലിക്കരയിലെ സാംസ്കാരിക വളർച്ചയുടെ പരിപക്വഫലം

ഒരു നൂറ്റാണ്ടിനപ്പുറം ഒരു ഇംഗ്ലീഷ് സ്കൂൾ വിഭാവനചെയ്യുവാൻ പല പ്രമുഖസ്ഥലങ്ങളിലും അസാദ്ധ്യമായിരിക്കെ, സർക്കാരിൽനിന്നു തന്നെ തുടങ്ങി മാവേലിക്കരയിൽ ഒരു ഹൈസ്കൂൾ. അച്ചൻകോവിലാറിന്റെ പരിലാളനമേറ്റ് നിർവൃതികൊള്ളുന്ന മാവേലിക്കരയുടെ തിരുനെറ്റിയിൽ അണിഞ്ഞ ആ സിന്ദൂരപ്പൊട്ടിന്റെ സൗരഭ്യം സമീപപ്രദേശങ്ങളിലെല്ലാം പരന്നിരുന്നു. ഏതാണ്ട് ഇരുപതു ചതുരശ്രമൈലിനുള്ളിലെങ്ങും അന്നൊരു ഹൈസ്കൂളില്ലായിരുന്നു, ഇതല്ലാതെ. നൂറ്റാണ്ടിന്റെ പാരമ്പര്യശ്രേഷ്ഠതയും കുലമഹിമയും രാജകുടുംബത്തിന്റെ രക്ഷാകർത്തൃത്വവും സർവ്വസാഹോദര്യത്തിന്റെ സ്നിഗ്ദ്ധപവിത്രതയും കൂട്ടിയിണക്കിയ ഒരു സാംസ്കാരിക ജീവിതമാണ് മാവേലിക്കരയുടെ ചരിത്രം തന്നെ. വൈജ്ഞാനികതൃഷ്ണയും സാഹിതീസപര്യോത്സുകതയും സമുദായസൗഹാർദ്ദവും കൈമുതലായിരുന്ന ഒരുൽകൃഷ്ട രാജകുടുംബത്താൽ മാവേലിക്കര ധന്യയായിത്തീർന്നു. നൂറ്റാണ്ടുകൾക്കുമുമ്പ് കൊളുത്തിയ സരസ്വതീദീപത്തിന്റെ ദീപ്തമായ പ്രകാശനത്തിന് ഇന്നുമാത്രമേ സാധിച്ചുള്ളൂ. വർഷങ്ങൾക്കപ്പുറം തന്നെ ഇവിടെ പണിതുയർത്തേണ്ട ഒരുന്നത സരസ്വതീക്ഷേത്രം ഇപ്പോഴെങ്കിലും സമുദ്ഘാടനം ചെയ്യാൻ കഴിഞ്ഞതോടെ മാവേലിക്കരയുടെ സാംസ്കാരികചരിത്രം നിതരാം പ്രദീപ്തമായിത്തീർന്നിരിക്കുകയാണ്.

## ചരിത്രത്തിലെ മാവേലിക്കര

കേരളത്തിന്റെ രാഷ്ട്രീയ സാംസ്കാരിക ചരിത്രത്തിൽ മാവേലിക്കരയ്ക്കുള്ള അനിഷേധ്യസ്ഥാനം സുവിദിതമാണല്ലോ. മാവേലിക്കര കൊട്ടാരത്തിൽനിന്നും ദത്തെടുത്ത് തിരുവിതാംകൂർ രാജവംശം നിലനിർത്തിപ്പോന്ന സന്ദർഭങ്ങൾ ഒന്നിൽ കൂടുതലുണ്ടായിട്ടുണ്ട്. രാജകുടുംബങ്ങളുടെ ശക്തികേന്ദ്രവും, അല്ല, പ്രഭവസ്ഥാനം തന്നെയും മാവേലിക്കരകൊട്ടാരമാണെന്നു പറയാം. സാഹിത്യത്തിലെ ആചാര്യസ്ഥാനമലങ്കരിച്ചിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ അധൃഷ്യപ്രഭാവത്തിനു മാവേലിക്കരയ്ക്കാണു മുഖ്യസ്ഥാനം. ഹരിപ്പാട് കൊട്ടാരത്തിനും മറ്റും മാവേലിക്കരത്തമ്പുരാക്കന്മാരുമായുണ്ടായിരുന്ന രക്തബന്ധം ആഢ്യത്തമുള്ളൊരു രാജവൃന്ദത്തെ വാർത്തെടുക്കുവാൻ സഹായിച്ചു. 'ഓണം' തുടങ്ങിയ ദേശീയോൽസവങ്ങളുടെ ആവിർഭാവചരിത്രം കെട്ടുപിണഞ്ഞു കിടക്കുകയാണെങ്കിലും അവയിലെല്ലാം പ്രമുഖസ്ഥാനമുണ്ട് മാവേലിക്കരയ്ക്ക്. മാവേലിക്കരയെയും മാവേലിമന്നനെയും സമന്വയിപ്പിക്കുവാൻ ഒരു പ്രമുഖചരിത്രകാരൻ ശ്രമിച്ചിട്ടുള്ളതിങ്ങനെയാണ്: 'പണ്ടത്തെ ഓടനാടിന്റെ തലസ്ഥാനമായ കണ്ടിയൂർ, മാവേലിക്കരയ്ക്കടുത്ത സ്ഥലമാണ്. ശാസനങ്ങളിൽ നിന്നുമാത്രമേ 'മാവേലി' എന്ന നാമധേയം ലഭിക്കുന്നുള്ളൂ. കാഞ്ഞിരപ്പള്ളി മീനാക്ഷിക്ഷേത്രത്തിലെ ശാസനത്തിൽ 'മാവേലി' വാണാദിരായ (മഹാബലി ബാണാധിരാജ) എന്നു കാണുന്നുണ്ട്. പാണ്ഡ്യരാജാവായ മാറവർമ്മൻ കുലശേഖരന്റെയും (ക്രിസ്തുവർഷം 1268) വീരപാണ്ഡ്യന്റെയും (ക്രിസ്തുവർഷം 1253) ശാസനങ്ങളിൽ മാവേലി വാണാദിരായർ എന്നും വാണാദിരായർ എന്നും പേരുകൾ പ്രസ്താവിക്കുന്നതിനാൽ ഈ പ്രഭുക്കന്മാർ പാണ്ഡ്യമണ്ഡലത്തി



ലുൾപ്പെട്ട ചിലനാടുകൾ ഭരിച്ചിരുന്നിരിക്കണമെന്നനുമാനിക്കാം. 'മധുരയും രാമനാഥപുരവും വാണുവന്ന മാവേലി വാണാദിരായരിൽ ഒരാൾ തന്റെ രാജ്യസീമയെ കിഴക്കുനിന്ന് പടിഞ്ഞാറോട്ട് നീക്കി കാഞ്ഞിരപ്പള്ളിയോ മാവേലിക്കരയോ രാജധാനിയാക്കി അതിനുചുറ്റുമുള്ള ഒരു ഭാഗം ഭരിച്ചുതുടങ്ങിയതായി കരുതാവുന്നതാണ്...മാവേലിക്കരയുടെ പേരും മാവേലി രാജാക്കന്മാരുടെ നാമധേയത്തിൽ നിന്നുത്ഭവിച്ചതാണെന്നു വിചാരിക്കാം.' ഇനിയും ഓണപ്പാട്ടിൽ മാവേലി മന്നന്റെ നാമധേയം കടന്നുകൂടിയ സാഹചര്യമോ? മാവേലിക്കരയ്ക്കും അതിനുചുറ്റുമുള്ള പ്രദേശങ്ങൾക്കും ഇപ്പോഴും ഓണാട്ടുകരയെന്ന് പേരുണ്ട് (ബിഷപ്പ് മൂർ കോളേജ് സ്ഥിതിചെയ്യുന്ന സ്ഥലത്തിന് ഓണാട്ടുകരയെന്ന് ഇപ്പോഴും പറയും). ഓണാട്, ഓണനാടെന്നതിന്റെ രൂപഭേദമാണ്. മാവേലിക്കരമുതൽ കായംകുളംവരെ കിഴക്കുപടിഞ്ഞാറായി കിടക്കുന്ന പ്രദേശത്തിനു ഓടനാടെന്നു പണ്ടു പറഞ്ഞിരുന്നു. ഓണംതുരുത്തു പെരുമാളായിരുന്നു കായംകുളം രാജാവ്. മാവേലി രാജാക്കന്മാരുടെ ആഗമനത്തിനുശേഷം ഓണനാട്ടിലെ ഒരു കരയ്ക്ക് മാവേലിക്കരയെന്നു പേർ ലഭിച്ചു(ഓണനാട്ടിലെ ഒരു പ്രധാന ഭാഗം ഭരിച്ചിരുന്ന രാജാവിനെ പുരസ്ക്കരിച്ച് ചരിത്രപരമായ ഓണപ്പാട്ടും നിർമിച്ചുയെന്നനുമാനിക്കാം). മാവേലിക്കരയ്ക്കു സമീപമുള്ള കണ്ടിയൂർ, മറ്റം എന്നീ രണ്ടു ചേരിക്കാർ തമ്മിൽ നടത്തിയിരുന്ന ഓണപ്പടയേപ്പറ്റി 'ഹര്യക്ഷമാസ സമരോത്സവം' എന്ന പഴയപാട്ടിൽ വർണ്ണിക്കുന്നുണ്ട്. മാവേലി (മഹാബലി)യുടെ നാടായതിനാൽ (തലസ്ഥാനം) മാവേലിക്കരയെന്ന പേർ ലഭിച്ചുവെന്ന ഐതിഹ്യത്തിന്റെ യുക്തിയുക്തതയെ തലനാരിഴ കീറിപ്പരിശോധിക്കാതെ തന്നെ മാവേലിക്കരയുടെ ചരിത്രപ്രാധാന്യം വ്യക്തമാകുന്നതാണ്.

## മിഷനറിമാരുടെ വിദ്യാഭ്യാസപരിശ്രമം

നൂറ്റാണ്ടുമുമ്പു മുതലേ നിലവിലിരുന്ന സർവ്വസമുദായമൈത്രിയെ അരക്കിട്ടുറപ്പിക്കുവാൻ കൂടി സഹായകമായിത്തീർന്നു മിഷനറിമാരുടെ ആഗമനം. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ രൂപരേഖ സുവ്യക്തമാക്കിത്തീർത്ത സിഎംഎസ് മിഷനറിമാർ മാവേലിക്കരയുടെ ധന്യമായ സാംസ്കാരിക മണ്ണിൽ വൈജ്ഞാനിക തൃഷ്ണയുടെ നൂതനവിത്തുകൾ വിതച്ചതു വളർന്നു പടർന്ന് പന്തലിക്കുവാൻ ഒരു നൂറ്റാണ്ടു കഴിയേണ്ടിവന്നു. മാവേലിക്കരയിലെ ഉന്നത വിദ്യാപീഠമായി ഉയർന്നുകഴിഞ്ഞ ബിഷപ്പ് മൂർ കോളേജാകുന്ന വടവൃക്ഷത്തിന്റെ വേരുകൾ വളക്കൂറുള്ള

**മാവേലിക്കരയുടെ പ്രശസ്തിയെ ഒളിമങ്ങാതെ ഉദ്ഘോഷിച്ചുകൊണ്ടുനിൽക്കുന്ന ബി.എച്ച്. ഹൈസ്കൂളിന്റെ പ്രോദ്ഘാടകരായ സി എംഎസ് മിഷനറിമാരുടെ ചുവടുപിടിച്ചു തന്നെയാണ് ബിഷപ്പ് മൂർ കോളേജും സ്ഥാപിച്ചിട്ടുള്ളത്.**

മണ്ണിൽ തഴച്ചുവളരാനുള്ള ശുഭപ്രതീക്ഷയാണിവ നൽകുന്നത്. മാവേലിക്കരയുടെ പ്രശസ്തിയെ ഒളിമങ്ങാതെ ഉദ്ഘോഷിച്ചുകൊണ്ടുനിൽക്കുന്ന ബി.എച്ച്. ഹൈസ്കൂളിന്റെ പ്രോദ്ഘാടകരായ സിഎംഎസ് മിഷനറിമാരുടെ ചുവടുപിടിച്ചു തന്നെയാണ് ബിഷപ്പ് മൂർ കോളേജും സ്ഥാപിച്ചിട്ടുള്ളത്. വിദ്യാഭ്യാസ വിഷയകമായി മിഷനറിമാർ നൽകിയിട്ടുള്ള നിസ്തുലസംഭാവനകൾ കേരളത്തിന് ഒരുകാലത്തും വിസ്മരിക്കുക വയ്യ. ആഗോളവ്യാപകമായി വ്യവഹരിക്കുന്ന ആംഗലേയഭാഷയിൽ പാണ്ഡിത്യം നേടുന്നതിനുള്ള സൗകര്യം സംപ്രദാനംചെയ്തത് കൃതജ്ഞതയോടുകൂടി മാത്രമേ സ്മരിക്കുവാൻപറ്റൂ. ക്രിസ്തീയ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് എക്കാലത്തും ഏതുരാജ്യത്തും ശ്രദ്ധേയമായ ഒരു ദൗത്യമാണ് നിർവഹിപ്പാനുള്ളത്. വിശാലമായ ഒരു ലോകത്തിൽ ക്രൈസ്തവ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഉത്തരവാദിത്തം വർധിച്ചതാണ്. സാങ്കേതികപരിഷ്ക്കാരത്തിനു വെമ്പൽ കൊള്ളുന്ന ഒരു കാലഘട്ടത്തിൽ ആധ്യാത്മികചിന്തയ്ക്ക് പരമപ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു വിദ്യാഭ്യാസസമ്പ്രദായം ആവിഷ്ക്കരിച്ചു പ്രാവർത്തികമാക്കുക ശ്രമസാധ്യമായിരിക്കാം. അധുനാതന ലോകവിഗതികൾക്കനുസൃതമായി ക്രൈസ്തവമൂല്യങ്ങളെ അപഗ്രഥിച്ചു വിശകലനം ചെയ്യുവാനും കാലാനുസൃതമായൊരു വിദ്യാഭ്യാസരീതി കൈക്കൊള്ളുവാനും വിഷമമുണ്ടായേക്കാം. ഇതിനു പഴയതും പുതിയതുമായൊരു താരതമ്യപഠനം അനിവാര്യമാണ്. അല്ലെങ്കിൽ, രാഷ്ട്രീയക്കാരൻ വിദ്യാപീഠത്തിൽ ഇരിപ്പിടമുറപ്പിക്കുന്ന വിധിവൈപരീത്യമാണ് സംഭവിക്കുക. ശാസ്ത്രത്തിന്റെയും വ്യവസായങ്ങളുടെയും അടുത്തബന്ധവും രാജ്യത്തെ ആസൂത്രണങ്ങളുടെ നിരന്തരസമ്മർദ്ദവും വരുത്തിവെച്ച വിനയാണ് നാസിജർമ്മനിയിലെ സർവകലാശാലകളിൽ സംഭവിച്ചത്.

സ്വാതന്ത്ര്യവും വൈകാരികൈക്യവും അശേഷം നഷ്ടപ്പെടുത്താതെ മനുഷ്യജീവിതം സുഖപ്രദവും ആരോഗ്യസംദായകവുമാക്കാൻ സഹായിക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ട ഉത്തരവാദിത്തം വിദ്യാഭ്യാസസമ്പ്രദായ വിധാതാക്കൾക്കുണ്ട്. മുമ്പുതന്നെ സാംസ്കാരികാഭിവൃദ്ധിയും രാഷ്ട്രീയമേധാവിത്തവും സാഹിത്യാദികലകളിലുള്ള നിഷ്ണാതത്വവും നേടിയിരുന്നൊരു പ്രദേശത്ത് ഒരു കലാശാല രൂപംകൊള്ളുവാൻ നൂറ്റാണ്ടിന്റെ കാലതാമസമുണ്ടായത് ഇതിനുപരി പ്രസ്താവിച്ച വിധത്തിലുള്ളൊരു വിദ്യാഭ്യാസരീതിയുടെ പ്രായോഗികവൈഷമ്യമായിരിക്കണം. എങ്കിലും, ദുർഘടങ്ങളുടെ നിരത്തുകളെ നോക്കി സംഭീതി ജനിപ്പിക്കാതെ അനിവാര്യമായൊരാവശ്യകതയുടെ പ്രാധാന്യത്തെ ലാക്കാക്കി സിഎസ്ഐ മദ്ധ്യകേരള മഹായിടവക മാവേലിക്കരയിൽ ഒരു കോളേജാരംഭിച്ചു. വിദ്യാഭ്യാസത്തിന്റെ പരമലക്ഷ്യത്തെക്കുറിച്ച് ക്രിസ്തുമതത്തിനുള്ള സമൂർത്തവീക്ഷണത്തിനും സൗഹൃദസമീപനത്തിനും ഒരുത്തമനിദർശനമാണിത്. നിരവധി ക്ഷേത്രങ്ങളും അംബരചുംബികളായ സ്തൂപികകളോടുകൂടിയ ദേവാലയങ്ങളും മറ്റും നിരന്നുനിൽക്കുന്ന മാവേലിക്കരയിൽ സമാകർഷകമായൊരു സരസ്വതീക്ഷേത്രത്തിന്റെ അഭാവം ഇപ്പോൾ പരിഹൃതമായിരിക്കുകയാണ്.

# COLLEGE DAYS

*College days: hours of immense freedom,*
*Soothing thoughts:refreshes body and soul,*
*Intellectual transmission:transports to a different world,*
*Teaching fraternity:God like beings,*
*Student community:flocked creatures with glittering smiles,*
*MY ALMA MATER!!!*
*Evokes memories of pain,pleasure and parting.*
*Swift-winged time moves towards eternity.......*



Priyadarshini S
(1996-2001 Batch)
Dept. of English
NSS College,
Changanacherry

# Kerala University

Learners' Support Centre ( Mavelikara & Punalur)

*Admission Open for Regular / Weekend batches*

**BCom** (Computer Application)

**MBA**

**BCA**

**BBA**

**MCom**

**BA/MA** Eng.

No Donation • Only Fees • Fee Concession to SC/ ST/ OBC

# Bharathiar University

(Regular / Weekend / Distance batches)

**MBA** HR, Finance, Marketing Airline & Airport Management Project Mgt & Many more..

**BBA** Retail Finance & Accounting Event Management, Airline & Airport Management etc.

**MCA, BCA, BSc & MSc** (All Streams) **MA & BA** (All Streams) & many more....

• 25% Fee Concession to Teachers / Defence / Police • 10% Fee concession to Women Candidates

# ANNAMALAI UNIVERSITY ONLINE PROGRAMS

(Approved by UGC & DEC)

*UG/PG Programs*

**MBA** (HR, Finance, Marketing E- Business Mgt, International Business)

**BBA, BCom**

**BCom** International Business

***PSC* Approved computer courses**

**CO&PA DCA**

**PGDCA, DATAENTRY**

TALLY ERP 9, AutoCAD, 3dS MAX

ANIMATION, WEB DESIGNING, MS OFFICE

Hardware & Networking etc..




E-mail:datatecmvk@gmail.com

www.datatec.in

An ISO 9001: 2008 Certified Institution

ESTD: 1987

# DATATEC®

GROUP OF INSTITUTIONS

*Admin. Office:* Pulimoodu Jn.,Mavelikara, Tel. **0479 2342207, 2616207**

*Branches:* Mitchel Jn:,Mavelikara, Tel. **0479 2304207, 8547542078**

Chengannur Tel. **0479 3204207**, Kayamkulam Tel. **0479 2144958**

IDEAGRAFIX 9947789860



Prof. Mammen Varkki (Retd.)
Former Principal
Bishop Moore College

# CAMPUS

## A VENUE FOR SELF DISCOVERY

The choice of the name 'Bishop Moore College' for the higher educational institution that was proposed to be begun at Kallumala, Mavelikara in 1964, was not incidental. The name selected by the Rt. Rev. M. M. John, the founder-Manager of the college, in consultation with Rev. C. I. Abraham, the then vicar of the CSI Christ Church, Mavelikara, the Rev. K. C. Mathew, the founder-Principal, Bishop Moore College and the Rev. K. P. Philip, was a bold, historic declaration of the great resolve of the Madhya Kerala Diocese of the CSI, the educational agency which got the sanction to run the college, by the University of Kerala. The resolve to build on the pioneering, amazingly far-sighted and innovative efforts that Bishop Edward Alfred Livingstone Moore launched while he shepherded and presided over, from 1925 to 1937, the then Travancore-Cochin Diocese of the Church Missionary Society.

Edward Alfred Livingstone Moore, having passed the graduate degree examination with distinction from the University of Oxford and successfully completed theological education, came to India in 1896 for service in the academic field. Later, he was consecrated as the Bishop in the Diocese of Travancore-Cochin of the Church Missionary Society. He remained a bachelor. Undoubtedly, he was a saint and a visionary. He, very uniquely, combined in himself, great intellect and extra-ordinary sacrificial service. His initiatives in the field of education, like the community schools at Ranny and Tiruvalla, and in the field of health-care like the floating dispensaries, were path-breaking. Had those efforts been continued and developed, in tune with the needs of the times, they would have radically changed the educational endeavours and the health care in Kerala.

Bishop Moore College, from its first days, through many symbolic acts, brought out its sense of call to be an educational institution with a higher purpose. The appointments and admissions were not based on money at all, but on merit. The founder Principal Rev. K.C. Mathew was very clear that the presence of Bishop Moore College should be known not by the sign boards and arch-gates but by the students, the staff and the public. So no sign boards were put, in the early years, either at the front gate of the college or at Kallumala junction from where the road to the college starts.

The first Principal K. C. Mathew Achen, along with his students and staff, bicycled to



visit his students, their parents and the benefactors of the college, not only seeking donations but enquiring their well-being. He, invariably, joined the students' excursions organized by the college, during the early years. When the main building was opened, the library was located at the centre of the building-complex and of the campus, an eloquent declaration of the main purpose of the college. When the first batches of degree students were presented for the University examinations the students from three departments won the first ranks. There were only six departments then; it means half of the departments were credited with the first ranks. Isn't it true, no name boards were necessary to declare the location of the college! Many examples and anecdotes can be shared. But space constraints do not permit it.

A few years after the celebration of the Silver Jubilee of the college, at the beginning of an academic year, a special day for collective reflection and envisioning was arranged for all the staff of the college. The collective thinking and deep deliberations led to a profound re-articulation of the purpose of the college. 'Campus, a Venue for Self Discovery'. An amazing and clear articulation of the objective of the college. So, on the outer walls of the campus, in large letters, it was written, 'Campus, a Venue for Self Discovery'. It was a bold declaration of the purpose of the college. And it was a message to all – to all the students, the staff and the public. Anyone who entered the campus, in those days, would not have missed those words. Surely, a few would have been inspired to dwell on the message, and motivated to re-define and transform their lives.

A few years, after the completion of the Silver Jubilee of the college, in 1996, a major consultation was organized in the college, involving all related to the college, eminent educationists and renowned experts from different fields. The theme of the consultation was 'Re-definition of Mission and Re-formulation of Agenda'. Inspired by the rich deliberations at the consultation and realizing the inalienable responsibility that Bishop Moore would put on anybody associated with the college that bears his name, the college emboldened itself to launch some unique, path-breaking higher educational initiatives. Some of these were, undoubtedly, very innovative in Kerala. One of our staff was

sent to the University of the South Tennessee, USA. He spent several days there. In co-operation with the faculty there, a course in computer science was evolved. A set of students in the USA and a set of students in Bishop Moore College campus took the same course.

A professor from University of the South, who had a patent in Computer Security to her credit, along with another professor, came down from the USA and taught our students in Bishop Moore College campus. Our students took the same examination conducted by the US University for their students in the US, using a dedicated 'Satyam' internet connection. The successful students in the Bishop Moore College campus were also given certificates by the US University. It might have been for the first time in Kerala, an academic programme of that type was conducted.

During those years, inspired by the very pioneering efforts of Bishop Moore, in the 1920's, in the area of health care, our college ventured to launch a major academic programme in the field of health-care. A one-year course in Health and Hospital Management, in collaboration with Canterbury Christ Church University, England was offered by the college management. A professor, an expert in Health Management, came from Canterbury University, stayed in the campus for one month and taught the students of Health and Hospital Management course. The students were given in-house training at Christian Medical College, Vellore. Many hospitals in central Kerala are now enjoying the expertise of the students who successfully completed the Health and Hospital Management course offered by the Bishop Moore College Management, in those days. Perhaps, no other Arts and Science College, in the history of Kerala, would have offered such a course until then.

At another level, the college, during those years, after the completion of about thirty years, following the paths of the saintly Bishop Moore who is described by his biographer Eira Dalton as 'Selfless in the Extreme', started a very pioneering service programme. The college, with the assistance of the University Grants Commission (UGC), adopted 10 most neglected Malayalam-medium primary schools in and around

The successful students in the Bishop Moore College Campus were also given certificates by the US University. It might have been for the first time in Kerala, an academic programme of that type was conducted.

Kallumala. The adoption was not only for infra-structural improvement, but more importantly, for motivating and inspiring the students and the staff in those most uncared institutions, for greater and more purposeful academic efforts. The children studying in those Malayalam-medium schools, were brought to the college campus for residential camps and were taken into the laboratories and libraries of the college. Our staff and students introduced them to higher levels of academic pursuits. How much inspiring it must have been for those children from the poorest of the poor! Definitely, many children would have re-defined their educational goals in life. The sacrificial service of the teaching staff responsible, then, for the National Service Scheme, a few non-teaching staff and many volunteers of the NSS involved in this great tie-up between a first grade college and the most deprived educational institutions in our area, was surely laudable and it should go into the history.

For sustaining and enlarging those community-oriented initiatives and also for effectively facilitating and substantially enabling the college-community in their self-discovery, a Bishop Moore Community and Counseling Centre was established in one of the college campuses. It was conceived not merely as a counseling center with a limited perspective. Dr. B. Ekbal, the then Vice-Chancellor of University of Kerala, speaking at the inaugural function of the centre applauded the great objectives of the centre and specially brought out that dimension in the

conceptualization of the centre. He said that it was most appropriate, and a great message to other institutions as well, that it was not just a counseling centre but a community centre too. It was the fulfillment of a great dream that Bishop Moore and the founders of the college had. It is meant to be a great door that opens the college to the community, and the community to the college. It is, indeed, noteworthy that the money needed for all the expenses related to the construction and furnishing of the Community and Counseling Centre was mobilized from non-Indian sources and from Indian friends residing abroad.

Significantly, the path-breaking, collaborative academic programmes and perhaps, the unparalleled extension programmes, did catch the attention of the wider society and higher-level academic bodies. May be because of all these, when the Government of Kerala decided, for the first time, to offer MCA course in affi-liated colleges – until then, the course was being offered only in the University Departments in Kerala - Bishop Moore College was selected for conducting that prestigious course. To offer that new, much sought- after course, Bishop Moore College was selected as the only college under the University of Kerala. No other college under the University of Kerala was selected at that time to offer that course! Anyone who knows the academic and socio-political situations of Kerala, would be able to understand the great, amazing significance of that decision by the University and the Govt. of Kerala and the high esteem the college enjoyed.

We need to re-capture the essential purpose of the college, as *'the Campus, for a great self-discovery'.* If the college was started hardly twenty years after India became free from the british colonial rule, and when the area of higher education was fast-growing in quantitative terms, now the context has substantially changed. Now, this college and other colleges have to carry out their functions in the 'Age of Knowledge'. In the 'Age of Knowledge', learning itself is not sufficient. Everyone has to learn, unlearn and re-learn. This cardinal principle cannot be ignored. The academic pursuits have become an integral process of learning, un-learning and re-learning. And this has to be done when the 'world is flat'. Three-times winner of the Pulitzer Prize Thomas L. Friedman in his book, 'The World Is Flat – The Globalized World in the Twenty-First Century', has written about the ten forces that flatten the world.

Bishop Moore College which completes five decades of great educational service has to, in the new context, strive for renewal, re-dedication and re-articulation. An institution that bears the name of an amazingly great visionary and pioneer in the field of education, has an inalienable responsibility to be truly worthy of



its name. The great leaps made in the first decade after the celebration of the Silver Jubilee of the college should exceedingly inspire and inescapably motivate the present generation in the first decade after the Golden Jubilee celebrations to realize in history authentically great achievements in the academic fields and in self-discovery, both individual and collective, in the areas institutional growth and societal re-construction.

May the Parent God bless this great institution to combine effectively academic excellence and selfless service and to present to the 'Flat World', an example of incomparable value.



# ഒരു സുഹൃത്തിനെ ഓർമിക്കുമ്പോൾ

വിദ്യാർഥികൾക്ക് അദ്ദേഹം ഡാഡിയായിരുന്നു. സുഹൃത്തുക്കൾക്ക് വിജയനും. പ്രഫ. വിക്ടർ സാമിന് സ്മരണാഞ്ജലി



ഡോ. സാബു ജോർജ്ജ്
വൈസ് പ്രിൻസിപ്പൽ
ബിഷപ്പ് മൂർ കോളേജ്

സ്നേഹം എന്ന പദത്തിനു നിർവചനങ്ങൾ പലതുണ്ടാകാം. അതുപോലെതന്നെ സൗഹൃദം എന്നതിനും. എന്നാൽ, സൗഹൃദം സ്ഥാപിച്ചെടുക്കുന്നതും സ്നേഹം നിലനിർത്തുന്നതുമൊക്കെ എത്ര ശ്രമകരമാണ്! സൗഹൃദം ചെടികളെപ്പോലെയാണെന്ന് എവിടെയോ വായിച്ചതോർക്കുന്നു. രണ്ടിനും വളരാൻ പരിചരണം ആവശ്യമാണ്. അതു നന്നായി മനസിലാക്കിയ വ്യക്തിയായിരുന്നു പ്രഫ. വിക്ടർ സാം. ഒരിക്കലെങ്കിലും പരിചയപ്പെട്ടവർ അദ്ദേഹത്തെ മറക്കാത്തതിന്റെ കാരണവും മറ്റൊന്നല്ല.

അധ്യാപനത്തിലെ സവിശേഷതകൊണ്ടും സ്നേഹംകൊണ്ടും അദ്ദേഹം വിദ്യാർത്ഥികളെ കീഴടക്കി. നർമത്തിൽ പൊതിഞ്ഞ് ഗണിതസമസ്യകൾ ലളിതമായി പഠിപ്പിച്ചു. സ്നേഹത്തോടെ അവർ തങ്ങളുടെ പ്രിയപ്പെട്ട അധ്യാപകനെ 'ഡാഡി' എന്നുവിളിച്ചു. സുഹൃത്തുക്കളാകട്ടെ, 'വിക്ടർ' എന്നും 'വിജയൻ' എന്നും മാറിമാറി വിളിച്ചു.

ബിരുദാനന്തരപഠനം പൂർത്തിയാക്കി 1971-ൽ ബിഷപ്പ് മൂർ കോളേജിൽ ഗണിതശാസ്ത്ര അധ്യാപകനായതോടെ മല്ലപ്പള്ളി മോടയിൽ കുടുംബാംഗമായ അദ്ദേഹം മാവേലിക്കരയിൽ താമസമാക്കി. വിവാഹത്തിനുശേഷം ഏതാനും വർഷം നൈജീരിയയിൽ പ്രവർത്തിച്ചിരുന്നു. മടങ്ങിയെത്തിയശേഷം അടൂർ ഹോളി ഏഞ്ചൽസ് സ്കൂൾ അധ്യാപികയായ ഭാര്യ ശ്രീമതി.ഷേർലിയോടും മക്കൾ സരിതയോടും സ്മിതയോടുമൊപ്പം അടൂരിൽ സ്ഥിരതാമസമാക്കി. അവിടെയും സ്നേഹംകൊണ്ടു വിശാലമായ ഒരു ലോകം തീർക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

ബിഷപ്പ് മൂർ കോളേജിന്റെ നാലാമത്തെ പ്രിൻസിപ്പലായിരുന്നു പ്രഫ. വിക്ടർ സാം. ആ നാലു വർഷത്തിനിടയിലാണ് കോളേജ് ആദ്യമായി NAAC അക്രെഡിറ്റേഷൻ നേടിയത്. അതിനായി കോളേജിനെ സജ്ജമാക്കുന്നതിന് അദ്ദേഹം നൽകിയ നേതൃത്വം അവിസ്മരണീയമാണ്. വിക്ടർ സാം സാറിന്റെ സാന്നിധ്യത്തിൽ സജീവ

മായിരുന്നു മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റ്. ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന നർമംകൊണ്ടു മറ്റുള്ളവരെ കയ്യിലെടുക്കാൻ അദ്ദേഹത്തിനു പ്രത്യേക കഴിവുണ്ടായിരുന്നു. അപ്രകാരം ബന്ധങ്ങൾ സ്ഥാപിക്കാനും വളർത്തിയെടുക്കാനും കഴിഞ്ഞതു തീർച്ചയായും കോളേജിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിനു മുതൽക്കൂട്ടായിരുന്നു.

പ്രഫ. വിക്ടർ സാം കൂടെയുണ്ടെങ്കിൽത്തന്നെ കാര്യങ്ങൾ പലപ്പോഴും വളരെ എളുപ്പമാണെന്നതാണെന്റെ വ്യക്തിപരമായ അനുഭവം. ഒരിക്കൽ വിദ്യാർത്ഥികളുമായി സ്റ്റഡി ടൂറിനു പോയപ്പോൾ ഗൂഡല്ലൂരിനടുത്തുവച്ച് രാത്രിയിൽ ഉറക്കം തൂങ്ങിയ ബസ് ഡ്രൈവറിൽനിന്നും ബസിന്റെ നിയന്ത്രണം ഏറ്റെടുത്തത് ഓർക്കുന്നു. സുഹൃത്തുക്കളുമൊത്തുള്ള യാത്രകൾ ഏറെയിഷ്ടപ്പെട്ടിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. അടൂരിൽനിന്നും കോളേജിലേക്കുള്ള യാത്രയിൽ വഴിയിൽനിന്നും വിദ്യാർത്ഥികളെ തന്റെ കാറിൽ കയറ്റിക്കൊണ്ടുവരുന്നതും പതിവുകാഴ്ചയായിരുന്നു.

2005ൽ കോളേജിൽനിന്നും വിരമിച്ചശേഷം അദ്ദേഹം മലയാളിവിദ്യാർത്ഥികൾ ഏറെയുള്ള കൊടൈക്കനാൽ ക്രിസ്ത്യൻ കോളേജിന്റെ പ്രിൻസിപ്പലായി ഏതാനുംവർഷം സേവനമനുഷ്ഠിച്ചിരുന്നു. ബിഷപ്പ് മൂർ കോളേജിലെ അനുഭവസമ്പത്തുമായി അവിടെ പ്രവർത്തിച്ച കാലഘട്ടത്തിൽ അവിടത്തുകാർക്കും അദ്ദേഹം പ്രിയപ്പെട്ടവനായി മാറി.

അടൂരിൽ മടങ്ങിയെത്തിയശേഷം വിശ്രമജീവിതത്തിനുപകരം വ്യത്യസ്തമായൊരു ഉത്തരവാദിത്തം ഏറ്റെടുക്കുകയാണ് അദ്ദേഹം ചെയ്തത്. സിഎസ്ഐ മദ്ധ്യകേരള മഹായിടവകയുടെ കീഴിൽ അടൂർ മണക്കാലായിൽ പ്രവർത്തിക്കുന്ന ശ്രവണവൈകല്യമുള്ള കുട്ടികൾക്കായുള്ള സ്കൂളിന്റെ ലോക്കൽ മാനേജരായി ചുമതലയേറ്റ അദ്ദേഹം വളരെവേഗം അവരുടെ കാതും നാവുമായി മാറി. സ്കൂളിന്റെ വികസനത്തിനു പുതിയമാനം നൽകിയ അദ്ദേഹം വിദ്യാർത്ഥികളുടെ ആംഗ്യഭാഷപോലും മനസിലാക്കി അവരോടു സംവാദിക്കുവാൻ പ്രത്യേക താൽപര്യമെടുത്തു. സ്വപ്നസാക്ഷാത്ക്കാരം പോലെ 'ബിഷപ്പ് മൂർ കോളേജ് ഫോർ പാർഷ്യലി ഹിയറിങ് ഇംപയേർഡ്' എന്ന സ്ഥാപനം ഈ അധ്യയനവർഷംമുതൽ പ്രവർത്തനം ആരംഭിച്ചു. രോഗവും വേദനയും ഏറെ ബുദ്ധിമുട്ടിച്ചപ്പോൾ ലോക്കൽ മാനേജർ എന്ന ചുമതല ഒഴിഞ്ഞെങ്കിലും ഓരോഘട്ടത്തിലും ആവശ്യമായ എല്ലാസഹായങ്ങളും നൽകാനും തന്റെ വ്യക്തിബന്ധങ്ങൾ സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്താനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ശബ്ദിക്കാനാവാത്തവരുടെ നാവായി മാറാൻ കഴിഞ്ഞതാണ് ജീവിതത്തിൽ ഏറ്റവും ചാരിതാർത്ഥ്യം നൽകിയതെന്ന് അദ്ദേഹം ഒരിക്കൽ പറഞ്ഞതോർക്കുന്നു.

പ്രകൃതിസ്നേഹിയായിരുന്ന അദ്ദേഹത്തിനു മറ്റു ജീവജാലങ്ങളോടു പ്രത്യേക കരുതൽ ഉണ്ടായിരുന്നു. പക്ഷികൾക്കായി വേനൽക്കാലത്തു വെള്ളം പാത്രങ്ങളിൽ നിറച്ചുവച്ചിരുന്ന അദ്ദേഹം വളർത്തുനായയ്ക്കായി വീട്ടിലെ ഒരു മുറിതന്നെ വിട്ടുനൽകി! അടുത്തിടെ കയറിവന്ന ഒരു നായയും സാറിന്റെ അതിഥിയായിക്കൂടി. ആരോടും കുരയ്ക്കാത്ത ആ നായയെ സാർ സ്നേഹപൂർവ്വം 'ക്വയറ്റ്' എന്നു വിളിച്ചു!

സ്നേഹിതൻ എല്ലാക്കാലത്തും സ്നേഹിക്കുന്നു എന്ന മഹദ്വചനം അന്വർത്ഥമാക്കുന്നതായിരുന്നു വിക്ടർ സാം സാറിന്റെ ജീവിതം. എവിടെയായിരുന്നാലും താൻ സ്നേഹിക്കുന്നവരുടെ, തന്നെ സ്നേഹിക്കുന്നവരുടെ സന്തോഷത്തിലും ദുഃഖത്തിലും പങ്കുകൊള്ളാനും അവരിലൊരാളായി മാറാനും കഴിഞ്ഞതാണ് അദ്ദേഹത്തെ എല്ലാവർക്കും പ്രിയപ്പെട്ടവനാക്കിയതെന്നതിൽ സംശയമില്ല. രോഗം മൂർച്ഛിച്ചപ്പോഴും തന്നെ സ്നേഹിക്കുന്നവർക്ക് വേദനയുണ്ടാകുമെന്ന ചിന്തയായിരുന്നു പ്രിയ വിക്ടർ സാം സാറിനുണ്ടായിരുന്നത്. അതുകൊണ്ടുതന്നെ എന്റെ പ്രിയസുഹൃത്തായിരുന്നു പ്രഫ. വിക്ടർ സാം എന്നതിലുപരി അദ്ദേഹത്തിന്റെ സുഹൃത്തുക്കളിൽ ഒരാളായിരുന്നു ഞാൻ എന്നു പറയാനാണെനിക്കിഷ്ടം.

# MEMORIES FOUR FOLD



Prof. Koshy Ninan (Retd.)
Former Principal
Bishop Moore College

My memories of Bishop Moore College starts on an afternoon in 1964, when the then Maharashtra Governor, Dr.P.V.Cherian, laid the foundation stone of the building for Bishop Moore College. I could witness the ceremony as a high school student where I had the glimpse of a guard of honour for the first time.

I think I have the most varied in-depth experience of the college as a student, teacher, Principal and an active alumni association member. I clearly remember the days when I sat in thatched sheds and in concrete building. One of my earlier experiences is the scolding of a teacher for sitting in the class with my dhoti folded upwards (It was due to ignorance, being on the first day of using a dhoti). I have the vivid memory of losing my umbrella on the very first day in the college as a student. The lighter moments in the canteen, serious moments in the labs, the disciplined ways in NCC, upright teachings in moral and scripture classes, elegant Onam and Xmas celebrations, ample opportunities at Art festivals, annual athletic meets at BH ground etc. are still in my clear memory as a student of Bishop Moore College during 1969-74. Two major events during the period cannot be ignored. The two months-long direct payment strike by teachers and the famous Mohanakurup strike by students.

It is my personal pride that I consider my PG course as a study leave from Bishop Moore College, after which I joined there as a Physics junior lecturer in 1976 (the fact was that there was no PG course there till 1982). I had the rare opportunity to visit the college during these two years and also to collect certain books from our library.

I was the first alumnus of the college to teach there in a permanent vacancy from 1976. To work with my teachers as their colleague was an awesome experience. The long journey as a teacher involving and witnessing the tides and turning points of the college are indeed unforgettable. The formation of Alumni Association in 1982 is one such incident. Silver Jubilee of the college in 1989 is another one. The spirit of oneness and togetherness among the staff and students in all the curricular and extracurricular activities was a thing to be laudable. However the earlier discipline, unity and cooperation of the staff began to erode by the turn of the century and the strike in 2002 by a section of the staff has engulfed the unity among them. In spite of all these, there was the proud moment of the college securing the B++ grade by the NAAC accreditation in 2004.

An alumnus becoming the Principal of the college, for the first time, made me extremely happy. That was in 2005. The four years as the Principal of Bishop Moore College was both pleasant and painful. The politicisation of the students and teachers disrupted the smooth functioning of the classes to a great extent. Dozens of picketing and gharavos with the silent support of the staff was unprecedented. However, God Almighty made things culminate in a peaceful manner.

I, still, effortlessly hold the pleasant burden of keeping all the former students in touch with the college through the Alumni Association as its working President. I feel proud that I could be the President, Vice President, General Secretary and Treasurer of the association during these 30 years of its existence, a rare opportunity indeed. I foresee a very bright future for our institution and pray for the same.


Zip. Zap. With the Canara e-InfoBook App.
Canara Bank introduces the new e-InfoBook app. A unique facility wherein customers can manage their bank account from their Android / Windows and IOS phone.
• Passbook • Balance Enquiry
• Mail Statement • Branch Locator
• Product Info • A/C Summary
• Search Trans • Change Mpin
• ATM Locator • What's New
Canara e-InfoBook
केनरा बैंक
भारत सरकार का उपक्रम
Canara Bank
A Government of India Undertaking
Together We Can
Manage your account with E info book apps (Available in 8 languages in Hindi, English, Kannada, Malayalam, Telugu, Tamil, Bengali & Marathi)
For last 5 transactions and balance enquiry give a miss call on 09289192891.
Download application through app store / play store.
Now you can open your SB / PPF account online. Just log on to our website.
Toll Free : 1800 425 0018
Save Trees. Save Water. Save Environment
www.canarabank.com


കനറാ ബാങ്ക്
Canara Bank
Together We Can
കനറാ യുവ ആവാസ് റിൺ (CAN-YAR)
(യുവജനങ്ങൾക്കായി പ്രത്യേക ഭവനപദ്ധതി)
സവിശേഷതകൾ
• വാർഷിക വരുമാനത്തിന്റെ 5 ഇരട്ടിവരെ വായ്പ തുക
• മുതലും പലിശയും തിരിച്ചടവ് തുടങ്ങുന്നതിന് 36 മാസം വരെ സാവകാശം
• 21നും 45നും ഇടയ്ക്ക് പ്രായമുള്ള 2 വർഷം സർവീസ് പൂർത്തിയാക്കിയ ശമ്പളക്കാരായ യുവജനങ്ങൾക്ക് അർഹത
• 70 വയസ്സ് പൂർത്തിയാകുന്നതു വരെ തിരിച്ചടവ് കാലാവധി
• 31-01-2015 വരെ പ്രോസസ്സിംഗ് ചാർജ്ജ് സൗജന്യം
പലിശ നിരക്ക്
75 ലക്ഷം രൂപ വരെ 10.20%
75 ലക്ഷത്തിന് മുകളിൽ 10.30%
ഫോൺ : 0471-2477382, 2467633, മൊബൈൽ : 9895193228, 8281991574


केनरा बैंक
भारत सरकार का उपक्रम
Canara Bank
A Government of India Undertaking
Together We Can
Small Savings
Big Wonders
"Canara Junior Saving Account". Minor Students above 10 years can open and operate the account independently with personalised Debit Card* and Free Fund Transfer Facility. *
Canara
Junior Saving Account
* Conditions apply
For last 5 transactions and balance enquiry, give a missed call to 092891 92891
Now you can open your SB/PPF account online. Just log on to our website.
Manage your account with Canara e-InfoBook App on Windows/Android/iOS platform. (Available in Eight Languages: English, Hindi, Kannada, Tamil, Telugu, Malayalam, Marathi and Bengali) Download the application through app store / play store.
Toll Free No. 1800 425 0018
Save Trees. Save Water. Save Environment.
www.canarabank.com

# ഞങ്ങൾ ഞങ്ങളെ തേടിയ ഇടം



ഡോ. മാത്യു കോശി
മുൻ പ്രിൻസിപ്പൽ,
ബിഷപ്പ് മൂർ കോളേജ്

1971 ജൂൺ മാസത്തിലെ ഒരു ദിവസം. ബിഷപ്പ് മൂർ കോളേജിലെ വൺ ടു ബി എന്നറിയപ്പെട്ടിരുന്ന പ്രീഡിഗ്രി ക്ലാസ്സിലേക്ക് പ്രിൻസിപ്പലായ റവ. പ്രഫ. കെ.സി. മാത്യു അച്ചൻ കടന്നു വന്നു. കുട്ടികളെല്ലാം എഴുന്നേറ്റ് പ്രിൻസിപ്പലച്ചനെ സ്വീകരിച്ചു. എല്ലാവരും ഇരുന്നതിനുശേഷം അച്ചൻ കോളേജിലെ സൗകര്യങ്ങളെക്കുറിച്ച് വിശദീകരിച്ചു. അതിനുശേഷം എസ്എസ്എൽസിക്ക് ഫസ്റ്റ് ക്ലാസ്സുള്ളവരെല്ലാം എഴുന്നേൽക്കാൻ പ്രിൻസിപ്പലച്ചൻ ആവശ്യപ്പെട്ടു. ക്ലാസ്സിൽ ആകെ 80 പേർ, എഴുന്നേറ്റവർ 80 പേർ. തുടർന്ന് അദ്ദേഹത്തിന്റെ അടുത്ത ചോദ്യം. മെഡിസിന് പോകുവാൻ ഉദ്ദേശിക്കുന്നവർ എഴുന്നേൽക്കുക. വീണ്ടും 80 പേരും എഴുന്നേറ്റു. എല്ലാവരെയും അഭിനന്ദിച്ചുകൊണ്ട് അച്ചൻ തുടർന്നു: സ്ഥിരോത്സാഹത്തോടെ പഠിച്ചാൽ നിങ്ങൾ ഉദ്ദേശിക്കുന്ന ലക്ഷ്യത്തിലെത്തും. മെഡിസിന് അഡ്മിഷൻ ലഭിച്ചെങ്കിൽ മാത്രമേ നിങ്ങളുടെ ജീവിതം സാക്ഷാത്ക്കരിക്കപ്പെടുകയുള്ളുവെന്ന് കരുതേണ്ടയാവശ്യമില്ല. നിങ്ങൾ ഏതു ജോലിയിൽ പ്രവേശിച്ചാലും തിളക്കമാർന്ന കാൽപ്പാട് ബാക്കിയാക്കാൻ സാധിക്കണം. അതാണ് ഭാവിയിൽ നിങ്ങൾക്ക് ലോകത്തിനു നൽകുവാനുള്ള സംഭാവന.അതുമാത്രമേ വർഷങ്ങൾക്കുശേഷവും സ്മരിക്കപ്പെടുകയുള്ളൂ.

1964ൽ ആരംഭിച്ച ബിഷപ്പ് മൂർ കോളേജ് കേരളത്തിലെ മികച്ച കോളേജുകളിലൊന്നായി മാറിക്കഴിഞ്ഞിരുന്നതിനാൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളാണ് ഇവിടെ വന്നുചേർന്നിരുന്നത്. അന്ന് മെഡിസിനും എഞ്ചിനീയറിങ്ങിനും പ്രവേശനം ലഭിച്ചിരുന്നത് പ്രീഡിഗ്രിക്ക് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലായിരുന്നതിനാൽ ഏറ്റവും നല്ല കോളേജിൽ ചേർക്കുവാനാണ് മാതാപിതാക്കൾ ആഗ്രഹിച്ചിരുന്നത്. എറണാകുളം മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിലെ കോളേജുകൾ അന്നു കേരള യൂണിവേഴ്സിറ്റിയിലായിരുന്നു. ആറുവർഷത്തിനുള്ളിൽ അനവധി റാങ്കുകാരെ സൃഷ്ടിക്കുവാൻ സാധിച്ചുവെന്നത് കോളേജിന്റെ പ്രശസ്തി വർധിപ്പിച്ചു. കോളേജിൽ പഠിപ്പിക്കുവാൻ വരുന്നത് ഏറ്റവും മികച്ച അധ്യാപകർ. ഉന്നതനിലവാരത്തിൽ ആരെങ്കിലും എം.എയോ എംഎസ്സിയോ പാസായിട്ടുണ്ടെങ്കിൽ കെ.സി.മാത്യു അച്ചൻ അവരുടെ വീട്ടിൽ ചെന്ന് കോളേജിലെ അധ്യാപകനാകുവാൻ ക്ഷണിക്കുമായിരുന്നുവെന്ന് കേട്ടിട്ടുണ്ട്. അന്തരിച്ച പ്രശസ്തനടൻ നരേന്ദ്രപ്രസാദിനെ അപ്രകാരം ക്ഷണിച്ചുകൊണ്ടുവന്നാണ് കോളേജിൽ അധ്യാപകനാക്കിയത്. വിദ്യാർത്ഥികൾ പഠനത്തിൽ മാത്രമല്ല കലാസാംസ്കാരിക മേഖലകളിലും തങ്ങളുടെ കഴിവുകൾ വളർത്തിയെടുക്കണമെന്ന് പ്രിൻസിപ്പലിനു നിർബന്ധമുണ്ടായിരുന്നു. അക്കാലങ്ങളിൽ അധ്യാപകർ വിദ്യാർത്ഥികളുമായി അടുത്തിടപഴകാറില്ല. ബിഷപ്പ് മൂർ കോളേജിലെ അധ്യാപകർ വിദ്യാർത്ഥികളുമായി അടുത്തിടപഴകി അവരുടെ കഴിവ് കണ്ടെത്തി അവരെ വളർത്താൻ ശ്രമിക്കണമെന്ന് അച്ചൻ നിർദേശിക്കുമായിരുന്നു. അധ്യാപകരും വിദ്യാർത്ഥികളും ചേർന്നു പല കലാപരിപാടികളും കോളേജിൽ നടത്തിവന്നിരുന്നു. കോളേജിന്റെ വികസനത്തിനായി അധ്യാപകരും വിദ്യാർത്ഥികളും ചേർന്നു നാടുമുഴുവനും നടന്നു പണം പിരിക്കുന്നു. വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിക്കുന്നു, അവരുടെ പരാതികളും പ്രശ്നങ്ങളും മനസിലാക്കുന്നു. കോളേജിനെക്കുറിച്ച് ലഭിക്കുന്ന അഭിപ്രായങ്ങൾ ചർച്ചചെയ്യുന്നു. കുട്ടികളിൽ സാമൂഹ്യപ്രതിബദ്ധത വളർത്താൻ അനവധി സേവനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. അങ്ങനെ മധ്യതിരുവിതാംകൂറിൽ തലയെടുപ്പുള്ള കോളേജായി മാറിയ ബിഷപ്പ് മൂർ കോളേജിൽ പ്രവേശനം ലഭിക്കുവാൻ അക്കാലത്ത് മിക്ക കുട്ടികളും ആഗ്രഹിച്ചിരുന്നു.



വലിയ സ്വപ്നങ്ങളുമായി വന്ന കുട്ടികളുടെ ഹൃദയത്തിനേറ്റ കനത്ത പ്രഹരമായിരുന്നു ഡയറക്ട് പേയ്മെന്റിനു വേണ്ടി കോളേജ് അധ്യാപകർ നടത്തിയ സമരം. അതേത്തുടർന്നു ദീർഘകാലം കോളേജ് അടച്ചിടേണ്ടിവന്നു. ബിഷപ്പ് മൂറിന്റെ മാത്രമല്ല, കേരളത്തിലെ എല്ലാ കോളേജുകളുടെയും ഗതി ഇതുതന്നെയായിരുന്നു. രണ്ടാമത്തെ വർഷം പ്രസിദ്ധമായ മറ്റൊരു സമരം കൂടി ബിഷപ്പ് മൂർ കോളേജിൽ നടന്നു. മോഹനക്കുറുപ്പ് സമരം. മോഹനക്കുറുപ്പ് എന്ന വിദ്യാർത്ഥിക്ക് ഡിഗ്രിക്ക് പ്രവേശനം നിഷേധിച്ചതായിരുന്നു കാരണം. അച്ചടക്കത്തിന് പ്രാധാന്യം കൊടുത്തിരുന്ന കെ.സി.മാത്യു അച്ചൻ, തൃപ്തികരമല്ലായെന്ന് തോന്നിയ ഒരു വിദ്യാർത്ഥിക്ക് പ്രവേശനം നിഷേധിക്കുകയായിരുന്നു ചെയ്തത്. രണ്ടാംവർഷവും കോളേജ് നീണ്ടകാലത്തേക്ക് അടച്ചിട്ടു. പഠനം നടന്നത് വളരെക്കുറച്ചു ദിവസങ്ങൾ മാത്രം. വിദ്യാർത്ഥികളുടെ ഭാവി സ്വപ്നങ്ങളെല്ലാം തകർന്നു. പലരും പല വഴിയിലായി. വളരെക്കുറച്ചു കാലം മാത്രമേ ഒരുമിച്ച് പഠിക്കാൻ സാധിച്ചുള്ളു എന്നതിനാൽ സൗഹൃദത്തിന് വലിയ ആഴമുണ്ടായിരുന്നോ എന്നു സംശയം. 40 വർഷങ്ങൾക്കുശേഷം അന്നു പഠിച്ചവരെല്ലാം കൂടി ഒന്നിച്ചുകൂടാൻ തീരുമാനിച്ചു. 2013 ഡിസംബറിൽ ബിഷപ്പ് മൂർ കോളേജിൽ വച്ചുതന്നെ വീണ്ടും ഒന്നിച്ചുചേർന്നു. പഴയകാല അനുഭവങ്ങൾ ഓരോരുത്തരായി അയവിറക്കുവാൻ തുടങ്ങി. ചിലർ വിദേശത്തുനിന്നുവരെ ഇതിനു വേണ്ടിമാത്രം എത്തിയിരുന്നു.

പൂർവ്വവിദ്യാർത്ഥിയായ ഒരു ഡോക്ടർ പറഞ്ഞു. “എന്റെ വീട് കിളിമാനൂരിലാണ്. ഞാൻ പലപ്പോഴും എം.സി റോഡിലാണ് ഉറങ്ങുന്നത്.” കാര്യം മനസിലായവർ ചിരിച്ചു, ബാക്കിയുള്ളവർ അത്ഭുതത്തോടെയിരുന്നപ്പോൾ മനസിലായവർ വിവരിച്ചുകൊടുത്തു. തിരുവനന്തപുരം മുതൽ തിരുവല്ല വരെയുള്ള പല ആശുപത്രികളിലെയും കൺസൽട്ടന്റാണ്. എന്നാൽ, അടുത്ത കമന്റ് ബാക്കിയുള്ളവരെ ചൊടിപ്പിച്ചു. എന്റെ ഭാവി കളഞ്ഞത് ബിഷപ്പ് മൂർ കോളേജാണ്.

മറ്റൊരു സുഹൃത്ത് അതിനെ ഖണ്ഡിച്ചു. തിരുവനന്തപുരം മുതൽ തിരുവല്ല വരെയുള്ള പല ആശുപത്രികളിലെയും രോഗികൾ നിങ്ങളെ കാണുവാൻ എത്ര മണിക്കൂറാണ് കാത്തിരിക്കുന്നത്? ഇന്ത്യയിലാദ്യമായി ഗർഭസ്ഥശിശുവിന്റെ രോഗം കണ്ടെത്തി അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ ശസ്ത്രക്രിയ നടത്തി റെക്കോഡ് സൃഷ്ടിച്ച ഡോക്ടറാണ് താങ്കളെന്ന് ഓർക്കണം. കൂട്ടുകാരുടെ രോഷപ്രകടനത്തിനു മുമ്പിൽ ഡോക്ടർക്ക് തന്റെ പ്രസ്താവന പിൻവലിക്കേണ്ടി വന്നു. ഡോക്ടറുടെ സ്വപ്നങ്ങൾ അതിലുപരിയായിരുന്നിരിക്കണം.

ഓരോരുത്തരായി തങ്ങൾ അലങ്കരിച്ച പദവികൾ വിശദീകരിച്ചു. പത്തോളം പേർ ഉന്നതബിരുദങ്ങൾ നേടിയ ഡോക്ടർമാർ, ഏഴു പേർ കേരളസർക്കാരിന്റെ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ ഡയറക്ടർമാരായി വിരമിച്ചവർ, മറ്റു ജില്ലകളിൽ ഡയറക്ടർമാരായിരുന്നവർ, ബാങ്ക് ഉദ്യോഗസ്ഥർ, കോളേജ് പ്രിൻസിപ്പൽമാർ, യൂണിവേഴ്സിറ്റി അധ്യാപകർ, വ്യവസായികൾ, ഹൈക്കോർട്ടിലെ സീനിയർ അഭിഭാഷകർ, സർക്കാർ അറ്റോർണി തുടങ്ങിയവർ. ഡോക്ടറാകുവാൻ വന്ന എൺപതു പേരും ഡോക്ടറായില്ല. മെഡിസിന് അഡ്മിഷൻ ലഭിച്ചെങ്കിൽ മാത്രമേ നിങ്ങളുടെ ജീവിതം സാക്ഷാത്ക്കരിക്കപ്പെടുകയുള്ളൂവെന്ന് കരുതേണ്ടയാവശ്യമില്ല. നിങ്ങൾ ഏതു ജോലിയിൽ പ്രവേശിച്ചാലും തിളക്കമാർന്ന കാൽപ്പാട് ബാക്കിയാക്കാൻ സാധിക്കണം. അതാണ് ഭാവിയിൽ നിങ്ങൾക്ക് ലോകത്തിന് നൽകാനുള്ള സംഭാവന. അത് മാത്രമേ വർഷങ്ങൾക്കുശേഷവും സ്മരിക്കപ്പെടുകയുള്ളു. കെ. സി. മാത്യു അച്ചന്റെ ഈ വാക്കുകൾ അക്ഷരംപ്രതി ഫലിച്ചു. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ അതുല്യപ്രതിഭകളായി നിലകൊള്ളുന്നവരായി എല്ലാവരും മാറിയിരിക്കുന്നു.

അവസാനമായി ചെങ്ങന്നൂരിൽ നിന്നുള്ള സലിം തന്റെ കഥ പറഞ്ഞു. ഞാൻ ചെറുപ്പകാലത്ത് അമ്മയോടൊപ്പം ഡോക്ടറെ കാണാൻ പോകുമായിരുന്നു. മണിക്കൂറുകൾ നീണ്ട ക്യൂവിൽ കാത്തുനിന്നാലേ ഡോക്ടറെ കാണാൻ സാധിക്കൂ. അപ്പോൾ അമ്മ പറയുമായിരുന്നു. നീയും പഠിച്ചു വലിയ ഡോക്ടറാകണം. അപ്പോൾ നിന്നെ കാണാനും ഇതുപോലെ ആളുകൾ വന്നു ക്യൂ നില്ക്കും. അതിന് ബിഷപ്പ് മൂർ കോളേജിൽ ചേർന്നാലേ സാധിക്കുകയുള്ളുവെന്ന് മനസിലാക്കിയാണ് ഇവിടെ ചേർന്നത്. പക്ഷേ എന്റെ സ്വപ്നങ്ങൾക്ക് കരിനിഴൽ വീഴ്ത്തിയ സംഭവങ്ങളായിരുന്നു അന്ന് ബിഷപ്പ് മൂറിൽ നടന്നത്. കഷ്ടിച്ചു പ്രീഡിഗ്രി പരീക്ഷ പാസ്സായി അവസാനം വക്കീലായി. ഇന്ന് ഞാൻ അനവധി കോടതികളിൽ പ്രാക്ടീസ് ചെയ്യുന്ന തിരക്കുള്ള വക്കീലാണ്. ചില കേസുകൾ ഞാൻ വാദിച്ചാലേ രക്ഷപെടുകയുള്ളുവെന്ന് കക്ഷികൾക്കറിയാം. എന്റെ വീടിന്റെ മുമ്പിൽ പലപ്പോഴും കക്ഷികളുടെ നീണ്ട ക്യൂതന്നെയുണ്ടാവും. അപ്പോൾ ഞാൻ അമ്മയെ വിളിച്ചു കാണിക്കും. അമ്മ എന്നോടു പണ്ട് പറഞ്ഞത് ഓർമ്മയുണ്ടോ? ഡോക്ടറായില്ലെങ്കിലും ഇന്ന് ഞാൻ അവരേക്കാൾ വരുമാനമുള്ള വ്യക്തിയാണ്.

കീഴ്ക്കോടതികളിൽ പ്രാക്ടീസ് ചെയ്യുന്ന ഒരഭിഭാഷകന്റെ മുമ്പിൽ കക്ഷികൾ ക്യൂ നിൽക്കുന്നു, ഡോക്ടർമാരേക്കാൾ കൂടുതൽ വരുമാനമുള്ള വ്യക്തിയാണെന്നൊക്കെ കേട്ടപ്പോൾ വിശ്വസിക്കാൻ ആദ്യം പ്രയാസം തോന്നി. അപ്പോൾ മറ്റൊരു സുഹൃത്ത് വിശദീകരിച്ചു, “സലിം വക്കീലിന് രണ്ട് ആനകളുണ്ട്. മധ്യതിരുവിതാംകൂറിലെ ഏറ്റവും ഉയരം കൂടിയ ആനകളായതിനാൽ അവയ്ക്കു വലിയ ഡിമാൻഡാണ്”. ഉയർന്ന ആസ്തിയുള്ളവർക്കേ ആനയെ പരിചരിക്കുവാൻ സാധിക്കൂ എന്നതിനാൽ സലിം പറഞ്ഞത് ഞങ്ങൾ അംഗീകരിച്ചു.

ബിഷപ്പ് മൂർ കോളേജിൽ 1971 മുതൽ 1973 വരെ ടുബി ക്ലാസ്സിൽ വിദ്യാർത്ഥിയായിരുന്ന എനിക്ക്, കൂട്ടുകാരുടെ അനുഭവങ്ങൾ കുളിർമ പകർന്നു. 1978ൽ ബിഷപ്പ് മൂർ കോളേജിൽ അധ്യാപകനാകുവാനും 2009ൽ പഠിച്ച കോളേജിലെ പ്രിൻസിപ്പലാകുവാനും എനിക്ക് സാധിച്ചു. കെ.സി.മാത്യു അച്ചന്റെ വിദ്യാർത്ഥിയും സഹപ്രവർത്തകനുമാകാൻ എനിക്ക് അവസരം ലഭിച്ചു. 1992ൽ കെ.സി. മാത്യു അച്ചൻ ആരംഭിച്ച ന്യൂവിഷൻ മാസികയുടെ പത്രാധിപരായി അന്നുമുതൽ തുടരുമ്പോൾ അച്ചനുമായുള്ള ആസ്നേഹബന്ധം കൂടുതൽ അരക്കിട്ടുറപ്പിക്കുവാൻ കഴിഞ്ഞു. പരിസ്ഥിതി മേഖലയിൽ അനവധി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനും അന്താരാഷ്ട്രതലത്തിൽ നിരവധി പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനും സാധിച്ചത് ബിഷപ്പ് മൂർ കോളേജിന്റെ ഭാഗമാകാൻ കഴിഞ്ഞതിനാലാണ്.



# വിദ്യാഭ്യാസ ധർമ്മം ധാർമിക അഭ്യസനം



ഡോ.കുര്യൻ തോമസ്
മുൻ പ്രിൻസിപ്പൽ,
ബിഷപ്പ് മൂർ കോളേജ്

പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ യൂറോപ്പിൽ നിന്നും സിഎംഎസ്, ബാസൽ മിഷൻ മിഷനറിമാർ ഇന്ത്യയിൽ വന്ന് ചെറുതും വലുമായ അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചതാണ് ഭാരതത്തിന്റെ വിദ്യാഭ്യാസ നവോത്ഥാനത്തിനു തുടക്കം കുറിച്ചത് എന്ന ചരിത്രസത്യം ജാതി, മത, രാഷ്ട്രീയ ഭേദമെന്യേ ഭാരതീയർ എല്ലാം അംഗീകരിക്കുന്നു. ഇരുണ്ട ഭൂഖണ്ഡമായിരുന്ന ആഫ്രിക്കയിലേക്കു ഡേവിഡ് ലിവിങ്സ്റ്റനും ആൽബർട്ട് ഷ്വൈറ്റ്സറും പ്രകാശത്തിന്റെ കിരണങ്ങളുമായി എത്തി ഒരു ഭൂഖണ്ഡത്തെ മുഴുവൻ ആധുനിക സംസ്കാരത്തിലേക്കു നയിച്ചതിനു സമാനമായ സംഭാവനയാണ് യൂറോപ്യൻ മിഷനറിമാർ ഭാരതത്തിനു ചെയ്തത്. അവരുടെ പ്രവർത്തനത്തിന്റെ ചുവടുപിടിച്ചു ഗവൺമെന്റുകളും മറ്റു മതസ്ഥരും വിദ്യാഭ്യാസത്തിലേക്കു ശ്രദ്ധതിരിച്ചതോടെ ഒരു വിദ്യാഭ്യാസവിപ്ലവം തന്നെ ഇന്ത്യയിൽ ഉണ്ടായി. ഈ പ്രക്രിയയുടെ തുടർച്ചയായാണ് സിഎസ്ഐ മദ്ധ്യകേരള മഹായിടവക 1964-ൽ ബിഷപ്പ് മൂർ കോളേജ് മാവേലിക്കരയിൽ ആരംഭിച്ചത്.

ബിഷപ്പ് മൂർ കോളേജ് സുവർണ്ണജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ ഒരു സ്മരണിക പ്രകാശനം ചെയ്യുന്നതിൽ അതിയായ സന്തോഷമുണ്ട്. എല്ലാ ആശംസകളും ജൂബിലി പ്രവർത്തനങ്ങൾക്കു നേരുന്നു. രണ്ടു നൂറ്റാണ്ടുമുമ്പു ആംഗ്ലിക്കൻ മിഷനറിമാർ വന്നു തുടക്കം കുറിച്ച അറിവിന്റെയും അക്ഷരങ്ങളുടെയും പ്രഘോഷണമാണ് കേരളസമൂഹത്തെ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്കു നയിക്കുന്നതിൽ അതിപ്രധാനമായ പങ്കുവഹിച്ചത്. ഇതിന്റെ തുടർച്ചയായി വിദ്യാഭ്യാസപ്രവർത്തനം നമ്മുടെ കർമപഥത്തിന്റെ പ്രധാനകണ്ണിയായി ഇന്നും പരിപോഷിപ്പിച്ചുവരുന്നു. സ്ഥാപക പ്രിൻസിപ്പൽ കെ.സി.മാത്യു അച്ചന്റെ വാക്കുകളിൽ, വെളിച്ചം ഉണ്ടാകട്ടെ എന്ന് യഹോവ കൽപിച്ചു. കൂരിരുളിനെ തുടച്ചുനീക്കി വെളിച്ചം ഉണ്ടായി. കല്ലുമലയിൽ ഒരു വിദ്യാഭ്യാസകേന്ദ്രം ഉണ്ടാകട്ടെ എന്നു യഹോവ കൽപിച്ചു, അതുണ്ടായി. ദൈവീകതീരുമാനത്തിനു ബിഷപ്പ് എം.എം.ജോൺ തിരുമേനിയും കൂട്ടുവേലക്കാരും ഒരു നിമിത്തമായി. Selfless to the core എന്ന വിശേഷണത്തിനു പൂർണ്ണ അർഹനായ ബിഷപ്പ് എഡ്വേർഡ് ആൽഫ്രഡ്

ലിവിങ്സ്റ്റൺ മൂറിന്റെ നാമധേയവും സ്ഥാപനത്തിനു ലഭിച്ചു. നാമധേയന്റെ ഈ നാട്ടിലെ പ്രവർത്തനങ്ങളുടെ സത്തയെ ഉൾക്കൊള്ളാനും പ്രാവർത്തികമാക്കാനും കലാലയത്തിനു ഉത്തരവാദിത്തമുണ്ട്. മാവേലിക്കരയിലും പ്രാന്തപ്രദേശങ്ങളിലും അറിവിന്റെ പ്രകാശം പരത്തുന്ന ഈ ഉന്നതവിദ്യാഭ്യാസകേന്ദ്രം 50 വർഷം പിന്നിടുമ്പോൾ നമുക്കു ദൈവീകപദ്ധതിയിൽ പങ്കാളികളായതിൽ ചാരിതാർത്ഥ്യം കൊള്ളാം. മൂന്നു പതിറ്റാണ്ടിലേറെ പ്രസ്തുത പ്രവർത്തനത്തിൽ അധ്യാപകനായും ഒരുവർഷം പ്രഥമാധ്യാപകനായും പങ്കുചേരാൻ എനിക്കും അവസരം ലഭിച്ചത് ഒരു ദൈവീകനിയോഗമായി ഞാൻ കരുതുന്നു. സഹായിച്ച, സഹകരിച്ച എല്ലാവരോടുമുള്ള സ്നേഹവും നന്ദിയും രേഖപ്പെടുത്തുന്നു. ശൈശവബാല്യങ്ങൾ പിന്നിട്ടു യൗവനത്തിലേക്കു കടക്കുന്ന ഈ കലാലയം നാൾക്കുനാൾ പുരോഗതിയുടെ പടവുകൾ താണ്ടുന്നതും ഈ സ്ഥാപനത്തിലൂടെ പ്രചോദിതരായവർ ലോകമെമ്പാടും പ്രകാശം പരത്തുന്നതു കാണുമ്പോഴും നമുക്ക് ആനന്ദിക്കാൻ വകയുണ്ട്.

*No one keeps anything in memory*
*Memory doesn't even remember a bit .*

# FREEDOM



Sigy Thomas IAS
(1995-98 Batch)
Deputy Secretary
Ministry of Finance

I feel I should share with you an incident from my official life that lent a great lesson for the rest of my life. It had been 3.00 PM. 2nd December 2009. A peace meeting was held between the 'Thevars' and the 'Dalits' in the Govt. Elementary School at T. Veppankulam village in Virudhunagar district, around 460 km south of Chennai, Tamil Nadu.

The communal skirmish occurred 2-3 months before this peace meeting, between upper caste 'Thevars' and the lower caste 'Dalits' of that village. The new government health insurance scheme required photographs of every person. The villagers were standing in queue for taking the photographs. The Dalit youths questioned the Thevars overstepping the queue and as revenge the Thevars beat up all their families by the evening. 25 Dalit families who were beaten up, left the village and settled in some government land in Kariapatti taluk with very little means of survival. The peace meeting at the sarpanch level was impossible as she was a Dalit lady who won due to reservation, with the support of the Thevar majority. She and her husband were struggling between torn loyalties. The efforts spread over 2 months for bringing back the displaced families at the levels of the Village Revenue Official, the Revenue Inspector, the Tahsildar and the Revenue Divisional Officer. They were infructuous as the families feared for their lives. The Thevars would cooperate with the government in all peace efforts held outside the village, but all actions pointed out that this cooperation would not extend to the Dalit families if they returned to the village. The displaced families were fed and clothed by NGOs.

The media was rife with the news which ran the danger of fanning the embers of communalism, besides being bad publicity for all concerned. Virudhunagar district had a bad history from the communal angle and the government was keen that the families should go back in peace without fear. At the same time any overreaction or errors of commission or omission in haste would adversely affect the Dalits after return. Since the Additional District Magistrate was himself a Thevar, the onus for restoring normalcy now lay with the District Collector. Should the Collector fail, the issue would lie directly with the government of Chennai which was considered very, very undesirable. The District Collector taking the Public Secretary at Chennai into confidence, accompanied the families back to the village on 2nd December and held a peace meeting there. The Additional Supdt. of Police was present with adequate strength as the SP was out of station.

The District Collector was listening to both sides in turn, trying to spot the spirit of unity during the meeting at the elementary school. A patient hearing after a long-drawn displacement was the least that was to be done. After about an hour of discussions, a Dalit woman stood up and narrated a tale of molestation by a Thevar during a festival of the previous year. She and her family were threatened with annihilation if they boarded the only village bus to file a police

complaint. The victim backed out with the result that she was repeatedly molested and mocked in public before her own children several times and no one stood up for her. "I was told that you deserve this treatment because you are a Dalit. I fear for our lives daily. The Government has given me land and a house, but I can't face anybody; least of all, my children. I have no security and no dignity and will have neither all my life", she added.

Before she could conclude, she was sobbing uncontrollably. Several of the Dalit women nodded in agreement. Suddenly, the person who was accused appeared from outside a window and loudly threatened her that she would face the consequences of her statement before the authorities. The Collector, in order to restore the pace of progress of the peace meeting, discreetly instructed immediate nabbing of the accused.

The Dalit woman made a statement that no Thevar would ever be arrested. The Collector reassured her and continued with the meeting. After another hour of discussions, the Collector was reminded by the Dalits that the accused was still at large. They raised the following fact: "What security can the government assure us when even the Collector cannot secure an accused person in an hour's time? Perhaps it would be a better idea if we be completely and permanently relocated officially. We cannot stay in this village any longer because whatever was shared here in confidence will be held against us once the authorities leave. Our houses have been looted in the past 2 months". Seizing that window of opportunity, the Collector asked them that whether they would settle back in the village if the person will be arrested. The answer was yes. So by this time, the additional SP was summoned and the arrest of the accused was ordered. To diffuse the situation, the Collector went for inspection of the locked houses and the development work requirements of the village. It was repeatedly reassured that the accused would be nabbed and at 7 pm, the Collector stated that she would leave the village only after it was done. The accused was very much in the village the whole night. The police informed at 8 pm that the accused had left for an unknown destination.

What the Collector thought to be a simple nabbing turned out to be rather disconcerting affair. The Thevar leader warned her of dire consequences, besides immediate transfer. She was not able to reach the SP on phone. The police informed that there would be stoning anytime. The Dalits suggested that all of them would flee forever from the village and they be given sometime for packing their things. The revenue machinery was free to flee, but all of them stood by the Collector when she decided that she would operate from the village till the person is secured. The Collector's files in the vehicle were taken out for her work. The print media and the visual media had already started for the village for the scoop of the week. Everyone loves a failing government!! Thankfully, the village was remote and could not be easily reached.

At 10 pm, the Collector phoned up the Public Secretary as it was evident that the wait



was unending. After complete narration, it was opined that this kind of escalation should have been avoided. But to her relief, the accused was arrested and produced before all within an hour and 15 minutes and the SP rushed to the village with greater reinforcement by about 11 pm. The revenue staff and the police brought the Dalits back to their homes and arrangements were made for presence of police in sufficient numbers round the clock. The Collector went to the district HQ, faxed a detailed report to the Public Secretary that the return of the displaced families was completed and the situation would be closely watched.

Nobody had any photos or details apart from what was officially provided by the district Public Relations Officer. The media still described the Collector's administrative action, as a dharna or a sit-in and the news was quite a scoop for the next day.

But the next day, the intelligence report came that a 25000-strong Thevar demon stration was being planned in two days time, against the government. The Collector sent an SOS to Chennai. She was consumed by doubt about the correctness of the course of action taken by her the previous day. Such a huge march across Virudhunagar would engulf the district in a communal conflagration without parallel in the district history. Hundreds of villages and innocent lives were at stake. The planning for defence of peace was started in right earnest just as planning for the preparation of the march was being done on the other side. Deliverance came from the most unexpected source. The next day, the Chief Minister in his signature oratorical style, praised the correct action of the government through the District Collector in his party mouthpiece newspaper in an unusually long editorial. This sent the message down to all concerned that no one would be spared if they play the communal card on the basis of the arrest that happened in T. Veppankulam village. There were no transfers.

The presence of the police force over an extended period of time, the training in the art of living organized at the behest of the district administration in the village and the incarceration of the accused, Mr. Manoharan, had sent the right messages and peace was restored in the village.

Is the dignity of a woman a trivial matter? Or a taboo that cannot even be considered by the highest decision makers of India? Or is it an accepted cultural norm of our social life that dignity of one half of the human population be unwillingly and humiliatingly trampled as a matter of routine?

But was dignity and the feeling of security restored in the heart that sobbed uncontrollably? The police, the media and all the reports and editorials completely sidelined the gender aspect to the arrest. Was it something to be brushed under the carpet?

The situation may not be any the easier even for a completely empowered woman. In rejecting KPS Gill's defence — that the offence of publically outraging the modesty of a lady IAS Officer, was so trivial that no reasonable person would press charges—-the Supreme Court ruled that while there was no physical injury to the complainant's person, the affront to her dignity was a cognizable offence. The victim and her family was threatened, given punishment postings, subjected to unbearable pressure, isolated and given friendly advices to forget in national interest for 17 long years. She had to pursue a very expensive and protracted legal battle for 7 years till prosecution was ordered and another 10 years till a conviction was finally secured with only probation as punishment. Is the dignity of a woman a trivial matter? Or a taboo that cannot even be considered by the highest decision makers of India? Or is it an accepted cultural norm of our social life that dignity of one half of the human population be unwillingly and humiliatingly trampled as a matter of routine?

"Where the mind is without fear and the head is held high...Into that heaven of freedom, my Father, let my country awake."



Rev. Prof. K.C. Mathew
Founder Principal
Bishop Moore College

# ALONG THE MEMORY LANE-
## SR. RACHEL JOSEPH HALL

It was just another normal day. At 9 a.m Isaac got my bicycle-my constant companion-out of the house and I cycled my way to the college. At the first bell, a good number of teachers assembled in the Principal's room sang a hymn, one teacher read a Psalm and led the morning prayers and we were all ready for work by 9.30 a.m. After the Ist period, we had our Scripture and Moral Instruction classes for half an hour and the 3rd period began at 11 a.m. It was all quiet and normal till 11.15 a.m, when I heard a commotion which was rather unusual in Bishop Moore College till then. I went up to the door and found that it was locked from outside. I sensed that I was under gherao. I went to the chair, a chair which many aspire to sit.

I looked at a few papers in the file, marked "urgent" by the Office Superintendent, Mr. Kurian. One paper was a memorandum submitted by the college union. This memorandum enlightened many requirements and urgent needs of the college community like:-

1. Transportation facilities of the students-the K.S.R.T.C should be prevailed up to run students only buses to the college from Chengannur, Kayamkulam, Kattanam and Mannar. During the mornings and evenings all the buses plying via Mavelikara were to be directed via Kallumala. All the trains via Mavelikara should be arranged to halt at Mavelikara.
2. Drinking water facilities were to be improved.
3. All the temporary sheds should be done away with and the classes should be arranged in permanent rooms.
4. All the classrooms should be provided with fans.
5. More cycle sheds should be provided.
6. A gym and stadium should be constructed. etc.

The Principal was given two weeks time to implement these. I then remembered that the two weeks time expired on the previous day and the students were on 'direct action'.

All the demands of the students were genuine. In fact, the travel facilities were very meager and inadequate. More drinking water facilities had to be provided. College needed more class rooms. The infrastructural facilities had to

be strengthened. Facilities for sports and games were next to nothing. The college still in its infancy had a lot of teething difficulties. Approval granted by the management in 1966 to upgrade the college was with a specific clause that the management will not be troubled with request for financial assistance. The Principal was authorized to raise funds and develop the institution. It was also the policy of the management not to seek donation for admission and appointment. The management had complete trust and confidence in the heads of institutions and expected every Head of the Institution to seek the co-operation of the staff in mobilizing funds from the public through voluntary contributions.

The gherao I faced on that day gave me enough time to attend to a file marked “UGC Projects”. This contained the booklet from the UGC giving the guidelines for submission of Projects. A hostel started for female students in a rented house at Kallumala had to be shifted in an year’s time. Hence I read carefully the details of UGC sponsored hostels for women for which the grant was 75% with a maximum ceiling of Rs. 100,000. The gherao on that day gave me enough time to prepare the entire project and by the time it was lifted the first draft of the hostel projects were ready. I am thankful to the student leaders for the gherao. My colleagues in the college made sure that I got my lunch and quota of black coffee in time and the students did not want their Principal to go hungry.

In an infant college, priorities are always for class rooms, laboratories, staff rooms, office, library etc., Hostels always have a low priority, especially in the Kerala situation where each district has over a dozen colleges. But the Bishop Moore College had a different outlook. To them the model was one with hostels for girls, boys and faculty living close by. College community life will be more real, effective and interactive, if a large number of students and staff live on campus.

The first women’s hostel of the Bishop Moore College was named after Sr. Rachel Joseph, a woman of outstanding leadership qualities, who had done yeoman service for the spiritual and social development of women, especially the Dalits. She was one of the founders of Sisterhood of the CSI. She along with Sr. Edith established the Bethel Ashram, Thiruvalla. The foundation stone of the hostel building was laid in faith by Sr. Edith Neve on the afternoon of March 27, 1969. Bishop Dr. M.M. John presided over the meeting. Artist Rama Verma, son of late artist Raja Ravi Varma, presented the portrait of Jesus at this function. The construction of the hostel building was another act of faith and God’s wonderful guidance was visible at all stages. Retired Suptng. Engineer, Mr. O.J Cherian, Puthuppally prepared the plan and supervised the construction without accepting any remuneration. Unlike in the construction of the college main building, the hostel had a laterite bed formation at a depth of 1 foot. Hence the cost up to basement was very little. The well near



*Present Staff - SRJ Hostel*



the building site supplied all the water needed. Funds for the hostel came from UGC, Sr. Rachel Joseph Memorial Committee thro' Bethel Ashram and thro' the efforts of the staff. Of the 4.5 lakhs, about one lakh came thro' Bethel Ashram. The ground floor was completed and dedicated on 28-05-1970 by Bishop Dr. M.M. John and put to use immediately, vacating the rented building.

Bishop Moore College could construct two other hostels- namely a second hostel for women and another for men. This men's hostel was partly financed by the UGC and EZE, Germany. The foundation for this building was laid by Bishop John and opened by Rt.Rev. Dr. John A.T. Robinson, the nephew of Bishop E.A.L. Moore. This was run alone for some time and later shared with the Bishop Moore Vidyapith and finally used by them alone. The second women's hostel was fully financed by the EZE, Germany. Presently, the Bishop Moore Vidyapith is housed in this hostel.

Construction of a building or hostel is not much of a difficulty provided we have the goodwill of the people and support of the staff. But the management of a hostel need people with imaginative leadership. As per University/Govt. rules, the Principal of the college has to be the Chief Warden of the hostel. In the earlier days of the Sr. Rachel Joseph Hostel, lady lecturers served as wardens. Ms. Thankamony George gave leadership as warden for some time. She was soon joined by Smt. K.P.Achamma as Matron of the hostel. She overshadowed everybody and took up her reign with devotion till her death in 1988.

The hostel had regular programmes of morning and evening prayers, sunday services, annual retreats, excursion and a lot of other activities. The Bishop Moore Vidyapith had its humble origin in the hostel campus. The nursery section was retained in the hostel for a few years and later moved into its permanent abode. Hostels play a vital influence in one's life. It gives one a discipline that is unique. A person gets an experience to live in company with peer groups. This rubs off many angularities in life. The days in the hostel are really memorable.

The hostel should be able to give spiritual and moral dimensions to life. The hostel named after Sr. Rachel Joseph is expected to provide this dimension. It is high time that the hostel be provided with a lady Chaplain who will serve as counselor also. Let the march of this hostel from Silver Jubilee to Golden be one of steady progress, without losing sight of the aim and vision. At no time, this institution should be devoid of its humanness. This hostel is a gift of God and should always remain as one which glorifies the Almighty. The girls who were sheltered, guided and sent out of the portals of this home should be able to proclaim through their lives the contribution of Sr. Rachel Joseph home- a home away from home.



# BISHOP MOORE VIDYAPITH MAVELIKARA

SINCE 1975

**AFFILIATED WITH THE ICSE BOARD OF EDUCATION**

**KALLUMALA,
MAVELIKARA, KERALA 690110**

തീപ്പൊരി ഡയലോഗുകളും തകർപ്പൻ ആക്ഷനുകളുമായി മലയാളത്തിലെ വെള്ളിത്തിര കീഴടക്കിയ ഭരത് സുരേഷ് ഗോപി ബിഷപ്പ് മൂർ കോളേജ് വിദ്യാർത്ഥിനികളുമായി സംസാരിക്കുന്നു...

# വർത്തമാനം
# ഭരത് സുരേഷ് ഗോപി

**തീരെ ചെറുപ്പത്തിൽ തന്നെ സത്യനോടൊപ്പവും പ്രേംനസീറിനോടൊപ്പവും അഭിനയിച്ചപ്പോൾ ഭയം തോന്നിയിരുന്നോ?**

ഏയ് ഇല്ല, ഭയമൊന്നും തോന്നിയതേയില്ല. കാരണം സത്യൻ സാറായാലും നസീർ സാറായാലും അഭിനയചക്രവർത്തിമാരാണെന്ന തിരിച്ചറിവ് എനിക്ക് ആ പ്രായത്തിൽ ഇല്ലായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം ആ സിനിമയുടെ ഡയറക്ടറായ കെ.എസ്. സേതുമാധവൻ സാർ എന്നോടു പറഞ്ഞു തന്ന കാര്യങ്ങളും അഭിനയിച്ചു കാണിച്ചുതന്ന കാര്യങ്ങളും ക്യാമറയ്ക്കു മുമ്പിൽ ചെയ്യേണ്ട കാര്യമേ യുണ്ടായിരുന്നുള്ളൂ. വാസ്തവത്തിൽ എന്റെ അച്ഛന്റെ നിർബന്ധപ്രകാരമാണ് ഞാൻ ആ സിനിമയിൽ അഭിനയിച്ചത് തന്നെ. കാരണം കെ.എസ്. സേതുമാധവൻ സാറും എന്റെ അച്ഛനും അടുത്ത സുഹൃത്തുക്കളായിരുന്നു.

**അച്ഛനു സിനിമയുമായി എന്തെങ്കിലും ബന്ധം ഉണ്ടായിരുന്നോ?**

തീർച്ചയായും. അക്കാലത്തെ തമിഴ് സിനിമകൾ, പ്രത്യേകിച്ചും കെ. ബാലാജിയെപ്പോലുള്ള സംവിധായകരുടെ, കേരളത്തിലെ വിതരണം നടത്തിയിരുന്നത് അച്ഛനായിരുന്നു. മാത്രമല്ല ആ ഒരു ബന്ധം കെ. ബാലാജിയും എന്റെ അച്ഛനും തമ്മിൽ ആഴമേറിയ ഒരു സൗഹൃദത്തിനു കാരണമായി. ബാലാജി അങ്കിൾ മകനു സുരേഷ് എന്ന പേരിട്ടപ്പോൾ അച്ഛൻ എനിക്കും സുരേഷ് എന്ന പേരിട്ടത് ഒരുപക്ഷേ, ആ സൗഹൃദത്തിന്റെ ആഴം കൊണ്ടായിരിക്കാം. എന്റെ യഥാർത്ഥ പേര് സുരേഷ് ജി. നായർ എന്നാണ്.

**'കളിയാട്ടം' എന്ന സിനിമയ്ക്ക് ദേശീയ അവാർഡ് കിട്ടിയതിനെപ്പറ്റി?**

കളിയാട്ടത്തിലെ 'കണ്ണൻ പെരുമലയൻ' എന്ന കഥാപാത്രം എന്റെ അഭിനയജീവിതത്തിലെ ഞാനിഷ്ടപ്പെടുന്ന ഒരുപിടി നല്ല കഥാപാത്രങ്ങളിൽ ഒന്നാണ്. ഞാനിപ്പോഴും ഓർക്കുന്നു അതിന്റെ ഷൂട്ടിങ് സെറ്റുകളിൽ മേക്കപ്പ് ഒക്കെയിട്ട് പൊള്ളുന്ന വെയിലിൽ ചിലവിട്ട നിമിഷങ്ങൾ...ആ ചിത്രത്തിനു ദേശീയ അവാർഡ് കിട്ടിയപ്പോൾ എനിക്കുണ്ടായ വികാരം അപാരമായിരുന്നു. അർഹിക്കപ്പെട്ട ചിത്രത്തിന് അംഗീകാരം കിട്ടിയെന്ന തോന്നലാണപ്പോഴുണ്ടായത്.

**ആ ചിത്രത്തിന് അവാർഡ് പ്രതീക്ഷിച്ചിരുന്നോ?**

ഉണ്ടായിരുന്നു. കാരണം ഒരു കഥയുടെ സ്ക്രിപ്റ്റ് വായിക്കുമ്പോൾ തന്നെ ആ സിനിമ ഏതു തലം വരെ പോകും എന്നറിയാൻ സാധിക്കും. പ്രത്യേകിച്ചും വിശ്വസാഹിത്യകാരനായിരുന്ന വില്യം ഷേക്സ്പിയറിനെ പോലുള്ള ഒരു എഴുത്തുകാരന്റെ തൂലികയിൽ നിന്നുതിർന്ന ഒരു കഥ. ആ കഥ

സിനിമയ്ക്കുവേണ്ടി രൂപപ്പെടുത്തിയപ്പോൾ എനിക്കു ലഭിച്ചതാണ് കണ്ണൻ പെരുമലയൻ എന്ന കഥാപാത്രം. നടനെന്ന നിലയിൽ എന്റെ കഴിവിന്റെ 100% സംഭാവന ചെയ്യുവാൻ കഴിഞ്ഞുവെന്നുള്ളതാണ് എന്റെ വിശ്വാസം. അതിലൊരു വലിയ പങ്ക് സംവിധായകനായ ജയരാജിനുമുണ്ട്.

**അഭിനയിച്ച സിനിമകൾ പരാജയപ്പെടുമ്പോൾ വിഷമം തോന്നാറുണ്ടോ?**

തീർച്ചയായും. കാരണം മാസങ്ങളോളമുള്ള പ്രയത്നത്തിലൂടെയാണ് ഒരു കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. പെട്ടന്നൊരു സന്ദർഭത്തിൽ അതു പരാജയപ്പെട്ടു എന്നറിയുമ്പോൾ ആകെ തകർന്നുപോകും. ഉദാഹരണമായി 'രണ്ടാം ഭാവം' പോലുള്ള സിനിമകൾ പരാജയപ്പെട്ടപ്പോൾ എനിക്കു വളരെ ദുഃഖം തോന്നി.

**തികഞ്ഞ ഈശ്വര വിശ്വാസിയാണെന്ന് കേട്ടിട്ടുണ്ട്. എന്നാൽ ജയരാജിന്റെ 'പൈതൃകം' എന്ന സിനിമയിൽ നിരീശ്വരവാദിയുടെ റോളിലാണല്ലോ?**

അതൊരു വലിയ തെറ്റായിട്ടാണ് എനിക്ക് ഇന്നും തോന്നുന്നത്. സത്യം പറഞ്ഞാൽ അതിന്റെ ഓരോ ഷൂട്ട് കഴിഞ്ഞതിനുശേഷവും അതിന്റെ സംവിധായകനായ ജയരാജനെ ഞാൻ ചീത്ത വിളിക്കുമായിരുന്നു (ചിരിക്കുന്നു). എന്റെ ജീവിതത്തിലെ എല്ലാ സൗഭാഗ്യങ്ങളും എനിക്കുതന്നത് ഞാൻ വിശ്വസിക്കുന്ന ദൈവങ്ങളാണ്. അങ്ങനെ വിശ്വസിക്കുന്ന ഞാനൊരു നിരീശ്വരവാദിയായി അഭിനയിച്ചത് തെറ്റായിപോയി എന്നാണ് എന്റെ അഭിപ്രായം.



**ഏതു റോളുകൾ തന്നാലും അതിനെ അനശ്വരമാക്കുന്നത് എങ്ങനെയാണ്?**

ഈ ചോദ്യം ഒരുപാട് അഭിമുഖങ്ങളിൽ ചോദിക്കപ്പെട്ട ഒന്നാണ്. ഒരു നടൻ എന്ന നിലയിൽ എനിക്കു നൽകുന്ന കഥാപാത്രങ്ങൾ, അത് ഏറ്റവും നന്നായി ചെയ്യുന്ന നടന്മാരിൽ ഒരാളാണ് ഞാനും. ഒരു കഥാപാത്രം ഏറ്റെടുക്കുമ്പോൾ ഞാൻ ആ കഥാപാത്രമായി മാറുകയാണ്. അവിടെ സുരേഷ് ഗോപി എന്ന എന്നിലൂടെ ജീവിക്കുന്നത് ആ കഥാപാത്രമാണ്.

**ഇരുനൂറ്റമ്പതിൽപരം സിനിമകളിൽ അഭിനയിച്ചിട്ടുണ്ടല്ലോ. ഇവയിൽ ഏറ്റവും ഇഷ്ടപ്പെട്ട കഥാപാത്രങ്ങൾ ഏതാണ്?**

എല്ലാ കഥാപാത്രങ്ങളും ഇഷ്ടമാണ്. എന്നാൽ, എടുത്തു പറയത്തക്ക കഥാപാത്രങ്ങളും ഉണ്ട്. ഉദാഹരണത്തിന് ചിന്താമണി കൊലകേസിലെ അഡ്വ. ലാൽ കൃഷ്ണ വിരാഡിയാർ, കളിയാട്ടത്തിലെ കണ്ണൻ പെരുമലയൻ, സിന്ദൂരരേഖയിലെ ബാലചന്ദ്രൻ...

**സിനിമയിൽ വന്നില്ലായിരുന്നെങ്കിൽ ആരാകുമായിരുന്നു?**

ഐപിഎസ് ഓഫീസർ

**ഷാജി കൈലാസിന്റെ സിനിമകളിൽ മികവുറ്റ പോലീസ് വേഷങ്ങൾ ചെയ്തിട്ടുണ്ടല്ലോ? അതിന്റെ രഹസ്യം എന്താണ്?**

എന്റെ അച്ഛനു ഞാനൊരു ഐപിഎസുകാരനായി കാണാനായിരുന്നു ഇഷ്ടം. എന്നാൽ, ഞാൻ വന്നുപെട്ടത് സിനിമയിലേക്കാണ്. അച്ഛന്റെ ഈ ആഗ്രഹത്തെ കുറിച്ച് ഞാൻ ഷാജിയോട് പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഒരുപക്ഷേ, അതായിരിക്കാം ഷാജിയുടെ പല സിനിമകളിലും അദ്ദേഹം എനിക്ക് ആ വേഷങ്ങൾ തന്നത്.

**'കളിയാട്ടം' എന്ന സിനിമയ്ക്കുശേഷം അഭിനയ രംഗത്ത് അങ്ങയുടെ സുവർണ്ണകാലഘട്ടമായിരുന്നോ?**

അങ്ങനെ പറയാൻ പറ്റില്ല. എങ്കിലും അതിനുശേഷമുള്ള കൂടുതൽ സിനിമകളും വളരെ സാമ്പത്തിക നേട്ടമുണ്ടാക്കിയ സിനിമകളാണ്. ചിലതൊക്കെ പരാജയം ഏറ്റുവാങ്ങിയിട്ടുണ്ട്. എന്റെ ജാതകം വച്ചു പറയുമ്പോൾ 3 പടി മുകളിലോട്ട് കയറുന്നതിനുമുമ്പ് 2 പടി താഴേക്ക് ഇറങ്ങും. പിന്നെ വീണ്ടും മുകളിലേക്ക് 3+1 എന്ന ക്രമത്തിലാണ് എന്റെ ജീവിതത്തിന്റെ പോക്ക്.



ആദ്യചിത്രം 1965-ൽ പുറത്തിറങ്ങിയ ഓടയിൽ നിന്ന്. സത്യനും പ്രേംനസീറിനുമൊപ്പം കെ. എസ്. സേതുമാധവന്റെ ഈ ചിത്രത്തിൽ ബാലതാരമായി അരങ്ങേറ്റം. മുതിർന്ന നടനായുള്ള ആദ്യചിത്രം സത്യൻ അന്തിക്കാട് 1986-ൽ സംവിധാനം ചെയ്ത ടി. പി. ബാലഗോപാലൻ എം എ.

**മാതാപിതാക്കൾ**

ഗോപിനാഥപിള്ള, ജ്ഞാനലക്ഷ്മി

**ഭാര്യ**

രാധിക

**മക്കൾ**

ഗോകുൽ, ഭാഗ്യ, ഭാവ്നി, മാധവ്, പരേതയായ ലക്ഷ്മി

**വിലാസം**

ലക്ഷ്മി, ശാസ്തമംഗലം, തിരുവനന്തപുരം

**വെബ്സൈറ്റ്**

www.bharatsureshgopi.com

അതിനുദാഹരണമാണ് 2000-ൽ എന്റെ അഭിനയരംഗത്തിൽ നിന്നുള്ള പിന്മാറ്റവും പിന്നീട് 2005-ൽ ആക്ഷൻ സിനിമയിലൂടെയുള്ള തിരിച്ചുവരവും.

**പി. കേശവദേവ് ഇഷ്ടപ്പെട്ട എഴുത്തുകാരിൽ ഒരാളാണെന്നു പറഞ്ഞിട്ടുണ്ടല്ലോ. അദ്ദേഹത്തിന്റെ ഏതു കൃതിയാണ് അങ്ങയെ സ്വാധീനിച്ചത്?**

അയൽക്കാർ. മലയാളത്തിൽ ഞാൻ ആദ്യം വായിച്ച നോവൽ കൂടിയാണിത്. ഈ നോവൽ വായിക്കുന്നതിനുവേണ്ടി ഞാൻ മലയാളം അക്ഷരം പഠിക്കുകയായിരുന്നു. ആഗ്ലോ-ഇന്ത്യൻ സ്കൂളിൽ പഠിച്ചിരുന്നതിനാൽ മലയാളം അത്ര വശമല്ലായിരുന്നു.

**സംഗീതത്തോടുള്ള ഇഷ്ടം ഏറെ പ്രശസ്തമാണല്ലോ?**

സംഗീതം എനിക്കു വളരെ ഇഷ്ടമാണ്. ഒരുതരം ഭ്രാന്തമായ ആവേശമാണ് സംഗീതത്തോട്. അടിസ്ഥാനപരമായി ഞാൻ സംഗീതം പഠിച്ചിട്ടില്ല. ഒരു പാട്ടുകേട്ട് ഇഷ്ടപ്പെട്ടാൽ അതു പഠിക്കാൻ ശ്രമിക്കാറുണ്ട്. പാട്ടുകാരിയായ ഒരു ഭാര്യയെ കിട്ടിയതുപോലും മുൻജന്മ സുകൃതമായിട്ടാണ് കരുതുന്നത്. ഇപ്പോൾ കുട്ടികളും സംഗീതത്തിന്റെ വഴിയെ വരുന്നു എന്നുള്ളത് ഒരച്ഛനെന്ന നിലയിൽ എനിക്ക് സന്തോഷം നൽകുന്ന കാര്യമാണ്.

**എന്നും അമ്പലത്തിൽ പോകാറുണ്ടോ? ഏറ്റവും ഇഷ്ടപ്പെട്ട ദൈവം?**

ഗുരുവായൂരപ്പൻ. നേരത്തെ എല്ലാ ദിവസവും അമ്പലത്തിൽ പോകുമായിരുന്നു. ഇപ്പോൾ പിന്നെ വർഷത്തിൽ ഒന്നോ രണ്ടോ ദിവസമായി. ആ ദിവസം മുഴുവൻ ഈശ്വരസന്നിധിയിലായിരിക്കും. എന്റെ മകൾ ലക്ഷ്മി മരിച്ചപ്പോൾ ഞാൻ ആദ്യം ചീത്തവിളിച്ചത് ഗുരുവായൂരപ്പനെയാണ്. എന്റെ ദൈവങ്ങളോട് ഞാനെന്നും സംസാരിക്കാറുണ്ട്.

**മലയാള സിനിമയിലെ ഇഷ്ടപ്പെട്ട നടന്മാർ മമ്മൂട്ടിയോ മോഹൻലാലോ അതോ സുരേഷ് ഗോപിയോ?**

(ചിരിക്കുന്നു.) എല്ലാവരെയും ഇഷ്ടമാണ്.

**അങ്ങയുടെ social concerns എന്താണ്?**

I have no personal concerns, and that is my social concern

**കോളേജ് വിദ്യാർത്ഥികളോടുള്ള സന്ദേശം എന്താണ്?**

നന്നായി പഠിക്കുക. നമ്മുടെ രാജ്യത്തിനു പ്രയോജനമുള്ളവരായി തീരുക.

**എയ്ഞ്ചൽ മോൾ, അനുജ എസ്,**
**അനു രാജൻ നായർ (S6, English)**



# നായിക

പിറന്നമാത്രയിൽ കണ്ണീർ
തീറെടുത്ത നിഗൂഢത
വിരൽത്തുമ്പിൽ ചിണുങ്ങുമ്പോൾ
പിണക്കത്തിന്റെ കൂർമ്പന
പ്രണയത്തിൽ വാക്കിനൊക്കെ-
യപ്പുറത്തുള്ള പാരത
ചോറുതന്നും കൂറുതന്നും
വാലാട്ടുന്ന വിധേയത
മുലപ്പാലിൽ പഞ്ചസാര
നീറ്റിവച്ച സുധാർദ്രത
വാതുവെയ്ക്കുന്ന വാക്കിന്മേൽ
നീറും നിസ്സഹായത...
തെരുവിൽ ട്രെയിനിൽ ബസ്സിൽ
കിരാതന്മാർക്കു പങ്കുവ-
ച്ചൊടുവിൽ മൃത്യുവും കൂടി
യുപ്പുനോക്കും കരാളത
ഇവളോ, പൈങ്കിളിപ്പെണ്ണ്...?
തുഞ്ചൻ വാഴ്ത്തിയ പെൺകിളി
അമ്പത്തൊന്നക്ഷരം കോർത്ത
മാലയിട്ടൊരു സുന്ദരി
ഇവളോ വഹ്നിയാം വാക്ക്?
മൃത്യുപോലും ഭയക്കുവോൾ
ദുർഗയായ് ശൂലമേന്തുന്നോൾ
കന്യാമറിയ ശാന്തത...
ഇവളോ സ്നിഗ്ദ്ധയാം വാക്ക്?
കവിയെ വെഞ്ചരിക്കുവോൾ
മലാലയെന്ന തീപ്പക്ഷി...!
കരിച്ചാലും പറക്കുവോൾ
ഇവളെ ഗർഭപിണ്ഡം തൊട്ടി
രയായിപ്പിടിക്കുവാൻ
ചൂണ്ടകോർത്തുചിരിക്കുന്നു
വിടനാം കാലരാവണൻ...
ഇവൾക്കു നായികാവേഷം
സമ്മാനിച്ച ചരിത്രമേ
ചോരചാലിച്ചൊരുക്കൂ നീ
മഷി വറ്റാത്ത തൂലിക.....



ലോപ എസ്.
(1995 - 2000 ബാച്ച്)
ഇംഗ്ലീഷ് അധ്യാപിക
ഗവ. ജി.എച്ച്.എസ്.എസ്.
ഹരിപ്പാട്


INAUGURATION





# VALEDICTORY FUNCTION


























# GOLDEN JUBILEE YEAR









# NSS & NCC




NATIONAL CADET CORPS
CANCER AWARENESS RALLY
BISHOP MOORE COLLEGE UNIT
MAVELIKARA


INDIA


മാവേലിക്കര
നാഷണൽ സർവ്വീസ് സ്കീം,
ബിഷപ്പ് മൂർ കോളേജ് മാവേലിക്കര
പ്രൈമറി സ്കൂൾ ശാക്തീകരണ പദ്ധതി




National Service Scheme
Bishop Moore College, Mavelikara
Legal Awareness Class on Anti-Ragging









# DOWN THE YEARS








# DOWN THE YEARS









# CELEBRATIONS





















# STUDENTS IN ACTION



# CULTURAL ACTIVITIES










RUN
KERALA
RUN
I HOST, I SUPPORT
National Games

# SPORTS


ASKETBALL
TOURNAMENT
2004
JANUARY 13_15








STALL

# RANDOM THOUGHTS



Prof.(Rtd) Anna Verghis
Dept. of English
Bishop Moore College

I joined the English Department of Bishop Moore College on 6th July 1964, twenty-eight days after the birth of my first child. It was after two years of teaching in Union Christian College, Aluva and one year in Catholicate College, Pathanamthitta. I needed a job closer to my home, and I had to hurry not to be left out because of maternity.

It was a joy and privilege to work in the college during the initial years. The classes were in the thatched sheds and so was the only staff room, but the quality of the students and teachers were very high. Under K.C. Mathew Achen's able leadership and the venerable E.I. Abraham Achen who was the vicar of Christ church at that time, all Christian principles were upheld in both appointments and admissions. Most of the teachers were bachelors and had their own adventurous nostalgic years of single blessedness in rented houses. But in the staff room we were just one small family-sharing, caring, joking, but never shirking the responsibilities.

The only luxury of a vehicle in those days was a bicycle, with the meagre salary of a lecturer which was one hundred and twenty-five rupees when I first joined my prestigious job as lecturer in English in the Union Christian College, Aluva. The junior lecturers got much less. But there was contentment, and duty came first. The teachers used to hire bicycles and go with Achen to collect money for a solid building. Development came through voluntary contributions of ordinary people and not through compulsory donations at the expense of quality. The main focus was the development of the young minds we were entrusted with -the students.

There was perfect discipline on the campus. Politics and political interventions were unheard of,

"Bliss was it in that dawn to be alive
But to be young was very heaven".

The shining morning faces of boys and girls in the Pre-Degree classes were rapt and eager. As we shared knowledge and taught the syllabus, we imparted ourselves. So those who went out of those sheds went out with flying colours and occupied prestigious positions in life and showed the mettle they are made of.

Kallumala was not a developed part of Mavelikara. The only known distinction it had was a toddy shop. There were no buses, and autorickshaws were unheard of. So every morning I walked one and a half miles from home to college. Elizabeth Mathew who came from Cherukole had to start much earlier, but she was taller and faster. But the uneven roads were entirely left to the pedestrians except for an occasional bullock-cart that passed by, with red stones from Kallumala. Yet all of us were there for the staff prayer before classes.

Higher studies by staff were not at all encouraged. The University had nothing to offer and since the management paid the salary we were always at the mercy of the management. I remember when I went to England for higher studies I was fortunate to get permission from the manager for half-pay leave, without which we wouldn't have been able to meet the expenses for the upkeep of our children and aged parents living here. It was in 1972, after three months of strike by employees and managements each that there was direct payment from the government. Much later on, when I was about to retire, college teachers got UGC scales. So teachers were set free from the hold of the management and the University, for their salary came from a third body.

As years passed, politics intervened in campuses. There were short-term and long-term strikes and chaotic incidents, and principles had to be sacrificed. But it was a result of emancipated Kerala and its neo culture. Even then, those who tried to teach students sincerely had the great satisfaction of doing their duty before God and man. Today, even after all these years, I still reap the benefits of having been a teacher. At times older heads pop in, saying that he or she had once been a student in my class. Many recall the exact lessons I taught and many do not hesitate to relate the benefits they reaped. They pass this on to their children and grand children, and the values to those around them. That is the moment of deep satisfaction, to think someone benefited from a work well-done, that someone has a cherished corner in the deep recesses of the heart.

As for women students of the college, they were regarded as equals with the men students. If wealth or power or position is the most important factor in a person's life now, character was of supreme worth in those days. A church or institution or a society cannot be built with money alone. It is built with people of character. Before and during a lecture we tried to inform the students our perspective on various matters. I am sure the young ladies who went outside the college, year after year tried to cultivate these values in their life, and in a small way at least, look up to the lady teachers who taught fearlessly in the college, and were not cowed down by political strikes, but stood their ground without sacrificing God-given principles and character. It is said of some famous girls' boarding schools that wherever you go across the world, you can visibly distinguish a lady who was molded in that institution. So too I am sure the young ladies here whom we tried to imbibe in this co-educational institution have become beacon lights not only to their children and grandchildren but also in whichever field they contributed their talents. May their tribe increase!

"Matha, Pitha, Guru, Daivam." Blessed are the homes from where young children learned this great principle. Blessed are the homes and hearts where even now parents, elders and teachers are respected. Blessed are the ones who still know how to prostrate before an elder to receive blessings. Blessed also are those who still pay obeisance to their parents and teachers and remember them even now, long after they have left this world. This is a great part of the Indian culture that should be preserved, that we should never let go. I still remember my teachers often and respect their memory and I know I would have been no one and nowhere if not for my parents and great teachers.

In the early days, the staff and students celebrated all sorts of extra-curricular activities together. There were get-togethers, picnics, radio plays and even two Malayalam plays staged by the staff. The deterioration in colleges due to political interventions came gradually. Those in authority made students feel they could not become leaders unless they caused disruption where there was order.

Today, professional colleges have sprouted like mushrooms in the state. But what about the quality of education you get from these institutions? Even the Christian managements who once thought they were different has flowed with the tide. In such circumstances, what are our aspirations for excellence, to stand apart from the mediocre?

According to one international survey, only the IISc and ISB have entered the first hundred in the list of institutions of excellence. They say that a student who enters an ordinary college will in no way be different when he comes out after a few years except that he will have obtained a degree. Whatever he achieves in life is purely according to his own merit. But in institutions of excellence, the process is different. The student is the raw-material that enters the institution. What comes out as the final product will be superior to what first entered the institution. He will be equipped for life with excellence in every field. That should be the touch stone.

So in this new industry of education in Kerala where there is a turn-over of crores of rupees, it will be good for the UGC, the government, the Christian managements and others who run the institutions to evaluate the end-result of all their efforts. If the managements, staff, students and even parents have an undying thirst for excellence that is ever aiming at the stars, our institutions of learning can become creative and climb the ladder of excellence.

# പറയാം നമ്മുടെ കുടുംബപുരാണം

തിരുവിതാംകൂർ-കൊച്ചി ആംഗ്ലിക്കൻ മഹായിടവകയുടെ നാലാമത്തെ ബിഷപ്പായിരുന്ന ഇഎഎൽ മൂർ തികഞ്ഞൊരു ബ്രഹ്മചാരിയായിരുന്നു. എന്നാൽ, ഇന്ത്യയിലും വിദേശത്തുമായി അനേകായിരം അംഗങ്ങൾ ബിഷപ്പ് മൂർ കുടുംബത്തിന്റെ ഭാഗമാണെന്ന് അവകാശപ്പെടുന്നു. 1964 ജൂൺ ഒന്നാം തീയതി എനിക്കും മാവേലിക്കരയിലെ ബിഷപ്പ് മൂർ കോളേജ് കുടുംബത്തിലെ അംഗമാകാൻ ഭാഗ്യം സിദ്ധിച്ചു. ഏതു കുടുംബത്തിന്റെ പാരമ്പര്യത്തിനും ഒരു തുടക്കമുണ്ടല്ലോ? മാവേലിക്കരയ്ക്കു സമീപം കല്ലുമല എന്ന ഊഷരഭൂമിയിൽ നിർമിച്ച 3 ഓലഷെഡ്ഡുകളിലാണ് ഈ കുടുംബത്തിന്റെ തുടക്കം. റവ. കെ.സി. മാത്യു എന്ന യുവ ക്രാന്തദർശിയും ധിഷണാശാലിയുമായ അച്ചനായിരുന്നു ഈ കുടുംബത്തിന്റെ 'കാരണവർ'. അച്ചന് ബിഷപ്പ് മൂർ കുടുംബത്തെ സംബന്ധിച്ചു വ്യക്തമായൊരു കാഴ്ചപ്പാടുണ്ടായിരുന്നു. അച്ചനോടൊപ്പം പ്രവർത്തിക്കാൻ തെരഞ്ഞെടുക്കപ്പെട്ട അധ്യാപകരും അനധ്യാപകരും അടങ്ങുന്ന സമൂഹമായിരുന്നു ഈ കുടുംബത്തിലെ 'ഗൃഹനായിക'. 'മക്കളാ'കട്ടെ ഈ സ്ഥാപനത്തിൽ അറിവുതേടിയെത്തിയ വിദ്യാർത്ഥികളും. മക്കളുടെ സുരക്ഷിതമായ ഭാവിയാണല്ലോ ഏതു കുടുംബത്തിന്റേയും പ്രഥമ ലക്ഷ്യം. ഈ കുടുംബത്തിന്റെ ഭാഗമായിത്തീർന്ന എല്ലാവരും ഒരുമിച്ച് ഒരേലക്ഷ്യത്തോടെ പ്രവർത്തിച്ചതിന്റെ ഫലമായാ ണ് പാരമ്പര്യത്തിന്റെ പ്രൗഢിയി ൽ തലയെടുപ്പോടെ നിൽക്കാൻ ഇന്ന് ഈ കുടുംബത്തിനു സാ ധിക്കുന്നത്.

ബിഷപ്പ് മൂർ കുടുംബത്തിനു തങ്ങളുടേതു മാത്രമായ ചില സവിശേഷതകളുണ്ട്. ഈ കുടുംബത്തിലെ അംഗമാകാൻ അധ്യാപകർക്കും അനധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ ഏകയോഗ്യത 'മെറിറ്റ്' മാത്രമാണ്. ജാതിമത വർഗ്ഗ വ്യത്യാസമില്ലാതെ 'മെറിറ്റ്' ഉള്ള ആർക്കും ഈ കുടുംബത്തിന്റെ ഭാഗമാ



റവ. പ്രഫ.(റിട്ട) ഇട്ടി മാത്യു
മുൻ വൈസ് പ്രിൻസിപ്പൽ
ബിഷപ്പ് മൂർ കോളേജ്

കാം. കാലത്തിന്റെ കുത്തൊഴുക്കിൽ 'മെറിറ്റിനു' അർത്ഥവ്യത്യാസങ്ങളുണ്ടായിട്ടുണ്ടാകാം. എങ്കിലും ആത്യന്തികമായി 'മെറിറ്റാണ്' ഇവിടെ പ്രവേശനമാനദണ്ഡം.

കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹവും കരുതലും സൗഹൃദവുമാണ് എടുത്തുപറയേണ്ട മറ്റൊരു സവിശേഷത. ഇവിടെയുള്ള അധ്യാപകരും കുട്ടികളും തമ്മിൽ ആരംഭം മുതൽ തന്നെ വളരെയടുത്ത സൗഹൃദം പുലർത്തിവന്നിരുന്നു. അച്ചന്റെ പ്രത്യേക നിർദേശപ്രകാരമാണ് 80 പേർക്കുള്ള പ്രീഡിഗ്രി ക്ലാസുകളിൽ പോലും അറ്റൻഡൻസ് രജിസ്റ്ററിൽ നോക്കി പേരുകൾ വിളിച്ചിരുന്നത്. കഴിയുന്നിടത്തോളം വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിക്കാനും അവരുടെ കുടുംബങ്ങളെ വ്യക്തിപരമായി അറിയാനും അധ്യാപകർ താൽപര്യം കാണിച്ചിരുന്നു. ആ ആത്മബന്ധമാണ് വർഷങ്ങൾക്കിപ്പുറവും അനേകം 'മക്കളെ' 'തറവാട്ടി'ലേക്കു വരാനും പഴയ അധ്യാപകരേയും അച്ചനേയുക്കെ കാണാനും ക്ഷേമാന്വേഷണങ്ങൾ നടത്താനും പ്രേരിപ്പിക്കുന്നത്.

സഹപ്രവർത്തകരെ അവരുടെ ഓമനപ്പേരു ചൊല്ലി വിളിക്കാൻ ഈ കുടുംബത്തിന്റെ കാരണവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. 'ജോണി', 'ബാബു', 'കുഞ്ഞുമോൻ', 'അനിയൻ' എന്നൊക്കെ വിളിച്ചുകൊണ്ട് അച്ചൻ നിർദ്ദേശിക്കുന്ന ഏതു ജോലിയും സ്ഥാപനത്തിന്റെ ഉയർച്ചയ്ക്കായി സത്യസന്ധതയോടെ നിറവേറ്റാൻ അവരും ശ്രദ്ധിച്ചിരുന്നു. പിറന്നാൾദിവസം കോളേജിലെത്തുമ്പോൾ ഏറ്റവുമാദ്യം ആശംസ അറിയിക്കുന്നതും ഈ പിതാവായിരുന്നു. വർഷങ്ങൾക്കുശേഷവും പിറന്നാൾദിവസം ടെലിഫോണിലൂടെ ആദ്യം ലഭിക്കുന്ന ഈ ആശംസയെപ്പറ്റി ഓരോ കുടുംബാംഗത്തിനും ആശ്ചര്യത്തോടുകൂടെ മാത്രമേ ഓർക്കാൻ കഴിയൂ.

ഇതേ സൗഹൃദം ഈ കുടുംബത്തിലെ അധ്യാപകർ തമ്മിലുമുണ്ട്. TJP, MKC, GMC, VCJ, KG, എന്നൊക്കെ അവരുടെ പേരിന്റെ ആദ്യാക്ഷരങ്ങൾ ചേർത്തുള്ള പേരുകളാൽ വിളിക്കപ്പെടാൻ ആഗ്രഹിച്ചത് ഔദ്യോഗികതയുടേയും സ്ഥാനവലിപ്പത്തിന്റേയും വേലിക്കെട്ടിൽ നിന്നുള്ള മോചനം അവർ ആഗ്രഹിച്ചിരുന്നുവെന്നതിന്റെ തെളിവാണ്. മറ്റു കോളേജുകളിൽ അധ്യാപകർക്കുള്ള സ്ഥിരം 'ചെല്ലപ്പേരുകൾ' ഇവിടെയുള്ള ഒരു അധ്യാപകനെപ്പോലും തേടിയെത്താതിരുന്നതിനു കാരണവും ഈ സ്നേഹപ്രദർശനം ആയിരിക്കാം.

വിവാഹവും ജനനവും മരണവുമൊക്കെ കുടുംബങ്ങളിലെ സുപ്രധാനദിനങ്ങളാണല്ലോ. ബിഷപ്പ് മൂർ കുടുംബത്തിലും ഇത്തരം സന്ദർഭങ്ങളിൽ കുടുംബാംഗങ്ങൾ എല്ലാവരും ഒത്തുകൂടി സന്തോഷവും ദുഃഖവും പങ്കുവച്ചിരുന്നു. 1965ലാണ് ഈ കുടുംബത്തിൽ ആദ്യമായി ഒരു വിവാഹം നടക്കുന്നത്. അതൊരു ആഘോഷം തന്നെ ആയിരുന്നു. കാറിലും ബസിലുമൊക്കെയായി കുടുംബാംഗങ്ങൾ മിക്കവരും നീലമ്പാറയിൽ എത്തി ഈ ആഘോഷത്തിൽ പങ്കെടുത്തു. വിവാഹശേഷം മണവാട്ടിയുമായി എത്തി കോളേജിൽ ആദ്യം നടക്കുന്ന ഓണാഘോഷ പരിപാടിയിലോ ക്രിസ്തുമസ് പരിപാടിയിലോ പങ്കെടുത്ത് സ്ഥിരംസമ്മാനമായ 'ടീ സെറ്റ്' സ്വീകരിക്കുകയെന്നത് കുടുംബത്തിലെ ഒരു പ്രധാന'ചടങ്ങ്' ആയിരുന്നു. ചില കുടുംബാംഗങ്ങൾക്ക് ഈ ചടങ്ങിൽ പങ്കെടുത്ത് 'ടീ സെറ്റ്' വാങ്ങാൻ വർഷങ്ങളുടെ കാത്തിരിപ്പ് വേണ്ടിവന്നിരുന്നു.

കുടുംബത്തിലെ ആദ്യമരണം സംഭവിക്കുന്നത് 1969ലാണ്. കോളേജ് ഓഫീസിൽ പ്രവർത്തിച്ചിരുന്ന ജോൺ സാർ ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുമ്പോൾ ഒരു പാടത്തിന്റെ മധ്യത്തിൽ കുഴഞ്ഞുവീണാണ് മരണപ്പെട്ടത്. ഈ വാർത്ത അറിഞ്ഞ സഹപ്രവർത്തകർ രാത്രിതന്നെ കാപ്പിൽ ഉള്ള ഭവനത്തിൽ ചെല്ലുവാനും ദുഃഖാർത്തരായ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയും ചെയ്തത് ഓർക്കുന്നു.

ഈ സൗഹൃദം അടുത്ത തലമുറയിലേക്ക് പകരാനും ഒരുമയോടെ പ്രവർത്തിക്കാനും ആദ്യകാലം മുതൽ സഹായിച്ച രണ്ടു കുടുംബ ഉൽസവങ്ങളായിരുന്നു ഓണവും ക്രിസ്തുമസും. അത്തപ്പൂക്കളത്തിനു ചുറ്റും എത്ര ഉൽസാഹത്തോടും സന്തോഷത്തോടും കൂടിയാണ് കുട്ടികളും അധ്യാപകരും വട്ടംകൂടിയിരുന്നത്. ക്രിസ്തുമസ് ട്രീക്ക് ചുറ്റുംകൂടി അത് അലങ്കരിക്കുവാനും മോടിപിടിപ്പിക്കുവാനും പരമാവധി ശ്രമിച്ചത് എല്ലാവരുടെയും ഹൃദയത്തിൽ സ്നേഹത്തിന്റെ ദീപങ്ങൾ കത്തിച്ചു.

അച്ചടക്കം അതിന്റെ പൂർണ അർത്ഥത്തിൽ നടപ്പാക്കാൻ ശ്രമിച്ചിരുന്നത് പ്രശംസനീയമാണ്. കുടുംബത്തിൽ ശിക്ഷണത്തിനു പ്രത്യേക പ്രാധാന്യം നൽകിയിരുന്നു. പരീക്ഷയ്ക്ക് കോപ്പി അടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉടനടി ഹാളിൽനിന്നും പുറത്താക്കുന്ന കാര്യത്തിൽ യാതൊരു ദാക്ഷിണ്യവുമില്ലായിരുന്നു. അതിനാൽ പ്രൈവറ്റ് വിദ്യാർത്ഥികൾ വളരെ ചുരുക്കമായിട്ടേ ഈ കോളേജിൽ പരീക്ഷ എഴുതാൻ വന്നിരുന്നുള്ളൂ.

കുടുംബാംഗങ്ങളിൽ സാമൂഹ്യ പ്രതിബദ്ധതയും മൂല്യബോധം വളർത്തുന്നതിനു നടത്തിയിരുന്ന പരിശ്രമങ്ങളും ഈയവസരത്തിൽ ഓർക്കുന്നു. യൂണിവേഴ്സിറ്റി തലത്തിൽ എൻ.എസ്.എസ് പോലെയുള്ള സന്നദ്ധ സംഘടനകൾ ഉടലെടുക്കുന്നതിനു വളരെ മുമ്പു തന്നെ കോളേജിൽ 'സോഷ്യൽ സർവീസ് ലീഗി'ന്റെ നേതൃത്വത്തിൽ കുട്ടികളെ വിവിധതരത്തിലുള്ള സാമൂഹ്യപ്രവർത്തനങ്ങളിൽ ഉത്സുകരാക്കി. ആദ്യകാലങ്ങളിൽ കോളേജിൽ വേദപഠനവും മോറൽ എജ്യുക്കേഷനും നിർബന്ധമായിരുന്നു. കോളേജിൽ ആഴ്ചയിൽ ഒരിക്കൽ നടത്തിയിരുന്ന ചാപ്പൽ സർവ്വീസിൽ പ്രസംഗിക്കുന്നതിനായി അധ്യാപകർ ആഴ്ചകളോളം പരിശീലനം നടത്തി. ചിലർക്ക് അന്നേ ദിവസം കൃത്യമായി 'പനി' ബാധിച്ചിരുന്നതും ഓർമ്മവരുന്നു.

ഓർമ്മകൾ അവസാനിക്കുന്നില്ല. 'ബിഷപ്പ് മൂർ കുടുംബം' ഞാനുൾപ്പെടെയുള്ള അനേകർക്ക് നെഞ്ചോടു ചേർത്തുനിർത്തുന്ന വൈകാരികതയും ആവേശവുമാണ്. അതുകൊണ്ടാണ്, ഓരോ വർഷവും തറവാടിന്റെ നടുമുറ്റത്ത് തിരികെയെത്താൻ 'Alumni Day' യ്ക്കും 'Retired Teachers Gettogether' നും വേണ്ടി ആവേശത്തോടും ആകാംക്ഷയോടും കൂടി കാത്തിരിക്കുന്നത്. 'കുടുംബം'– അത് എത്ര സുന്ദരമായ പദമാണെന്നു അനുഭവിച്ചുതന്നെ അറിയണം. സ്വന്തം ചെറുകുടുംബത്തിലും 'ബിഷപ്പ് മൂറി'ന്റെ വിശാല കുടുംബത്തിലും ഊഷ്മളമായ ബന്ധങ്ങളും സൗഹാർദ്ദവും നിലനിർത്താൻ ഈ സുവർണ്ണജൂബിലി ആഘോഷവേളയിൽ നമുക്ക് പ്രതിജ്ഞയെടുക്കാം.



പ്രഫ.(റിട്ട) വിഘ്നേശ്വരൻ വി.
ഡിപ്പാർട്ട്മെന്റ് ഓഫ് ഹിന്ദി
ബിഷപ്പ് മൂർ കോളേജ്

# പറന്നകന്ന ഔദ്യോഗികനാളുകൾ

**1966** -ൽ യൂണിവേഴ്സിറ്റി കോളേജിൽനിന്നും ഹിന്ദിയിൽ ബിരുദാനന്തരബിരുദമെടുത്തു വീട്ടിലെത്തിയ എന്നെ വരവേൽക്കാൻ അമ്മയും അച്ഛനും രണ്ടു സഹോദരിമാരും ഒരു സഹോദരനും എന്റെ ഭാര്യയും മകളുമുണ്ടായിരുന്നു. സോറി, തന്നെക്കുറിച്ചു പറയുമ്പോൾ പറയുന്നതെന്തും നൂറുമേനി നേരാവണം. ഭാര്യയുടെ ഉദരത്തിൽ മകനുമുണ്ടായിരുന്നു. അക്കാലമത്രയും അഞ്ചാറംഗങ്ങൾക്ക് ആഹാരം കണ്ടെത്തുവാൻ സ്വന്തം അമൃതകലരങ്ങൾ കണക്കേ തന്നു സഹായിച്ച കുറെ തെങ്ങുകളുണ്ടായിരുന്നു. എല്ലാവരുടെയും കണ്ണുകളിൽ പ്രകാശം പരന്നിരുന്നു. തെങ്ങുകൾ കാറ്റത്തുലഞ്ഞ് അഭിനന്ദിച്ചു. പലപ്പോഴും എനിക്ക് ഇളനീർ തന്നു ദാഹവും വിശപ്പും ശമിപ്പിച്ച് പാടത്തേക്കു ചാഞ്ഞുനിന്ന ചെന്തെങ്ങിനെ ഞാൻ കെട്ടിപ്പുണർന്നു. രാജഭരണകാലത്ത് കരയിൽ വോട്ടവ



കാശം ലഭിച്ച ഏകകുടുംബത്തിലെ മൂന്നാം തലമുറക്കാരന്റെ ഉൾപ്രേരകമായ അവസ്ഥയാണ് ഞാനിവിടെ കുറിച്ചത്. കുടുംബത്തിൽ ആദ്യമായി ബിരുദവും ബിരുദാനന്തരബിരുദവും എടുത്തു എന്നത് ബന്ധുക്കളെ ആഹ്ലാദിപ്പിച്ചു. എങ്കിലും, ഇനി എന്തെന്ന് അറിയില്ലായിരുന്നു. ട്യൂഷനെടുത്താലും ജീവിക്കാമെന്ന ധൈര്യമുണ്ടായിരുന്നു. ഞങ്ങൾ നാട്ടുമ്പുറത്തുകാർക്ക് അമിതമായ പ്രതീക്ഷയോ കടുത്ത നിരാശയോ തോന്നാറില്ല.

ഇരുപതോളം കോളേജുകളിലേക്ക് അപേക്ഷ അയച്ചു കാത്തിരുന്നു. വീടാകെ പ്രാർത്ഥനയിലും. ഒരു നല്ല ദിവസം ബിഷപ്പ് മൂറിൽനിന്നും വിളിവന്നു, ജൂൺ നാലിനു പന്ത്രണ്ടുമണിക്കു എത്താൻ. അമ്മ ക്ഷേത്രത്തിലും പൂർവ്വികരുടെ അസ്ഥിത്തറയിലും തൊഴുതു. കഠിനാദ്ധ്വാനത്തിന്റെ കനൽക്കട്ടയിലൂടെ കടന്നുവന്ന ഞാൻ എന്താണ് ഉലകചൈതന്യത്തോടു പറയേണ്ടത്. അച്ഛനാകട്ടെ നിസ്സംഗതയുടെ ആൾരൂപം. ആശയോ നിരാശയോ ഇല്ല, വിദ്വേഷമോ പകയോ ഇല്ല. വ്യാപാരത്തകർച്ചയിൽ മരവിച്ച മനസ്. കബീർ ഈശ്വരനെ നിർഗുണ ബ്രഹ്മമെന്നു പറയുന്നുണ്ട്. അച്ഛൻ പകൽമയക്കത്തിലായിരുന്നു, രാത്രി ഗാഢമായ ഉറക്കത്തിലും. അമ്മ ഭക്തിയിലും. എനിക്കെങ്ങനെ ഉറങ്ങാനാവും? രണ്ടു കുടുംബം എന്റെ ചുമലിൽ.

നട്ടുച്ചനേരത്താണ് ബിഷപ്പ് മൂർ കോളേജിന്റെ ഓഫീസിലെത്തിയത്. പ്രധാന കെട്ടിടത്തിലെ തെക്കേ അറ്റത്തെ മുറി. പടിഞ്ഞാറേ അറ്റത്ത് പ്രിൻസിപ്പാളിന്റെ ക്യാബിൻ. ബാക്കിഭാഗത്ത് ഓഫീസ്. ആദ്യം കണ്ടത് കാഷ്യറെയാണ്. മി. ജയിംസ്. വളരെ ചുറുചുറുക്കുള്ള ചെറുപ്പക്കാരൻ. എന്നോടിരിക്കാൻ പറഞ്ഞു. പ്രിൻസിപ്പാൾ ഉടനെ വരുമെന്നും അറിയിച്ചു. ഏതാനും നിമിഷങ്ങൾക്കകം പ്രിൻസിപ്പാൾ കയറിവന്നു. സുമുഖൻ, സുന്ദരൻ, സുസ്മേരവദനൻ, മുഖം സൗമ്യം, ദീപ്തം. ആശ്വാസം പകരുന്ന ചിരി. കൂടെ അതേ പ്രായമുള്ള സൗമ്യനും ശാന്തനുമായ മറ്റൊരാൾ. സർട്ടിഫിക്കറ്റുകൾ വാങ്ങിനോക്കും മുൻപു കൂടെയുള്ള ആളെ പരിചയപ്പെടുത്തി. ശ്രീ. ഡി. തങ്കപ്പൻ നായർ, ഹിന്ദി അധ്യാപകൻ. ആദ്യമുണ്ടായിരുന്ന ജനാർദ്ദനൻ പിള്ള സാറിന്റെ ഒഴിവിലാണ് നിയമനം. മൂന്നുപേരെ വിളിച്ചിരുന്നു. മറ്റു രണ്ടു പേരും വന്നിട്ടില്ല. ഇതൊരു ക്രിസ്ത്യൻ കോളേജാണ്. നല്ല റിസൽട്ടാണ് ഞങ്ങളുടെ ലക്ഷ്യം. ഞാനെല്ലാറ്റിനും തലകുലുക്കി. ഒടുക്കം നാവിൻതുമ്പത്ത് ദൈവകാരുണ്യം മുഴങ്ങി. ആംഗലേയത്തിൽ 'അയാം അപ്പോയിന്റിംഗ് യു. യു ഹാവ് ടു ജോയിൻ ഓൺ ദ എയിറ്റ്" ഗതിഹീനനു മുന്നിൽ തുറക്കപ്പെടുന്ന വാതിലാണ് ദൈവകാരുണ്യം, എരിയുന്നവന്റെമേൽ വീഴുന്ന മഞ്ഞുമല!

ആ നേരം എനിക്കുണ്ടായ അനുഭവം അവാച്യമാണ്. അത് വ്യക്തമാക്കുവാൻ ആത്മാവിന്റെ ഭാഷയ്ക്കേ കഴിയൂ. സാമാന്യവാക്കുകൾക്ക് അതിനു കഴിയില്ല.

കുട്ടിക്കാലത്തെന്നോ വായിച്ച ഇരുവരി കവിത മനസിൽ തങ്ങിനിന്നു.

-ജീവിതമെനിക്കൊരു ചൂളയായിരുന്നപ്പോൾ പൂവിനാവെളിച്ചത്താലുണ്മ ഞാനുളവാക്കി.

ഋഗ്വേദത്തിലെ ഈ പ്രഭാതപ്രാർത്ഥനയും ഉണരുമ്പോൾ ഉരുവിട്ടിരുന്നു.

'ആനോ ഭദ്രാ: ക്രതവോയന്തു വിശ്വത:

-വെളിച്ചമേ എങ്ങുനിന്നും ഞങ്ങളിലേക്ക്

ഉണ്ണുമ്പോൾ ഈശാവാസ്യ മന്ത്രമോർത്തിരുന്നു.

'ത്യക്തേന ഭുംജിത'

-ത്യാഗപൂർവ്വം ഭക്ഷിക്കൂ.

എനിക്ക് കോളേജിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടായില്ല. നമ്മുടെ സമീപനമാണ്, സ്വീകരണമൊരുക്കുന്നത്. എല്ലാവരുമായി എളുപ്പം സൗഹൃദത്തിലായി. തീരെ പിന്നാക്കം പോയ ഒരു നാട്ടുമ്പുറത്ത് രാജഭരണകാലത്ത് ഒരു മെയ്മാസരാവിൽ പിറന്ന ഞാൻ കണ്ടത് ചേതോഹരമായ ഗ്രാമമാണ്. കിഴക്കു മലയും തെങ്ങിൻപറമ്പും പാടവും കായലും മുതലപ്പൊഴിയും കടലും കൊണ്ട് മനോഹരമായ ഗ്രാമം. സ്കൂളിനെക്കാൾ എന്നെ ആകർഷിച്ചത് നാടും നാട്ടുപച്ചയും ആയിരുന്നു. കുന്നിൻമുകളിലെത്തിയാൽ കടൽ കാണാം. ആകാശത്തെ തൊട്ടവസാനിക്കുന്ന നീലക്കടൽ, കടലിൽനിന്നും വീശുന്ന കാറ്റിൽ ഉപ്പുരസം, അഴുകതൊണ്ടിൻ ഗന്ധം.

അക്കാലത്ത് സ്കൂളിൽ പോകാതെ വഴിയോരത്ത് കളിച്ചിട്ടു വീട്ടിൽ കൃത്യസമയത്ത് തിരിച്ചെത്തിയിരുന്നു. അമ്മ ഇതറിഞ്ഞ് സങ്കടപ്പെട്ടു. അമ്മ സങ്കടപ്പെടരുതെന്ന് കരുതി സ്കൂളിൽ പോയെങ്കിലും പഠനത്തിൽ ഞാൻ പിറകിലായിരുന്നു. കായൽ പരപ്പിൽ തളർന്നുവീഴാതെ പറക്കുന്ന പറവകളും ഒറ്റക്കാലിൽ മണിക്കൂറുകളോളം നിന്നുറങ്ങുന്ന കൊറ്റികളും എന്നിൽ കൗതുകമുണർത്തിയിരുന്നു. ആകാശത്തൊഴുകുന്ന മേഘങ്ങളിൽ വന്യമൃഗങ്ങളെ സങ്കൽപിക്കുക എന്റെ വിനോദമായിരുന്നു. ഒന്നിനും ശകാരിക്കാത്ത അച്ഛനും എന്തിനുമേതിനും ദൈവത്തെ ആശ്രയിക്കുന്ന അമ്മയും എന്നെ ഒരുപാടു സ്വാധീനിച്ചിരുന്നു. അവരോ ഞാനോ എന്റെ നാട്ടുകാരോ ഞാനൊരു കോളേജധ്യാപകനാകുമെന്ന് കരുതിയിരുന്നില്ല. ആണിന്റെ ഭാഗ്യവും പെണ്ണിന്റെ മനസും ആർക്കും എളുപ്പം വായിച്ചെടുക്കാനാവില്ലല്ലോ.

27 വർഷമാണ് ഞാൻ കോളേജിൽ ചെലവഴിച്ചത്. എന്റെ ജീവിതത്തിലെ ഏറ്റവും നല്ല നാളുകളായിരുന്നു. ആദ്യകാലത്ത് അധ്യാപകർ ഗൃഹങ്ങൾ സന്ദർശിച്ചിരുന്നു. 'ബിഷപ്പ് മൂർ ഒരു കുടുംബം' എന്ന സങ്കൽപത്തിലായിരുന്നു എല്ലാവരും. 1972-ൽ ഉണ്ടായ മോഹനക്കുറുപ്പു സമരമാണ് എല്ലാം തകർത്തുകളഞ്ഞ്. അവിടം മുതലാണ് ഗ്രാഫ് താഴ്ന്നത്.

കോളേജിന്റെ ആദ്യകാലം സുവർണ്ണകാലമായിരുന്നു. ആദ്യ ഡിഗ്രിബാച്ചുകളുടെ പരീക്ഷാഫലം 1970-ൽ പുറത്തു വന്നപ്പോൾ ഇംഗ്ലീഷിനും മാത്സിനും ഒന്നാം റാങ്കും സുവോളജിക്ക് ഒന്നും രണ്ടും റാങ്കുകളും ബിഷപ്പ് മൂറിലായിരുന്നു. അധ്യാപകനധ്യാപകരുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായിരുന്നത്. കേരള യൂണിവേഴ്സിറ്റിയിൽ മികച്ച കോളേജുകളിൽ ഒന്നായിത്തീരാൻ ഈ അക്കാദമിക് ഉയർച്ച വളരെയേറെ സഹായിച്ചു.

ഞാൻ പഠിച്ചതു പഠിപ്പിക്കുകയായിരുന്നില്ല. പഠിക്കുകയായിരുന്നു പലതും. എക്കാലത്തും വായനയായിരുന്നു എന്റെ ഒഴിവുകാല വിനോദം. അധ്യാപകൻ അന്ത്യനിമിഷം വരെ ഒരു നല്ല വിദ്യാർത്ഥിയാരിക്കണം. എങ്കിലേ നല്ല അധ്യാപകനാകുവാൻ കഴിയൂ. കുട്ടികളെക്കൊണ്ട് പറയിക്കണം 'ഗുരുദേവോ ഭവഃ'

# ഇന്നോളമെത്തുന്ന ഗാനപുണ്യം



പ്രഫ. (റിട്ട) കോശി തലയ്ക്കൽ
ഡിപ്പാർട്മെന്റ് ഓഫ് മലയാളം
ബിഷപ്പ് മൂർ കോളേജ്

ആർക്കിയോളജിസ്റ്റ് ഗബ്രിയേൽ ബാർക്കേയും അദ്ദേഹത്തോടൊപ്പം ഗവേഷണങ്ങളിൽ സഹകരിച്ച വില്ലനോവ യൂണിവേഴ്സിറ്റി (പെൻസിൽവാനിയ)യിലെ ജൂഡിത്ത് ഹാഡ്‌ലിയും ജെറുശലേമിലെ ഹിന്നോ താഴ്‌വരയിൽ ഉത്ഖനനം നടത്തുകയായിരുന്നു. 1979-ൽ ജൂഡിത്തിന് ഹിന്നോം താഴ്‌വരയിൽനിന്നും വെള്ളിയിൽ പൊതിഞ്ഞ രണ്ടു ചുരുളുകൾ ലഭിച്ചു; ബി.സി. ഏഴാം നൂറ്റാണ്ടിന്റെ പഴക്കമുള്ള ചുരുളുകൾ. ഒരു പെൻക്യാപ്പിനോളം വലിപ്പം മാത്രമുള്ള രണ്ടു തകിടുകൾ. തെല്ലും ന്യൂനതയില്ലാതെ, അത്യന്തം സൂക്ഷ്മതയോടെ അതു തുറന്നെടുക്കാൻ ശാസ്ത്രജ്ഞന്മാർ വർഷങ്ങളെടുത്തു. നൂറ്റാണ്ടുകൾ പിന്നിലേക്ക് അവരെ കൂട്ടിക്കൊണ്ടുപോയ രേഖകൾ കണ്ട് അവർ അത്ഭുതപരതന്ത്രരായി. ക്രിസ്തുവിനുമുമ്പ് 1400 വർഷം പഴക്കമുള്ള അതിലെ ലിഖിതങ്ങൾ യഹോവയായ ദൈവം മോശയ്ക്കു നൽകിയ പുരോഹിതാശീർവാദം (Priestly Benediction) ആയിരുന്നു. ആവർത്തനപുസ്തകം 6-ാം അധ്യായത്തിൽ 24-26 വാക്യങ്ങളിലായി രേഖപ്പെടുത്തിയിരിക്കുന്ന ആശീർവാദവചനങ്ങൾ.

*‘യഹോവ നിന്നെ അനുഗ്രഹിച്ചു കാക്കുമാറാകട്ടെ*
*യഹോവ തിരുമുഖം നിന്റെ മേൽ പ്രകാശിപ്പിച്ച് നിന്നോടു കൃപയുള്ളവനാകട്ടെ*
*യഹോവ തിരുമുഖം നിന്റെ മേൽ ഉയർത്തി നിനക്കു സമാധാനം നൽകുമാറാകട്ടെ’*

ചാവുകടൽ ചുരുളു (Dead sea scrolls) കളേക്കാൾ പഴക്കമുള്ള വേദപുസ്തകരേഖ. ഈ കണ്ടെത്തലിലൂടെ വേദപുസ്തകത്തിന്റെ വിശ്വാസ്യത മാത്രമല്ല ക്രൈസ്തവ ആരാധനാകീർത്തനത്തിന്റെ ഏറ്റവും പ്രാചീനമായ വരികൾ കൂടിയാണ് അനാവരണം ചെയ്യപ്പെട്ടത്.

നിരവധിതവണ സംഗീതത്തിന്റെ ആവരണമണിഞ്ഞതാണ് ഈ വരികൾ. എന്നാൽ, അവയൊന്നും അമേരിക്കക്കാരനായ പീറ്റർ ക്രിസ്റ്റ്യൻ ലട്ട്കിന്റെ (Peter Christian Lutkin) ക്ലാസിക്കൽ റ്റ്യൂണായ ബനഡിക്‌ഷ (Benediction)നോളം സുന്ദരമായില്ല. ഫാനി ജെ. ക്രോസ്ബിയുടേയും ഐറാസാങ്കിയുടേയും സുവിശേഷഗാന കാലഘട്ടത്തിൽ ആലാപനയോഗ്യമായ നിരവധി ആരാധനാകീർത്തനങ്ങൾ രചിക്കപ്പെട്ടു. ക്ലാസിക്കൽ ഗന്ധമുള്ള അനേകം കീർത്തനങ്ങൾ ലട്ട്കിനും ഈ കാലഘട്ടത്തിൽ എഴുതുകയുണ്ടായി. 1888-ൽ വിസ്കോൺസിൻ സംസ്ഥാനത്തു ജനിച്ച ലട്ട്കിൻ ആരാധനാകീർത്തനങ്ങൾക്കായി ജീവിതം സമർപ്പിച്ച വ്യക്തിയായിരുന്നു. വടക്കു പടിഞ്ഞാറെ ഇല്ലിനോയിലുള്ള ‘സ്കൂൾ ഓഫ് മ്യൂസിക്’ അദ്ദേഹമാണ് ആരംഭിച്ചത്. ‘അമേരിക്കൻ



ഗിൽഡ് ഓഫ് ഓർഗനിസ്റ്റ്' എന്ന സംഘടന രൂപീകരിക്കുന്നതിനു നേതൃത്വം കൊടുത്ത ലട്ട്കിൻ 1931-ൽ ദിവംഗതനാകുന്നതുവരെ സംഗീതസാന്ദ്രമായിരുന്നു ആ ജീവിതം. ചിക്കാഗോയിലെ റോസ്‌വിൽ സെമറ്ററിയിൽ ആ മഹാപ്രതിഭ അന്ത്യവിശ്രമം കൊള്ളുന്നു.

**ചരിത്രഗതി**

ബി.സി 14-ാം നൂറ്റാണ്ടിൽ ആരംഭിച്ച ക്രൈസ്തവ സംഗീതത്തിന്റെ ചരിത്രഗതിയിൽ നൂറു കണക്കിനു രചയിതാക്കളും സംഗീതജ്ഞരും അണിചേർന്നപ്പോൾ അഞ്ചു ദശലക്ഷത്തോളം വരുന്ന ആരാധനാകീർത്തനങ്ങളുടെ മഹത്തായ രത്നശേഖരം ക്രൈസ്തവജനതയ്ക്ക് സ്വന്തമായി.

എ.ഡി 8-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട അജ്ഞാതകർത്തൃകമായ 'Be Thou My Vision' എന്ന ഐറിഷ് കീർത്തനമാണ് ക്രിസ്ത്വബ്ദത്തിൽ ലഭിച്ച ഏറ്റവും പ്രാചീന കീർത്തനം. 1905-ൽ അയർലൻഡിലെ ഡബ്ലിനിലുള്ള പണ്ഡിതയായ മേരി എലിസബത്ത് ബൈർനി ഈ പ്രാചീന ഐറിഷ് കവിത ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തു. ഇംഗ്ലണ്ടിലെ മാഞ്ചസ്റ്ററിലുള്ള പ്രഗത്ഭനായ എലീനർഹൾ ആ കവിതയെ കീർത്തനരൂപത്തിലാക്കി. എന്നിട്ട് ഐറിഷ് നാടോടിരാഗമായ 'സ്ലെയ്നി'ൽ അതു പാടുവാനും തുടങ്ങി.

ഓർലിയൻസിലെ ബിഷപ്പായിരുന്ന തിയോഡൾഫ് എ.ഡി 820-ൽ എഴുതിയ 'All Glory Laud and Honor', ഫ്രാൻസിലെ സെയിന്റ് ബർണാഡ് 12-ാം നൂറ്റാ



ണ്ടിൽ എഴുതിയ 'Jesus The Very Thought of Thee' എന്നീ ഗാനങ്ങൾ നൂറ്റാണ്ടുകളെ അതിശയിപ്പിച്ച് ഇന്നും ജീവിക്കുന്നു, ഭക്തഹൃദയങ്ങളിൽ സ്വർഗ്ഗീയ മാധുരി ഇന്നും പകർന്നുകൊണ്ടേയിരിക്കുന്നു. യഹൂദനായ ഡാനിയേൽ ബെൻ യൂദാ (14-ാം നൂറ്റാണ്ട്) മാർട്ടിൻ റിങ്കാർട്ട് (16-ാം നൂറ്റാണ്ട്) ഫ്രാൻസിസ് റൗസ്, ജൊയാക്കിൻ നീണ്ടർ (17-ാം നൂറ്റാണ്ട്) ശാമുവേൽ വെസ്ലി (18-ാം നൂറ്റാണ്ട്), ചാൾസ് വെസ്ലി, ഐസക് വാട്ട്സ്, ജോൺ ഫ്രാൻസിസ് വെയ്ഡ്, വില്യം കൂപ്പർ, റവ. എഡ്വേർഡ് പെറോനെറ്റ്, ജോൺ ന്യൂട്ടൺ, ജെയിംസ് മോണ്ട് ഗോമറി (19-ാം നൂറ്റാണ്ട്) ജോൺ മോർ, റെജിനാൾഡ് ഹീബർ, റോബർട്ട് ഗ്രാന്റ്, ഷാർലെറ്റ് എലിയറ്റ്, സാറാ എഫ്. ആഡംസ്, ഹെൻട്രി ലൈറ്റ്, ജോസഫ് എം. സ്ക്രിവൻ, ഫ്രാൻസിസ് ഹവർഗാൾ, ഫാനി ജെ. ക്രോസ്ബി (19-ാം നൂറ്റാണ്ട്) തുടങ്ങി പ്രസിദ്ധരും പ്രഗത്ഭരുമായ ഗാനരചയിതാക്കൾ സമ്പുഷ്ടമാക്കിയ ഈ ഗാനശാഖ ഇന്നും പുതുപുത്തൻപോലെ മാനവഹൃദയങ്ങളിൽ ദൈവിക വീചികൾ ഉയർത്തിക്കൊണ്ടേയിരിക്കുന്നു.

**കേരളത്തിന്റെ മണ്ണിൽ**

പാരാവാര സമാനം മഹത്തായ ക്രൈസ്തവ സംഗീതപ്രസ്ഥാനത്തെ (Hymnody) കേരളത്തിലെ ഭക്തഹൃദയങ്ങളിലേക്ക് ചാലുവരഞ്ഞൊഴുക്കിയത് മറ്റു പല മേഖലകൾക്കും ഹരിശ്രീ കുറിച്ച പാശ്ചാത്യമിഷണറിമാർ തന്നെയായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ കേരളത്തിൽ എത്തിയ സിഎംഎസ്, എൽഎംഎസ്, ബാസൽമിഷൻ എന്നീ പ്രസ്ഥാനങ്ങൾ ഈ നാടിന്റെ സമസ്തമേഖലകളിലും വെളിച്ചം വിതറിയവയാണ്.

**ഭാരതീയദർശനം**

ഇംഗ്ലീഷ് കീർത്തനശാഖയ്ക്കൊപ്പം ഭാരതീയ സംഗീതശൈലിയും ആരാധനാലയങ്ങളിൽ അവതരിപ്പിച്ചതും ഈ മിഷണറിമാർ തന്നെ. ഇന്ന് ഭാരതത്തിൽ ആരാധനയ്ക്ക് പാശ്ചാത്യ-പൗരസ്ത്യരാഗങ്ങളിലുള്ള ഗാനങ്ങൾ വർഷങ്ങളായി ഉപയോഗിക്കുന്ന ഒരേയൊരു സഭയേയുള്ളൂ-സിഎസ്ഐ മദ്ധ്യകേരള മഹായിടവക. ഈ മഹായിടവക വിഭജിച്ച് രൂപമെടുത്ത ഈസ്റ്റ് കേരള ഡയോസിസ് ആ രീതിതന്നെ തുടരുകയും ചെയ്യുന്നു. പൗരസ്ത്യസഭകൾ സുറിയാനി രാഗത്തിലുള്ള ഗാനങ്ങൾ മാത്രമാണ് ആലപിക്കുന്നത്. മാർത്തോമ്മാ സഭ ഇംഗ്ലീഷ് ഗാനങ്ങളുടെ വിവർത്തനങ്ങളും കേരളീയമായ സുവിശേഷ ഗാനങ്ങളും ആരാധനാമധ്യേ ആലപിക്കുന്നുണ്ടെങ്കിലും അവയൊന്നും 'ലിറ്റർജി'യുടെ ഭാഗമല്ല. ഇക്കാര്യത്തിലാണ് സിഎസ്ഐ വ്യത്യസ്തമാകുന്നത്. പാശ്ചാത്യകീർത്തനങ്ങളുടെ വിവർത്തനസമാഹാരമായ 'ജ്ഞാനകീർത്തന'വും, ഭാരതീയ സംഗീതശൈലിയിലുള്ള ഗീതങ്ങൾ ഉൾക്കൊള്ളുന്ന ക്രിസ്തീയഗീതങ്ങളും ഇവിടെ ലിറ്റർജിയുടെ ഭാഗം തന്നെയാണ്. ഇവയിലെ പാട്ടുകൾ ഇടവേളകളിൽ ആലപിക്കപ്പെടാൻ ഉള്ളവയല്ല, ലിറ്റർജിയോട് ഇഴുകിനിൽക്കുന്നവയാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ സഭാവർഷാചരണക്രമത്തിന്റെ (Lectionary) ഭാഗം തന്നെ എന്നർത്ഥം. ജ്ഞാനകീർത്തനത്തിലെയും ക്രിസ്തീയഗീതത്തിലേയും എല്ലാ ഗാനങ്ങളും ഈ ലക്ഷണറിയുടെ വിഷയം തന്നെ പ്രതിപാദിക്കുന്നു.

ഹിന്ദുസ്ഥാനി, കർണാട്ടിക് രാഗങ്ങളിലുള്ള ഗീതങ്ങളുടെ രചനയുടെ പ്രേരണയും പാശ്ചാത്യമിഷണറിമാരായിരുന്നു എന്നത് അവരുടെ ഇന്ത്യൻ സംസ്കാരത്തോടുള്ള ആഭിമുഖ്യത്തിന്റെ നിദർശനമാണ്. ക്രിസ്തീയ ഗീതങ്ങളിലെ നൂറിൽപരം ഗീതങ്ങളുടെ രചയിതാവായ മോശവൽസലം, അമ്പത്തിയേഴിൽപരം ഗാനങ്ങളുടെ ഉടമയായ യൂസ്തൂസ് ജോസഫ്, ഇരുപത്തിയെട്ടോളം ഗീതങ്ങൾ എഴുതിയ മ.ജ.

കൊച്ചുകുഞ്ഞ് കൂടാതെ പി.സി. ഇട്ട്യേര, റവ. റ്റി. കോശി, റവ. റ്റി.ജെ. അന്ത്രയോസ്, റ്റി.ഡി. ജോർജ് ദാവീദ് ഇസ്ഹാക്ക്, റവ. റ്റി.ഐ. ഏബ്രഹാം, റ്റി.ജെ. വർക്കി, കെ.ഐ. വർഗീസ്, തോമസ് ജോൺ, റ്റി.കെ. യൗസേഫ് തുടങ്ങിയവർ ക്രിസ്തീയ ഗാനശാഖയ്ക്കു നൽകിയ സംഭാവനകൾ നിസ്തുലങ്ങളാണ്. ഇവർ കവികളായിരുന്നു, പലരും സംഗീതജ്ഞരും ആയിരുന്നു. അതുകൊണ്ട് അവരുടെ ഗീതങ്ങളിലെ സാഹിത്യവും സംഗീതവും ഉയർന്ന നിലവാരം പുലർത്തുകയും ചെയ്യുന്നു. ജർമ്മൻ മിഷണറിയായിരുന്ന നാഗൽ അധികം ഗാനങ്ങൾ എഴുതിയിട്ടില്ല. പക്ഷേ, എഴുതിയത് അനശ്വരങ്ങളായി മാറി. 'യേശുവേ, നിന്റെ രൂപമീയെന്റെ കണ്ണുകൾക്കെത്ര സൗന്ദര്യം' എന്ന വരിയിൽ സ്വർഗ്ഗീയകുമാരന്റെ സൗന്ദര്യം മുഴുവൻ ആവാഹിച്ചുവച്ചതുപോലെ. 'സമയരഥം' എന്ന മനോഹരമായ ഇമേജറി നോക്കൂ. 'നിന്റെ ഹിതം പോലെ എന്നെ നിത്യം നടത്തീടേണമേ' എന്ന ഗാനത്തിൽ ഒരു ഭക്തന്റെ ഹൃദയത്തിൽനിന്നുമുയരുന്ന സമസ്ത സമർപ്പണത്തിന്റേയും ആവർജ്ജകശീലുകളാണ് മോശവൽസലത്തിന്റെ തൂലിക ആവിഷ്കരിച്ചു വച്ചിരിക്കുന്നത്. 'എന്തതിശയമേ ദൈവത്തിൻ സ്നേഹം' എന്ന ഗാനം ചിന്തയിലടങ്ങാത്ത, ആയിരമായിരം നാവുകളാൽപ്പോലും വർണ്ണിക്കുവാനാവാത്ത ദൈവസ്നേഹത്തിന്റെ ഉദ്ഗാനമാണ്. ക്രൈസ്തവാന്തരീക്ഷ നിർമിതിക്ക് സ്ഥാനത്തും അസ്ഥാനത്തും ഉപയോഗിച്ച് ഇത്രത്തോളം വികലമാക്കിയ ഒരു ഗാനം വേറെയില്ല. അതേസമയം ക്രൈസ്തവേതര സമുദായങ്ങളിൽ പോലും ആ ഗാനം കടന്നുകയറിച്ചെന്നതും അതിന്റെ സവിശേഷതയാണെന്ന് ഓർക്കുക.

സമാന്തരസംഗീതം: ക്രിസ്തീയഗീതത്തിലെ എല്ലാ പാട്ടുകളും രാഗതാളബദ്ധമായി, ശാസ്ത്രീയമായി എഴുതപ്പെട്ടവയാണ്. പക്ഷേ, ഒരു പാട്ടും അവയുടെ രാഗത്തിൽ ഇന്ന് ആലപിക്കപ്പെടുന്നില്ല. കർണ്ണാടക രാഗങ്ങളിൽനിന്നും ഹിന്ദുസ്ഥാനിരാഗങ്ങളിൽനിന്നും ബഹുദൂരം അകന്നു നിൽക്കുന്ന തനതുരാഗങ്ങളുടെ ഒരുതരം ഉപോൽപന്ന ഈണങ്ങളിലാണ് അവയെല്ലാം ഇന്ന് ആലപിക്കപ്പെടുന്നത്. ഇത് ഒരു ദുര്യോഗമെന്നേ പറയേണ്ടൂ. പക്ഷേ, അത്തരം ആലാപനം ക്രൈസ്തവ സംഗീതത്തിനു തനതായ മറ്റൊരു സ്വരമണ്ഡലം സൃഷ്ടിച്ചു എന്ന വസ്തുത നിഷേധിക്കുക വയ്യ. ഇപ്പോൾ പ്രചുരപ്രചാരത്തിലുള്ള ആത്മീയ ഉണർവ്വുഗാനങ്ങളൊക്കെ ആ വഴിക്കു പിറന്നുവീണവയാണ്. 200-ൽ പരം ആശ്വാസഗാനങ്ങൾ രചിച്ച സാധു കൊച്ചുകുഞ്ഞും, 300-ൽ പരം ഗാനങ്ങൾ എഴുതിയ എം.ഇ. ചെറിയാനും 150-ൽ പരം ആത്മസങ്കീർത്തനങ്ങൾ എഴുതിയ ഈ ലേഖകനുമൊക്കെ സഞ്ചരിക്കുന്നത് സംഗീതത്തിന്റെ ആ സമാന്തരവഴിയിലൂടെ തന്നെ. ഇന്നു നൂറുകണക്കിനു ഗാനങ്ങളാണ് സൂകരപ്രസവം പോലെ പിറന്നുവീഴുന്നത്. കാലത്തെ അതിജീവിക്കുന്നത് അവയിൽ എത്രയുണ്ട്? ഇലക്ട്രോണിക് മാധ്യമങ്ങളാണ് അവയിൽ ഏറിയ പങ്കിന്റേയും പ്രചോദനം. പിറക്കുന്നിടത്തുതന്നെ അത് അവസാനിക്കുകയും ചെയ്യുന്നു. ഭക്തരായ പൂർവ്വസൂരികളുടെ ഗാനങ്ങൾ ആത്മാവിൽനിന്നും ആത്മാവിലേക്കാണ് ആലേഖനം ചെയ്യപ്പെടുന്നത്. അക്ഷരങ്ങളായ ആത്മാക്കളിലൂടെ അത് കാലങ്ങളെ അതിജീവിക്കുന്നു. മനുഷ്യഹൃദയങ്ങളിൽ ശാശ്വത പ്രതിഷ്ഠനേടുന്നു.

ആധുനികരചനകൾ: ഇന്ന് ഗാനരചന കവിതയെഴുത്തുപോലെ തന്നെ അയഞ്ഞ ലളിതമായ ഒരു 'അഭ്യാസം' മാത്രമായിത്തീർന്നിരിക്കുന്നു. താരകങ്ങളും അവയുടെ പര്യായങ്ങളും നീലാകാശവും, മഞ്ഞും, പുൽക്കൂടും, കാലിത്തൊഴുത്തും തുടങ്ങി ഒരു ഡസൻപദങ്ങൾ ഉണ്ടെങ്കിൽ ഒരു ക്രിസ്തുമസ് ഗാനമായി. അതേ ലാഘവത്തോടെയാണ് പലരും ഭക്തിഗാനങ്ങളും എഴുതുന്നത്. അഞ്ചപ്പവും രണ്ടുമീനും, കാനാവിലെ കല്യാണവും, കാറ്റും കടലും, ദുഃഖത്തിന്റെ താഴ്വരയും ഒക്കെച്ചേർത്തു ഗാനങ്ങൾ എഴുതുന്നവർ ജ്ഞാനകീർത്തനത്തിലും ക്രിസ്തീയഗീതങ്ങളിലും ഉള്ള ഗാനങ്ങളുടെ വിഷയവൈവിധ്യവും ദൈവശാസ്ത്രരഹസ്യങ്ങളുടെ ആഴവും പരപ്പും ആത്മീയതയുടെ അചുംബിത ഭാവങ്ങളും വായിച്ചു പഠിക്കേണ്ടതാണ്, അനുശീലനം ചെയ്യേണ്ടതാണ്.

കവിത്വവും, പദസമ്പത്തും, വേദപുസ്തകപരിചയവും, അനുഭവങ്ങളും ഇല്ലാത്തവർ എഴുതുന്നതുകൊണ്ടാണ് ഇന്നത്തെ ഗാനങ്ങളിലധികവും അൽപായുസ്സുകളായിപ്പോകുന്നത്. രചനയിൽ ദീക്ഷിക്കേണ്ട ആശയങ്ങളുടെ ഒത്തിരിപ്പും (consistency) ക്രിസ്തുശാസ്ത്രത്തിന്റെ (christology) സത്യസന്ധതയും വിശ്വാസ്യതയും, കാവ്യാത്മകമായ (Poetic) രചനയും അപഗ്രഥനാത്മകമായ പഠനത്തിനു വിധേയമാക്കേണ്ടതാണ്. വേദവാക്യങ്ങളെ-സങ്കീർത്തനങ്ങൾ ആണെങ്കിൽ പോലും-കവിതയാക്കി മാറ്റുന്ന (Paraphrasing) രചനാവൈഭവം ഇല്ലാത്തവരാണ് ഒടിച്ചുമടക്കപ്പെടുന്ന പാട്ടുകൾ എഴുതി വിരാജിക്കുന്നവർ. ക്രൈസ്തവഗാന സാഹിത്യത്തെ വികലമാക്കാനേ അത്തരം രചനകൾക്കാവുകയുള്ളൂ.

ക്രിസ്തീയ ഗാനരചന ഒരു ദൈവിക നിയോഗമാണ്; ദൈവിക സാക്ഷ്യവും! ആവർത്തനപുസ്തകത്തിൽ യഹോവയായ ദൈവം മോശയോടു കൽപിക്കുന്നു; 'ആകയാൽ ഈ പാട്ട് എഴുതി യിസ്രായേൽ മക്കളെ പഠിപ്പിക്കുക. യിസ്രായേൽ മക്കളുടെ നേരെ ഈ പാട്ട് എനിക്ക് സാക്ഷിയായിരിക്കേണ്ടതിന് അത് അവർക്കു വായ്പാഠമാക്കിക്കൊടുക്കുക.' (ആവ. 31:19) മോശ എഴുതിയ ദൈവപ്രോക്തവും ദീർഘവുമായ ആ ഗാനം, 'ആകാശമെ ചെവിതരിക, ഞാൻ സംസാരിക്കും; ഭൂമി എന്റെ വായിൻ വാക്കുകളെ കേൾക്കട്ടെ' എന്നു തുടങ്ങുന്ന ആ ഗാനം യിസ്രായേൽ മക്കളുടെ വായ്പാഠമായി ഇന്നും ഈ ഗാനം നിലനിൽക്കുന്നു. 3500 ൽപരം വർഷങ്ങളായി ഇതുതന്നെയാണ് ക്രിസ്തബ്ദം ആദ്യ നൂറ്റാണ്ടുകളിൽ എഴുതപ്പെട്ട വിശുദ്ധകീർത്തനങ്ങളുടേയും (Sacred Songs) കഥ. ആർക്കും നിഷേധിക്കുവാനാവാത്ത യോഗാത്മകസ്പർശ (Mystic)മാണ് ഈ ഗാനങ്ങളെ യുഗാതിശായികളാക്കുന്നത്. യോഗാത്മകതയിൽ ചിറകുവിരിച്ച സനാതന സത്യങ്ങളുടെ സാമസങ്കീർത്തനങ്ങൾ എന്ന് അവയെ വിശേഷിപ്പിക്കട്ടെ. കഷ്ടിച്ച് രണ്ടു വർഷം കൊണ്ട് ഐസക് വാട്ട്സ് എഴുതിയ 200-ൽപരം ഗാനങ്ങളും, മെത്തൊസിസത്തിന്റെ മധുരഗായകനായ ചാൾസ് വെസ്ലിയുടെ 6500-ൽ പരം ഗാനങ്ങളും, അന്ധയായ കവിയത്രി ഫാനി ജെ. ക്രോസ്ബിയുടെ 8000-ൽ പരം ഗാനങ്ങളും ഈ ഗണത്തിൽപ്പെടുന്നവയാണ്. തിരുവചനം പൂർണ്ണമായതുപോലെ ആ ഗാനങ്ങളും പൂർണ്ണമാക്കപ്പെട്ടെങ്കിൽ അവയുടെ അനുസരണനങ്ങളാവണം, പുനർജനനങ്ങളാവണം എഴുതപ്പെടുന്ന പുതിയഗാനങ്ങൾ എല്ലാം. അതിനു ദൈവോന്മുഖമായി നമ്മുടെ സർഗ്ഗാത്മകതയെ പ്രതിഷ്ഠിച്ചേ മതിയാവൂ!


HYUNDAI
NEW THINKING.
NEW POSSIBILITIES.
SS HYUNDAI
1. Mavelikara
Service Helpline : 9946144443
2. Pathanamthitta
Service Helpline : 8589979988
3. Chengannur
Service Helpline : 9539012029
4. Enathu
Service Helpline : 9446302376
5. Kottarakkara
Service Helpline : 9539067423
SS HYUNDAI - Mavelikara
SS HYUNDAI - Pathanamthita
SS HYUNDAI - Chengannur
SS Motors - Enathu
SS Automobiles - Kottarakkara
24x7 Service
Facilities Available
Mavelikara
Chengannur
Enathu
Pathanamthitta
Kottarakkara
Our
Service
Networks
NEW DEALERSHIP NOW AT PATHANAMTHITTA
SS HYUNDAI
AUTHORISED HYUNDAI DEALER
Mitchel Jn., Mavelikara
Sales Touchline : 9539012048 | Service Touchline : 9446554442
E-mail : sshyundaiallpy@gmail.com, sshyundaisales@gmail.com

# ചില കൊച്ചു കൊച്ചു കാര്യങ്ങൾ



പ്രഫ. (റിട്ട) വി.സി. ജോൺ
മുൻ വൈസ് പ്രിൻസിപ്പൽ
ബിഷപ്പ് മൂർ കോളേജ്

എഴുതുന്നത് ഗൗരവമുള്ള കാര്യത്തെക്കുറിച്ചാവണം. ചുരുക്കിയേ എഴുതാവൂ എന്നൊക്കെയാണല്ലോ പൊതുവേ പറയാറുള്ളത്. അപ്പോഴാണ് മുന്നിലിരിക്കുന്ന പത്രത്താളുകളിൽ ഒരു ലേഖകൻ എങ്ങനെ ചുരുക്കിയെഴുതാം എന്നു പറഞ്ഞുതന്നത്. രാമായണകഥയാണ്: "നാലു സഹോദരന്മാരുണ്ടായിരുന്ന ശ്രീരാമൻ, തന്റെ അച്ഛന്റെ ആജ്ഞയനുസരിച്ച് 14 വർഷത്തേക്കു കാട്ടിൽപോയി, രാക്ഷസന്മാരുമായി പൊരുതി, സീതാദേവിയെ തട്ടിക്കൊണ്ടുപോയ രാവണനെ വകവരുത്തി, സ്വന്തം സാമ്രാജ്യത്തിലേക്കു മടങ്ങിയെത്തി". അദ്ദേഹം തുടരുന്നു. ചുരുക്കെഴുത്ത് ഇങ്ങനെയുമാവാം,"വിലക്കപ്പെട്ട കനിയെക്കുറിച്ചുള്ള ഈശ്വരകൽപന ലംഘിച്ച്, പറുദീസ നഷ്ടപ്പെടുത്തി, ലോകത്ത് മരണവും കഷ്ടപ്പാടുകളുമെത്തിച്ചു വാണരുളിയ മനുഷ്യരുടെ ഇടയിലേക്ക് ഒരു മഹാപുരുഷനെത്തി മനുഷ്യരക്ഷയ്ക്കു വേണ്ടി ജീവത്യാഗം ചെയ്ത സംഭവം" ആണത്രേ വേദഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നത്.

സംഭവം കൊള്ളാം. ഗൗരവവിഷയം. ചുരുക്കെഴുത്ത്. പക്ഷേ, മാവേലിക്കര ബിഷപ്പ് മൂർ കോളേജ് ആണ് ഇവിടെ വിഷയം. ഗൗരവമായി എഴുതാമെന്നുവച്ചാൽ അതു ചരിത്രമായിപ്പോകും. വിവരമുള്ളവർ ചെയ്യേണ്ട പണിയാണത്. ചുരുക്കിയെഴുതാനൊട്ട് അറിയുകയുമില്ല. അപ്പോൾ സംഗതി ശ്ശി ഗുരുതരം തന്നെ. എന്നുവച്ചാൽ ഇനിയങ്ങോട്ട് ചുമ്മാ പറച്ചിലിന്റെ വെള്ളച്ചാട്ടംതന്നെ എന്നർത്ഥം. ഗൗരവമായ എഴുത്തിനു 'ക്ലച്ചു' പിടിക്കില്ലാന്നു സാരം. വെറുതെയങ്ങു ഒഴുകുകതന്നെ.

മാത്രവുമല്ല, ചൈനീസ് തത്വജ്ഞാനിയും കവിയുമായ ലാവൊത്സു പറഞ്ഞിട്ടുണ്ടല്ലോ: 'അറിയാവുന്നവർ സംസാരിക്കാറില്ല; സംസാരിക്കുന്നവർക്ക് ഒന്നും അറിയില്ലതാനും', അതുകൊണ്ട് ഇത് വെറുമൊരു സംസാരം എന്നു കരുതിയാൽ മതി.

അമ്പതുവർഷമായി പൂത്തുലഞ്ഞു നിൽക്കുന്ന ഈ കലാലയത്തെ 33 വർഷക്കാലം അടുത്തപരിചയവും 17 വർഷത്തെ സമീപവീക്ഷണവും ഉള്ളതുകൊണ്ട് ഏറെ കൊച്ചുകൊച്ചു കാര്യങ്ങൾ മനസിൽ പച്ചപിടിച്ചു നിൽപ്പുണ്ടാവും. പലതും ആത്മാംശം നിറഞ്ഞതുമാവും. കാലക്രമമനുസരിച്ചു പറയാനാവില്ല. ഉന്നതവിദ്യാഭ്യാസരംഗത്തിന്റെ വളർച്ചയ്ക്കു വേണ്ടിയുള്ള സൂക്ഷ്മനിരീക്ഷണങ്ങളുമാവില്ല. അതൊക്കെ 'തിങ്ക് ടാങ്കു'കൾക്കു വിടുന്നു. ഇതു വെറുമൊരു കഥാകാലക്ഷേപം. മാപ്പാക്കണം.

'158 രൂപയ്ക്ക് മാവേലിക്കരയിൽ താമസിച്ചു പ്രവർത്തിക്കാനാവുമോ? ആലോചിച്ച് അറിയിച്ചാൽ മതി'. ഷേക്സ്പിയർ നാടകങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് ഏത്, എങ്ങനെ, എന്തുകൊണ്ട്, എന്തിന് എന്നിങ്ങനെ നൂറുകൂട്ടം വെടിയുണ്ടകൾ കാത്തിരുന്ന 22 വയസ്സുകാരൻ ഉദ്യോഗാർത്ഥിയോട് ബഹുമാന്യ പ്രിൻസിപ്പലും (റവ. കെ.സി. മാത്യു) വൈസ് പ്രിൻസിപ്പലും (പ്രഫ. നൈനാൻ കോശി) എയ്തുവിട്ട ചോദ്യം അതായിരുന്നു. 'പ്രശ്നമില്ല' എന്നു മറുപടി. പത്താം ക്ലാസ് പാസായതുമുതൽ ജോലി കിട്ടിയിരുന്നെങ്കിൽ എന്നാശിച്ചവന്റെ മറുപടി. 'എന്നാൽ, അടുത്തയാഴ്ച വന്നു ജോയിൻ ചെയ്തോളൂ. അപ്പോയിന്റ്മെന്റ് ഓർഡറോ ഫോർമൽ

ഉടമ്പടി ഒപ്പുവയ്ക്കലോ ഒന്നുമില്ല.

എല്ലാം പുതുമതന്നെ. കൂടിക്കാഴ്ചയ്ക്കു ക്ഷണിച്ചുകൊണ്ടു കിട്ടിയത് ഒരു പോസ്റ്റുകാർഡാണ്. 1964-ൽ ജൂനിയർ കോളേജുകൾ തുടങ്ങിയപ്പോൾ വിവിധ ഏജൻസികളുടെ പരസ്യം വന്നു, അധ്യാപകരെ ക്ഷണിച്ചുകൊണ്ട്. എം.എ പരീക്ഷയെഴുതി റിസൽറ്റുവരുന്നതിനു മുമ്പേ മുഴുപ്പായ കടലാസിൽ എല്ലാവർക്കും അപേക്ഷ അയച്ചിരുന്നു. ഇവിടെ മറുപടി ഒരു കാർഡിൽ. 'നേരിട്ട് കാണണം. ബിഷപ്പ് മൂർ കോളേജ് മിച്ചൽ ജംഗ്ഷനിൽനിന്ന് 3 കിലോമീറ്റർ...' എന്നുതുടങ്ങി ഏതാനും വരികളിലൊരു കത്ത്. വടിവൊത്ത കുഞ്ഞക്ഷരങ്ങളിൽ സുന്ദരമായി എഴുതിയ കത്ത്. റവ. കെ.സി. മാത്യു, ഒപ്പ്.

പ്രത്യേകം തയാറാക്കിയ ലെറ്റർഹെഡിൽ, ടൈപ്പ്റൈറ്റർ വിസർജ്ജിച്ച ജീവനില്ലാത്ത അക്ഷരങ്ങളല്ല, ലാളിത്യത്തിന്റെ മുഖമുദ്രയായി ഒരു കാർഡ്, ഉദ്യോഗാർത്ഥിയെ അങ്ങേയറ്റം സഹായിക്കാനായി സ്ഥലത്ത് എങ്ങനെ എത്തിച്ചേരണമെന്ന് വിവരിക്കുന്ന വാക്കുകൾ. ആകെ ഒരു 'പഴ്സണൽ ടച്ച്'... ആ ലാളിത്യം, സ്നേഹമസൃണത ഹൃദയത്തെ സ്പർശിച്ചു. അങ്ങനെയാണ് കൂടിക്കാഴ്ചയ്ക്കെത്തി ആംഗലേയ ഭാഷാധ്യാപകനായി മാവേലിക്കരയിലെത്തിയത്.

പഠിച്ചിറങ്ങിയ മൂന്നുകോളേജുകളിൽനിന്നും തികച്ചും വ്യത്യസ്തമായ അന്തരീക്ഷം(ഒരിടത്തുനിന്നും പറഞ്ഞുവിട്ടതല്ല. മൂന്നുകോഴ്സുകൾക്കായി ചങ്ങനാശ്ശേരി എസ്.ബി, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, പാലക്കാട് ഗവ. വിക്ടോറിയ കോളേജ്). എവിടെയും സൗഹൃദം നിറഞ്ഞു തുളുമ്പിനിൽക്കുന്നു. അമരത്ത് ഹൃദയവും മസ്തിഷ്കവും ചേർന്നുള്ള ഭരണം. മാനുഷികതയുടെ മാസ്മരസ്പർശം. ഈ ഉൾനാടൻ കലാലയത്തിലെ അധ്യാപനത്തിലും പാഠ്യേതര പ്രവർത്തനങ്ങളിലുമൊക്കെ അതു പ്രകടമായി.

പേരു വിളിച്ചുതന്നെ ഹാജർ എടുക്കണമെന്നുള്ള പ്രിൻസിപ്പലച്ചന്റെ നിർബന്ധംമൂലം ഓരോ ക്ലാസിലെയും വിദ്യാർത്ഥികളെയാകെ പേരുസഹിതം തിരിച്ചറിയാൻ കഴിഞ്ഞു. പതിനഞ്ചും പതിനാറും വയസുള്ള കുട്ടികളെ വ്യക്തികളായി കണ്ട് അവരുടെ വളർച്ചയിൽ ഒരു വഴികാട്ടി ആയിമാറാൻ കഴിയുന്നത് എന്തുകൊണ്ടെന്നു അധ്യാപകർക്കൊക്കെ വ്യക്തമായി.

കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ ആസ്വാദ്യകരമായിത്തീരാൻ നൈനാൻ കോശി സാർ ഏർപ്പെടുത്തിയ സംവിധാനം ഫലം കണ്ടു. ലളിതമായ പദങ്ങളിലൂടെ കഥകളുടേയും മറ്റും പുനരാഖ്യാനം (സിംപ്ലിഫൈഡ് സീരീസ്) നടത്തുന്ന പുസ്തകങ്ങൾ കുട്ടികളെക്കൊണ്ടു വായിപ്പിച്ച് റിപ്പോർട്ട് തയാറാക്കി വാങ്ങുന്നതായിരുന്നു പരിപാടി. അധ്യാപകർക്ക് ഒരധികച്ചുമതലയായി അതു തോന്നിയതുമില്ല.

സാധാരണനിലയ്ക്ക് ഓണക്കാലം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധിക്കാലം ആണല്ലോ. അതിനു മുമ്പ് പരീക്ഷകളുടെ തകൃതി. ഇതിനിടയ്ക്ക് ഓണം എങ്ങനെ ആസ്വാദ്യകരമാക്കാം എന്നു ചിന്തിച്ചതിന്റെ ഫലമാണ് ബിഷപ്പ് മൂറിലെ ഓണാഘോഷം. കേരളത്തിലെ ഉന്നതവിദ്യാഭ്യാസമേഖലയിൽ ഓണം ആദ്യമായി വമ്പിച്ചതോതിൽ ആഘോഷിച്ചതിന്റെ ക്രെഡിറ്റ് തീർച്ചയായും ബിഷപ്പ് മൂർ കോളേജിനുതന്നെ. 1964-ൽ തുടങ്ങിയതാണ് അത്. വിവിധ ക്ലാസുകൾ തമ്മിലുള്ള അത്തപ്പൂക്കളമൽസരം, മഹാബലി, ഓണപ്പാട്ടുകൾ. വൈകുന്നേരം മേജർസെറ്റ് കഥകളി. ഒരു നാടാകെ ഈ കലാലയത്തെ നെഞ്ചേറ്റിയ അനുഭവമായി അതുമാറി. ക്രൈസ്തവാന്തരീക്ഷത്തിലാരംഭിച്ച ഒരു സ്ഥാപനത്തെ ജനകീയവൽക്കരിച്ച വലിയൊരു ഘടകമായിരുന്നു അത്. പിന്നീടാണ് മറ്റു സ്ഥാപനങ്ങളും ഈ വഴിക്കു ചിന്തിച്ചു തുടങ്ങിയത്.



പണത്തിനു ഞെരുക്കം അനുഭവപ്പെട്ടിരുന്ന കാലത്തും പ്രിൻസിപ്പൽ ഒരു കാര്യത്തിൽ നിർബന്ധം പിടിച്ചിരുന്നു. കടമെടുത്തായാലും അധ്യാപകർക്കും അനധ്യാപകർക്കും ശമ്പളം നൽകുന്ന കാര്യം. മറ്റു ചില സ്ഥാപനങ്ങളിലെ അവസ്ഥയുമായി താരതമ്യപ്പെടുത്തിയാൽ ഇതിന്റെ ഗൗരവം മനസിലാകും.

കെട്ടിടനിർമാണത്തിനും ലബോറട്ടറി സൗകര്യങ്ങൾ വർധിപ്പിക്കാനുമൊക്കെ പണം കൂടിയേ തീരൂ. മൂന്നു നെടുനീളൻ ഓലഷെഡ്ഡുകൾക്കുള്ളിൽ ഒതുങ്ങരുതല്ലോ ഒരു ഉന്നതവിദ്യാഭ്യാസസ്ഥാപനം. മറ്റു മാർഗങ്ങളോടൊപ്പം ഒരു നൂതന പരിപാടിക്കുകൂടി പ്രിൻസിപ്പലച്ചൻ നേതൃത്വം നൽകി. സായാഹ്നങ്ങളിൽ മാവേലിക്കര



യിൽനിന്നും പരിസരങ്ങളിൽനിന്നും സംഭാവന പിരിക്കുക. ഒരുപറ്റം അധ്യാപകർ കൂട്ടിനുണ്ടാവും. ആരും നിർബന്ധിച്ചിട്ടല്ല. അച്ചനു മാത്രമേ സ്വന്തം സൈക്കിൾ ഉണ്ടായിരുന്നുള്ളു. അധ്യാപകർ 'കൂലി' സൈക്കിളുകളിൽ നേതാവിനൊപ്പം. കർശനപ്പിരിവൊന്നുമില്ല. സ്നേഹത്തോടെ നൽകുന്ന തുക, അത് അഞ്ചുരൂപ ആയാലും അഞ്ഞൂറുരൂപ ആയാലും ആദരവോടെ കൈപ്പറ്റിയകാലം.

കാലക്രമേണ സായാഹ്നങ്ങൾ അധ്യാപകരുടെ ടെന്നീസ് കളിയിലേക്കു കൂടുമാറി. തികച്ചും ഗ്രാമീണമായ ഒരു സാഹചര്യത്തിൽ ടെന്നീസ് കളിയുടെ ആവിർഭാവം ഏറെ പുതുമ ഉണർത്തുന്നതായിരുന്നു.

കെട്ടിടനിർമാണത്തിന് ഇനിയും തുക കൂടിയേ തീരൂ. അധ്യാപകർ ചേർന്നൊരു നാടകം അവതരിപ്പിച്ചു തുക സമാഹരിച്ചാലോ? ശരി, നോക്കിക്കളയാം. ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജിലെത്തി പ്രിയസുഹൃത്ത് ജി. ശങ്കരപ്പിള്ള സാറിനെ കണ്ടു വിവരം പറഞ്ഞു. അദ്ദേഹം തികഞ്ഞ സൗഹൃദത്തോടെ 'പേ പിടിച്ച ലോകം' എന്ന തന്റെ നാടകത്തിന്റെ കൈയെഴുത്തു പ്രതി എടുത്തുതന്നു. പ്രിൻസിപ്പലച്ചന്റെ വീട്ടിൽവച്ചു റിഹേഴ്സൽ തുടങ്ങി. പക്ഷേ, പ്രശ്നങ്ങൾ ഏറെയായിരുന്നു. വനിതാപ്രാതിനിധ്യം ഉൾപ്പെടെ. അതുകൊണ്ട് ആ സംരംഭം പൂർത്തീകരിക്കാനായില്ല.

പക്ഷേ, വർഷങ്ങൾക്കുശേഷം ചങ്ങനാശേരി ഗീഥയുടെ 'ജ്വാല' അധ്യാപകർ ചേർന്നു ഭംഗിയായി അവതരിപ്പിച്ചു ഖ്യാതി നേടി. എൻ.എൻ. പിള്ളയുടെ അക്കൽദാമ തുടങ്ങി മറ്റു ചില നാടകങ്ങളും. അനധ്യാപകരും നാടകാഭിനയത്തിലൂടെ സഹായിച്ചു. പുരുഷാധ്യാപകർ മാത്രം അഭിനയിച്ച ഒരു ഏകാങ്കനാടകത്തിനു കായംകുളത്തു നടന്ന മൽസരത്തിൽ ഒന്നാംസ്ഥാനം കിട്ടിയതും ഇവിടെ ഓർക്കാം. നാടകത്തിലൊരു അപ്രധാന കഥാപാത്രമായി എത്തിയ ലേഖകനെ നിരാശനാക്കാതിരിക്കാൻ സംഘം നൽകിയ സംവിധായകപ്പട്ടം മികച്ച സംവിധായകനുള്ള അവാർഡ് നേടാൻ കാരണമായി. അഭിനയിക്കുന്നതു നോക്കിനിൽക്കുന്നവനും പുരസ്കാരം!

രാവിലെ 9 മണിമുതൽ വൈകിട്ട് 6 വരെ നടത്തിയ കുട്ടികളുടെ വാശിയേറിയ ഏകാങ്കനാടക മൽസരമൊക്കെ കലാലയത്തിന്റെ സാംസ്കാരിക വളർച്ചയ്ക്കു തീർച്ചയായും മുതൽക്കൂട്ടായിരുന്നു.

ആദ്യകാലത്തെ ധാർമ്മികപഠന ക്ലാസുകളെക്കുറിച്ചു കൂടി പറയാതെ വയ്യ. ക്രിസ്ത്യൻ വിദ്യാർത്ഥികൾക്കു ബൈബിൾ പഠനം, മറ്റുള്ളവർക്കു 'മോറൽ ഇൻസ്ട്രക്ഷൻ'. അധ്യാപകരാണ് ക്ലാസുകൾ നയിക്കേണ്ടത്. രണ്ടിനേക്കുറിച്ചും വിവരമില്ലാത്തതുകൊണ്ട് ആദ്യമൊന്നു ഞെട്ടി. മഹാവിഡ്ഢിത്തരങ്ങൾ എഴുന്നള്ളിക്കുന്നത് ഒഴിവാക്കാൻ ബൈബിൾ അധ്യാപനത്തിൽനിന്നു തെന്നിമാറി. ധാർമിക കാര്യങ്ങളെക്കുറിച്ച് ഗ്രന്ഥസഹായത്തോടെ വിശദീകരിച്ച് തടി കേടാവാതെ നോക്കി. പാഠ്യക്രമത്തിലൂടെ ലഭിക്കുന്ന വിജ്ഞാനത്തിനു മുകളിലെ 'ഐസിങ്' ആയിരുന്നു ഇതെന്നു പറയാം. ഭാഷാധ്യാപകർക്കും പ്രഗൽഭരായ ശാസ്ത്രാധ്യാപകർക്കും പഠിപ്പിക്കുന്ന വിഷയങ്ങളിലൂടെ മൂല്യങ്ങളെക്കുറിച്ചു വിദ്യാർത്ഥികളോട് പറയാൻ കഴിയും. എന്നാൽ, അവരുടെ സ്വഭാവരൂപീകരണത്തിൽ ഈ സമ്പ്രദായം ഏറെ പങ്കുവഹിച്ചിരുന്നു എന്നത് വിസ്മരിക്കാൻ കഴിയുകയില്ല.

കലാസമിതിയെ മ്യൂസിക് ക്ലബ്, ഡ്രമാറ്റിൽഗ്രൂപ്പ്, പെയിന്റേഴ്സ് ഗ്രൂപ്പ്, സാഹിത്യസമിതി തുടങ്ങിയ ഉപവിഭാഗങ്ങളായി തിരിച്ചിരുന്നു. ഏറെ കലാകാരന്മാരുടെ വളർച്ചയ്ക്ക് ഇത് സഹായകമായി. കോളേജ് ലൈബ്രറിയിൽ 'ഈ ആഴ്ചത്തെ പെയിന്റിങ്' എന്ന പേരിൽ ചിത്രങ്ങൾ പ്രദർശിപ്പിച്ചു. പിന്നെ അത് 'ഈ ദിവസത്തെ ചിത്രം' എന്നാക്കി മാറ്റേണ്ടിവന്നു. വർഷാവസാനം ഇവയൊക്കെ ചേർത്ത് ചിത്രം എന്ന പേരിൽ ഒരു മാസികയാക്കി. ഒപ്പം കവിത, കഥ എന്ന പേരിൽ കൈയ്യെഴുത്തു മാസികകളും.

പ്രദർശനങ്ങൾ ഇടയ്ക്കിടെ സംഘടിപ്പിക്കാറുണ്ടായിരുന്നു. സുവോളജി, ബോട്ടണി വിഭാഗങ്ങൾക്കാണ് മുൻതൂക്കം. ഒപ്പം ഏറെ ചിത്രങ്ങളും ചില ശിൽപങ്ങളും. ഒരിക്കൽ പ്രദർശന സജ്ജീകരണമൊക്കെ കഴിഞ്ഞ് അധികംവന്ന ചരട് (ട്വൈൻ) കൂട്ടിവച്ചു താഴെ 'അന്തമില്ലാത്ത ജീവിതം' എന്ന അടിക്കുറിപ്പ് എഴുതി വച്ചതിനുമുമ്പിൽ ചിലരെങ്കിലും താത്വികാചാര്യന്മാരെപ്പോലെ നിന്നതും ഒരു തമാശ.



ആദ്യകാല അധ്യാപകരിൽ ചിലർക്കെങ്കിലും നേരിടേണ്ടി വന്ന ഗുരുതരമായ ഒരു പ്രശ്നമുണ്ടായിരുന്നു. എല്ലാ തിങ്കൾ, വെള്ളി ദിവസങ്ങളിലും നടത്തിയിരുന്ന ചാപ്പൽ സർവ്വീസിൽ ക്രിസ്ത്യൻ അധ്യാപകർ പ്രസംഗിക്കണം. മിക്ക സിഎസ്ഐ അധ്യാപകർക്കും അത് കരതലാമലകം. യൂത്ത് സൺഡേകളിലും മറ്റും പ്രസംഗിച്ച് തഴക്കം വന്നവർ. പക്ഷേ, വെറുമൊരു ഓർത്തഡോക്സുകാരനായ ലേഖകൻ എന്തുചെയ്യും? ഒന്നുപതറി. പക്ഷേ വിട്ടുകൊടുക്കാനാവുമോ. പ്രൊബേഷൻ കാലവുമാണല്ലോ. രണ്ടും കൽപിച്ച് വിശുദ്ധവേദപുസ്തകം തുറക്കും. ആദ്യംകിട്ടുന്ന വാക്യം എടുത്തെ



ഴുതും. അതിൽ തീർച്ചയായും ഒരാശയം ഉണ്ടാവുമല്ലോ. ആ ആശയത്തിലൂന്നി എഴുതപ്പെട്ട ഒരു കവിതയെങ്കിലും ഇംഗ്ലീഷ് കവിതാസാഗരത്തിൽ ഉണ്ടാവാതെവയ്യ. പിന്നെ ഒറ്റച്ചാട്ടമാണ് വാക്യത്തിൽനിന്നും കവിതയിലേക്ക്. വേർഡ്സ്‌വർത്ത്, ഷെല്ലി, കീറ്റ്സ്, ഹോപ്കിൻസ്, ഷേക്സ്പിയർ അങ്ങനെ ആരെങ്കിലുമൊക്കെ കൈയയച്ചു സഹായിക്കും. 20 മിനിട്ടു നേരത്തെ അഭ്യാസം മതിയല്ലോ. ഒരുപക്ഷേ, അധ്യാപകപരിശീലനത്തിന് ഇത് സഹായകരമായിത്തീർന്നിരിക്കാം.

ആദ്യവർഷത്തെ മരിക്കാത്ത മറ്റൊരു ഓർമ്മ ലോകപ്രശസ്ത കാർട്ടൂണിസ്റ്റായ അബു(അബു ഏബ്രഹാം)വിന്റെ കോളേജ് സന്ദർശനമാണ്. ഇംഗ്ലണ്ടിൽ ഒബ്സർവറിലും മാഞ്ചസ്റ്റർ ഗാർഡിയനിലുമൊക്കെ ദീർഘകാലം വരച്ചും എഴുതിയും കഴിഞ്ഞ് ഇന്ത്യയിൽ തിരിച്ചെത്തി ഇന്ത്യൻ എക്സ്പ്രസിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു ഈ മാവേലിക്കരക്കാരൻ. കോളേജിനടുത്തുള്ള ബന്ധുവീട്ടിൽ എത്തിയിട്ടുണ്ടെന്നറിഞ്ഞ് അവിടെച്ചെന്നു ക്ഷണിച്ചു. തികഞ്ഞ സൗഹൃദത്തോടെ അദ്ദേഹം കോളേജിലെത്തി. മൂന്നു ഓലഷെഡ്ഡുകളുടെയും മുമ്പിൽ ശ്രദ്ധാർഹമാംവിധം തലയുയർത്തിനിന്ന (അമ്മച്ചി)പ്ലാവിന്റെ കീഴിൽ ഒരു ബ്ലാക്ക്ബോർഡ് എടുത്തുവച്ച്, മേശയും കസേരയുമിട്ട് അദ്ദേഹത്തെ പ്രസംഗത്തിനു ക്ഷണിച്ചു. കുട്ടികളെ വട്ടത്തിലിരുത്തി അദ്ദേഹം വരച്ചും വാക്കുകളിലൂടെയും സൗഹൃദം പകർന്ന് ഒന്നൊന്നര മണിക്കൂർ ചിലവിട്ടു.

ഇതുപോലെ എത്രയെത്ര മഹദ്‌വ്യക്തികൾ കുട്ടികൾക്ക് ആവേശം പകർന്ന് ഈ കലാലയവളപ്പിലേക്കു കടന്നുവന്നു.

ആദ്യവർഷം പതിനെട്ട് അധ്യാപകരിൽ ഭൂരിഭാഗവും പ്രിൻസിപ്പലും പതിവുപോലെ ഒരു മേശയ്ക്ക് ചുറ്റുമിരിക്കുന്ന സന്ദർഭം. പ്രിൻസപ്പലിന് 'ശീതീകൃത' മുറിയൊന്നുമില്ലാത്ത കാലം. വർഷാവസാനം. അച്ചൻ പറഞ്ഞു: 'നമുക്കൊരു കോളേജ് മാസിക വേണം. അതിനുവേണ്ട പ്രവർത്തനങ്ങൾ തുടങ്ങാം. ആദ്യം അതിനൊരു പേരുവേണം'. രാത്രി പകലാക്കി പേരിനു വേണ്ടിയുള്ള ശ്രമം എല്ലാവരും ആരംഭിച്ചു. ഇംഗ്ലീഷ്, മലയാളം, സംസ്കൃതം എന്നീ ഭാഷകളിലെ നിത്യഹരിത വാക്കുകൾക്കു പിന്നാലെപോയി. അടുത്ത ദിവസം തന്നെ ബഹു. പ്രിൻസിപ്പലിനു മുമ്പിൽ ഓരോന്നായി അവതരിപ്പിച്ചു. ഒന്നും സ്വീകാര്യമായില്ല. അപ്പോഴാണ് ഒരു വ്യവസ്ഥ പുറത്തുവന്നത്. നമ്മുടെ സഹോദരസ്ഥാപനമായ കോട്ടയം സിഎംഎസ് കോളേജ് മാഗസിന്റെ പേര് 'വിദ്യാസംഗ്രഹ്' എന്നാണ്. നമുക്കും 'വിദ്യ' ചേർന്ന ഒരു വാക്കായാൽ നന്ന്. ഏറെ സൗഹൃദബന്ധമുള്ള ജെ.പി. സാറായിരുന്നു എന്റെ സമീപം. അദ്ദേഹത്തെ സൂത്രത്തിൽ എഴുതിക്കാണിച്ചു, 'ചെപ്പടി വിദ്യ'. പഹയൻ പൊട്ടിച്ചിരിച്ചു. സംഗതി വെളിയിലായി. അധികാരികൾക്കു നർമബോധം ഇല്ലാതിരുന്നെങ്കിൽ 'ടെർമിനേഷന്' ഇത്രമാത്രം മതിയായിരുന്നല്ലോ എന്നു ഭീതിയോടെ ഓർത്തു. പിന്നീട്, നൽകിയ 'വിദ്യാസരിത്' സ്വീകരിക്കപ്പെടുകയും ചെയ്തു.

ഒരു വർഷാവസാനം അൽപം വ്യത്യസ്തതയോടെ അധ്യാപകർ ഒത്തുകൂട്ടി. സ്റ്റോക്കെടുക്കലും ഭാവി പ്രവർത്തനപരിപാടികളെക്കുറിച്ചുള്ള ചർച്ചയുമാണ് മുഖ്യ അജണ്ട. കലാപരിപാടികളും സംഘടിപ്പിച്ചിരുന്നു. അഗാധപാണ്ഡിത്യംകൊണ്ടു തികഞ്ഞ ഗൗരവ





ക്കാരൻ എന്ന മുദ്ര ചാർത്തിക്കിട്ടിയ പ്രിയപ്പെട്ട സംസ്കൃതാധ്യാപകൻ സി.വി. വാസുദേവ ഭട്ടതിരി സാറിന്റെ മറ്റൊരു മുഖം അന്നു കാണാൻ കഴിഞ്ഞു. പൊതുവേ സുഹൃത്തുക്കളെ ചെറുതായി പരിഹസിക്കും വിധം വി.സി. എഴുതിയ ഓട്ടൻതുള്ളൽ പൂർണവേഷഭൂഷാദികളോടെ ഭട്ടതിരി സാർ അവതരിപ്പിച്ചു. ഇപ്പോഴും അത്ഭുതാദരവോടെ മാത്രമേ അതേക്കുറിച്ച് ഓർക്കാൻ കഴിയുന്നുള്ളൂ. 'സയനോര' (വിട) എന്നായിരുന്നു ഒത്തുചേരലിനു നൽകിയ പേര്.

ഒരോണക്കാലത്ത് വ്യത്യസ്തമായൊരു പരിപാടി അവതരിപ്പിച്ചു,'മഹാബലി'. രണ്ടരമണിക്കൂർ നീണ്ടു നിന്ന ഒരു കലാപ്രകടനം. എഴുതി തയാറാക്കിയ 'മഹാബലി' യിൽ ഗാനം, നൃത്തം, നാടകം, ഹാസ്യപ്രകടനം തുടങ്ങി എല്ലാം ചേരുംപടി ചേർത്തിരുന്നു. മഹാബലിയായി രണ്ടുപേർ വേഷമിട്ടു – ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും. നേതൃത്വം നൽകിയ ഇംഗ്ലീഷ് വിഭാഗം മേധാവി, 'താര'ങ്ങളുടെ തെരഞ്ഞെടുപ്പിനു ഞങ്ങൾ മുതിർന്നപ്പോൾ ഒരു മുന്നറിയിപ്പു തന്നിരുന്നു. 'എടോ, നിങ്ങൾക്കറിയാവുന്ന കുട്ടികളെ അവരുടെ കഴിവു നോക്കി മാത്രം തെരഞ്ഞെടുത്താൽ മതി. ഇക്കാര്യത്തിൽ ജനാധിപത്യസമ്പ്രദായം ഒന്നും നോക്കേണ്ട കാര്യമില്ല. മാത്രവുമല്ല, അതിനു പ്രാധാന്യം നൽകിയാൽ സംഗതി കുളമാവും'.

ഐസക് സാറിനുശേഷം തലവനായി പാളത്താറും കോട്ടും സർവേപാളി രാധാകൃഷ്ണൻ തലക്കെട്ടുമായി എത്തിയ പ്രഫ. നാഗരാജനെയും ഓർക്കാതെ വയ്യ.

നന്മയുടേയും പരിശുദ്ധിയുടേയും ത്യാഗത്തിന്റേയും സ്നേഹത്തിന്റേയും പര്യായമായിരുന്ന ബിഷപ്പ് മൂറിന്റെ പേരിലുള്ള കോളേജിനെ മറ്റൊരുവിധത്തിൽ പരാമർശിക്കപ്പെട്ട സംഭവവും ഓർമവരുന്നു. അന്നത്തെ കേരള ഗവർണറായിരുന്ന ശ്രീമതി ജ്യോതിവെങ്കിടാചലം ഒരു സമ്മേളനത്തിൽ കോളേജിനെ പരാമർശിച്ചത് ബിഷപ്പ് മൂറി കോളേജ് എന്നാണ്. ഒരുതരത്തിൽ തെറ്റുപറയാനാവില്ല. ANTIGONE എന്നെഴുതി ആന്റിഗണി എന്നു വായിക്കാമെങ്കിൽ MOORE മൂരിയുമാകാം. ഇംഗ്ലീഷ് ഉച്ചാരണവിശേഷത്തിനു സ്തുതി. പക്ഷേ, മൂരി ഇത്തിരി കടന്നകയ്യായിപ്പോയി എന്നുമാത്രം.

ധനസമ്പാദനത്തിന്റെ ഭാഗമായി നടത്തിയ മജീഷ്യൻ ആനന്ദബോസിന്റെ മാജിക് ഷോയും മൃണാളിനി സാരാഭായിയുടേയും സംഘത്തിന്റേയും നൃത്തപരിപാടികളും ഏറെ ശ്രദ്ധയാകർഷിച്ചു. മാജിക് പരിപാടിയുടെ പ്രചാരണത്തിനു അധ്യാപകർ തന്നെയായിരുന്നു കാറിൽ അനൗൺസ്മെന്റിനു പോയത്. തലേക്കെട്ടൊക്കെയായി തിരിച്ചറിയാതിരിക്കാൻ ഒരു ശ്രമവും നടത്തിയിരുന്നു. തിരികെ കോളേജിൽ എത്തിയപ്പോൾ പ്രിൻസിപ്പലച്ചന്റെ വക നന്നായി, പിരിച്ചുവിട്ടാലും ഒരു ജോലി ആയല്ലോ എന്നൊരു പ്രയോഗവും. മൃണാളിനിയുടെ നൃത്തപരിപാടിയിൽ ബൈബിളിനെ ആധാരമാക്കിയുള്ള ഒരു നൃത്തശിൽപവും ഭാരതത്തിലെ വിവിധ നൃത്തങ്ങളുടെ തികച്ചും ശക്തവും സുന്ദരവുമായ അവതരണവും ഉണ്ടായിരുന്നു. മാവേലിക്കരയ്ക്ക് മാത്രമല്ല മധ്യതിരുവിതാംകൂറിനുതന്നെ ഒരു നൂതനാനുഭവമായിരുന്നു അത്.



അറ്റോമിക് എനർജി എസ്റ്റാബ്ലിഷ്മെന്റിലെ നാരി (NAARI) എന്ന സംഘടന, പൂർവ്വവിദ്യാർത്ഥി പി.ജെ. ചാണ്ടിയുടെ ഉൽസാഹത്തിൽ കോളേജിൽ വച്ചുനടത്തിയ 'ഐസോടോപ്പു'കളെക്കുറിച്ചുള്ള ശാസ്ത്രസെമിനാർ ഏറെ ജനശ്രദ്ധ ആകർഷിച്ച പരിപാടിയാണ്. അതിന്റെ പിന്നാമ്പുറത്തും രസകരമായ ഒരു കഥയുണ്ട്. ഉദ്ഘാടനസമ്മേളനത്തിൽ കേന്ദ്രമന്ത്രിയുടെ പ്രസംഗം, സ്വാഗതപ്രസംഗം, ഉദ്ഘാടനപ്രസംഗം, അധ്യക്ഷപ്രസംഗം, കൃതജ്ഞതാപ്രകടനം തുടങ്ങിയവയൊക്കെ ഒരു സ്രോതസ്സിൽനിന്ന് ഉടലെടുത്തതായിരുന്നു. ആരുമറിയാത്തവിധത്തിൽ ഐസോടോപ്പുകളെക്കുറിച്ച് വ്യത്യസ്തമായ രീതിയിൽ എഴുതാൻ ഏറെ കഷ്ടപ്പെട്ടിട്ടുണ്ടാവണം!

കാലാകാലങ്ങളിൽ കോളേജ് മാഗസിൻ കൂടാതെ അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ശ്രമഫലമായി ചില പ്രസിദ്ധീകരണങ്ങൾ പുറത്തുവന്നുകൊണ്ടിരുന്നു. ഗവേഷണപ്രബന്ധങ്ങൾക്കുവേണ്ടി അധ്യാപകർ തുടങ്ങിയതാണ് 'സമാലോചന'. ശ്രുതി, ശിൽപശാല തുടങ്ങി നിരവധി കാമ്പസ് മാസികകൾ പിന്നീട് പുറത്തിറങ്ങിയെന്നത് ആഹ്ലാദകരമായ വസ്തുതയാണ്.

വർഷാവസാനം ഡിപ്പാർട്ട്മെന്റ് തലത്തിലല്ലാതെ, എല്ലാ സീനിയർ വിദ്യാർത്ഥികൾക്കുമായി കോളേജ് തലത്തിൽ ഒരു യാത്രയയപ്പ് തുടങ്ങിയത് പിന്നീടാണ്. 'പാഥേയം' എന്ന പേരോടെ. ജീവിതയാത്ര തുടങ്ങുന്നവർക്കു തറവാട്ടിൽനിന്ന് വിഭവസമൃദ്ധമായ പാഥേയം (പൊതിച്ചോറ്) കൊടുത്തയക്കേണ്ടതു കാരണവന്മാരുടെ കടമയാണല്ലോ.

ആകാശവാണിയുടെ 'യുവവാണി'യിലേക്ക് പാട്ടും കവിതയും ചർച്ചയും പ്രഹസനവുമൊക്കെ റെക്കോർഡു ചെയ്യാൻ കോളേജ് ബസിൽ തിരുവനന്തപുരത്തേക്കുള്ള യാത്രയും അപൂർവ്വം ചില സന്ദർഭങ്ങളിൽ എഐആർ ഇവിടെയെത്തി റെക്കോർഡു ചെയ്തു

കൊണ്ടുപോയതും വിദ്യാർത്ഥികൾക്ക് ഏറെ പ്രചോദനം നൽകിയിട്ടുണ്ട്.




ശക്തമായി പ്രവർത്തിച്ചുകൊണ്ടിരുന്ന നാഷണൽ സർവീസ് സ്കീം ആശയപ്രചാരണത്തിനുവേണ്ടി അധ്യാപകരെഴുതിയ തെരുവുനാടകങ്ങൾ മാവേലിക്കരയിൽ വിവിധ ഭാഗങ്ങളിൽ അവതരിപ്പിച്ചതും ഓർമ്മയിലെത്തുന്നു.

അടിയന്തരാവസ്ഥക്കാലത്ത് ‘മനുഷ്യൻ മനുഷ്യനെതിരെ’ എന്ന കാർട്ടൂൺ പ്രദർശനം (ഒ.വി. വിജയന്റെ ഒറിജിനൽ കാർട്ടൂണുകൾ) നടത്തുവാനുള്ള ധീരത ‘സത്യം നമ്മെ സ്വതന്ത്രരാക്കു’മെന്നുള്ള പൂർണവിശ്വാസംകൊണ്ട് ഉണ്ടായതുതന്നെ.

ഗവൺമെന്റിന്റെ സയൻസ് ആന്റ് ടെക്നോളജി വകുപ്പ് അഖില കേരളാടിസ്ഥാനത്തിൽ നടത്തിയ ചിത്രരചനാ മൽസരത്തിൽ ബിഷപ്പ് മൂർ കോളേജ് ടീം ഒന്നാംസ്ഥാനക്കാർക്കുള്ള ട്രോഫി നേടി. അന്നത്തെ മുഖ്യമന്ത്രി കെ.കരുണാകരനിൽനിന്നും അതു സ്വീകരിക്കാൻ കോളേജ് ബസിൽ തിരുവനന്തപുരം വി.ജെ.ടി. ഹാളിലേക്ക് യാത്രതിരിച്ചത് തികഞ്ഞ സന്തോഷത്തോടെയായിരുന്നു.

ഒട്ടേറെ ചെറുതും വലുതുമായ സംഭവങ്ങൾ മനസിലേക്ക് ഓടിയെത്തുന്നു. ഇവയൊക്കെ ചേർന്നാണ് ഒരു സ്ഥാപനത്തിന്റെ ശക്തിസൗന്ദര്യങ്ങൾ നിശ്ചയിക്കുന്നത് എന്നു തോന്നുന്നു. അനവധി അക്കാദമിക് നേട്ടങ്ങളെ മറന്നുകൊണ്ടല്ല ഇങ്ങനെ പറയുന്നത്. പ്രാധാന്യമില്ലെന്നു തോന്നുന്ന കാര്യങ്ങളെക്കുറിച്ച് ഓർമ്മിക്കുമ്പോൾ മിൽട്ടണിന്റെ വാക്കുകൾ ഓടിയെത്തും. ‘They also serve who stand and wait’

ഇതൊക്കെ മിഥ്യ എന്നു കരുതുന്നവർക്കുവേണ്ടി പൗലോ കൊയ്ലോ എന്ന പ്രശസ്തസാഹിത്യകാരന്റെ ലേഖനത്തിൽനിന്ന് ഒരു കഥ.

മെസറിച്ചിലെ ഡോവ് ബീറിനോട് ഒരാൾ ചോദിച്ചു: ‘പിന്തുടരാൻ പറ്റിയ ഏറ്റവും നല്ല മാതൃക ഏതാണ്?’ തന്റെ ജീവിതം എന്തിനുവേണ്ടി എന്നു സ്വയം ചോദിക്കാതെ ഈശ്വരനു സമർപ്പിക്കുന്ന ഭക്തരുടെയോ അതോ ഒരു അഗാധപണ്ഡിതന്റെയോ അതുമല്ല, ദൈവേച്ഛ മനസിലാക്കാൻ ശ്രമിക്കുന്ന വ്യക്തിയുടേതോ?

ഡോവ് ബീർ മറുപടി പറഞ്ഞു: ‘അതൊന്നുമല്ല. ഒരു പിഞ്ചുകുഞ്ഞിന്റെ മാർഗമാണ് പിന്തുടരാൻ ഏറ്റവും ഉത്തമം.’

‘അതെങ്ങനെ? കുഞ്ഞിന് എന്തെറിയാം? ‘യാഥാർഥ്യം’ എന്താണെന്നുപോലും അറിയില്ലല്ലോ?

ഡോവ് പറഞ്ഞു: ‘നിങ്ങൾക്കു തെറ്റിപ്പോയി. കുഞ്ഞിനു നാലു ഗുണവിശേഷങ്ങളുണ്ട്. അവ നാം ഒരിക്കലും മറക്കാൻ പാടില്ല.

ഒന്ന്: ഒരു കാരണവുമില്ലാതെ കുഞ്ഞ് എപ്പോഴും സന്തോഷവാനായി ഇരിക്കുന്നു.

രണ്ട്: അവൻ/അവൾ എപ്പോഴും തിടുക്കത്തിലാണ്.

മൂന്ന്: എന്തെങ്കിലും ഒന്ന് വേണമെന്ന് തോന്നിയാൽ കുഞ്ഞ് നിശ്ചയദാർഢ്യത്തോടെ അതിൽ ഉറച്ചുനിന്ന് അത് ആവശ്യപ്പെട്ടുകൊണ്ടേയിരിക്കും.



നാല്: കരച്ചിൽ പെട്ടെന്നു തന്നെ നിറുത്തുന്ന കാര്യത്തിൽ അവൻ/അവൾ അദ്വിതീയനാണ്.’

ചുരുക്കത്തിൽ നിഷ്കളങ്കതയോടെ ഉദാത്തമായ വസ്തുക്കളെയും തീരെ അപ്രധാനമെന്നു തോന്നിക്കുന്ന കാര്യങ്ങളെയും നോക്കിക്കാണുക. ലാളിത്യത്തെക്കുറിച്ച്, നിശ്ചയദാർഢ്യത്തെക്കുറിച്ച്, സ്നേഹത്തെക്കുറിച്ച്, സംതൃപ്തിയെക്കുറിച്ച് ഒക്കെ അതു നമ്മെ പഠിപ്പിക്കും. സഹജീവിയെക്കുറിച്ചുള്ള ചിന്ത, അവരോടുള്ള സ്നേഹമസൃണമായ സമീപനം, അവരുടെ കാര്യങ്ങളിലുള്ള ശ്രദ്ധ, സഹായിക്കാനുള്ള മനസ്ഥിതി ഇവയൊക്കെ വളർന്നുവരും. ഇതിൽ കൂടുതൽ മനുഷ്യജീവിതത്തിന് എന്താണു വേണ്ടത്?





റോജിൻ പൈനുംമൂട്
(1993 - 98 ബാച്ച്)
ബിഷപ്പ് മൂർ കോളേജ്

# സൗജന്യം എന്ന സൗകര്യം

ന്റമ്മേ........., ഇങ്ങനേം ഉണ്ടോ സ്നേഹമുള്ള ആളുകൾ. ഈ ദൈവത്തിന്റെ സ്വന്തം നാട്ടിൽ ജീവിച്ചിട്ട് മതിയാകുന്നില്ല. “എന്റീശ്വരാ...... ഒരഞ്ചാറു ജന്മം കൂടി ഈ നാട്ടിൽ ജീവിക്കാൻ ഇടം തരണേ.....”. പട്ടണത്തിലെ പ്രമുഖ വസ്ത്രവ്യാപാരശാലയിൽ നിന്ന് ഇറങ്ങിയതിനുശേഷമാണ് ഈശ്വരനെ വാസുക്കുട്ടൻ ഈ പ്രാർത്ഥനകൊണ്ട് സ്വസ്ഥത കെടുത്താൻ തുടങ്ങിയത്. അഞ്ഞൂറു രൂപ വിലയുള്ള ഷർട്ടിന്റെ തുണിക്ക് വെറും ഇരുന്നൂറ്റമ്പതു രൂപ മാത്രം. ഇരുന്നൂറ്റമ്പതു രൂപ വാസുക്കുട്ടനു ലാഭം. നാളെ ഞായറാഴ്ചയാണല്ലോ കുറച്ച് ചിക്കൻ വാങ്ങിയേക്കാം എന്നു കരുതിയപ്പോൾ അൻപതു രൂപ വിലയുള്ള ചിക്കന് വെറും ഇരുപത്തഞ്ചു രൂപ മാത്രം.

പട്ടണത്തിൽ വന്നതല്ലേ ഒരു ചെക്കപ്പ് നടത്തിയേക്കാം എന്നു കരുതി പ്രശസ്ത ഡോക്ടറുടെ അടുത്തേക്ക്; അങ്ങേര് പറഞ്ഞ ലാബിൽ പോയി മലമൂത്രാദികൾ പരിശോധിച്ചപ്പോൾ പ്രഷർ ചെക്ക് ചെയ്തതിന് കാശ് വേണ്ടത്രേ. സ്കൂട്ടറിൽ തിരികെ വീട്ടിലേക്ക് വരുമ്പോൾ ഹെൽമറ്റില്ലാതെ യാത്ര ചെയ്തതിന് പിഴ നൽകിയ പോലീസിന്റെ വകയും സൗജന്യം. നൂറു രൂപ പിഴ അടയ്ക്കുന്നതിന് പകരം അൻപത് രൂപ പോക്കറ്റിൽ വെച്ചു കൊടുത്താൽ മതി; രസീതില്ലെന്നുമാത്രം. ഹോ..... എന്തൊരു സ്നേഹം ഇതാണ് ജനമൈത്രീ പോലീസ്! ജോലിയും കൂലിയും ഇല്ലാത്ത അയൽക്കാരൻ പയ്യന് നൂറു പവനും, ഒരു കാറും, വീടും മറ്റുസ്വത്തുക്കളുമുള്ള ഏക അവകാശിയായ പെൺകുട്ടിയെ വധുവായി ലഭിച്ചപ്പോൾ മുതലാണ് വാസുക്കുട്ടനു സൗജന്യങ്ങളുടെ പിന്നിലെ അത്ഭുതങ്ങൾ മനസിലായത്. വിവാഹം കഴിഞ്ഞു മാസം നാലായപ്പോൾ അവനു സൗജന്യമായി മറ്റൊരാളുടെ വക ഒരു കുഞ്ഞിനെക്കൂടി കിട്ടിയത്രേ.

ഇരുന്നൂറ്റമ്പതു രൂപയുടെ തുണികൊണ്ട് തയ്പിച്ച ഷർട്ട് ഇട്ടുകൊണ്ടു നടന്നപ്പോഴാണ് നാട്ടിൻപുറത്തെ ജൗളിക്കടയിൽ അതേ തുണി നൂറ്റമ്പതു രൂപയ്ക്ക് ഇരിക്കുന്നതു കണ്ടത്. ചിക്കൻകറി കഴിച്ച് വീട്ടിലെ കുഞ്ഞുകുട്ടി പരാധീനങ്ങൾ മുഴുവനും അതിസാരം പിടിച്ച് ആശുപത്രിയിലായപ്പോൾ മനസിലായി പക്ഷിപ്പനി പിടിച്ച കോഴിയായിരുന്നു അതെന്ന്. മുകളിൽ പറഞ്ഞ ഡോക്ടറുടെ അളിയന്റെ വകയായിരുന്നു ആ ലാബ്. പിഴ തരാതെ വിട്ട പോലീസുകാരന്റെ ‘ജനമൈത്രി’ പരിപാടിയിലൂടെ നേടിയ സമ്പാദ്യം അയാളുടെ ഇരുനില വീട് കണ്ടപ്പോൾ മനസിലായി; സർക്കാരിന്റെ ഖജനാവ് ചോരുന്ന വിധവും.

വസ്ത്രവ്യാപാരശാലയിൽ നിന്നും വെറുതെകിട്ടിയ തൂവാലയിൽ നിന്നു നിറം പടർന്ന് മുഖത്ത് അലർജി പിടിച്ചപ്പോൾ മുതലാണ് വാസുക്കുട്ടന് ഈ സൗജന്യങ്ങളെ ശരിക്കും പേടിയായി തുടങ്ങിയത്. അപ്പോൾ വാസുക്കുട്ടൻ മനസിൽ ഇങ്ങനെ പ്രാർത്ഥിച്ചു. “എന്റീശ്വരാ......... എനിക്കീ സൗജന്യങ്ങളുടെ നാട് മതിയായേ.........”



• Manfrs., dealers & channel partners
• Laboratory equipment
• Laboratory glass wares
• Chemicals
• Research equipment
• Authorized stockist –
NICE CHEMICALS, COCHIN,
KAMALJEETH INSTRUMENTS.
DEALERS- OSAW PHYSICS ,
INDOSAW PHYSICS, ERMA Japan,
HANNA, NAGEOTTE, PARCO,
DOLLAR, INSTECH, APLAB,
MERCK, CDH, LOBA, HIMIDIA
BOROSIL, STIEN, COLE PARMER,
whatman, indosaw, equitron, REMI,
ROTEK
• Industrial products from-
osaw industrial products,
GUNT-Germany, VERNIER-USA
FOR ALL ADVANCED RESEARCH EQUIPMENTS,
ALSO WE CAN DESIGN APPARATUS FOR PHYSICS
KELVIN LABS
(Estd 1994 )
COLLEGE JUNCTION, KAYAMKULAM,
ALAPPUZHAKERALA-690502
Phone-0479-2447788, Mob - 08289887820, 9447102221
Web-www.kelvinlabs.in, Email-kelvinlabsindia@gmail.com




Terms and Conditions apply*
INDIA'S FIRST MOBILE PASSBOOK, FROM FEDERAL BANK
• Tag, search and filter transactions
• Live notifications
• View passbook even when offline
• View deposit and loan accounts
FED Book
To register for Fedbook, SMS Fedbook <Space> 14 digit account number to +919895088888 or 5676762
24x7 PHONE BANKING
1800 425 1199
1800 420 1199
www.federalbank.co.in
FEDERAL BANK
YOUR PERFECT BANKING PARTNER

# life with my long lost friend



Prof. Achyamma C Thomas (Retd.)
Dept. of English
Bishop Moore College

It was in 1969 that I joined Bishop Moore College as a junior lecturer in English. After thirtyfour years of service I left the portals of this great college. Nostalgic memories of those thirtyfour years linger in my mind. Let me write down a few of them.

I came to the college for the first time in July 1969. But the college was not new to me. From 1964 onwards my father, in our family prayers used to pray for the college and its principal Rev. K.C. Mathew. So when I came here to become a part of this great institution, it was as if I were coming to meet a long-lost friend. I firmly believe that the college was built, brick on brick supported by the prayers of hundreds of ordinary people. May our college continue to be a centre of life and light for years to come.

We have heard a lot about the privations of the college in the early years, it's coming into being out of nothing, the thatched sheds where the classes were held and all that but there were many things unique about the college. First of all, there was an amazing sense of unity that bound the college community together.

Our Principal taught us and we believed that it was not a college community but the Bishop Moore Family. We, the members of the staff were proud that we were working in Bishop Moore College and the students were proud that they were students of this college. There was a strong bond of mutual love and respect among the teachers and students. The students were very close to the teachers but that closeness never exceeded the bounds of respect. Each one considered himself to be a part of something greater than him.

The most striking feature of the college was the strict academic atmosphere. The watchful eyes of our Principal were everywhere and always. No student or staff member could escape his prying eyes. He often reminded us that we were teachers twentyfour hours and that we were living in glass houses. During the working hours straying bands of idling students could not be found. No teacher ever resented going to substitution classes. It was during such periods that teachers and students could develop a better understanding of each other.

When my mind goes back to those days, one thing I remember most is the morning staff prayer in the Principal's office. This prayer, I believe, had a becalming effect on the minds and it gave a new strength to face the day.

The college Arts festival and its culmination, the college day celebrations were the most colorful events. The festival witnessed the active participation of the students and teachers. There would be competitions in many items - dance, drama, music, mono act etc. These were held in the quadrangle in front of the college (where the new chapel has been built). I, even now, after a gap of 45 years remember Mr. John of the Economics batch singing 'sangamam' and Valsan Thampu of English (The Rev. Dr. Valsan Thampu) singing 'Nagaram Nagaram'. Onam and Christmas were celebrated with due grandeur. The floral carpet competition and the Christmas tree competitions highlighted the active participation of all students.

My memory record will not be complete without a mention of the college choir headed by Prof. D.G. Isaacs. Famous songs like 'there is a church in the valley' and 'soft o'er the mountain' still linger in my mind. Prof. D.G. I was a severe task master when it came to music. The college choir had its recitals on the AIR also. Prof. D.G. Isaacs has passed away; so have many members of the college choir- Prof. M.C. Varghese, Rev. Pothan Philip, Prof. Rajan Varghese, Prof. Annie Bessy Oommen and Prof. Thankamony George. Let us hope that they have joined the heavenly band of singers.

In those early years the college had no stadium and the sports meet was held on the BH ground. There also the most remarkable features were the whole hearted participation of all.

One of the staff excursions remains alive in my mind. The teachers and their family members were on a trip to Thekkady. The boating began as an exciting event but all excitement got frozen when the boat came to a standstill. There about some fifty yards ahead stood a huge elephant, blocking our way. The crew tried to reassure us but we knew that they were also afraid. The tusker was staring at the boat with piercing eyes. It was sure that if he charged, we would all be meeting our watery grave. Panic and trepidation prevailed. Then, all of a sudden, a herd of elephants appeared by the lakeside. They saw and they knew what was happening. The whole herd swam towards the lone elephant and drove him away to the other side. Then they went back, as if nothing had happened.

Before I conclude this short account, let me mention two great persons of the community who have left indelible marks on my mind. One is Rev. K.C. Mathew, the founder-Principal of the college. His foresight optimism, trust in God and trust in himself have given the college a local habitation and a name. The other person is Prof. Anna Verghis, lovingly called Molly Kochamma. She has been a brilliant teacher and a strict disciplinarian. She is a storehouse of cheerfulness and self confidence. A good wife, a good mother, a good teacher, a good servant of God, she has won over the hearts of her colleagues and students with her dedication and fortitude. I take her to be a symbol of Indian womanhood. Persons like Rev. K.C. Mathew and Prof. Anna Verghis are the salt of the earth. I consider it a proud gain having worked with them. The impact of such people on the community is too great to lose. May they continue to be sources of strength and inspiration to many.






പ്രഫ.(റിട്ട) ജോർജ് ജേക്കബ്
ഡിപ്പാർട്ട്മെന്റ് ഓഫ് മാത്സ്
ബിഷപ്പ് മൂർ കോളേജ്

# ഓർമയിൽ ഓജസോടെ രജതജൂബിലി

സുവർണ്ണജൂബിലി ആഘോഷിക്കുന്ന ബിഷപ്പ് മൂർ കോളേജിന് എല്ലാ ആശംസകളും ആദ്യംതന്നെ നേരുന്നു. സിഎസ്ഐ മദ്ധ്യകേരള മഹായിടവക മിഷനറി ആഗമനത്തിന്റെ 200-ാം വാർഷികനിറവിൽ നിൽക്കുമ്പോൾ, തദ്ദേശീയ പ്രയത്നത്തിൽ കെട്ടിപ്പടുത്ത ഈ സ്ഥാപനം 50-ാം വാർഷികം ആഘോഷിക്കുന്നത് ഏറെ പ്രത്യേകതയുണർത്തുന്നു. 25 വർഷങ്ങൾക്കു മുമ്പുനടന്ന രജതജൂബിലി ആഘോഷങ്ങൾ അതിനു നേതൃത്വംകൊടുത്ത എല്ലാവരെയും ഇന്നും ആവേശം കൊള്ളിക്കുന്നു. 1964-ൽ കേരളത്തിൽ ആരംഭിച്ച കോളേജുകളിൽ ഏറ്റവും മുൻനിരയിൽ അന്നുതന്നെ ബിഷപ്പ് മൂർ കോളേജ് സ്ഥാനം ഉറപ്പിച്ചിരുന്നു. ഏറ്റവും നല്ല അധ്യാപകരെ നിയമിക്കുവാൻ സഭാനേതൃത്വം തയാറായി എന്നുള്ളതാണ് അതിനുള്ള പ്രധാനകാരണം. അന്ന് അധ്യാപകരായി പ്രവർത്തിച്ച പലരും പിന്നീട് വിവിധ മേഖലകളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

രജതജൂബിലി സുവനീറിൽ അന്നത്തെ ബിഷപ്പും മാനേജരുമായിരുന്ന റൈറ്റ്. റവ. എം.സി. മാണി തിരുമേനി, വിദ്യാഭ്യാസസ്ഥാപനങ്ങളോടുള്ള സഭയുടെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. കോളേജ് നടത്തിപ്പിൽ പ്രിൻസിപ്പലിനും അധ്യാപകർക്കും പരിപൂർണ സ്വാതന്ത്ര്യം നൽകിയിരുന്നു. പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ, കോളേജിന്റെ വികസനത്തിന് അനുയോജ്യമായ രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യാനും നടപ്പാക്കാനും സ്വാതന്ത്ര്യമുണ്ടായിരുന്നു. കോളേജിനെ മുൻനിരയിലേക്ക് എത്തിക്കാനും വിജയകരമായി രജതജൂബിലി ആഘോഷിക്കാനും സഭയുടെ ഈ നിലപാട് സഹായകരമായിത്തീർന്നു.

രജതജൂബിലി അഞ്ചുവർഷം നീളുന്ന വൻപരിപാടിയായി നടത്തണമെന്നു കോളജ് സെനറ്റിൽ (ഇന്നത്തെ സ്റ്റാഫ് കൗൺസിൽ) നിർദേശം വന്നപ്പോൾ എല്ലാവരും അത് അംഗീകരിക്കുകയും കോളേജ് സമൂഹം അത് ഏറ്റെടുക്കുകയും ചെയ്തു. എല്ലാ ജീവനക്കാരും അതിനായി ഒരുമാസത്തെ ശമ്പളം സ്വമേധയാ നൽകാൻ തീരുമാനിച്ചത് നല്ല തുടക്കമായി. കോളേജിലെ എല്ലാ ഡിപ്പാർട്ട്മെന്റുകളും 5 വർഷത്തേക്കുള്ള പരിപാടികൾ തയാറാക്കുകയും അവ പ്രാവർത്തികമാക്കുകയും ചെയ്തു. തികച്ചും ആസൂത്രിതമായ രീതിയിൽ വിവിധ കമ്മറ്റികൾ അക്ഷീണം പ്രവർത്തിച്ചതിന്റെ ഫലമായി 'ബിഷപ്പ് മൂർ കോളേജ് കുടുംബം' എന്ന ആശയം എങ്ങനെ പുരോഗതിക്ക് അനുകൂലമാക്കാമെന്നു തെളിയിക്കപ്പെട്ടു.

കേരളത്തിലെ അക്കാലത്തെ പ്രഗൽഭരുടെ ഒരു വലിയ നിരതന്നെ 84-89 കാലഘട്ടത്തിൽ കോളജിൽ എത്തുകയുണ്ടായി. ഗവർണർമാർ, രാഷ്ട്രീയനേതാക്കൾ, ശാസ്ത്രജ്ഞർ, സഭാനേതാക്കൾ, കലാകാരന്മാർ, സാംസ്കാരിക നേതാക്കൾ, വൈസ്ചാൻസലർമാർ, സിനിമാതാരങ്ങൾ തുടങ്ങിയവർ സംബന്ധിച്ച വിവിധ പരിപാടികൾ കോളേജിന്റെ പ്രശസ്തി വർധിപ്പിച്ചു. ലോകപ്രശസ്ത

നർത്തകി ശ്രീമതി. മൃണാളിനി സാരാഭായ് മാവേലിക്കരയിൽ എത്തിയത് അന്നു വൻവാർത്തയായിരുന്നു. അക്കാദമിക് കാര്യങ്ങൾക്കു കൂടുതൽ പ്രാധാന്യം നൽകിയതു നല്ല തീരുമാനമായി അംഗീകരിക്കപ്പെട്ടു. ആ പാരമ്പര്യം ഇപ്പോഴും തുടരുന്നു എന്നുള്ളത് അഭിമാനകരമാണ്.

രജതജൂബിലി ആഘോഷങ്ങൾ ഒരു വലിയ കൂട്ടായ്മയുടെ വിജയമായിരുന്നു എന്നുള്ളതാണ് ഏറ്റവും പ്രധാനം. മാനേജ്മെന്റ്, പ്രിൻസിപ്പൽ, അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ, പൂർവ്വവിദ്യാർത്ഥികൾ, മാവേലിക്കരയിലെ പൊതുസമൂഹം എന്നിവർ കൂട്ടായി ഏറ്റെടുത്ത സംരംഭം എന്നു പറയുന്നതിൽ ഒട്ടുംതന്നെ അതിശയോക്തിയില്ല. കോളേജിനു സ്വന്തമായി ഒരു ഓഡിറ്റോറിയം എന്ന സ്വപ്നം സാക്ഷാൽക്കരിച്ചത് ഈ കൂട്ടായ്മയുടെ തെളിവാണ്. 84-89 വർഷങ്ങളിലെ കോളേജ് യൂണിയൻ ഭാരവാഹികൾ ഈ ആഘോഷങ്ങൾക്കു നേതൃത്വം നൽകി. ഓഡിറ്റോറിയത്തിന്റെ പണപ്പിരിവിനുവേണ്ടി വിവിധ സ്ഥലങ്ങളിൽ അധ്യാപകരുടെ സംഘങ്ങൾ എത്തുമ്പോൾ വഴികാട്ടാൻ കാത്തുനിന്ന വിദ്യാർത്ഥികളെ എങ്ങനെ മറക്കാൻ സാധിക്കും? ആ വർഷങ്ങളിൽ ഉണ്ടായ സൗഹൃദങ്ങളും പരിചയപ്പെടലുകളും ഇപ്പോഴും ഓർമ്മയിൽ തങ്ങിനിൽക്കുന്നു.

രജതജൂബിലി ആഘോഷങ്ങൾക്കു നേതൃത്വം കൊടുത്ത പലരും കഴിഞ്ഞ 25 വർഷങ്ങൾക്കുള്ളിൽ കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയിട്ടുണ്ട്. അവരുടെ സേവനങ്ങളെ സ്മരിക്കുന്നതിനും ഈ അവസരം ഉപയോഗിക്കുന്നു. മാവേലിക്കരയിലെ പൊതുസമൂഹവുമായി അധ്യാപകർക്കുണ്ടായിരുന്ന നല്ല ബന്ധങ്ങളാണ് രജതജൂബിലി സ്മരണിക മാവേലിക്കരയുടെ ചരിത്രത്തെ മുൻനിർത്തിയുള്ളതാകണമെന്ന തീരുമാനത്തിലേക്കു നയിച്ചതെന്നു പറയാം. ഏതായാലും, ആ തീരുമാനം വളരെ നന്നായി എന്നു പിൽക്കാല അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. മാവേലിക്കരയെപ്പറ്റിയുള്ള ഒരു റഫറൻസ് ഗ്രന്ഥമായി രജതജൂബിലി സ്മരണിക മാറി. 25 വർഷങ്ങളിലെ ചരിത്രം അന്വേഷിച്ചപ്പോൾ, 7 വർഷങ്ങളിലെ 'വിദ്യാസരിത്' ലൈബ്രറിയിൽ ഉണ്ടായിരുന്നില്ല. അധ്യാപകരുടെയും ചില പൂർവ്വവിദ്യാർത്ഥികളുടെയും വീടുകൾ കയറിയിറങ്ങിയപ്പോൾ ഇവയുടെ ചില കോപ്പികൾ ലഭിച്ചതും ഓർക്കുന്നു. സമൂഹനന്മയ്ക്ക് ഉതകുംവിധം ഒരു സ്ഥാപനം കെട്ടിപ്പടുക്കുന്നതിൽ സഹകരിച്ചു എന്ന അഭിമാനം എല്ലാവരും ഇന്നും മനസിൽ സൂക്ഷിക്കുന്നുണ്ടെന്നതിനു ഇതിൽപ്പരം എന്തു തെളിവുവേണം?.

ബിഷപ്പ് മൂർ കോളേജിന്റെ നേതൃത്വത്തിൽ ആരംഭിച്ച ബിഷപ്പ് മൂർ വിദ്യാപീഠ് 1989-ൽ തന്നെ അറിയപ്പെടുന്ന വിദ്യാലയമായി വളർന്നിരുന്നു. അതിനുശേഷം കായംകുളത്തും ചേർത്തലയിലും ബിഷപ്പ് മൂറിന്റെ നാമത്തിൽ രണ്ടു ഹയർസെക്കന്ററി വിദ്യാലയങ്ങൾകൂടി നിലവിൽ വന്നതും എടുത്തുപറയേണ്ട നേട്ടങ്ങളാണ്. ആ രണ്ടു സ്ഥാപനങ്ങളും ആരംഭിച്ചതും സ്വയംപര്യാപ്തതയിൽ എത്തിച്ചതും മാവേലിക്കര ബിഷപ്പ് മൂർ വിദ്യാപീഠിന്റെ നേതൃത്വത്തിലാണ്. ദ്വിശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി അടൂരിൽ ശ്രവണവൈകല്യമുള്ള കുട്ടികൾക്കുവേണ്ടി 'ബിഷപ്പ് മൂർ കോളേജ് ഫോർ ദി ഹിയറിംഗ് ഇംപയേർഡ്' എന്ന പേരിൽ ഒരു ഉന്നതവിദ്യാഭ്യാസകേന്ദ്രം കഴിഞ്ഞവർഷം ആരംഭിക്കുകയുണ്ടായി. മാവേലിക്കര, കായംകുളം, ചേർത്തല വിദ്യാപീഠങ്ങളാണ് അതിനുവേണ്ട സഹായം ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്. സുവർണ്ണജൂബിലി ആഘോഷിക്കുമ്പോൾ ബിഷപ്പ് മൂറിന്റെ പേരിലുള്ള 5 വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ആദ്യത്തേത് ബിഷപ്പ് മൂർ കോളേജാണെന്ന കാര്യത്തിൽ അഭിമാനിക്കാൻ വകയുണ്ട്. അടൂർ കോളേജിനുവേണ്ട അക്കാദമിക് സഹായങ്ങൾ നൽകാൻ ബിഷപ്പ് മൂർ കോളേജിനു ബാധ്യതയുണ്ട്. സഭയുടെ മിഷനറിദർശനത്തിന്റെ പ്രതിഫലനം കൂടിയാണ് അടൂരിലെ ഈ സ്ഥാപനം. മഹായിടവക കഴിഞ്ഞ രണ്ടുവർഷങ്ങൾക്കുള്ളിൽ മൂന്നു കോളേജുകൾകൂടി ആരംഭിക്കുകയുണ്ടായി. ഈ അഞ്ചു സ്ഥാപനങ്ങളിലുംകൂടി ഏതാണ്ട് 7000ത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്നു.

ബിഷപ്പ് മൂർ കോളേജിനു മുൻപിൽ ധാരാളം അവസരങ്ങളുടെ വാതിൽ തുറന്നുകിടക്കുന്നു. 1989-ൽ മാനേജർ റൈറ്റ്. റവ. എം.സി. മാണി തിരുമേനി, ബിഷപ്പ് മൂർ കോളേജ് ഭാവിയിൽ ഒരു സ്വയംഭരണ കോളേജായി വളരട്ടെ എന്ന് ആശംസിക്കുകയുണ്ടായി. എന്നാൽ, കേരളത്തിൽ കഴിഞ്ഞവർഷം മാത്രമാണ് സ്വയംഭരണ കോളേജുകൾ അനുവദിച്ചത്. അടുത്ത 10 വർഷത്തിനുള്ളിലെങ്കിലും ആ ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കാം.



of modernisation and improvement. The scheme for granting of autonomous status to outstanding colleges is welcomed by the U. G. C. and accepted by many States. Example of Madras Christian College and other colleges in Tamilnadu shows that autonomy induce students to work hard and in a sustained fashion and the staff to imbibe a new professionalism.

There are significant new things which the Bishop Moore College can do to become more effective in future and attain autonomous status when the scheme is introduced in our State. Above all education must create people who will go out in to society with integrity of character, with honesty and uprightness and with willingness to work hard. So religious education should form a very important part in our scheme of education, but religious education understood in the widest sense.

Excerpt from the message in the Silver Jubilee souvenir by Rt. Rev. M. C. Mani

അഞ്ചു സംസ്ഥാനങ്ങളിലും ജാഫ്നയിലുമായി 22 മഹായിടവകകൾ ഉൾപ്പെട്ട ദക്ഷിണേന്ത്യാസഭയുടെ കീഴിൽ നൂറിലധികം ഒന്നാംനിര കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. സിഎസ്ഐ സിനഡ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുതിയ മുന്നേറ്റങ്ങൾ നടത്തുവാൻ തയാറായിക്കൊണ്ടിരിക്കുന്നു.

അതിന്റെ ഭാഗമായി ഈ കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ യോഗം ചെന്നൈയിൽ വിളിച്ചുകൂട്ടിയിരുന്നു എന്നും ഒരു സ്വകാര്യ സർവ്വകലാശാല എന്ന ആശയം സിഎസ്ഐ പരിഗണിക്കുന്നു എന്നും സിനഡ് ഭാരവാഹികളിൽനിന്നും കേൾക്കുകയുണ്ടായി. ഇത്രയും വലിയ ഒരു സംവിധാനത്തിന്റെ ഭാഗമായ ബിഷപ്പ് മൂർ കോളേജിന്റെ മുൻപിൽ തുറക്കപ്പെടുന്ന അവസരങ്ങൾ വരുംവർഷങ്ങളിൽ കോളേജിനെ ഉയരങ്ങളിലേക്കു നയിക്കട്ടെ എന്ന് ആശംസിക്കുന്നു.

# En route to Greater Heights

Set in the lap of history, Mavelikara has always played a significant role in the annals of Kerala history. Etymologically the term Mavelikara, can be traced to the legendary Mahabali. While the root word 'kara' means 'land', what was once known as Mahabalikara (the land of Mahabali) came to be synonymous to Mavelikara.

This bountiful land is also known as the store house of grain. In the 1900s the Dalava or the territorial ruler had his regional headquarters functioning at Mavelikara. It was during his reign, Mavelikara became the revenue center of Travancore. Also, Mavelikara is known as the maternal house of the king of Travancore.

Christianity existed in Kerala from the very beginning of the first century, and the ecclesiastical history of Mavelikara is seen to be as old as Kerala history. In 1833, Rev. Joseph Peet reached Malankara. He was fundamental in building one of the most beautiful churches Kerala had ever seen, The Christ church, Mavelikara.

The Church of South India (CSI) which continued its legacy of Christianity from CMS cannot be overlooked. The educational institutions conceptualized, undertaken and successfully run were intended to cater to the growing academic needs of the community. This gave birth to primary schools, high schools and colleges including a teacher training college. Bishop Hodges High school, Peet Memorial Training College, Bishop Moore College, Bishop Moore Vidyapith Mavelikara, Bishop Moore Vidyapith Kayamkulam, Bishop Moore Vidhyapith Cherthala are institutions that have moulded generations of students who drifted through its portals. What is worth remembering is the role of the vicar of Christ church Mavelikara, Rev. C.I. Abraham in the inception of Bishop Moore College. Today, the college aims at an integral personality development of the young minds. It strives to produce intellectually competent, morally upright, socially committed, spiritually inspired and patriotic men and women for the service of the mankind.

In the last several years, Bishop Moore College, has surely excelled in many areas, making a remarkable presence in the field of higher education. Some areas needing special mention are:

• Total Quality Management ( TQM ) - TQM is a philosophy and system for continuously improving the services or products offered to the students • Total Computer Literacy (TCL) - This programme is aimed at providing computer literacy to all the students of the college. •IT assisted teaching • Computer training for administrative staff • Digital library network • College office automation • Broadband internet connectivity • College Campus Network (CCN) • College website • E-Learning Center • Common Instrumentation center •Campus development plan • Language Lab • The status of the college with potential for excellence by the UGC • NAAC reaccreditation

En route to greater heights, the college has the potential to cater to the growing needs of the society and in molding worthy citizens for the nation.





Prof. (Rtd) George Kurien
Bursar
Bishop Moore College

# TRINITY ADVENTIST ACADEMY

Power House Junction, Mavelikara

*RAISING THE NEW GENERATIONS*

“ The school is designed to train a new generation of children who will be spiritually, physically, and intellectually balanced personalities. ”

## ADMISSION STARTED FOR PLAY SCHOOL, LKG & UKG (2015-16)

### SALIENT FEATURES

- Integrated learning experience by using latest & appropriate media.
- Well furnished & temperature controlled classrooms.
- CCTV cameras in classrooms connected to internet.
- Accessibility to classrooms through 3G smart phones.
- Well-designed teaching aids and toys.
- Formulated to create brilliant minds.
- Play sets under UV rays protected roof.
- Unique fee structure.





- Value added education.
- Individual attention to students.
- Language proficiency in three languages: English, Hindi & Malayalam.
- Nutritious and delicious breakfast, lunch and snack.
- Extra-curricular activities: Art & Craft.
- Computer and music sessions for kid’s movies & rhymes.
- Facility open from 6:30 am to 6:00 pm for before & after care.



**NO Donation**

For details contact:
Tel: 0479-2302562, 9497631615, 9447789187
E-mail: taamavelikara@hotmail.com
Trinity-Adventist-Academy-Mavelikara

# BMS TO BMC



Rajasekharan
(1973-76 Batch)
General Manager
New India Assurance Co. Ltd.
Mumbai

Circa 1973, March to be precise, I had landed at Mavelikara at an young impressionable age of 17 years, eager to explore one's native place. I had returned to Kerala virtually after 16 years, high on expectations and very nervous about college life.

Back to Mavelikara, my Late father's advice rang a bell, 'Select a subject you are comfortable with and try to excel in it'. I had only 'Hobson's Choice' – English Language and Literature(Main) with Political Science and History of England as subsidiary papers. There was no one to help or assist, so I went to college alone. However, father's classmate Late Kurien Uncle, the then Office Supdt. and Prof. George Kurien's father guided me. May his soul rest in peace.

**1st Year B.A. (December 1973 - March 1974)**

We had the shortest duration of 3 months for the first year graduation. Classes from the end of December 1973 to March 1974. Our Alma Mater was sadly involved in an agitation which shook the whole education sector of the state. Our course commenced after the darkest period in the history of the college. We had girls for classmates and was very nervous since I came from a boys only school. I knew only a smattering of Malayalam so was ill at ease with classmates. I was one of the very few students in the college who wore a pair of trousers, which was due to compulsion and not style. Sadly, I did not know to wear a Mundu. I got the two pairs of trousers stitched in Ernakulam after a tailor in Mavelikara made a Pyjama of my Pant piece. I remember the trip to Ernakulam under the guise of selecting pant-pieces and to give measurements. Later I mastered the art of wearing a Mundu and the ultimate achievement was mounting a bicycle with a Mundu intact. I used my father's bicycle as youngsters' prized a two-wheeler today. The first year in college was over in a jiffy and there were no year end exams in March / April 1974.

**2nd Year B.A. (June 1974 – March 1975)**

ചെറുപ്പക്കാരനായ റവ. കെ.സി. മാത്യുവായിരുന്നു അന്നത്തെ പ്രിൻസിപ്പൽ. തൂവെള്ള ളോഹയും ധരിച്ച് സൗമ്യമായ മുഖത്ത് നേർത്ത പുഞ്ചിരിയുമായി സദാ കാണാൻ കഴിഞ്ഞിരുന്ന പ്രിൻസിപ്പലിനെ പക്ഷേ, ഞാനടക്കം എല്ലാവർക്കും പേടിയായിരുന്നു. കാരണം അച്ചടക്കത്തിന്റെ കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും അദ്ദേഹം തയാറായിരുന്നില്ല.

പ്രീഡിഗ്രിക്ക് ചേർന്ന ആദ്യദിവസം തന്നെ ഞങ്ങൾക്കത് അദ്ദേഹം ബോധ്യപ്പെടുത്തിത്തരികയും ചെയ്തു. പുതിയ ബാച്ചിലെ 540 കുട്ടികളെയും ഓഡിറ്റോറിയത്തിലേക്ക് കൊണ്ടുവന്ന് അഭിസംബോധന ചെയ്ത അവസരത്തിൽ, നിങ്ങൾ വെറും കോളേജ് വിദ്യാർത്ഥികളല്ല, മറിച്ച് സർവ്വകലാശാലാ വിദ്യാർത്ഥികളാണ് എന്ന ആദ്യത്തെ പ്രസ്താവനയോടെ തന്നെ അദ്ദേഹം ഞങ്ങളെ കയ്യിലെടുത്തു. ആ പുതിയ സ്ഥാനലബ്ധിയിൽ ഏതു കുട്ടികളാണ് ഹർഷപുളകിതരാകാത്തത്?

പക്ഷേ, ചില നിയന്ത്രണങ്ങൾ തൊട്ടുപിന്നാലെ വന്നു. ആൺകുട്ടികൾ അവർ എത്ര ചെറിയവരായാലും നിക്കർ ധരിച്ചുകൊണ്ട് കോളേജിൽ വരാൻ പാടില്ല. ഒന്നുകിൽ മുണ്ട് അല്ലെങ്കിൽ പാന്റ്സ് നിർബന്ധം. ഫുൾ ഷർട്ടിന്റെ സ്ലീവുകൾ ചുരുക്കി കയറ്റിവയ്ക്കാൻ പാടില്ല. വൃത്തിയായി മടക്കിത്തന്നെ വയ്ക്കണം. ഷർട്ടിന്റെ ഏറ്റവും മുകളിലത്തെ ബട്ടൺ തുറന്നിടാൻ പാടില്ല. പെൺകുട്ടികൾക്കുമുണ്ടായിരുന്നു നിബന്ധനകൾ. മിനിസ്കർട്ട് ധരിച്ചുകൊണ്ട് കോളേജിൽ വരാൻ പാടില്ല. ഒന്നുകിൽ ഫുൾ സ്കർട്ട് അല്ലെങ്കിൽ ഹാഫ്സാരി. അന്ന് ചുരിദാർ ഇത്ര പ്രചുരപ്രചാരം നേടിയിരുന്നില്ല. സൽവാർ കമ്മീസ് ഹിന്ദി സിനിമകളിൽ മാത്രമേ കണ്ടിരുന്നുള്ളൂ.

ഓലമേഞ്ഞ ഷെഡ്ഡുകളിലായിരുന്നു പ്രീഡിഗ്രി ഒന്നാം വർഷ ക്ലാസുകൾ. ഒരു ക്ലാസിൽ 80 കുട്ടികൾ. പകുതിയോളം പെൺകുട്ടികൾ. ഗേൾസ് സ്കൂളിൽനിന്നും ബോയ്സ് സ്കൂളിൽനിന്നും പത്താംക്ലാസ് വരെ പഠിച്ചിട്ടുവന്നവർക്ക് മധുരതരമായ ഒരു അനുഭവമായിരുന്നു മിക്സഡ് ക്ലാസുകൾ. സെക്കന്റ് ഗ്രൂപ്പെടുത്താണ് ഞാൻ പ്രീഡിഗ്രി പഠിച്ചത്. രണ്ടാംഭാഷ മലയാളവും. ഉച്ചകഴിഞ്ഞു മിക്കദിവസവും പ്രാക്ടിക്കൽ ക്ലാസുകളായിരിക്കും. സുവോളജി ലാബിൽ വഴുവഴുപ്പുള്ള മണ്ണിരയെയും ചത്തുമലച്ച പാറ്റകളെയും തൊടാൻ മടിച്ച് അറപ്പോടെയായിരുന്ന ആദ്യദിനങ്ങൾ ഓർമ്മ വരുന്നു. ഫിസിക്സ് ലാബായിരുന്നു എനിക്കു കൂടുതൽ പ്രിയം. അന്നു ലാബിൽ റേഡിയോയുണ്ട്. മൂന്നു മണിക്ക് റേഡിയോ സിലോണിൽ മലയാളം ചലച്ചിത്രഗാനങ്ങൾ തുടങ്ങും. പാട്ടുകൾ കേട്ടുകൊണ്ടാണ് പ്രാക്ടിക്കൽ പഠനം. അന്നു പതിവായി പ്രക്ഷേപണം ചെയ്തിരുന്ന ഗാനമാണ് 'അകലെയകലെ നീലാകാശം...' ഇപ്പോഴും ആ പാട്ടു കേൾക്കുമ്പോൾ ഓർമ്മകൾ ഫിസിക്സ് ലാബിലേക്ക് ഓടിപ്പോകും.

അന്ന് ഇംഗ്ലീഷ് പോയട്രി പഠിപ്പിച്ചിരുന്നതു രാജൻ വർഗീസ് സാറാണ്. സാറിന്റെ ക്ലാസിൽ ഇരുന്നിട്ടുള്ള ആരും ഒരിക്കലും അദ്ദേഹത്തെ മറക്കുകയില്ല. കുട്ടികളെ മോനേ എന്നോ മോളേ എന്നോ മാത്രമേ അദ്ദേഹം വിളിച്ചിട്ടുള്ളൂ. ആൽഫ്രഡ് നോയിസിന്റെ 'ഹൈവേമാൻ' എന്ന കവിത പഠിപ്പിക്കുമ്പോൾ രാജൻ വർഗീസ് സാർ അത് ഈണത്തിൽ ചൊല്ലും... 'ദി ഹൈവേമാൻ കെയിം റൈഡിങ്...റൈഡിങ്...റൈഡിങ്...' ജനാലയുടെ അരികിൽ കാത്തിരിക്കുന്ന കാമുകിയുമായി സന്ധിക്കാൻ ആ കവർച്ചക്കാരൻ രാത്രിനേരത്തു കുതിരപ്പുറത്തു വരുന്ന കുളമ്പടിയൊച്ചയും നിലാവിന്റെ കുളിരും ക്ലാസുമുറിയിൽ നിറയുമായിരുന്നു. പ്രീഡിഗ്രിക്ക് പഠിക്കുമ്പോഴാണ് എന്നിലെ എഴുത്തുകാരനെ കോശി തലയ്ക്കൽ എന്ന പ്രഗത്ഭനായ മലയാളം അധ്യാ




പകൻ കണ്ടെത്തിയത്. ആകാശവാണിയിൽ അക്കാലത്ത് 'യുവവാണി' എന്ന പരിപാടിയിൽ കോളേജ് വിദ്യാർത്ഥികൾക്കുവേണ്ടി അരമണിക്കൂർ നീക്കിവച്ചിട്ടുണ്ടായിരുന്നു. വി.സി.ജോൺ സാർ എഴുതിയ കോമഡി സ്കിറ്റ്, ചേരാവള്ളി ശശിയുടെ കവിത, യു.മീരയുടെ ശാസ്ത്രീയസംഗീതം, ഭാസിയുടെ ഗാനം, എന്റെ ചെറുകഥ എന്നിവയാണ് ഞങ്ങൾ അന്ന് അവതരിപ്പിച്ചത്.

കലാസാഹിത്യ പ്രവർത്തനങ്ങൾക്കു വളരെയേറെ പ്രോൽസാഹനങ്ങൾ തന്ന നിരവധി അധ്യാപകർ അന്നു കോളേജിൽ ഉണ്ടായിരുന്നു. വി.സി. ജോൺ സാർ, രാജൻ വർഗീസ് സാർ, എൻ. കെ. പ്യാരിലാൽ സാർ, വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള സാർ തുടങ്ങിയവരായിരുന്നു അവരിൽ പ്രമുഖർ. അധ്യാപകരും കോളേജ് സ്റ്റാഫും ചേർന്ന് അന്ന് എൻ.എൻ. പിള്ളയുടെ 'മെഹർബാനി' എന്ന നാടകം സ്റ്റേജിൽ അവതരിപ്പിച്ചത് ഓർമ വരുന്നു. പ്രൊഫഷണൽ ട്രൂപ്പുകളെ വെല്ലുന്ന അവതരണമായിരുന്നു അത്. സ്വതവേ ഗൗരവപ്രകൃതക്കാരിയായിരുന്ന അന്നാചാണ്ടി ടീച്ചർപോലും ആ നാടകത്തിൽ ഒരു പ്രധാനവേഷം ചെയ്തു എന്ന കാര്യം അത്ഭുതത്തോടെയാണ് ഞാൻ ഓർമിക്കുന്നത്.

അറിയപ്പെടുന്ന ഒരു നോവലിസ്റ്റായിത്തീരാൻ എന്നെ സഹായിച്ചതിലും ബിഷപ്പ് മൂർ കോളേജിന് പങ്കുണ്ട്. പ്രീഡിഗ്രിക്ക് പഠിക്കുമ്പോൾ ആഴ്ചയിലൊരിക്കൽ ക്രിസ്ത്യൻ കുട്ടികൾക്കു സ്ക്രിപ്ച്ചർ ക്ലാസും ഹിന്ദു കുട്ടികൾക്കു മോറൽ സയൻസ് ക്ലാസും നിർബന്ധമായിരുന്നു. അന്ന് ഗിഡിയൻസ് ഇന്റർനാഷണൽ സൊസൈറ്റി എന്ന സംഘടന വക ഒരു ബൈബിൾ സമ്മാനമായി കിട്ടിയിരുന്നു. ബൈബിളിലെ പഴയ നിയമമാണ് എന്നെ കൂടുതൽ ആകർഷിച്ചത്. ശലോമോന്റെ ഉത്തമഗീതങ്ങൾ ആവർത്തിച്ചു വായിച്ചു. 'നമുക്കു ഗ്രാമങ്ങളിൽചെന്ന് രാപാർക്കാം. അതികാലത്ത് തോട്ടത്തിൽ പോയി മുന്തിരിവള്ളികൾ പൂത്തുവോ എന്നും മാതളനാരകം തളിർത്തുവോ എന്നും നോക്കാം. അവിടെ വച്ചു ഞാൻ നിനക്ക് എന്റെ പ്രേമം തരും...' ഈ വാക്യങ്ങളാണ് 'നമുക്ക് ഗ്രാമങ്ങളിൽ ചെന്ന് രാപാർക്കാം' എന്ന നോവലെഴുതാൻ എനിക്ക് പ്രചോദനമായത്. ആ നോവലിന്റെ കഥയെ ആസ്പദമാക്കി പി. പത്മരാജൻ 'നമുക്കു പാർക്കാൻ മുന്തിരിത്തോപ്പുകൾ' എന്ന അതിമനോഹരമായ സിനിമ സൃഷ്ടിക്കുകയും ചെയ്തു.

ഈ ഓർമ്മക്കുറിപ്പിന് അനുബന്ധമായി മറ്റൊരു സിനിമാക്കഥ കൂടി പറയാതെ വയ്യ. പതിനഞ്ചുവർഷം മുമ്പ് സൂര്യ ടിവിയിൽ 'മനസ്സ്' എന്ന മെഗാപരമ്പര സംപ്രേഷണം ചെയ്തിരുന്നു. അതിന്റെ കഥയും തിരക്കഥയും ഞാനാണ് എഴുതിയിരുന്നത്.

യൂണിവേഴ്സിറ്റിയിലെ ജോലിയും കുടുംബകാര്യങ്ങളും തിരക്കഥയെഴുത്തും എല്ലാം കൂടി ഒന്നിച്ചുകൊണ്ടുപോകാൻ സമയക്കുറവ് ബുദ്ധിമുട്ടുണ്ടാക്കിയപ്പോൾ സംവിധായകൻ എ.എം. നസീർ അദ്ദേഹത്തിന്റെ സുഹൃത്തായ കൊല്ലം തങ്കശ്ശേരിക്കാരൻ ജെയിംസിനെ എനിക്കു സഹായിയായി കൊണ്ടുവന്നു. ജെയിംസിനു കഥയും നോവലും ടി.വി. സീരിയലിന് സ്ക്രിപ്റ്റ് എഴുതി പരിചയവുമുണ്ട്.

അക്കാലത്താണ് ബിഎസ്സിക്ക് എന്റെ സഹപാഠിയും സുഹൃത്തും ഓർത്തോപീഡിക് സർജനുമായ ഡോ. അയ്യപ്പൻ പിള്ളയുടെ മനസിൽ ഒരു ആശയം മൊട്ടിട്ടത്. എഴുപത്തിയൊന്ന് ബാച്ച് ബിഎസ്സി സുവോളജി വിദ്യാർത്ഥികളുടെ ഒരു ഗെറ്റ്ടുഗദർ പ്ലാൻ ചെയ്താലോ? സഹപാഠിയായ സാമുവൽ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിൽ അധ്യാപകനാണ്. സാമുവലിന്റെ സഹായത്തോടെ പഴയ കോളേജ് രേഖകളിൽ നിന്നു മുപ്പതുപേരുടെയും മേൽവിലാസം തപ്പിയെടുത്തു. എല്ലാവർക്കും കത്തയച്ചു. കുറച്ചുപേർക്കു മാത്രമേ കത്ത് കിട്ടിയുള്ളു. അവരിൽ പലരും തിരിച്ചു ബന്ധപ്പെട്ടു. ആദ്യത്തെ സമ്മേളനത്തിൽ പതിനെട്ടുപേരെ പങ്കെടുപ്പിക്കാൻ ഞങ്ങൾക്കു കഴിഞ്ഞു. സുന്ദരമായൊരു അനുഭവമായിരുന്നു അത്.

ഞങ്ങളുടെ ആ പൂർവ്വവിദ്യാർത്ഥി സംഗമത്തെക്കുറിച്ചു വളരെ കൗതുകത്തോടെയാണ് ജെയിംസ് ചോദിച്ചറിഞ്ഞത്. ജെയിംസിന്റെ മനസിൽ അതൊരു കഥയായി രൂപപ്പെടുകയായിരുന്നുവെന്ന് അന്നു ഞാനറിഞ്ഞില്ല. വർഷങ്ങൾക്കുശേഷം ആ കഥ മനോഹരമായ ഒരു കാമ്പസ് സിനിമയായി പുറത്തുവന്നു. ലക്ഷക്കണക്കിന് പ്രേക്ഷകരെ അവരുടെ പഴയ കോളേജ് ജീവിതത്തിന്റെ ഗൃഹാതുരമായ ഓർമകളിലേക്ക് കൂട്ടിക്കൊണ്ടുപോയ 'ക്ലാസ്മേറ്റ്സ്' എന്ന ലാൽജോസ് സിനിമയായിരുന്നു അത്. തിരക്കഥയെഴുതിയത് ജെയിംസ് എന്ന ജെയിംസ് ആൽബർട്ടും!

# anI hnsâ ]mXbnÂ hn«phogNbnÃmsX...



കെ.ജി മുകുന്ദൻ
(1975 - 80 ബാച്ച്)
ചീഫ് സബ് എഡിറ്റർ
മാതൃഭൂമി ആലപ്പുഴ യൂണിറ്റ്

ബിഷപ്പ് മൂർ കോളേജ് തുടങ്ങി 11 വർഷത്തിനുശേഷം 1975ൽ വിദ്യാർത്ഥിയായി എത്താനുള്ള ഭാഗ്യം എനിക്കുണ്ടായി. ഭാഗ്യം എന്നു പറഞ്ഞത് വെറും ഭംഗിവാക്കായല്ല. കുറഞ്ഞ കാലത്തിനുള്ളിൽ തന്നെ തെക്കൻ കേരളത്തിൽ, പ്രത്യേകിച്ചും മധ്യതിരുവിതാംകൂറിൽ തലയെടുപ്പോടെ നിന്ന കലാലയത്തിൽ പ്രവേശനമെന്നത് എളുപ്പമല്ലായിരുന്നു.

പത്താം ക്ലാസിൽ നല്ല മാർക്കുണ്ടായിട്ടും ഇഷ്ടപ്പെട്ട ഫസ്റ്റ് ഗ്രൂപ്പ് കിട്ടുമോയെന്ന് ആശങ്കപ്പെട്ട രാപ്പകലുകൾ ഇന്നും ഓർമ്മയിലുണ്ട്. ആദ്യം വന്ന ഇന്റർവ്യൂ കാർഡ് തേർഡ് ഗ്രൂപ്പിന്റേത്. ഒപ്പം പന്തളം എൻ.എസ്.എസ് കോളേജിൽനിന്ന് ഫസ്റ്റ് ഗ്രൂപ്പിന്റേതും. കൗമാരക്കാരന്റെ പിരിമുറുക്കം അച്ഛനെയും അമ്മയെയും എത്ര നൊമ്പരപ്പെടുത്തിയിട്ടുണ്ടെന്ന് പിൽക്കാലത്ത് എനിക്കു ബോധ്യപ്പെട്ടു. അതാകട്ടെ, മകന്റെ എഞ്ചിനീയറിങ് പ്രവേശനവുമായി ബന്ധപ്പെട്ടാണെന്നു മാത്രം. തിരുവനന്തപുരം ഗവ. എഞ്ചിനീയറിങ് കോളേജിൽനിന്നും അപ്ലൈഡ് ഇലക്ട്രോണിക്സ്, കൊല്ലം ടി.കെ.എമ്മിൽനിന്നും ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ. ഇഷ്ടവിഷയം ഒരിടത്ത്, ഇഷ്ടപ്പെട്ട കോളേജ് മറ്റൊന്ന്. അന്ന് അവന്റെ പിരിമുറുക്കം എന്റെയും നൊമ്പരമായപ്പോൾ അതൊരു ഓർമപ്പെടുത്തൽ കൂടിയായി.

ഏതായാലും എന്റെ ആശങ്കകൾക്ക് അവസാനമായി. ഇന്റർവ്യൂവിന്റെ ദിവസം അടുത്തപ്പോഴേക്കും മൂർ കോളേജിൽ ഫസ്റ്റ് ഗ്രൂപ്പ് എന്ന ആഗ്രഹം സഫലമായി.



അധ്യാപക സംഘടനാ പ്രവർത്തനവുമായി അച്ഛൻ തൃശ്ശൂരിലായിരുന്നതിനാൽ അമ്മയാണ് എന്നോടൊപ്പം കോളേജിൽ എത്തിയത്. തഴക്കരനിന്നും റെയിൽവെ ലൈനിലൂടെ രണ്ടര കിലോമീറ്റർ നടന്ന് കല്ലുമലയിലെത്തിയതും കോളേജിൽ പ്രിൻസിപ്പലച്ചനെ കണ്ടതുമെല്ലാം മുത്തശ്ശിക്കഥ കണക്കെ എത്രയോതവണ അമ്മയുടെ വായ്മൊഴിയായി എന്റെ മക്കൾ കേട്ടിരിക്കുന്നു. ഇപ്പോഴും പഴയകാല കഥകൾക്കിടയ്ക്ക് ഇതു പറയുമ്പോഴും നല്ല കേഴ്‌വിക്കാരായിരിക്കുന്ന കൊച്ചുമക്കൾ വർത്തമാനകാലത്തെ വേറിട്ട കാഴ്ച എന്ന നിലയിൽ എന്നിൽ അഭിമാനം നിറയ്ക്കുന്നു.

എന്റെ കലാലയവും ഇവിടുത്തെ അധ്യാപകരും പകർന്നുതന്ന സമ്പന്നമായ സംസ്കാരത്തിന്റെ ബാക്കി പത്രമാണ് എന്റെ മക്കൾക്ക് കിട്ടുന്ന ഈ ഭാഗ്യം. ഉപയോഗം കഴിഞ്ഞാൽ ഉപേക്ഷിക്കുകയെന്ന പ്ലാസ്റ്റിക് സംസ്കാരമല്ലല്ലോ ഈ കലാലയം വിദ്യാർത്ഥിമനസുകളിൽ പ്രതിഷ്ഠിച്ചത്. പ്രായമായവരെ ആദരിക്കാനും അർഹതയെ അംഗീകരിക്കാനും കൂടി ഈ കലാലയം ഞങ്ങളെ പഠിപ്പിച്ചു.

ഇന്നത്തെ അളവുകോൽ വച്ചുനോക്കുമ്പോൾ ബിഷപ്പ് മൂർ കോളേജിന്റെ മഹത്വം പൂർണമായും മനസിലാവണമെന്നില്ല. വിദ്യാഭ്യാസസ്ഥാപനങ്ങൾ നാടൊട്ടുക്ക് നിറഞ്ഞുനിൽക്കുന്ന ഇന്ന് ഒരു കോളേജിന് എന്തു പ്രസക്തി? എന്നാൽ, അരനൂറ്റാണ്ട് മുമ്പ്, ഉന്നതവിദ്യാഭ്യാസത്തിനു മാർഗമില്ലാതിരുന്ന മാവേലിക്കരയിൽ മൂർ കോളേജ് സ്ഥാപിക്കാൻ മുന്നിട്ടിറങ്ങിയ സിഎസ്ഐ സഭയോടു മാവേലിക്കരക്കാർ കടപ്പെട്ടിരിക്കുന്നു. അമ്പതു വർഷത്തിനുള്ളിൽ എത്രയോ വിദ്യാർത്ഥികളുടെ അഭയകേന്ദ്രമായി ഇവിടം.

ജൂബിലി സ്മരണികയിലേക്ക് വേണമെന്നാവശ്യപ്പെട്ട കുറിപ്പ് എഴുതാനിരുന്നത് ജനുവരി 22ന്. എഴുതും മുമ്പ് കെ.സി. മാത്യു അച്ചന്റെ സപ്തതി പ്രമാണിച്ചിറക്കിയ 'പ്രണാമം' മറിച്ചുനോക്കി. അവസാന താളിലെ ബയോഡേറ്റയിൽ അച്ചന്റെ ജനനത്തീയതി 1929 ജനുവരി 22. നിമിത്തത്തിൽ സന്തോഷം തോന്നിയ നിമിഷം. അച്ചനുമായി അത്രമാത്രം ഇഴുകിച്ചേർന്നതാണല്ലോ നമ്മുടെ കോളേജിന്റെ ചരിത്രം. എന്നും ആർക്കും ആരാധനയോടെ മാത്രം കാണാൻ കഴിയുന്ന കെ.സി. മാത്യു അച്ചൻ. ഈ സ്ഥാപനം കെട്ടിപ്പടുക്കാൻ 1964-ൽ കല്ലുമലയിലെത്തിയ അച്ചന്റെ കർമ്മശേഷിയും നേതൃപാടവവും അത്ഭുതപ്പെടുത്തുന്നു. ഒരു കലാലയം സ്ഥാപിച്ച് അതിന്റെ അമരക്കാരനായി കാൽനൂറ്റാണ്ടുകാലം തുടരുക, ആ സ്ഥാപനത്തെ മഹാപ്രസ്ഥാനമായി മാറ്റുക. ഇതൊന്നും അത്ര നിസാരമായി കാണാനാകില്ല. പ്രായം 86 കടന്നിട്ടും സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിൽ സദാജാഗ്രതയോടെ പ്രവർത്തിക്കുന്ന അച്ചൻ ഏറ്റവും സന്തോഷവാനാണ്. അതിനുള്ള കാരണമാകട്ടെ, കർമ്മരംഗത്തെ സത്യസന്ധതയും മനസിന്റെ പവിത്രതയും മൂല്യബലവും.

അഞ്ചു വർഷം ഇവിടെ പഠിക്കാൻ കഴിഞ്ഞതിൽ അഭിമാനം കൊള്ളുന്ന ആയിരങ്ങളിലൊരുവനാണ് ഞാനും. പഠിച്ചിറങ്ങി വർഷങ്ങൾ പിന്നിടുമ്പോഴും ഇതിന്റെ ഭാഗമായി നിൽക്കാനും കഴിയുന്നു. മൂന്നു ദശകത്തിലേറെയായി മികച്ച നിലയിൽ പ്രവർത്തിക്കുന്ന പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രസിഡന്റായും പ്രവർത്തിക്കാൻ കഴിഞ്ഞു. നമ്മെ നിലനിർത്തുന്നത് ഗുരുപരമ്പരകളുടെ നന്മയാണെന്നും നമ്മുടെ ജീവിതത്തിലെ അദൃശ്യസാന്നിധ്യമാണ് ഗുരുപരമ്പരകളെന്നുമുള്ള ഭാരതീയ സംസ്കാരം ഇവിടെ പഠിച്ചിറങ്ങിയവർ ഹൃദയത്തിൽ സൂക്ഷിക്കുന്നു. ആ പരമ്പരയിൽ ബിഷപ്പ് മൂറിലെ അധ്യാപകർക്കു മഹനീയസ്ഥാനം നൽകാൻ പൂർവ്വവിദ്യാർത്ഥികൾക്കു കഴിയുന്നത് ഈ കോളേജിന്റെയും ഇവിടെ പഠിപ്പിച്ച അധ്യാപകശ്രേഷ്ഠരുടെയും മഹത്വമാണ്.

പാഠ്യഭാഗങ്ങളിൽ ഒതുങ്ങിനിന്ന് ക്ലാസ്സെടുത്ത് പരീക്ഷയ്ക്കു പ്രാപ്തരാക്കുക മാത്രമല്ലായിരുന്നല്ലോ ഇവിടുത്തെ അധ്യാപകർ തങ്ങളുടെ ചുമതലയായി കണ്ടിരുന്നത്. ജീവിതവിജയത്തിനും സമൂഹനന്മയ്ക്കും വേണ്ടിയുള്ള വൈവിധ്യമാർന്ന പലതും വിദ്യാർത്ഥികൾക്കു പകർന്നുകൊടുക്കുവാൻ അവർ ശ്രമിച്ചു. അക്കാദമിക് തലത്തിൽ മാത്രമല്ല, സാഹിത്യത്തിൽ, കലയിൽ, രാഷ്ട്രീയത്തിൽ തുടങ്ങി സമസ്തമേഖലകളിലും ശ്രദ്ധേയരായ അധ്യാപകരുടെ നീണ്ടനിരതന്നെ മാതൃകയായി വിദ്യാർത്ഥികൾക്കുണ്ടായിരുന്നു. വിട്ടുപിരിഞ്ഞവരും വിശ്രമജീവിതം നയിക്കുന്നവരുമായ ആ ഗുരുശ്രേഷ്ഠരെയെല്ലാം നന്ദിയോടെ ഓർക്കുന്നു.

ബിഷപ്പ് മൂറിന്റെ നാമധേയത്തിൽ ആരംഭിച്ച കോളേജിൽ ശ്രേഷ്ഠരായ അധ്യാപകരുടെ നീണ്ടപട്ടിക ഉണ്ടാകാൻ ഇടയാക്കിയത് മാനേജ്മെന്റ് സ്വീകരിച്ച നിയമന രീതിയാണെന്ന കാര്യം വിസ്മരിച്ചുകൂടാ. പ്രത്യേകിച്ചും വർത്തമാനകാലത്ത് അതോർക്കുന്നത് ഏറെ പ്രസക്തവും. കേരള സർവ്വകലാശാല സിൻഡിക്കേറ്റ് അംഗമായിരുന്ന പ്രഫ. ജോർജ് വർഗീസ് കുറിച്ചിട്ടത് അക്കാര്യം വ്യക്തമാക്കുന്നു. കെമിസ്ട്രി അധ്യാപകരെ തിരഞ്ഞെടുക്കാനുള്ള അഭിമുഖത്തിനു യൂണിവേഴ്സിറ്റിയുടെ സബ്ജക്ട് എക്സ്പേർട്ടായി കോളേജിൽ എത്തിയത് അദ്ദേഹമായിരുന്നു. അമ്പതോളം അപേക്ഷകരെ ഇന്റർവ്യൂ ചെയ്തു. നിയമനം നടത്തി ഒപ്പിട്ടശേഷം മാത്രം കെ.സി. മാത്യു അച്ചൻ അദ്ദേഹത്തോടു പറഞ്ഞ കാര്യം ആശ്ചര്യപ്പെടുത്തുന്നതായിരുന്നു. അപേക്ഷകരിൽ മൂന്നുപേർ സിഎസ്ഐ സഭയിലെ മുൻ ബിഷപ്പുമാരുടെ അടുത്ത ബന്ധുക്കൾ, മറ്റൊരാൾ മാർത്തോമ്മാസഭയിലെ ഒരു തിരുമേനിയുടെ ബന്ധു. നാലാളും റാങ്ക് ലിസ്റ്റിൽ ഇല്ല. യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രമായിരുന്നു നിയമനം എന്നതോടൊപ്പം കോഴ വാങ്ങാതെയുള്ള നിയമനം എന്നതും പൂർവകാല ചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ സമീപനമാണ് എണ്ണപ്പെട്ട അധ്യാപകർ ബിഷപ്പ് മൂറിന്റെ സ്വന്തമായതിനുള്ള കാരണവും.

ചരിത്രം പറഞ്ഞ് ഊറ്റം കൊള്ളാൻ ഇനിയും ഏറെയുണ്ട്. കാലത്തിന്റെ മാറ്റത്തിൽ വിദ്യാഭ്യാസമേഖലയിലുണ്ടായ അനഭിലഷണീയമായ ചെയ്തികൾക്കിടയിൽ പൊതുവെ ഉണ്ടായ പിന്നാക്കം പോക്കിൽ എത്രമാത്രം മാറിനിൽക്കാൻ നമുക്കു കഴിഞ്ഞുവെന്നത് പരിശോധിക്കപ്പെടേണ്ടതുണ്ട്. ജൂബിലിവർഷത്തിൽ പഴയ പ്രതാപത്തിന്റെ കരുത്തോടെ മുന്നോട്ടുപോകാനുള്ള കർമ്മപദ്ധതികൾക്കു രൂപം നൽകാൻ കഴിയണം. അത്തരം പ്രവർത്തനങ്ങൾക്കെല്ലാം കൈത്താങ്ങാകുവാൻ മാവേലിക്കരക്കാർക്കും പൂർവ്വവിദ്യാർത്ഥികൾക്കും കടമയുണ്ടെന്നതും ഓർമിപ്പിക്കട്ടെ.



# ആത്മകഥപോലെ ഒന്ന്



പ്രഫ. മധു ഇറവങ്കര
(1969 - 71 ബാച്ച്)
ചലച്ചിത്ര സംവിധായകൻ

ആർക്കും അവരുടെ ആദ്യകലാലയത്തെ മറക്കാനാകില്ല. ആദ്യപ്രണയം പോലെ ഒരു വ്യക്തിയുടെ ജീവിതവുമായി അത്രയ്ക്കും അതു ബന്ധപ്പെട്ടുനിൽക്കുന്നു. ഗ്രാമത്തിലെ മലയാളം മീഡിയം സ്കൂളിൽനിന്നും പൊടുന്നനെ പറിച്ചുനടപ്പെട്ടപ്പോൾ എനിക്കായി ബിഷപ്പ് മൂർ കോളേജ് കാത്തുവച്ചത് വിസ്മയങ്ങളുടെ സ്വർണ്ണച്ചെപ്പായിരുന്നു. തുടർന്നുള്ള രണ്ടുവർഷക്കാലവും എനിക്കത് അങ്ങനെതന്നെയായിരുന്നു.

പ്രീഡിഗ്രി വിദ്യാഭ്യാസ കാലഘട്ടം മാത്രമാണ് ബിഷപ്പ് മൂറിൽ ഞാൻ ചെലവഴിച്ചത്. പക്ഷേ, എത്രയോ ജന്മങ്ങളിൽ ഞാൻ ഈ കലാലയത്തിന്റെ ഭാഗമായിരുന്നു എന്ന തോന്നൽ ഇത്രയും വർഷങ്ങൾക്കുശേഷവും എനിക്കു നഷ്ടപ്പെട്ടിട്ടില്ല. അധ്യാപക-വിദ്യാർത്ഥിബന്ധത്തിന്റെ ഊഷ്മളതയും അക്ഷരങ്ങളുടെ അത്ഭുതലോകവും എഴുത്തിന്റെ കാണാപ്പടവുകളും സൗഹൃദങ്ങളുടെ നനുത്ത നിലാച്ചില്ലകളും എനിക്കായൊരുക്കിയ എന്റെ കലാലയം!

ബിഷപ്പ് മൂറിനെക്കുറിച്ചുള്ള എന്റെ ഓർമ്മകൾ മുളപൊട്ടുന്നത് പ്രഫ. രാജൻ വർഗീസ് സാറിന്റെ ക്ലാസ്മുറിയിൽനിന്നാണ്. ഇപ്പോഴത്തെ കാന്റീനിലേക്കു നീളുന്ന സ്ഥലത്തുണ്ടായിരുന്ന ഓലമേഞ്ഞതും പനമ്പുചുവരുകളുണ്ടായിരുന്നതുമായ ഷെഡ്ഡിലെ ഒരു ക്ലാസ്മുറിയിൽനിന്ന് രാജൻ വർഗീസ് സാർ തന്റെ സ്വതസിദ്ധമായ ശൈലിയിൽ ഇംഗ്ലീഷ് പാഠപുസ്തകത്തിലെ 'ഹെവൻ ഇൻ യുവർ ഹാൻഡ്' എന്ന പാഠം പഠിപ്പിക്കുന്നു. മുന്നിൽ ആകാംക്ഷയോടെ സാറിനെ കേട്ടിരിക്കുന്ന എൺപതു ജോഡി കാതുകൾ! ആ ഉപന്യാസത്തിൽ ഡൊറോത്തി എന്ന ബാലികയെക്കുറിച്ചൊരു കഥയുണ്ടായിരുന്നു. തന്റെ ബന്ധുവിന്റെ വീട്ടിൽ സമപ്രായക്കാരിയായ കുട്ടിയുടെ ജന്മദിനാഘോഷത്തിൽ പങ്കുകൊള്ളുന്ന ദരിദ്രയായ ഡൊറോത്തിയും അമ്മയും. അവിടത്തെ പ്രൗഢയായ വീട്ടമ്മ ഡൊറോത്തിക്കൊരു കൊച്ചുപാവയെ സമ്മാനിച്ചു. കുരുന്നു കൈകൾക്കുള്ളിൽ ആ പാവയെ പിടിച്ചുനിന്നപ്പോൾ സ്വർഗം തന്റെ കൈകൾക്കുള്ളിലാണെന്നു ഡൊറോത്തിക്കുതോന്നി. വലിയൊരു ജീവിതപാഠമാണ് 'ഹെവൻ ഇൻ യുവർ ഹാൻഡ്' എനിക്കു സമ്മാനിച്ചത്.

** പ്രശസ്ത ജാപ്പനീസ് സംവിധായകനായ അകിരാ കുറസോവയുടെ ആത്മകഥയാണ് Something Like An Autobiography. ഈ ഓർമ്മക്കുറിപ്പിന്റെയും തലക്കെട്ടായി അതു യോജിക്കുമെന്നു തോന്നി.*

കൊച്ചുകൊച്ചു സന്തോഷങ്ങളിൽ തൃപ്തിയടയാനുള്ള കഴിവ് വളർത്തിയെടുക്കാനുള്ള സന്ദേശം രാജൻ വർഗീസ് സാറിന്റെ വാചാലതയിലൂടെ അമൃതവർഷമായി എന്നിലേക്കെത്തി. രാജൻ വർഗീസ് സാറിനൊപ്പം ചേർന്നു നിൽക്കുന്ന ഒരുപാടോർമകൾ പിൽക്കാലത്തുണ്ടായിട്ടുണ്ടെങ്കിലും ഈ ക്ലാസ്മുറിയാണ് എനിക്കു പ്രഥമഗണനീയം.

മധ്യതിരുവിതാംകൂറിലെ കലാലയങ്ങളിൽ ഏറ്റവും വലിയ ഗ്രന്ഥാലയമായിരുന്നു അന്നു ബിഷപ്പ് മൂർ കോളേജിലേത്. ഇന്നു പ്രിൻസിപ്പൽ ഓഫീസ് നിൽക്കുന്ന രണ്ടാംനില മുഴുവൻ നിറഞ്ഞുനിൽക്കുന്ന ഗ്രന്ഥാലയം. വായന ഗൗരവതരമായെടുക്കാനും ശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ നേടാനും ക്ലാസിക് സാഹിത്യത്തിന്റെ ഉൾമുറിയിലേക്കു കടക്കാനും മലയാളസാഹിത്യത്തിന്റെ മാറുന്ന മുഖഛായ തിരിച്ചറിയാനും ഈ ഗ്രന്ഥാലയം എന്നെ ഏറെ സഹായിച്ചു. ക്ലാസ്മുറിയുടെ പുറത്തുകിട്ടാവുന്ന ഒഴിവുവേളകൾ മുഴുവൻ ലൈബ്രറിയിൽ ഇരുന്നു വായനയിൽ മുഴുകാൻ കഴിഞ്ഞ രണ്ടു കലാലയ വർഷങ്ങൾ!

ബിഷപ്പ് മൂർ കോളേജിന്റെ ഓഡിറ്റോറിയം മിക്കപ്പോഴും സജീവമായിരുന്നു. അന്നത്തെ പ്രഗത്ഭരായ സാഹിത്യകാരന്മാരും കലാകാരന്മാരുമൊക്കെ പങ്കെടുക്കുന്ന ചടങ്ങുകളിലൊക്കെ ഒരു കേൾവിക്കാരന്റെ സാന്നിധ്യമായി ഞാൻ. ഒരുപക്ഷേ, പ്രസംഗകലയിലേക്കും ഞാനാകർഷിക്കപ്പെട്ട നാളുകൾ! രണ്ടുമൂന്നു ദിവസങ്ങൾ നീണ്ടുനിൽക്കുന്ന വാർഷിക കലോത്സവങ്ങൾ പ്രത്യേക അനുഭവമായിരുന്നു. പ്രത്യേകിച്ചും ഏകാങ്കനാടക മൽസരങ്ങൾ. മൽസര ഇനങ്ങളിലൊന്നിലും സജീവമായി പങ്കെടുത്തിരുന്നില്ലെങ്കിലും ഒരു കാഴ്ചക്കാരനായി എല്ലാസ്ഥലത്തും നിറഞ്ഞുനിന്നു. നാടകമൽസരത്തിൽ നല്ല നടിയായി തെരഞ്ഞെടുക്കപ്പെട്ട വളരെ സീനിയറായ വിദ്യാർത്ഥിനിയോട് അക്കാലത്തു തോന്നിയിരുന്ന ആരാധനയ്ക്ക് ഏകപക്ഷീയമായ അനുരാഗത്തിന്റെ നിറമുണ്ടായിരുന്നുവെന്ന് ഇന്ന് ലജ്ജയോടെ ഞാൻ ഓർക്കുന്നു.

തഴക്കര പഞ്ചായത്തിലെ മൂന്നു സ്കൂളുകളിൽ നിന്നും ഏക ഒന്നാംക്ലാസ്സോടെ ഉയർന്ന മാർക്കിന്റെ പിൻബലത്തിൽ കോളേജിലെത്തിയ എനിക്ക് ടൗണിലെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽനിന്നുമെത്തിയ ചിലർ ആദ്യം പഠനത്തിൽ വെല്ലുവിളി ഉയർത്തിയിരുന്നു. എന്നാൽ, അടിപതറാത്ത വായനയും ഇംഗ്ലീഷ് ഗ്രാമറിലുള്ള വഴക്കവും വേദികളിലെ ഇംഗ്ലീഷ് പ്രസംഗവുമൊക്കെ അവർക്കൊപ്പമെത്താൻ എന്നെയും സഹായിച്ചു. പ്രീഡിഗ്രി രണ്ടാംവർഷത്തിൽ ഒരു പടികൂടി കടന്ന് അവർക്കു മുന്നിലെത്താൻ പരോക്ഷമായി എനിക്കു വഴിയൊരുക്കിയത് പ്രഫ. വി.സി. ജോൺ സാറായിരുന്നു. ചാൾസ് ഡിക്കൻസിന്റെ 'ഗ്രേറ്റ് എക്സ്പെക്റ്റേഷൻസ്' എന്ന നോവലായിരുന്നു ഉപപാഠപുസ്തകമായി ഞങ്ങൾക്കു പഠിക്കാനുണ്ടായിരുന്നത്. നോവൽ പഠിപ്പിക്കുവാൻ വി.സി.ജോൺ സാർ പ്രത്യേക തയാർന്നൊരു മാർഗമാണ് തിരഞ്ഞെടുത്തത്. നോവലിന്റെ പശ്ചാത്തലത്തെക്കുറിച്ചു വളരെ വിശദമായ വിവരണം തന്നശേഷം അദ്ദേഹം നോവലിന്റെ കുറെ അധ്യായങ്ങൾവീതം പലർക്കായി വിഭജിച്ച് അവർ അത് ക്ലാസിൽ അവതരിപ്പിക്കണമെന്ന നിർദ്ദേശം വച്ചു. അഞ്ചുപേർ അതിനു തയാറാകണമെന്നാവശ്യപ്പെട്ടപ്പോൾ സ്വമേധയാ എഴുന്നേറ്റതിൽ ഒരാൾ ഞാനായിരുന്നു. നോവലിൽ കഥാനായകനായ പിപ്പിന്റെ വളർച്ചയുടെ സുപ്രധാനഘട്ടങ്ങൾ വിവരിക്കുന്നവയായിരുന്നു എനിക്കു കിട്ടിയ അധ്യായങ്ങൾ. രണ്ടാം ദിവസമായിരുന്നു എന്റെ ഊഴം. എല്ലാവർക്കും മനസിലാകുന്ന രീതിയിൽ സരളമായി എന്നാൽ, നോവലിന്റെ ഗാംഭീര്യം നഷ്ടമാകാതെ അവതരിപ്പിക്കുവാൻ എനിക്കു കഴിഞ്ഞു എന്ന് ജോൺ സാർ വിലയിരുത്തി. എന്തായാലും എല്ലാവരുടെയും അവതരണം പൂർത്തിയായപ്പോൾ ഏറ്റവും നന്നായി 'ഗ്രേറ്റ് എക്സ്പെക്റ്റേഷൻസ്' ക്ലാസിൽ അവതരിപ്പിച്ചതിനുള്ള സമ്മാനം എനിക്കു ലഭിച്ചു. ഇംഗ്ലീഷ് ഭാഷയിലുള്ള എന്റെ ആത്മവിശ്വാസം ഉയർത്തിയ സംഭവമായിരുന്നു അത്. വി.സി.ജോൺ സാറിനോട് ഞാൻ തീർച്ചയായും അതിനു കടപ്പെട്ടിരിക്കുന്നു.

അക്കാലത്തു ബിഷപ്പ് മൂർ കോളേജിന്റെ പ്രത്യേകതയായിരുന്നു സ്ക്രിപ്ച്ചർ-മോറൽ ഇൻസ്ട്രക്ഷൻ ക്ലാസുകൾ. ക്രിസ്തുമത വിശ്വാസികളായ വിദ്യാർത്ഥികൾക്ക് സ്ക്രിപ്ച്ചർ ക്ലാസുകളും മറ്റുള്ളവർക്കു മോറൽ ഇൻസ്ട്രക്ഷൻ ക്ലാസുകളും നിർബന്ധമാക്കിയിരുന്നു. സ്വഭാവികമായും ഞാൻ മോറൽ ഇൻസ്ട്രക്ഷൻ ക്ലാസിൽ എത്തപ്പെട്ടു. പലർക്കും ഈ ക്ലാസുകൾ വെറും നേരമ്പോക്കായിരുന്നുവെങ്കിൽ എനിക്കതൊരനുഗ്രഹമായിരുന്നു. പ്രീഡിഗ്രി ഒന്നാംവർഷത്തിൽ സ്വാമി വിവേകാനന്ദനെപ്പറ്റിയും രണ്ടാംവർഷത്തിൽ ഗാന്ധിജിയെപ്പറ്റിയുമായിരുന്നു ഞങ്ങൾക്കു പഠിക്കേണ്ടിയിരുന്നത്. വർഷാന്ത്യപരീക്ഷയും പരീക്ഷയിലെ ഉന്നതവിജയികൾക്കു സമ്മാനവും ഏർപ്പെടുത്തിയിരുന്നു. ഇന്ത്യൻ സംസ്കാരത്തെയും, ദൈവത്തിന്റെയും മതത്തിന്റെയും ഭക്തിയുടെയും പരിവേഷമില്ലാത്ത വേദാന്തദർശനങ്ങളിലൂന്നിയ ഇന്ത്യൻ ആത്മീയതയെയും അടുത്തറിയാൻ സ്വാമി വിവേകാനന്ദനെക്കുറിച്ച് ആഴത്തിൽ നടത്തിയ പഠനം എന്നെ സഹായിച്ചു. കോളേജ് ലൈബ്രറിയിലുണ്ടായിരുന്ന 'വിവേകാനന്ദസാഹിത്യസർവ്വ'ത്തിന്റെ വാല്യങ്ങളിലൂടെ കടന്നുപോകാൻ കഴിഞ്ഞ ധന്യനാളുകൾ! രണ്ടാംവർഷത്തെ ഗാന്ധിപഠനം ഖദർ ധരിക്കാതെ തന്നെ ഗാന്ധിദർശനങ്ങൾ എങ്ങനെ ജീവിതത്തിൽ പകർത്താമെന്ന് എന്നെ പഠിപ്പിച്ചു. പ്രീഡിഗ്രി വിഭാഗത്തിൽ ആദ്യവർഷത്തെ മികച്ച വിദ്യാർത്ഥിക്കുള്ള സമ്മാനം എനിക്കു നഷ്ടമായെങ്കിലും രണ്ടാംവർഷം അതെന്നെ തേടിയെത്തുകതന്നെ ചെയ്തു. സമ്മാനമായി കിട്ടിയ ഗാന്ധിജിയെക്കുറിച്ചുള്ള പുസ്തകങ്ങൾ മഹാത്മാവിനെ കൂടുതൽ മനസിലാക്കുവാൻ എന്നെ പ്രാപ്തനാക്കുകയും ചെയ്തു.

ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുമ്പോഴേ കഥാരചനയിൽ വലിയ കമ്പമുണ്ടായിരുന്നെങ്കിലും പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞശേഷമാണ് നിരന്തരമായി ഞാൻ കഥയെഴുത്തു തുടങ്ങിയത്. അങ്ങനെ കഥയുടെ ഒരു വസന്തവും മനസിലേറ്റിയാണ് ഞാൻ ബിഷപ്പ് മൂറിലെത്തിയത്. പുതിയ കഥകളൊക്കെ വായിക്കാൻ ശ്രമിച്ചെങ്കിലും ക്ലാസിക് കഥകളോടായിരുന്നു എനിക്കന്നു താൽപര്യം. തകഴിയും കേശവദേവും പൊൻകുന്നം വർക്കിയുമൊക്കെയായിരുന്നു എന്റെ വായനയിൽ നിറഞ്ഞുനിന്നിരുന്നത്. അക്കൊല്ലത്തെ കോളേജ് മാഗസിനിലേക്കു ഞാൻ രണ്ടു മലയാളകഥകൾ എഴുതിനൽകി. എന്നാൽ, അവ സ്വീകരിക്കപ്പെട്ടില്ലെന്ന് സ്റ്റുഡന്റ് എഡിറ്റർ പിന്നീട് എന്നെ കണ്ടപ്പോൾ പറഞ്ഞു. എങ്ങനെയെങ്കിലും കോളേജ് മാഗ

സിനിൽ ഒരു കഥ പ്രസിദ്ധീകരിക്കണമെന്നത് എന്റെ സ്വപ്നമായിരുന്നു. ഒമ്പതാം ക്ലാസിൽ പഠിക്കുമ്പോൾ ഞാൻ 'ഈന്തപ്പഴം' എന്ന ഒരു കഥയെഴുതിയിരുന്നു. അതു ഹിന്ദിയിലാക്കി ഹിന്ദി വിഭാഗത്തിലേക്കു കൊടുക്കാം എന്ന ഒരു ബുദ്ധിതോന്നി. ഹിന്ദിയിൽ കഥ എഴുതുക എന്ന സാഹസത്തിന് അധികമാരും മുതിരുക യില്ല എന്ന തോന്നലാകാം എന്നെ ഇതിനു പ്രേരിപ്പിച്ചത്. കഥ ഹിന്ദിയിലാക്കിയപ്പോഴാണ് അടുത്തകടമ്പ. പല മല യാളപദങ്ങളുടെയും തത്തുല്യമായ ഹിന്ദിപദങ്ങൾ അറി ഞ്ഞുകൂടായിരുന്നു(അന്ന് മലയാളം-ഹിന്ദി ഡിക്ഷണറി കൾ ഒന്നുമില്ലായിരുന്നല്ലോ). ഒരുവിധത്തിൽ 'ഖജൂർ' എന്ന കഥ പൂർത്തിയാക്കി. അറിയാൻ പാടില്ലാത്ത ഹിന്ദിവാക്കു കൾക്കുപകരം അതിൽ മലയാളപദം ബ്രാക്കറ്റിൽ എഴു തിവച്ചു.

ഞങ്ങളുടെ പ്രിയപ്പെട്ട ഹിന്ദി അധ്യാപകനായിരുന്ന ഡി.തങ്കപ്പൻനായർ സാർ ആയിരുന്നു ഹിന്ദി വിഭാഗം എഡി റ്റർ. മലയാളവാക്കുകൾ കുത്തിനിറച്ച ഹിന്ദികഥ സാറിനെ ഏൽപിച്ച്, ഹിന്ദിവാക്കുകളിലുള്ള ഒരു ഒന്നാംവർഷ പ്രീഡി ഗ്രിക്കാരന്റെ പരിമിതി അദ്ദേഹത്തെ ധരിപ്പിച്ചു. സഹൃദയ നായ തങ്കപ്പൻനായർ സാർ 'ഞാൻ നോക്കട്ടെ' എന്നുപ റഞ്ഞു കഥ എന്നിൽനിന്നു വാങ്ങി. പിന്നെ പരീക്ഷയുടെ ചൂടിൽ 'ഖജൂറി'നെയും തങ്കപ്പൻനായർ സാറിനെയു മൊക്കെ ഞാൻ മറന്നു. ഒടുവിൽ കോളേജ് മാഗസിൻ ഇറ ങ്ങിയപ്പോൾ ഹിന്ദിവിഭാഗത്തിൽ അതാ 'ഖജൂർ' എന്ന കഥ! ആദ്യമായി കോളേജ് മാഗസിനിൽ എന്റെ കഥ! അതും ഹിന്ദിയിൽ! തങ്കപ്പൻനായർ സാറിന്റെ കാരുണ്യം! വിട്ടുപോയ ഹിന്ദിപദങ്ങളൊക്കെ കൂട്ടിച്ചേർത്ത് അദ്ദേഹം അതൊരു മനോഹരമായ കഥയാക്കിയിരുന്നു ('കഥയുടെ ഹിന്ദിസാർ' എന്ന തലക്കെട്ടിൽ 'ഖജൂറി'ന്റെ കഥ ഞാൻ മാതൃഭൂമി ആഴ്ചപ്പതിപ്പിലെ 'മധുരച്ചൂരൽ' എന്ന പംക്തി യിൽ എഴുതിയപ്പോൾ തങ്കപ്പൻനായർ സാർ അദ്ദേഹ ത്തിന്റെ സന്തോഷം എന്നെ വിളിച്ചറിയിച്ചിരുന്നു).

മലയാളകഥ ആധുനികതയുടെ പ്രഭാതത്തിലെത്തി നിൽക്കുന്ന സമയമായിരുന്നു അത്. പ്രീഡിഗ്രി രണ്ടാം വർഷമായപ്പോഴേക്കും കഥയിലെ മാറ്റങ്ങൾ ഞാനും ഉൾക്കൊണ്ടുകഴിഞ്ഞിരുന്നു. രണ്ടാംവർഷാവസാനം കോളേജ് മാഗസിനിലേക്ക് ഞാനൊരു കഥ എഴുതി നൽകി. കോശി തലയ്ക്കൽ സാറായിരുന്നു എഡിറ്റർ. വലിയ പ്രാധാന്യത്തോടെ സീനിയർ വിദ്യാർത്ഥികളുടെ കഥകളോടൊപ്പം 'വിശ്വാസം' എന്ന എന്റെ ആധുനികക ഥയും പ്രസിദ്ധീകരിക്കപ്പെട്ടു. അങ്ങനെ ബിഷപ്പ് മൂർ കോളേജ് എന്നെ കഥാകൃത്താക്കി.

കോളേജിലെ എൻസിസി ദിനങ്ങൾ ഇന്ന് രസകര മായ ഓർമ്മകൾക്ക് ഈറ്റില്ലമാകുന്നു. സർവ്വകലാശാലക ളിൽ അന്ന് എൻസിസി(നാഷണൽ കേഡറ്റ് കോർപ്സ്) പ്രീഡിഗ്രിതലത്തിലുള്ള എല്ലാ പുരുഷവിദ്യാർത്ഥികൾക്കും നിർബന്ധിതമാക്കിയിരുന്നു. എല്ലാ ശനിയാഴ്ചകളിലും ഉച്ച വരെ എൻസിസി പരേഡുണ്ടായിരുന്നു. പ്രഫ. ജോർജ്. എം. ചെറിയാൻ സാറായിരുന്നു എൻസിസി ഓഫീസർ. പലരും കോമാളി വേഷത്തിലാണെത്താറ്. പലർക്കും ചേരുന്ന അളവിലായിരിക്കില്ല യൂണിഫോം എന്നതാണു കാരണം. കോളേജു ഗ്രൗണ്ട് മുഴുവൻ എൻസിസി കേഡ റ്റുകളെക്കൊണ്ടു നിറഞ്ഞിരിക്കും. അവരെ നിയന്ത്രിക്കാൻ ഡിഗ്രി വിദ്യാർത്ഥികളായ അണ്ടർ ഓഫീസർമാരും. അസുഖമുള്ളവർക്കു പരേഡിൽനിന്നും ഒഴിഞ്ഞുമാറി നിൽക്കാം. ഈ ആനുകൂല്യം മുതലെടുത്തു ക്ലാസിലെ പല വിരുതന്മാരും അസുഖം അഭിനയിച്ച് ഏതെങ്കിലും മരത്തണലിൽ ഇരിക്കുന്നുണ്ടാവും. ആത്മാർത്ഥമായി പരേഡ് ഗ്രൗണ്ടിൽ കഴിച്ചുകൂട്ടിയ മണിക്കൂറുകൾ അച്ചട ക്കത്തിന്റെയും ദേശീയബോധത്തിന്റെയും നല്ല പാഠങ്ങൾ ഗ്രഹിക്കാൻ ഉപകരിച്ചുവെന്ന് ഇന്ന് അഭിമാനത്തോടെ ഓർ ക്കാൻ കഴിയുന്നു. പരേഡിനുശേഷമുള്ള 'റിഫ്രെഷ്മെ ന്റാ'യിരുന്നു പ്രധാന ആകർഷണം. ഏത്തപ്പഴവും ബിസ്കറ്റും ചായയും വിതരണം ചെയ്യുമ്പോൾ 'അസുഖ' ക്കാരൊക്കെ മരത്തണലിൽനിന്നും ഓടി ക്യൂവിൽ നിൽ ക്കാനെത്തവെ മറ്റുള്ളവർ കൂവിയാർത്താണ് അവരെ സ്വീകരിക്കുക! (ഒരു നിമിഷം എൻസിസി യുടെ അച്ചടക്ക മര്യാദകളൊക്കെ മറക്കുന്ന നേരം!)

വളർച്ചയുടെ പടവുകളിൽ നമ്മെ സ്വാധീനിക്കുന്ന തിൽ നമ്മുടെ അധ്യാപകർക്കു പ്രത്യേക പങ്കുണ്ട് എന്ന തിൽ സംശയമില്ല. അങ്ങനെ ഞങ്ങളെ സ്വാധീനിക്കാൻ കഴിഞ്ഞിരുന്ന ഒരുപറ്റം അധ്യാപകശ്രേഷ്ഠർ ബിഷപ്പ് മൂർ കോളേജിന്റെ അനുഗ്രഹമായിരുന്നു എന്നതിൽ തർക്കമില്ല. പ്രിൻസിപ്പലായിരുന്ന കെ.സി. മാത്യു അച്ചനായിരുന്നു എന്റെ ഏറ്റവും വലിയ റോൾ മോഡൽ. സൗമ്യവും സ്നേഹമസൃണവുമായ പെരുമാറ്റം, ശാന്തമെങ്കിലും ഉത്തു ംഗമായ ആജ്ഞാശക്തി, പ്രഭാഷണപാടവം, അചഞ്ചല മായ ആത്മവിശ്വാസം, എപ്പോഴും പുഞ്ചിരി തങ്ങി നിൽക്കുന്ന മുഖം- അച്ചന്റെ സ്വഭാവവിശേഷങ്ങൾ അവ സാനിക്കുന്നില്ല. എന്റെ കലാലയജീവിതങ്ങളിൽ ഏറ്റവും പ്രശോഭിതമായ വ്യക്തിത്വമായിരുന്നു കെ.സി.മാത്യു അച്ചൻ എന്ന പ്രിൻസിപ്പൽ.

ഇംഗ്ലീഷ് വിഭാഗത്തിലെ പ്രഫ.രാജൻ വർഗീസ്, പ്രഫ. വി.സി.ജോൺ, പ്രഫ.ഗോപിനാഥപിള്ള, മലയാള വിഭാഗത്തിലെ പ്രഫ.വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള, പ്രഫ. കോശി തലയ്ക്കൽ, ഹിന്ദിവിഭാഗത്തിലെ പ്രഫ. ഡി. തങ്കപ്പൻ നായർ, ഇക്കണോമിക്സിലെ പ്രഫ. എലി സബത്ത്, ഗണിതവിഭാഗത്തിൽ എന്റെ ബീജഗണിതാധ്യാ പകനായിരുന്ന പ്രഫ. മാമ്മൻ വർക്കി, രസതന്ത്രത്തിൽ ഉപരിപഠനം നടത്താൻ എനിക്കു പ്രചോദനമായിത്തീർന്ന പ്രഫ. ഇട്ടി മാത്യു അച്ചൻ, പ്രഫ. സാം മോഹൻ ജോൺ എന്നിവർ എനിക്കു വെറും അധ്യാപകരായിരുന്നില്ല. എന്റെ ജീവിതവഴികളിൽ ഇപ്പോഴും അവർ വെളിച്ചമാണ്. പ്രത്യേ കിച്ചും പ്രഫ. വി.സി. ജോൺ, പ്രഫ. മാമ്മൻ വർക്കി എന്നി വർ.

ഓർമകളുടെ നിലാവു പെയ്യുകയാണ്. പക്ഷേ, എനിക്ക് ഈ കുറിപ്പവസാനിപ്പിക്കേണ്ടിയിരിക്കുന്നു. ഒന്നു പറഞ്ഞേതീരൂ. പിൽക്കാലത്ത് വീണ്ടും ചില കലാലയ ങ്ങളിൽ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തിട്ടും എന്റെ യഥാർത്ഥ കലാലയം ബിഷപ്പ് മൂർ കോളേജ് തന്നെയാ ണ്. കെ.സി.മാത്യു അച്ചൻ എല്ലാ പ്രസംഗങ്ങളിലും ആവർത്തിച്ചോർമ്മിപ്പിക്കാറുള്ളതുപോലെ 'ബിഷപ്പ് മൂർ കുടുംബത്തി'ലെ ഒരംഗമാണ് ഞാനെന്നതിൽ ഏറെ അഭി മാനിക്കുന്ന ഒരു പൂർവ്വവിദ്യാർത്ഥിയാണു ഞാൻ. എന്നെ ഞാനാക്കിയ എന്റെ മാതൃകലാലയം!

A Branded Exclusive Showroom

# താജ് മാർബിൾസ്

മാവേലിക്കര & പുന്നപ്ര, ആലപ്പുഴ | 09645077528, 9388900528 | Office : 9387216000

**താജ് മാർബിൾസിൽ ഹോൾസെയിൽ വ്യാപാരം തുടരുന്നു**

ഉപഭോക്താക്കളുടെ പ്രതികരണം ഞങ്ങൾ പ്രതീക്ഷിച്ചതിലും അപ്പുറമാണ്.
നിങ്ങളുടെ സ്നേഹ സഹകരണങ്ങൾക്ക് ഒരായിരം നന്ദി അറിയിക്കുന്നു.

എല്ലാ ബിൽഡിംഗ് മെറ്റീരിയൽസും ഹോൾസെയിൽ വിലയിൽ ലഭ്യമാണ്.
100 Sq. ft. എടുക്കുന്ന സാധാരണക്കാരനും ഹോൾസെയിൽ വിലയിൽ ലഭ്യമാകുന്ന രീതിയിൽ ഒരുക്കിയിരിക്കുന്നു.
എല്ലാ പ്രമുഖ കമ്പനികളുടെയും
Tiles, Sanitaryware, CP Fittings തുടങ്ങി ഗ്രാനൈറ്റിന്റെയും വരെ വൻശേഖരം നിങ്ങൾക്കായി കാഴ്ചവെയ്ക്കുന്നു.

Exclusive Showrooms: MAVELIKARA & ALAPPUZHA

CERA SANITARYWARE | Hindware | RAK CERAMICS | Kajaria | JOHNSON | GROHE | Jaquar | Oasis | SOMANY | NITCO TILES

# ഇതാ.... ഇവിടെ വരെ, പ്രിൻസിപ്പൽമാരോടൊപ്പം

ബിഷപ്പ് മൂർ കോളേജ് എന്ന മഹനീയ കുടുംബത്തിലെ ഒരംഗമാകാൻ എനിക്കു സാധിച്ചത് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു. ഔദ്യോഗികവും അനൗദ്യോഗികവുമായി അകത്തും പുറത്തുമായി ഞാൻ ചിലവിട്ടത് ഏകദേശം 48 നീണ്ടവർഷങ്ങൾ. ചരിത്രരേഖകളിൽ ഒരുപക്ഷേ, ചേർക്കാതെ പോകാനിടയുള്ള, അപ്രധാനം എന്നു കരുതാനിടയുള്ള ഏതാനും വസ്തുതകൾ ചരിത്രസത്യങ്ങളോടൊപ്പം നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

എന്റെ ഔദ്യോഗിക പ്രയാണത്തിന്റെ തുടക്കം വ്യത്യസ്തതയുള്ളതായിരുന്നു. അന്നത്തെ ബിഷപ്പായിരുന്ന റൈറ്റ്. റവ. എം.എം.ജോൺ, കെ.സി. മാത്യു അച്ചനോട് എന്റെ പഠനം തുടർന്നുകൊണ്ടുപോകത്തക്കവണ്ണം കോളേജ് ലൈബ്രറിയിൽ എനിക്കൊരു ജോലി നൽകണമെന്ന് ആവശ്യപ്പെട്ടു. ഇതറിഞ്ഞപ്പോൾ അന്നത്തെ വൈസ് പ്രിൻസിപ്പലായിരുന്ന പ്രഫ. നൈനാൻ കോശി സാർ പറഞ്ഞത് ഞാനിന്നും മറന്നിട്ടില്ല. “അങ്ങനെ ഒരാത്മാവു കൂടെ രക്ഷപ്പെട്ടു”. പക്ഷെ, അന്നും ഇന്നും ഇതിന്റെ പൊരുൾ എനിക്കു പിടികിട്ടിയിട്ടില്ല.

റവ. പോത്തൻ ഫിലിപ്പ് അച്ചൻ അസി.ലൈബ്രേറിയനായി ചാർജെടുത്തപ്പോൾ 6 മാസത്തെ ചുരുങ്ങിയ സേവനത്തിനു വിരാമമിട്ടുകൊണ്ട് ഞാൻ ഓഫീസിലേക്കു മാറി. അവിടെയും ഞാനുറച്ചില്ല. അന്ന് അക്കൗണ്ടന്റായിരുന്ന ശ്രീ. ജെയിംസ് ചെറിയാൻ ഗൾഫിൽ പോയപ്പോൾ ശ്രീ. പി.ഐ. തോമസ് അക്കൗണ്ടന്റ് ആകുകയും എന്നെ പ്രിൻസിപ്പലിന്റെ ഓഫീസിലേക്കു മാറ്റുകയും ചെയ്തു. അന്നു കോളേജിലേക്ക് വന്നുകൊണ്ടിരുന്ന ഫോൺകോളുകളത്രയും അറ്റൻഡ് ചെയ്യേണ്ടത് ഞാനായിരുന്നു, അത്യാവശ്യമുള്ളതുമാത്രം പ്രിൻസിപ്പലും. അതുകൊണ്ടു കോളേജിലെ മറ്റുജോലികൾ മിക്കതും ഹോംവർക്കായി മാറി. ഇന്നും ഏറെക്കുറെ അങ്ങനെതന്നെ. ജോലിഭാരത്തെപ്പറ്റി എന്തെങ്കിലും അച്ചനോട് പറഞ്ഞാൽ മാറ്റമില്ലാത്ത ഒരു മറുപടി കിട്ടിയിരുന്നു. "The reward for work is more work'. ശരിയാണ്, ഇന്നും എന്റെ ഡൈനിങ് ടേബിളിന്റെ ഒരറ്റത്ത് സ്ഥാനംപിടിച്ചിരിക്കുന്നു, കുറെ രജിസ്റ്ററുകൾ. അച്ചന്റെ അനന്തരവൻ എന്ന നിലയിൽ, വലിയ പ്രതീക്ഷയോടെ എന്നോടു പറയുന്ന അഡ്മിഷന്റെ ശുപാർശകൾ അച്ചൻ നിരസിക്കുന്ന രീതിയും രസകരം തന്നെ. ‘നമുക്ക് ഒരു കോളേജങ്ങു തുടങ്ങി ഇവർക്കെല്ലാം അഡ്മിഷൻ കൊടുത്തുകളയാം, പോരെ?’ എന്റെ അമ്മയെ ‘പെങ്ങളെ’ എന്നു വിളിക്കുമ്പോഴും അനന്തരവൻ എന്ന പരിഗണന തരാതിരിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എടുത്തുപറയേണ്ട മറ്റൊരു വസ്തുത, അഡ്മിഷനോ നിയമനത്തിനോ പണം വാങ്ങാതെതന്നെ കോളേജ് നടത്തിക്കൊണ്ടുപോകാൻ സാധിക്കുമെന്ന് അദ്ദേഹം തെളിയിച്ചിട്ടുണ്ട് എന്നതാണ്. ഇഷ്ടമില്ലാത്ത കാര്യങ്ങൾ നർമത്തിൽ പൊതിഞ്ഞ് അവതരിപ്പിക്കുമായിരുന്നു. ഒരിക്കൽ എനിക്ക് ബാംഗ്ലൂരിൽനിന്നും വന്ന പാഴ്സലിലെ, പറക്കുന്ന കഴുകന്റെ പടമുള്ള ഷർട്ടിന്റെ തുണി കണ്ടിട്ട് അച്ചൻ ചോദിച്ചു, ‘എടാ,



ജോർജ് സഖറിയ (ജോജി)
പ്രസിഡന്റ്, റിട്ട. നോൺ ടീച്ചിങ് സ്റ്റാഫ് അസോസിയേഷൻ
ബിഷപ്പ് മൂർ കോളേജ്

നീയെന്നാണിത് തയ്പിച്ചിടുന്നത്? അതറിഞ്ഞിട്ടുവേണം കോളേജിനവധി കൊടുക്കാൻ.'

എം.കെ. ചെറിയാൻ സാറാണ് പിന്നീട് പ്രിൻസിപ്പൽ ആയത്. ചുമതലയേൽക്കുമ്പോൾ മുന്നറിയിപ്പെന്നോണം അദ്ദേഹത്തോട് ആരോ പറഞ്ഞത്രെ, 'ഇവരെ സൂക്ഷിയ്ക്കുക'. അതായത്, എന്നെയും എന്റെ സുഹൃത്തായ ഐപ്പ് ജോണിനെയും. പക്ഷേ, അദ്ദേഹം അതൊന്നും കാര്യമാക്കാതെ മുമ്പോട്ടുപോയി. അദ്ദേഹത്തിന്റെ കാലത്താണ് പഴയ ലൈബ്രറി, ഓഫീസ് ആക്കി മാറ്റിയതും പ്രിൻസിപ്പലിന്റെ ഓഫീസ് അവിടെനിന്നും മാറ്റി ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അവിടേക്ക് കൊണ്ടുവന്നതും. സീനിയർ സൂപ്രണ്ടിനും ഹെഡ് അക്കൗണ്ടന്റിനും ക്യാബിൻ അനുവദിച്ചതും എം എസ്സി കെമിസ്ട്രി ആരംഭിച്ചതും ഈ കാലഘട്ടത്തിൽത്തന്നെയാണ്.

വേണ്ടുവോളം പ്രവൃത്തിപരിചയവും ഏറെ അനുഭവസമ്പത്തും ഉണ്ടായിരുന്നിട്ടും സേവനകാലാവധി ഒരുവർഷം മാത്രമെയുള്ളൂ എന്ന കാരണത്താൽ ബഹു. ഇട്ടി മാത്യു അച്ചന് പ്രിൻസിപ്പൽ സ്ഥാനം നിഷേധിക്കപ്പെട്ടു.

എം.കെ. ചെറിയാൻ സാറിന്റെ പിൻഗാമിയായി വന്നത് പ്രഫ. മാമ്മൻ വർക്കി ആയിരുന്നു. പുരോഗമനപരമായ പല ആശയങ്ങളും പ്രാവർത്തികമാക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ഒട്ടുംതന്നെ ഉടയാത്ത ദോത്തിയും ഷർട്ടും ധരിച്ചെത്തുന്നത് വേറിട്ട കാഴ്ചതന്നെയായിരുന്നു. അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തിന് ഒരുത്തമ ഉദാഹരണമാണ് ഇന്നു പല ഇന്റർനാഷണൽ കോൺഫറൻസുകൾക്കും വേദിയാകുന്ന നമ്മുടെ കൗൺസിലിങ് സെന്റർ. വാക്കിലും നോക്കിലും പ്രവൃത്തിയിലും എന്നും മിതത്വം സൂക്ഷിച്ചിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. അദ്ദേഹവും ഞാനുമായുള്ള ബന്ധം കുടുംബത്തിൽ തുടങ്ങി സിഎസ്ഐ യുവജനപ്രസ്ഥാനത്തിലൂടെ വളർന്നുവന്നതാണ്. ഈ കാലയളവിലാണ് ഞങ്ങൾ ഒന്നിച്ചു 'ശങ്കരാലയ'ത്തിൽ താമസിക്കാൻ ഇടയായതും. അദ്ദേഹത്തിന്റെ സേവനകാലത്തു തുടങ്ങിയ രണ്ടു കോഴ്സുകളാണ് ഹോസ്പിറ്റൽ മാനേജ്മെന്റും ബയോടെക്നോളജിയും. ഞാൻ സൂപ്രണ്ട് തസ്തികയിൽനിന്നും വിരമിച്ചത് അദ്ദേഹത്തിന്റെ കാലയളവിലാണ്. അന്ന് അദ്ദേഹം പറഞ്ഞ ഒരു വാചകം ഇന്ന്, ഈ നിമിഷം വരെ കോളേജ് വിട്ടുപോരാതിരിക്കാൻ കാരണമായോ എന്നു സംശയിക്കേണ്ടിരിക്കുന്നു, "ജോജിക്ക് റിട്ടയർമെന്റില്ല."

വിജയൻ എന്ന ഓമനപ്പേരുള്ള വിക്ടർ സാം സാറാണ് പിന്നീട് പ്രിൻസിപ്പൽ ആയത്. സ്നേഹത്തോടെ 'എടാ, ജോജി' എന്നുള്ള അദ്ദേഹത്തിന്റെ വിളി ഇന്നും ഞാൻ കേൾക്കുന്നു. വേഷംകൊണ്ടും പെരുമാറ്റംകൊണ്ടും സ്ഥാനത്തിന്റെ പത്രാസുകാണിക്കാത്ത സാധാരണക്കാരനായ പ്രിൻസിപ്പൽ. നർമസംഭാഷണങ്ങളിലൂടെ എല്ലാവരുടെയും മനസിൽ കയറിക്കൂടിയ ആൾ. പക്ഷേ, മരണത്തിൽ അദ്ദേഹം ഒന്നാമനായല്ലോ എന്ന ഖേദം ബാക്കിനിൽക്കുന്നു. അകാലത്തിൽ പൊലിഞ്ഞ ആ സ്നേഹധനന്റെ ഓർമയ്ക്കു മുമ്പിൽ ഒരുപിടി കണ്ണീർപ്പൂക്കൾ പൊഴിക്കുന്നു.

അദ്ദേഹത്തിനുശേഷം പ്രിൻസിപ്പലായത് ഈ കോളേജിൽത്തന്നെ പഠിച്ച്, ഇതിന്റെ സ്പന്ദനങ്ങളെല്ലാം അടുത്തറിഞ്ഞിട്ടുള്ള കോശി നൈനാൻ സാറാണ്. നേതൃപാടവം ഏറെയുണ്ടായിരുന്നു അദ്ദേഹത്തിന്. എന്നും യാഥാർത്ഥ്യബോധത്തോടെയുള്ള തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. അപ്രതീക്ഷിതമായി നേരിടേണ്ടിവന്ന ചില പ്രശ്നങ്ങൾ അതിസമർത്ഥമായി നേരിടാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

തികഞ്ഞ പ്രകൃതിസ്നേഹിയായ മാത്യു കോശി സാറാണ് പിന്നീട് പ്രിൻസിപ്പൽ ആയത്. പ്രകൃതിസംരക്ഷണത്തിന്റെ ഭാഗമായി അദ്ദേഹം കോളേജ് കാമ്പസിൽ ചെയ്ത പ്രവർത്തനങ്ങൾ, രചിച്ച കൃതികൾ എന്നിവയെല്ലാം അഭിനന്ദനാർഹമാണ്. സിഎസ്ഐ യുവജനപ്രസ്ഥാനത്തിന്റെ മുൻനിരയിലുണ്ടായിരുന്ന അദ്ദേഹത്തെ എനിക്കു പഠിക്കുന്ന കാലംതൊട്ട് അറിയാമായിരുന്നു. ഒരു പുരോഹിതന്റെ മകനുവേണ്ട മാന്യമായ പെരുമാറ്റം എടുത്തുപറയേണ്ടതാണ്. അദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ് യുജിസി ഗ്രാന്റ് ഏറ്റവും കൂടുതൽ കോളേജിനു ലഭിച്ചിട്ടുള്ളത്.

മാത്യു കോശി സാറിനുശേഷം പ്രിൻസിപ്പലായത് കുര്യൻ തോമസ് സാറാണ്. കുറഞ്ഞ കാലയളവുകൊണ്ട് ഏറെകാര്യങ്ങൾ ചെയ്യാൻ ശ്രമിച്ച അദ്ദേഹത്തെപ്പറ്റി ഓർക്കുമ്പോൾ ഉമ്മൻചാണ്ടി സർക്കാരിന്റെ 'അതിവേഗം ബഹുദൂരം' പദ്ധതിയാണ് ഓർമ്മയിലെത്തുന്നത്. തികഞ്ഞ ലക്ഷ്യബോധം, കരുത്തുറ്റൊരു മനസ്, ഉറച്ചതീരുമാനങ്ങൾ ഇവയെല്ലാം അദ്ദേഹത്തിന്റെ പ്രത്യേകതകളായിരുന്നു. മാർഗം ലക്ഷ്യത്തെ സാധൂകരിക്കും എന്നു വിശ്വസിച്ചിരുന്ന വ്യക്തി. അദ്ദേഹത്തിന്റെ കാലയളവിലെ നേട്ടങ്ങളിലൊന്നാണ് പുതിയ ഹോസ്റ്റൽ കെട്ടിടം.

കുര്യൻ തോമസ് സാറിനുശേഷം പ്രിൻസിപ്പലായ തോമസ് കുരുവിള സാർ പെരുമാറ്റംകൊണ്ടും പ്രവൃത്തികൊണ്ടും വളരെ വ്യത്യസ്തനായിരുന്നു. വലിയ ശബ്ദകോലാഹലങ്ങളൊന്നുമില്ലാതെ നിയമാനുസൃതം ചെയ്യേണ്ട കാര്യങ്ങൾ മുറപോലെ ചെയ്യുമായിരുന്നു. ഭംഗിയായി ജോലി ആരുചെയ്താലും അത് അംഗീകരിക്കാനുള്ള നല്ലമനസ് കാണിച്ചിരുന്നു.

തോമസ് കുരുവിള സാറിനുശേഷം ഡോ. ലീലാമ്മ ജോർജ് പ്രഥമ വനിതാപ്രിൻസിപ്പലായി ചുമതലയേറ്റു. ഭരണകാര്യങ്ങളിൽ സ്ത്രീ പുരുഷനേക്കാൾ ഒട്ടും പിന്നിലല്ലെന്ന് അവർ തെളിയിച്ചുകൊണ്ടിരിക്കുന്നു. വിരമിക്കുന്നതിനുമുമ്പു പരമാവധി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ തീവ്രപരിശ്രമം ചെയ്തുകൊണ്ടിരിക്കുന്നു. കോളേജിനുവേണ്ടി മറ്റുള്ളവർ കണ്ട സ്വപ്നം പോലും യാഥാർത്ഥ്യമാക്കി. ആരെയും ഹഠാദാകർഷിക്കുന്ന ടീച്ചറിന്റെ പ്രസംഗപാടവവും എടുത്തുപറയേണ്ടതാണ്.

അങ്ങനെ പ്രിൻസിപ്പൽമാരോടൊത്തുള്ള എന്റെ പ്രയാണം അഭംഗുരം തുടർന്നുകൊണ്ടിരിക്കുന്നു. മറ്റു നേട്ടങ്ങളേക്കാളുപരി കെട്ടുറപ്പുള്ള വ്യക്തിബന്ധമാണ് എനിക്കെന്നും പ്രചോദനമേകുന്നത്. നിർജീവമായ ഫയലുകളുടെയും രജിസ്റ്ററുകളുടെയും ഇടയിൽ ഈ ബന്ധങ്ങളുടെ ഊഷ്മളത എന്നെ നിലനിർത്തിക്കൊണ്ടുപോകുന്നു. അതിലുപരി സർവ്വശക്തനായ ദൈവവും. ഒരു ദുഃഖം മാത്രം, ക്ലാസ്മുറികളിൽ തലമുറകളെ വാർത്തെടുക്കുന്ന അധ്യാപകസമൂഹത്തിനു ശിഷ്യഗണങ്ങൾ സ്നേഹവും ഊർജവും പകരുമ്പോൾ, എന്നും കൈകാര്യം ചെയ്യുന്ന ഫയലിനുള്ളിലെവിടെയോ ഇരിക്കുന്ന ഒരു കടലാസുപോലെ ഞാൻ ഒതുങ്ങിപ്പോകുന്നുവോ എന്ന ചിന്ത എന്നെ ഭരിക്കുന്നു.

## ഫോണിൽ പാളിയതും ലീവിൽ നേടിയതും

# ഓർമകൾ ഒത്തിരിയാണ്



ഐപ്പ് ജോൺ
റിട്ട. സീനിയർ സൂപ്രണ്ട്
ബിഷപ്പ് മൂർ കോളേജ്

1976 ജൂലൈ ഒന്ന്. എന്റെ ഔദ്യോഗിക ജീവിതത്തിന്റെ തുടക്കം ബിഷപ്പ് മൂർ കോളേജ് പ്രിൻസിപ്പലിന്റെ ഓഫീസിലായിരുന്നു. അതിനുമുമ്പ് പ്രിൻസിപ്പലിന്റെ മുറിയിൽ അഞ്ചുപ്രാവശ്യം കയറിയിട്ടുണ്ടായിരുന്നു. രണ്ടുപ്രാവശ്യം പ്രവേശന അഭിമുഖങ്ങൾക്കും ഒരുപ്രാവശ്യം ടെർമിനൽ എക്സാമിനേഷനുശേഷമുള്ള റിവ്യൂവിനും പിന്നെ രണ്ടുപ്രാവശ്യം മറ്റാവശ്യങ്ങൾക്കും. പ്രിൻസിപ്പലിന്റെ ഓഫീസ് അക്കാലത്ത് ഇന്നത്തെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റായിരുന്നു. കോളേജിൽ അനധ്യാപകവിഭാഗത്തിൽ ലോവർ ഡിവിഷൻ ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചപ്പോൾ ഇപ്പോൾ ഇംഗ്ലീഷ്വിഭാഗം മേധാവി ഇരിക്കുന്ന സ്ഥലത്തെ ക്യാബിനിലായിരുന്നു എന്റെ സ്ഥാനം. പ്രിൻസിപ്പലിന്റെ ഓഫീസിലെ പേഴ്സണൽ അസിസ്റ്റന്റ് അക്കൗണ്ട്സ് സെക്ഷൻ അന്ന് ഇപ്പോഴത്തെ ഓഫീസിലേക്കു കയറിവരുന്ന സ്ഥാനത്തും ജനറൽ ഓഫീസ് ആദ്യം പ്രിൻസിപ്പലിന്റെ മുറിയുടെ വലതുഭാഗത്തും (ഇപ്പോഴത്തെ ഫിസിക്സ് ഡിപ്പാർട്ട്മെന്റ്) പിന്നീട് ഇടത്തേഭാഗത്തും (ഇപ്പോഴത്തെ കംപ്യൂട്ടർ ലാബ്) ആയിരുന്നു. ഓഫീസിലെ എന്റെ ആദ്യഗുരു ജോജിസാർ (ജോർജ് സഖറിയ) എനിക്ക് അലോട്ടുചെയ്തിട്ടുള്ള ജോലികൾ എന്തൊക്കെയാണെന്ന് ഒരു ചെറിയ വിവരണം നൽകി. ഫോൺ വരുമ്പോൾ എങ്ങനെയാണ് എടുക്കേണ്ടതെന്നും പറഞ്ഞുതന്നു. പ്രിൻസിപ്പലിനു കൊടുക്കേണ്ടപ്പോൾ എക്സ്റ്റൻഷൻ ബട്ടൺ പ്രസ് ചെയ്ത് പ്രിൻസിപ്പൽ സംസാരിച്ചു തുടങ്ങുമ്പോൾ ഫോൺ ക്രാഡിലിൽ വയ്ക്കണം. മെയിൻ എക്സ്റ്റൻഷൻ ഫോൺ കാണുന്നത് ആദ്യം, അല്ലാത്ത ഫോണും ഉപയോഗിച്ചിട്ടുള്ളതു വിരലിലെണ്ണാവുന്ന സന്ദർഭങ്ങളിൽ. ജോജിസാർ ഹെഡ് അക്കൗണ്ടന്റിന്റെ സീറ്റിലേക്ക് പോയി. ഞാൻ ഒറ്റയ്ക്കായി. അൽപനേരം കഴിഞ്ഞപ്പോൾ ഫോൺ ബെല്ലടിച്ചു. ഞാൻ ഫോണെ

ടുത്തു നേരെ എക്സ്റ്റൻഷൻ ബട്ടൺ പ്രസ് ചെയ്ത് അച്ച നുകൊടുത്തു. കുറച്ചു കഴിഞ്ഞപ്പോൾ അച്ചൻ വിളിപ്പിച്ചു. ഫോൺ വരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പറഞ്ഞു തന്നു. ജോലിയിലെ എന്റെ ആദ്യപ്രവർത്തി പരാജയപ്പെ ട്ടുവെന്ന് അങ്ങനെ എനിക്കു മനസിലായി.

രണ്ടു ദിവസങ്ങൾക്കുശേഷം പ്രിൻസിപ്പൽ ഒരു കത്തിനു മറുപടി തയാറാക്കുവാൻ എന്നെ ചുമതലപ്പെടു ത്തി. കുറച്ചു ദിവസങ്ങൾകൂടി കഴിഞ്ഞിട്ടുപോരെ എന്നു ചോദിച്ചെങ്കിലും ഉടൻ മറുപടി എഴുതിക്കൊണ്ടുവരണമെന്ന് ഉത്തരവിട്ടപ്പോൾ ഞാൻ കുഴങ്ങി. മറ്റുള്ളവരോട് സഹായം ചോദിച്ചാൽ അവരിൽനിന്നും സഹായത്തിനുപകരം ആക്ഷേപം കേൾക്കേണ്ടിവരുമെന്ന് അറിയാമായിരുന്നതി നാൽ ഒരു മണിക്കൂർകൊണ്ട് തന്നെത്താൻ മറുപടിക്കത്തു തയാറാക്കി. പ്രിൻസിപ്പലിനെ കാണിച്ചു. പ്രിൻസിപ്പൽ പേപ്പർ വാങ്ങി മുകളിൽനിന്ന് താഴേക്ക് ഒരു വായന. എല്ലാ വരും ഇടത്തുനിന്നും വലത്തോട്ടു വായിക്കുമ്പോൾ കെ. സി. മാത്യു അച്ചൻ വായിച്ചിരുന്നത് മുകളിൽനിന്നും താഴേ ക്ക്. അത്രമാത്രം സ്പീഡിലാണ് വായന. ഇതുമതിയെന്നു കേട്ടപ്പോൾ രണ്ടാമത്തെ ഉദ്യമത്തിൽ വിജയിച്ചല്ലോ എന്ന സംതൃപ്തി എന്റെ മുഖത്ത് തെളിഞ്ഞു. പിന്നീട് ലഭിച്ച ദൗത്യം സർവീസ് ബുക്കിൽ ലീവ് അക്കൗണ്ട് ക്രമീകരി ക്കുകയെന്നതായിരുന്നു. 1964 മുതൽ സർവീസിൽ കയ റിയ ആരുടെയും ബുക്കിൽ ലീവ് അക്കൗണ്ട് എഴുതിയി രുന്നില്ല. ഏൺഡ് ലീവ്, ഹാഫ്ഡേ ലീവ്, കമ്മ്യൂട്ടഡ് ലീവ് എന്നൊക്കെ പറഞ്ഞാൽ അതൊന്നും കേട്ടിട്ടില്ലാത്ത എന്നെ സംബന്ധിച്ചിടത്തോളം ഒന്നുമറിയാൻ പാടില്ലാത്ത അവസ്ഥ. നേരിട്ട് വരുന്നവർക്കു ഞങ്ങൾക്കറിയാവുന്ന അത്രയും പോലും അറിയില്ലായെന്നു പറയുന്നത് ഇതു കൊണ്ടാണെന്നുള്ള ഒരു സുഹൃത്തിന്റെ കമന്റും കൂടിയാ യപ്പോൾ ഞാൻ വിയർത്തു. എന്നാലും, അറിഞ്ഞുകൂടാ ത്തതു മനസിലാക്കി ഞാൻ ചെയ്തോളാം എന്ന് എന്നിൽനിന്നും മറുപടി ഉയർന്നു. ജോജിസാർ പി.ഐ. തോമസ് സാറിൽനിന്നും യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് വാങ്ങി ലീവിനെക്കുറിച്ച് അതിൽപറഞ്ഞിരിക്കുന്ന പേജ് കാണിച്ചു തന്നു. വായിച്ചു മനസിലാക്കിയശേഷം ലീവ് അക്കൗണ്ട് ശരി യാക്കുവാൻ ആരംഭിച്ചു. ആദ്യബുക്ക് പ്രിൻസിപ്പൽ കെ.സി. മാത്യു അച്ചന്റേത് ആയിരുന്നു. എഴുതി ജോജി സാറിനെ കാണിച്ചു. ചെയ്തതു ശരിയാണ് എന്നു മനസി ലാക്കിയപ്പോൾ എനിക്കു സന്തോഷം. അന്നത്തെ സ്റ്റാറ്റ്യൂട്ടു വായന പിന്നീട് സ്റ്റാറ്റ്യൂട്ടും കെ.എസ്ആറും മറ്റും വായിക്കു ന്നതിനും പഠിക്കുന്നതിനും അക്കൗണ്ട് ടെസ്റ്റ് ആദ്യ ചാൻസിൽ തന്നെ പാസാകുന്നതിനും പ്രചോദനമായി.

ജീവനക്കാരുടെ സത്യസന്ധത അവർ അറിയാതെ തന്നെ പ്രിൻസിപ്പൽ വിലയിരുത്തുമായിരുന്നു. അങ്ങനെയുള്ള ടെസ്റ്റുകൾക്ക് ഞാനും അറിയാതെതന്നെ വിധേയനായിട്ടുണ്ടാകും എന്നു ഞാൻ ഉറച്ചുവിശ്വസി ക്കുന്നു. പല കോൺഫിഡൻഷ്യൽ പേപ്പറുകളും കൈ കാര്യം ചെയ്യാൻ ഏൽപിക്കപ്പെട്ടിരുന്നു. അതൊക്കെ എന്റെ അറിവ് വർധിപ്പിക്കുന്നതിനും ലെറ്റർ ഡ്രാഫ്റ്റി ങ്ങിൽ പ്രാവീണ്യം നേടുന്നതിനും ഇടയാക്കി. ആദ്യ പ്രിൻസിപ്പലിന്റെ കീഴിലുള്ള ജോലി ഏറ്റവും സന്തോഷ കരവും അറിവുവർധിക്കുന്നതിനു സഹായകരവുമായി രുന്നു. കോളേജിന്റെ വളർച്ചയുടെ പല ഘട്ടങ്ങളെപ്പറ്റിയു മുള്ള വിവരണങ്ങൾ അദ്ദേഹത്തോടൊപ്പമുള്ള യാത്രാവേ ളകളിൽ കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്. പൂർണമായി ആശ്ര യിക്കാവുന്ന, കാലുറപ്പിച്ചു നിൽക്കാവുന്ന ബലവത്തായ പാറയായിരുന്നു കെ.സി.മാത്യു അച്ചൻ. തെറ്റു സംഭവി ച്ചാൽ മറച്ചുവെയ്ക്കാതെ അച്ചന്റെ ശ്രദ്ധയിൽപ്പെടുത്തി യാൽ അതു സ്വയം ഏറ്റെടുത്തു പരിഹരിച്ചു ബലപ്പെ ടുത്തി തുടർപ്രവർത്തനത്തിനു സജ്ജമാക്കുന്ന മഹനീയ സ്വഭാവത്തിനുടമ. “Work is worship. Reward of work is more work”. ഇതായിരുന്നു അച്ചന്റെ പ്രമാണം. ചിലപ്പോൾ പുതിയ ചുമതലകൾ കൂടുതലായി നൽകിയിട്ടു പറ യും,“തീയിൽ കുരുത്താൽ വെയിലത്തു വാടില്ല. അതു കൊണ്ടു ചെയ്യുക.” ഇതുതീർത്തും യാഥാർത്ഥ്യമായി ത്തീർന്നു. സൂപ്പർവൈസറികേഡറിൽ പ്രവർത്തിച്ചപ്പോൾ അതൊക്കെ പ്രയോജനപ്പെട്ടു. 1989 മാർച്ച് 31 ഞങ്ങ ൾക്കൊക്കെ വളരെ നിരാശയനുഭവപ്പെട്ട ദിനമാണ്. കലാ ലയത്തിൽനിന്നുള്ള അച്ചന്റെ വിടവാങ്ങൽ അത്രയ്ക്കു ദുഃഖകരമായിരുന്നു. പ്രാർത്ഥനയിൽ ഓർത്തുകൊള്ളാമെ ന്നുള്ള വാക്ക് ധൈര്യം പകർന്നുതന്നു.

പിന്നീടുവന്ന പ്രിൻസിപ്പൽമാർ എല്ലാവരും വളരെ കരുതലോടെ ഇടപെട്ടിരുന്നു. എം.കെ. ചെറിയാൻ സാർ എന്നെ പഠിപ്പിച്ചിട്ടില്ലെങ്കിലും പൗരസ്ത്യഭാഷാവിഭാഗം തല വൻ എന്ന നിലയിൽ അധ്യാപകനും മാമ്മൻവർക്കി സാറും വിക്ടർ സാം സാറും കോളേജിൽ എന്നെ പഠിപ്പി ച്ചിരുന്നതിനാൽ എന്റെ അധ്യാപകരും കോശി നൈനാൻ സാർ കോളേജ് വിദ്യാർത്ഥി എന്ന നിലയിൽ സമകാലിക നുമായിരുന്നു. മാമ്മൻ വർക്കിസാറിന്റെ കാലത്താണ് ഞാൻ സീനിയർ സൂപ്രണ്ടായി ഉയർത്തപ്പെട്ടത്. അക്കാ ലത്ത് യുജിസിയുടെ സഹായത്താൽ ചുറ്റുപാടുമുള്ള ഏതാനും പ്രൈമറി സ്കൂളുകൾ ദത്തെടുത്തു പ്രവർത്ത നങ്ങൾ നടത്തിയിരുന്നു. ആ പ്രോഗ്രാമിന്റെ ചുമതല എനിക്കാണ് നൽകിയിരുന്നത്. എന്നോടൊപ്പം അതിനു നേതൃത്വം നൽകിയതു വി.ഐ. ജോൺസൺ സാറായി രുന്നു. 300ലധികം പ്രൈമറി സ്കൂൾ കുട്ടികളെയും അവ രുടെ അധ്യാപകരെയും രക്ഷകർത്താക്കളെയും പങ്കെടു പ്പിച്ചുള്ള ക്യാമ്പുകൾ സംഘടിപ്പിക്കപ്പെട്ടതു മാമ്മൻ വർക്കി സാറിന്റെ സാമൂഹികപ്രതിബദ്ധത വിളിച്ചറിയിക്കുന്ന സന്ദർഭങ്ങളായിരുന്നു. പോസ്റ്റ് എസ്എസ്എൽസിക്കാർ ക്കുവേണ്ടി നടത്തപ്പെട്ടിരുന്ന അഡ്വാൻസ് ലീഡർ ഷിപ്പ് ക്യാമ്പുകളുടെ ചുമതല ജേക്കബ് ചാണ്ടി സാറി നോടൊപ്പം നിർവഹിക്കുന്നതിനും മാമ്മൻ വർക്കിസാർ അവസരം ഒരുക്കിത്തന്നിട്ടുണ്ട്.

കോശി നൈനാൻ സാർ പ്രിൻസിപ്പലായി കുറച്ചു നാളുകൾ പിന്നിട്ടപ്പോൾ പറഞ്ഞ ഒരുകാര്യം ഓർക്കുന്നു. ചട്ടങ്ങളും നിയമങ്ങളും പറയുന്നതുകൊണ്ട് അധ്യാപക രായ ഞങ്ങൾക്കു നിങ്ങളോടു താൽപര്യമില്ലായിരുന്നു വെന്നും എന്നാൽ, പ്രിൻസിപ്പൽമാരെ സേവ് ചെയ്യാൻവേ ണ്ടിയാണ് നിങ്ങൾ ചട്ടങ്ങളും നിയമങ്ങളും പറയുന്നതെന്ന് ഇപ്പോഴാണ് മനസിലായതെന്നുമാണ് അദ്ദേഹം പറഞ്ഞത്. അതേപടി തുടർന്നുകൊള്ളാൻ അനുവാദവും നൽകി.

ധാരാളം ഓർമകൾ പങ്കുവെക്കാനുണ്ടെങ്കിലും സ്ഥലപരിമിതിമൂലവും ആവർത്തനവിരസമാകുമെന്നതി നാലും അതിനു മുതിരുന്നില്ല. സുവർണ്ണജൂബിലി ആഘോ ഷിക്കുന്ന കോളേജിന് എല്ലാ നന്മകളും നേരുന്നു.

# ജൂബിലി നിറവിൽ വൈദികസംഗമം

അർപ്പണബോധത്തിന്റെയും രൂപാന്തരപ്പെടുത്തലിന്റെയും സേവനത്തിന്റെയും തിളക്കമാർന്ന അരനൂറ്റാണ്ട് പിന്നിട്ട് മാവേലിക്കര 'ബിഷപ്പ് മൂർ കോളേജ്' കർമപാതയിലൂടെ മുന്നേറിക്കൊണ്ടിരിക്കുന്നു.

2015 ഫെബ്രുവരി 4. മറ്റു ദിവസങ്ങളെക്കാളും സന്തോഷത്തിന്റെ കണികകളുമായിട്ടാണ് സൂര്യൻ അന്നു കിഴക്കുദിച്ചത്. എന്തോ ഒരു പ്രത്യേകത. ബിഷപ്പ് മൂർ എന്ന കലാലയ മുത്തശ്ശിയുടെ നൂറും തേനും രുചിച്ച് ഇന്നിന്റെ അനുഗ്രഹത്തിനായി അൾത്താരയിൽ ബലിയർപ്പിക്കുന്ന വൈദികർ ഒന്നിക്കുന്നതിന്റെ സന്തോഷമായിരുന്നു അത്. കലാലയത്തെ അർത്ഥപൂർണമാക്കുന്ന ചാപ്പലിൽ ഗതകാല സ്മരണകളുമായി അവർ ഒത്തുകൂടി.





റവ. ഷാലു റ്റി മാത്യു
(1999 - 2004 ബാച്ച്)
വികാരി, സിഎസ്ഐ ചർച്ച്, മാമ്മൂട്

സമയം രാവിലെ 8 മണി. വൈദികസമ്മേളനത്തിനുവന്നവർ ഓർമകളുടെ സുഗന്ധം പേറുന്ന കാന്റീനിലേക്ക്. കോളേജിന്റെ മുഖം മാറിയെങ്കിലും ഒരു മാറ്റവുമില്ലാതെ കാന്റീൻ...ഒരു ഊണ് ഓർഡർ ചെയ്തിട്ട് അത് മൂന്നുപേർ ചേർന്നുകഴിച്ചതും, അച്ചാറുകുപ്പികൾ അടിച്ചുമാറ്റിയതും കോളേജ് തിരഞ്ഞെടുപ്പ് സമയത്തു പോസ്റ്ററുകൾ എഴുതിയതും, സമരം കഴിഞ്ഞ് അന്നത്തെ സമരത്തെ വിശകലനം ചെയ്തതുമെല്ലാം ഇന്നലെ കഴിഞ്ഞപോലെ... രുചികരമായ പ്രഭാതഭക്ഷണത്തിനുശേഷം അതിമനോഹരമായ കോളേജ് ചാപ്പലിലേക്ക്. കോളേജ് ചാപ്ലയിൻ റവ. ജോസഫ് തോമസ് സ്തോത്രശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. പൂർവ്വവിദ്യാർത്ഥിയായ റവ. ജോൺ ഐസക് 103-ാം സങ്കീർത്തനത്തെ ആസ്പദമാക്കി നടത്തിയ തിരുവചനധ്യാനത്തിൽ ദൈവം നമ്മുടെ ജീവിതത്തിൽ ചെയ്തിരിക്കുന്ന നന്മകൾ നാം ഒരിക്കലും മറന്നുപോകരുതെന്ന് ഓർമ്മിപ്പിച്ചു. എല്ലാവരും ചേർന്നുള്ള പ്രാർത്ഥനയോടെ സ്തോത്രശുശ്രൂഷ അവസാനിച്ചു.

തുടർന്നുനടന്ന സമ്മേളനത്തിൽ അധ്യാപകരുടെയും അനധ്യാപകരുടെയും സാന്നിധ്യത്തിൽ കോളേജ് പ്രിൻസിപ്പൽ ഡോ. ലീലാമ്മ ജോർജ് ഏവരെയും സ്വാഗതം ചെയ്തു. വൈദികർ എല്ലാവരും കോളേജിന്റെ വളർച്ചയിൽ ആത്മാർത്ഥമായ സന്തോഷം പ്രകടിപ്പിക്കുകയും പഴയകാലസ്മരണകൾ അയവിറക്കുകയും മുന്നോട്ടുള്ള യാത്രയ്ക്ക് ആശംസകൾ നേരുകയും ചെയ്തു. വർഷത്തിലൊരിക്കലെങ്കിലും വൈദികരുടെയും കുടുംബാംഗങ്ങളുടെയും ഒത്തുചേരലുകൾ ഉണ്ടാകണമെന്ന നിർദ്ദേശമുണ്ടായി. ഫാ. മാത്യു.വി.തോമസിനെ കൺവീനറായും ഏവരുമായി ഇ-കമ്മ്യൂണിക്കേഷൻ നടത്താൻ റവ. ജോബി ജോയി ആവണക്കാടനെയും തെരഞ്ഞെടുത്തു. തിരക്കുകൾക്കിടയിലും ഒരുമിച്ചു കൂടാൻ സമയംകണ്ടെത്തിയവർക്കു സംഗമത്തിനു ചുക്കാൻ പിടിച്ച ഡോ. ആൻ ഏഞ്ചലിൻ നന്ദിയർപ്പിച്ചു.

വൈദികരും അധ്യാപകരും ഒരുമിച്ചുള്ള നിരവധി ഗ്രൂപ്പ് ഫോട്ടോകൾക്ക് ചാപ്പലിന്റെ മുറ്റം വേദിയായി. ഗ്രൂപ്പ് ഫോട്ടോകൾ ഫേസ്ബുക്കിൽ കണ്ട പലരും സുവർണ്ണജൂബിലി വൈദികസമ്മേളനത്തിൽ പങ്കെടുക്കാൻ കഴിയാത്തതിന്റെ വേദന 'കമന്റിലൂടെ' രേഖപ്പെടുത്തി. പുത്തൻ തലമുറകൾക്കു ധാർമികമൂല്യങ്ങൾ പകർന്നുകൊടുക്കാനും രാഷ്ട്രത്തിനും സമൂഹത്തിനും പ്രയോജനമുള്ള വ്യക്തികളെ വാർത്തെടുക്കുന്നതിനും ഈ കലാലയത്തിനു സാധിക്കട്ടെ. സുവർണ്ണജൂബിലിയുടെ നിറവിലായിരിക്കുന്ന മാവേലിക്കര ബിഷപ്പ് മൂർ കോളേജിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

# 'അന്നൊരിക്കൽ... '

**ഫാ. ഏബ്രഹാം വർഗീസ്**

1964-ൽ കോളേജ് തുടങ്ങിയ വർഷംതന്നെ ഈ കലാലയത്തിലെ വിദ്യാർത്ഥിയാകാൻ കഴിഞ്ഞത് ദൈവനിയോഗമായി കരുതുന്നു. പ്രഗത്ഭരായ അധ്യാപകനിരയുടെ മാർഗനിർദേശങ്ങൾ ജീവിതത്തിൽ മുതൽക്കൂട്ടായി മാറി.

**റവ. ബ്ലെയ്സു വർഗീസ്** (1988-1990 ബാച്ച്)

ഞാൻ പ്രീഡിഗ്രിക്കു പഠിക്കുമ്പോഴായിരുന്നു കോളേജിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾ നടന്നത്. അന്നൊരിക്കൽ ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ സെമിനാർ നയിക്കാനെത്തിയ വിശിഷ്ടാതിഥിയുടെ അടുക്കൽ ഓട്ടോഗ്രാഫിനായി പോയി. എന്റെ ആകാരം കണ്ട് അദ്ദേഹം അത്ഭുതപ്പെട്ടു. എന്നിട്ട് ഓട്ടോഗ്രാഫ് ബുക്കിൽ 'Eat Better' എന്നെഴുതിയത് ഓർമയിൽ വരുന്നു. സാബു ജോർജ് സാറിന്റെ ഭവനസന്ദർശനവും കോളേജ് കാലത്തെ മറക്കാനാവാത്ത ഓർമ്മയായി മനസിൽ തെളിഞ്ഞുനിൽക്കുന്നു.

**പ്രവീൺ അച്ചൻ** (1997-2000 ബാച്ച്)

തുടർന്നും അനേകരുടെ കണ്ണുകൾ തുറക്കാൻ ഈ സ്ഥാപനത്തിന് കഴിയട്ടെ.

**റവ. വർഗീസ് ഫിലിപ്പ്**

ഈ കലാലയത്തിൽ വന്നതിന്റെ നാലാം ദിവസം പ്രിൻസിപ്പലിന്റെ ഓഫീസ് കാണണമെന്ന അതിയായ താൽപര്യത്തോടെ സഹപാഠിയായ ഗോപകുമാറുമായി 'Down' എന്ന് എഴുതിയിരിക്കുന്ന സ്ഥലത്തുകൂടെ മുകളിലേക്ക് കയറുവാൻ തുടങ്ങി. ഞങ്ങളുടെ ആദരണീയനായ പ്രിൻസിപ്പൽ ബഹു.കെ.സി. മാത്യു അച്ചൻ താഴേക്ക് ഇറങ്ങിവരുന്നു. ഇംഗ്ലീഷ് വായിക്കാൻ അറിയാമോ? അച്ചന്റെ ചോദ്യം. വിറയലോടെ അറിയാം എന്നു മറുപടി പറഞ്ഞു. കയ്യിൽ ഇരിക്കുന്ന പുസ്തകം വായിക്കാൻ ആവശ്യപ്പെടുമോ എന്നു സംശയം. എങ്കിൽ അത് വായിക്കൂ (Down എന്നെഴുതിയിരിക്കുന്നത് ചൂണ്ടിക്കാണിച്ചു)വായിച്ചു. അർത്ഥം എന്ത്? താഴേക്കിറങ്ങേണ്ട വഴി. ഇനി മേലാൽ ഇതുവഴി കയറരുത്. 'Up' എന്നെഴുതിയിരിക്കുന്നിടത്തുകൂടെ മാത്രമേ കയറാവൂ. സ്നേഹം നിറഞ്ഞ ആജ്ഞ. കോളേജിൽ പ്രവേശിക്കുമ്പോൾ ഈ സംഭവമാണ് ഇന്നും ഓർമയിൽ വരുന്നത്.

**ഫാ.എൻ.ജി.ഫിലിപ്പ്**

ഒരുപാട് നല്ല ഓർമ്മ നൽകിയ കലാലയം
നല്ലമാർഗം കാട്ടിത്തന്ന എന്റെ കലാലയം
നല്ല ഗുരുക്കന്മാരെ തന്ന കലാലയം
നല്ല സ്വാധീനം നൽകിയ എന്റെ കലാലയം
ഈ പുണ്യഭൂമിയിൽ ഒരിക്കൽകൂടി വരുവാൻ ഇടയാക്കിയതിൽ ദൈവത്തിനു നന്ദിയും സ്തോത്രവും അർപ്പിക്കുന്നു.

**ഫാ. ജോയ്സ് വി.ജോയി** (2003-2006 ബാച്ച്)

സഹപാഠികളും ഗുരുക്കന്മാരും ചൊരിഞ്ഞുതന്ന സ്നേഹത്തെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ കോലം മാറുന്ന ജീവിതസാഹചര്യങ്ങളിൽ, മൂല്യങ്ങൾ കൈവിടാതെ ജീവിക്കാൻ പ്രചോദനത്തിന്റെ ഉറവിടമായി ഈ കലാലയം എന്നും നിലനിൽക്കട്ടെ.

**റവ. കെ. വർഗീസ് മാത്യു** (1988-91 ബാച്ച്)

പൊതിച്ചോറ് കൊണ്ടുവരുന്ന കൂട്ടുകാരെല്ലാവരും അവരുടെ പൊതിച്ചോറ് ഒരുമിച്ചിട്ട് ഒരുമേശയ്ക്ക് ചുറ്റുമിരുന്നു ഭക്ഷിക്കുന്നതു പതിവു കാഴ്ചയായിരുന്നു. സാഹോദര്യബന്ധവും സ്നേഹത്തിന്റെ പാരസ്പര്യവും വളർത്തുന്നതിന് ഇതേറെ സഹായിച്ചിരുന്നു. എന്റെ ജീവിതത്തെ മെനഞ്ഞെടുത്ത അധ്യാപകർക്കും അനധ്യാപകർക്കും എന്റെ സഹപാഠികൾക്കും കോളേജിനും എല്ലാവിധ അനുഗ്രഹങ്ങളും സർവ്വശക്തനായ ദൈവം നൽകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

**റവ. ഡാനിയേൽ എം. ജേക്കബ്** (1980-86 ബാച്ച്)

എസ്എഫ്ഐ എന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിൽ പ്രവർത്തിക്കുമ്പോൾ നിരന്തരം വിദ്യാർത്ഥിസംഘർഷങ്ങൾ നടക്കുന്ന സ്ഥലത്താണിന്ന് മനോഹരമായ ചാപ്പൽ നിൽക്കുന്നത്. ഈ അവസരത്തിൽ ഒരു പുരോഹിതനായി ഈ ചാപ്പലിൽ ഇരുന്നു ദൈവത്തെ സ്തുതിക്കാൻ ലഭിച്ച അവസരത്തെ നന്ദിയോടെ ഓർക്കുകയും കോളേജിന് എല്ലാ ഭാവുകങ്ങളും നേരുകയും ചെയ്യുന്നു.

**ഫാ. പ്രസാദ് മാത്യു** (1993-1996 ബാച്ച്)

പ്രഫ. എം.കെ. ചെറിയാൻ സാർ പ്രിൻസിപ്പലായിരുന്ന സമയത്താണ് ഞാൻ ഇവിടെ പഠിക്കുന്നത്. ഇവിടുത്തെ പഠനവും പാഠ്യേതര പ്രവർത്തനങ്ങളും എന്റെ മനസിനെ ഏറെ സന്തോഷിപ്പിച്ചിരുന്നു. ദൈവത്തിന്റെ അനുഗ്രഹം ഈ കലാലയത്തിനു തുടർന്നും ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**റവ. മാത്യു ഡാനിയേൽ**

ജീവിതവഴിയിൽ ഏറെ മനസുനിറയ്ക്കുന്ന ഓർമകൾ സമ്മാനിച്ച ഈ കലാലയത്തിന്റെ ഭാഗമായിത്തീരാൻ സാധിച്ചതിൽ അഭിമാനം കൊള്ളുന്നു. നന്മനിറഞ്ഞ തലമുറകളെ വാർത്തെടുക്കാൻ ഈ കലാലയത്തിനു തുടർന്നും സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും സുവർണ്ണജൂബിലിയുടെ ഭാവുകങ്ങൾ നേരുകയും ചെയ്യുന്നു.

**ഫാ. സന്തോഷ്.വി.ജോർജ്**

ജീവിതത്തിന്റെ വൈഷമ്യങ്ങളിൽ കൂടി കടന്നുപോകുമ്പോൾ മനസിനു സാന്ത്വനമേകുന്നതു പഠനകാലഘട്ടത്തിലെ സ്മരണകളായിരിക്കും. പഠനകാലം, പഠിപ്പിച്ച അധ്യാപകർ, കൂടെപ്പഠിച്ചവർ, പഠിക്കാൻ അവസരം നൽകിയ പ്രിൻസിപ്പൽമാർ... ഇതിലുപരിയായി പഠനശേഷം ജീവിതത്തിന്റെ ഔന്നത്യത്തിലേക്ക് കൈപിടിച്ചു കയറ്റിയ സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹം... ഇവയ്ക്കെല്ലാം നന്ദി അർപ്പിക്കുകയും ഈ കലാലയത്തെ ദൈവസന്നിധിയിൽ സമർപ്പിക്കുകയും ചെയ്യുന്നു.

**ഫാ. ജോൺ. പി. ഉമ്മൻ**

കോളേജ് യൂണിയൻ ഉദ്ഘാടനങ്ങളും അതുമായി ബന്ധപ്പെട്ടു നടക്കുന്ന കോലാഹലങ്ങളും മനസിലെ മായാത്ത ഓർമകളാണ്. ഒരിക്കൽ കഷായം സുകുമാരൻസാർ നടത്തിയ 'ചിരിയരങ്ങ്' പ്രോഗ്രാമിൽ അദ്ദേഹം വന്നുകയറിയപ്പോഴേ ചില വിരുതന്മാർ നിർത്താതെ ചിരിച്ചത് മറക്കാനേ സാധിക്കില്ല. എന്തു സംഭവിച്ചുവെന്നോ, അദ്ദേഹത്തിന് ഒരു വാക്കുപോലും പറയാൻ പറ്റിയില്ല.

# Experiences Excised



Jackson Joseph
(1995-97 Batch)
Inspector, Central Excise
Thiruvalla Range

When I was asked to pen down some thing, in my capacity of an alumnus of this alma mater, it had put me in some sort of dilemma, as I am to address the readers who are like what I was around twenty years back. Back then, I too detested the sermon of the elders, the perennial failures in my view back then who used to give us detailed teachings on how to be successful in life. So let me be clear at this outset that I do not intend to give any teachings or aid you in chartering your future, which rather, I would leave to you, but I just want to share what life has given me in this short or long span. I want to connect with the people who are probably reading this, sitting under the same trees where I used to sit or are playing in the same ground where we used to play. Some like me, being part of the league of 'eternal dreamers' or 'visionaries', who often wondered how the rest of the lot could just sit there in the classrooms, carefully listening to ' the wanderings of Phileas Fogg' or 'metaphors of Tennyson' or for that matter 'the first principle of thermodynamics', while we were finding solutions to all sorts of problems the world was en countering, ranging from the possible roadblocks Palestine's first democratically elected government was then facing, to how a certain Mr. Manoj Prabhakar got convulsions whenever someone uttered the name 'Jayasuriya'.

Some day in early 2000s, 'Halleluiah..Watch and pray that you enter not into temptation." I delivered the sermon. The Mizo translator followed suit. Well if you think I was a Christian preacher engaged in missionary work, you are mistaken big time. I was an undercover agent of the Intelligence Bureau in action at far-flung insurgency gripped North East region. Yes, you can call me the 'Desi' version of 007. IB had taken me places, literally. There are hardly any places in India where I have not worked. I also happened to be assigned as an integral part of the team that had worked on incidents that altered the shape of this country. I served the nation's premier agency for ten years. It gave me opportunities that could never be gained anywhere else, including a covetable 'A' grade certificate in Mountaineering, making me eligible to scale any summit in the plant. There are intellegentia who sit and criticize the agency from their cosy homes or air-conditioned workstations, forgetting that they are writing



with the very blanket of protection, people like us give, still working in areas hitherto unknown to them, by gathering information to safeguard this nation from external and internal enemies.

Personal life had to take priority at some stage later. Gone are the fast, furious and catch-me-if-you-can days and here I am, a well settled family man in pastoral Kerala, though doubling up as Inspector of Central Excise and Customs, a department that brings almost half the revenue to the Consolidated Fund of India. It gives me pride and honour to don the uniform and wear the emblem on my cap inscribed 'Truth alone triumphs'. My humble advice to you being a taxman- " be prompt in paying taxes, for a nation is made, when taxes are paid." As Jesus Christ rightly said "give unto Caesar what belongs to Caesar."

Nostalgia, for me, is a feeling of going back in time. Does going back or longing for the past means I am not happy with the present? However, I cannot stop myself from reminiscing the days I spend at Bishop Moore College, Mavelikara. My alma mater has helped me in shaping myself and to come out in this struggle called life. I am always indebted to each and every one associated with this elite and esteemed institution during my time for moulding me into what I am now. The foundation laid there has helped me withstand the strenuous tests that I faced.

My alma mater has helped me in shaping myself and to come out in this struggle called life.

In hindsight may be there were things that I could have done better. There were many personal losses I suffered due to what I chose to do with my life. I do not regret, because I was happy with what I did and still happy with what I do. I gained exposure and experience to enrich my life with and do not measure my success with the money I ended up earning. If I borrow a quote from 'The Alchemist', 'Universe is always conspiring for your success'. Listen to your passion and find happiness in what you do rather than being a slave of someone else's expectation.



SILVER JUBILEE 25 1987 - 2012 Celebrations

# Sangrose

- Pioneer in Clofazimine production (Anti leprosy drug)
- Leading Manufacturer of soft gelatine capsules in India
- Manufacturer of Dermatological, Diabetological, Gynaecological and other Multispecialty products

SANGROSE
LABORATORIES Pvt. Ltd







*For further details contact us at*

Corporate office
1/A-4 Piramal nagar,
SV road, Mumbai 62

Factory
Industrial estate,
Kallimel Post, Mavelikara
Kerala, Ph. 2357090

Email:info@sangroselabs.com
www.sangroselabs.com

# ഒരു മരവും ചുംബനയോഗവും



ശിവശൈലം ശരത്കുമാർ
(2008 - 2011 ബാച്ച്)
മലയാള മനോരമ, കോട്ടയം

പഠിക്കാൻ വരുന്നവനു പഠിക്കാം, ഉഴപ്പാൻ തീരുമാനിച്ചവനു ഉഴപ്പാം. ബിഷപ്പ് മൂറിലെത്തും വരെ അതായിരുന്നു മനസിലുണ്ടായിരുന്ന കലാലയം. പക്ഷേ, ആ കാഴ്ചപ്പാടിന് അധികകാലം ആയുസ്സുണ്ടായില്ല. പഠിക്കാൻ നിങ്ങൾക്കെന്താണ് നൽകേണ്ടതെന്നു ചോദിച്ചു പിന്നാലെ കൂടുന്ന ഗുരുക്കന്മാരെ കോളേജ് കാണിച്ചുതന്നു.

ലീലാമ്മ മിസ് കാക്കയും കിളിയും തൊടാതെ വളർത്തുന്ന കുട്ടികളെന്നാണ് അന്ന് മറ്റു ഡിപ്പാർട്ട്മെന്റുകാർ ഞങ്ങളെ കളിയാക്കിയിരുന്നത്. എന്നാൽ, അതുതന്നെയായിരുന്നു ശരി. അന്ന് മലയാളവിഭാഗം മേധാവിയായിരുന്ന മിസ് തന്നെയായിരുന്നു ഞങ്ങളുടെ ക്ലാസ് വാർഡനും. അതുകൊണ്ടുതന്നെ ഒരമ്മയുടെ സ്നേഹവാൽസല്യങ്ങളുമായി നിസാരപ്രശ്നങ്ങളിൽ വരെ ഇടപെടുമായിരുന്നു. എന്നാൽ, കോളേജ് ജീവിതം അവസാനിക്കുന്നതുവരെ ഈ സ്നേഹം മനസിലായതായി ഞങ്ങൾ ഭാവിച്ചില്ല എന്നത് മറ്റൊരു തെറ്റ്.



ബിഷപ്പ് മൂറിന്റെ പടികടന്നു വരുമ്പോൾ അത് ചരിത്രത്തിനു മുൻപേയുള്ള യാത്രകൂടിയാണെന്ന് ആരും തന്നെ കരുതിയിരുന്നില്ല. ഞങ്ങൾ രണ്ടാം വർഷം പഠിക്കവേ, ഈ ഡിഗ്രി കൊച്ചുങ്ങളെ ഇനി ഇങ്ങനെ കയറൂരിവിട്ടാൽ ശരിയാവില്ലെന്ന് കേരള സർവ്വകലാശാലയും തീരുമാനിച്ചു. അങ്ങനെ അടുത്ത ബാച്ചു മുതൽ സെമസ്റ്റർ സിസ്റ്റം ഏർപ്പെടുത്താൻ തീരുമാനമായി. മറ്റു പല സർവ്വകലാശാലകളും സെമസ്റ്റർ സമ്പ്രദായം എന്ന പറമ്പിലേക്ക് ഉന്നതവിദ്യാഭ്യാസം എന്ന കറവപ്പശുവിനെ നേരത്തെതന്നെ അഴിച്ചുകെട്ടിയിരുന്നു. അങ്ങനെ സർവ്വകലാശാലയുടെ ചരിത്രപരമായ തീരുമാനത്തിനു മുൻപിലൂടെ...ഒരു യുഗാന്ത്യത്തിനു മുൻപിലൂടെ ഞങ്ങൾ കയ്യും വീശി നടന്നുപോയി.

ചുംബനസമരത്തിന്റെ വാർത്തകൾക്കിടയിൽ കോളേജിലെ ഒരു ചുംബനരംഗം ഓർമയിലെത്തി. കോളേജിലെ ആദ്യ ദിവസങ്ങളിൽ സീനിയേഴ്സിന്റെ വക, വേണമെങ്കിൽ റാഗിങ് എന്ന് ഓമനപ്പേരിട്ടു വിളിക്കാവുന്ന ഒരു കലാപരിപാടി. ബുക്ക്സ്റ്റാളിനു മുമ്പിൽ 'ഞാൻ ആരാ മൊതൽ' എന്ന ഭാവത്തിൽ വിരിഞ്ഞു നിൽക്കുന്ന ആ മരത്തിൽ ആൺകുട്ടികളെല്ലാം ചുംബിച്ചു കടന്നുപോകണം. പുതിയ ബാച്ച് എത്തുംവരെ ഒന്നാം വർഷക്കാരാണല്ലോ സീനിയേഴ്സിന്റെ ഇര? അങ്ങനെ ഒരോരുത്തരായി ഊഴം കാത്തുനിന്നു മുത്തം നൽകി മടങ്ങി. കോളേജിലെ സകല ചെക്കന്മാരുടെയും ചുംബനം ഏറ്റുവാങ്ങി ആ മരമങ്ങനെ നിന്നു. വർഷം ഒന്നു കടന്നുപോയി. കിട്ടിയ പണി പുതിയതായി എത്തിയ കുട്ടിപ്പട്ടാളത്തിനു പലിശയടക്കം നൽകി കലിപ്പുതീർത്തു. അപ്പോഴും മരം മാറിയില്ല.

മൂന്നാം വർഷമാണ് കോളേജ് സംഭവബഹുലമായ സംഭവങ്ങൾക്കു സാക്ഷ്യം വഹിച്ചത്. കോളേജിന്റെ പ്രവർത്തനങ്ങളെ പോസ്റ്റ്മോർട്ടം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ 'നാക് ടീം' എത്തിയ സമയം. സർവരംഗത്തും കോളേജ് നേടിയെടുത്ത നേട്ടങ്ങൾ പൊടിതട്ടിയെടുത്ത് മാറ്റുകൂട്ടുന്നതിനൊപ്പം ഐസ് കട്ടയ്ക്കിട്ടുവരെ പെയിന്റടിച്ച കാലം. മോടികൂട്ടുന്നതിനിടയിൽ അത്യപൂർവ്വസസ്യങ്ങൾ വരെ വളരുന്ന കാമ്പസിലെ പുൽക്കൊടിക്കുവരെ നെഞ്ചിൽ പേരെഴുതി കെട്ടിത്തൂക്കി. നഴ്സറി പിള്ളേർ ഐഡന്റിറ്റി കാർഡും തൂക്കിനിൽക്കും പോലെ. ആ വകയിൽ നമ്മുടെ പഴയ ചുംബനമരത്തിനും കിട്ടി നല്ലൊന്നാന്തരം പേര്; 'ചരക്ക് മരം'. പണ്ടേ ആരോ അറിഞ്ഞിട്ടപോലെ...

ഇന്ന് കലാലയത്തെക്കുറിച്ച് ഓർക്കുമ്പോൾ നേട്ടങ്ങളോടൊപ്പം നഷ്ടങ്ങളും തികട്ടിയെത്തുന്നു. ഇനി വരാത്ത ആ നല്ല നാളുകളെയോർത്ത് ഖേദിക്കുന്നു. കാലത്തിന്റെ യാത്രയിൽ കോലം മാറുന്നത് സ്വാഭാവികം. അപ്പോഴും കോലംകെടാത്ത ഒരു ജനതയെ വാർത്തെടുത്തു യശസ്സുയർത്താൻ എന്റെ കലാലയത്തിനു കഴിയട്ടെയെന്നു പ്രാർത്ഥിക്കുന്നു...






പി.വി. ശിവശങ്കരപിള്ള
പ്രസിഡന്റ്
അലുമ്നി അസോസിയേഷൻ
ബിഷപ്പ് മൂർ കോളേജ്


# തിരുമുറ്റം നിറയെ ഓർമകൾ മേയുന്നു

സുവർണ്ണജൂബിലിയുടെ നിറവിൽ നിൽക്കുന്ന മാതൃവിദ്യാലയത്തെക്കുറിച്ചോർക്കുമ്പോൾ, സമൃദ്ധമായ തഴപ്പോടുകൂടി ശാഖകൾ വിരിച്ച് പടർന്നു പന്തലിച്ചു നിൽക്കുന്ന ഒരു മഷിവാകയുടെ ചിത്രമാണ് എന്റെ മനസിൽ നിറയുന്നത്. ഭൂതകാലത്തിലും വർത്തമാനകാലത്തിലും ഭാവിയിലും സുഗന്ധം പരത്തി പൂത്തുലഞ്ഞു നിൽക്കുന്ന ഒരു നീലക്കടമ്പ്.

ഒട്ടനവധി പൂർവ്വവിദ്യാർത്ഥികൾക്ക് അക്ഷരത്തിന്റെ പ്രകാശവും, അറിവിന്റെ മുറിവുകളും, നേതൃപാടവത്തിന്റെ അണിയറ മന്ത്രങ്ങളും ആത്മജ്ഞാനവും പകർന്നുകൊടുത്ത ഈ കലാലയം സ്ഥാപിതമായിട്ട് അമ്പതുവർഷം തികയുന്നുവെന്നത് വിവരണാതീതമായ അഭിമാനാഹ്ലാദങ്ങളോടെയാണ് അവിടെ പഠിച്ചിരുന്നവർ ഓർക്കുന്നത്. എന്തെല്ലാം തെറ്റുകൾ ചെയ്താലും എവിടേക്കെല്ലാം ഓടിപ്പോയാലും സ്വാന്തനത്തിനും സ്നേഹസ്പർശനത്തിനുമായി എത്തിച്ചേരാൻ കഴിയുന്ന അമ്മയുടെ സവിധംപോലെ പവിത്രമായ ഒരാശ്വാസകേന്ദ്രമാണ് പ്രിയപ്പെട്ട ബിഷപ്പ് മൂർ കോളേജ്.

'ഒരുവട്ടം കൂടിയെൻ ഓർമ്മകൾ മേയുന്ന തിരുമുറ്റത്തെത്തുവാൻ മോഹം' എന്ന ഒ.എൻ.വി. കവിതയിലെ വരികൾ കൂടുതൽ അർത്ഥതലങ്ങളോടെ പൂർവ്വവിദ്യാർത്ഥികളിലോരോരുത്തരിലും പീലിവിരിച്ചാടുന്നു. പഴയകാല കോളേജ് ജീവിതത്തെക്കുറിച്ചോർക്കുമ്പോൾ ഒരിക്കൽകൂടി ആ കോളേജിൽ പഠിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്ന മോഹം മനസിൽ ഉയർന്നുപൊങ്ങുന്നു.

പശിമരാശിമണ്ണും, ഉരുളൻകല്ലുകളും, ചെമ്മൻപാതകളും നിറഞ്ഞ കാടുപിടിച്ചു കിടന്ന കല്ലുമലയിലെ ഒരു ശ്മശാനഭൂമിയിൽ കോളേജ് പടുത്തുയർത്താൻ കോട്ടയം ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന സിഎസ്ഐ സഭ കാണിച്ച ധൈര്യത്തെ എത്ര ശ്ലാഘിച്ചാലും അധികമാവില്ല. അന്നത്തെ സി.എസ്.ഐ ബിഷപ്പായിരുന്ന റൈറ്റ് റവ. എം എം ജോൺ തിരുമേനിയുടെ നേതൃത്വത്തിൽ ക്രാന്തദർശികളും ദീർഘവീക്ഷണമുള്ളവരുമായ ഒരുപറ്റം സഭാപ്രവർത്തകർ 1964–ൽ സ്ഥാപിച്ച 'ബിഷപ്പ് മൂർ കോളേജ്' വളരെ പെട്ടെന്ന് ദേശവാസികളുടെ വിശ്വാസവും സ്നേഹവും ആർജിച്ചു. ഓലയും മുളയും പനമ്പും ചേർത്ത് നിർമ്മിച്ച ഷെഡ്ഡുകളിൽ ക്ലാസുകൾ ആരംഭിച്ചു. മനസിൽ ദൃഢവിശ്വാസവും ചുണ്ടിൽ മന്ദഹാസവും പെരുമാറ്റത്തിൽ വശ്യതയുമുള്ള കെ.സി. മാത്യു എന്ന വികാരിയച്ചനെ കോളേജിന്റെ ഉത്തരവാദിത്വം ഏൽപ്പിച്ച വിപ്ലവകരമായ തീരുമാനമാണ് മൂർ കോളേജിന്റെ വിജയരഹസ്യം. അർപ്പണബോധവും ആത്മവിശ്വാസവും കഠിനാദ്ധ്വാനവും ശീലമാക്കിയ ഒരുപറ്റം യുവാക്കളായ അധ്യാപകരുമൊന്നിച്ച് അച്ഛൻ നടത്തിയ അശ്വമേധം, മൂർ കോളേജിന്റെ ജ്വലിക്കുന്ന പ്രവർത്തനത്തിലെ സുവർണ്ണരേഖക

ളാണ്. തങ്ങൾക്കുകിട്ടിയ പാറക്കൂട്ടങ്ങളിൽ അവർ നൂറുമേനി വിളയിച്ചു. മൂന്നു വർഷത്തിനുശേഷം ഡിഗ്രി ക്ലാസുകൾ തുടങ്ങാൻ കഴിഞ്ഞുവെന്നത് മൂർ കോളേജെന്ന സ്ഥാപനത്തിന്റെ പ്രവർത്തനമികവിന് കിട്ടിയ അംഗീകാരമായിരുന്നു. 1967–ൽ തുടങ്ങിയ ആദ്യ ഡിഗ്രി ബാച്ചിലെ വിദ്യാർത്ഥിനിക്ക് ഗണിതശാസ്ത്രവിഭാഗത്തിൽ കേരള സർവ്വകലാശാലയിലെ ഒന്നാം റാങ്ക് ലഭിച്ചത് അക്കാദമിക് രംഗത്ത് കോളേജിന്റെ യശസ്സ് വർധിപ്പിച്ചു. പിന്നീട് നടന്നതെല്ലാം ചരിത്രത്തിന്റെ ഭാഗം.

1967 മുതൽ അഞ്ചു വർഷക്കാലം മൂർ കോളേജിൽ പഠിക്കാൻ അവസരം കിട്ടിയത് ഒരു മഹാഭാഗ്യമായിട്ടാണ് ഞാൻ കരുതുന്നത്. നാലരപതിറ്റാണ്ടിനു മുമ്പേക്ക് മനസിനെക്കൊണ്ടുപോകുമ്പോൾ ഗൃഹാതുരത നിറഞ്ഞ നിരവധി മധുരസ്മരണകളാണ് മിന്നിമായുന്നത്. ഓലഷെഡ്ഡിലെ ക്ലാസുകൾ, മീശമുളയ്ക്കാത്ത അദ്ധ്യാപകർ, ഏറിയ പങ്കും നിക്കറും മുണ്ടും ധരിച്ച വിദ്യാർത്ഥികൾ, പാവാടയും ഹാഫ്സാരിയും ധാവണിയുമണിഞ്ഞ ശാലീനസുന്ദരികളായ നാടൻ പെൺകുട്ടികൾ, ഓലക്കീറിലൂടെ ക്ലാസ് മുറികളിലേക്ക് വീഴുന്ന പ്രകാശവട്ടങ്ങളെ അടയാളപ്പെടുത്തി സമയം തിട്ടപ്പെടുത്തിയിരുന്ന സഹപാഠികൾ, (അന്ന് വാച്ച് ഉള്ളവർ നന്നേ വിരളം), വിമാനവേഗതയിൽ സൈക്കിൾ ഓടിച്ചുവരുന്ന അധ്യാപകർ, ഇടനേരങ്ങളിൽ ക്ലാസ് മുറികളിലെ ഇരമ്പലുകൾ, സ്നേഹവും, ആർദ്രതയും കരുണയും മനസിൽ ഒളിപ്പിച്ചുവെച്ച് ചുണ്ടിൽ തേഞ്ഞ കുസൃതിച്ചിരിയുമായി അച്ചടക്കത്തിന്റെ ആൾരൂപമായി വരാന്തകളിലൂടെ പൂച്ചയെപ്പോലെ പതുങ്ങി നടക്കുന്ന ളോഹധാരിയായ പ്രിൻസിപ്പലച്ചൻ, അച്ചന്റെ സാമീപ്യം ദൂരെവെച്ചുതന്നെ മനസിലാക്കി. പെട്ടെന്ന് ശ്മശാനമൂകമാകുന്ന ക്ലാസ് മുറികൾ, വിഷയങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്ന അധ്യാപനരീതി, പരസ്പരം മത്സരിച്ച് വൈവിദ്ധ്യമുള്ള പ്രതിമാസ പരിപാടികൾ നടത്തിയിരുന്ന അസോസിയേഷനുകൾ, ഡിബേറ്റിങ്-ക്വിസ് ഫോറങ്ങളുടെ പ്രവർത്തനങ്ങൾ, സ്ക്രിപ്ചർ ക്ലാസുകൾക്ക് പകരം ക്രിസ്ത്യാനികളല്ലാത്തവർക്ക് നടത്തിയിരുന്ന മോറൽ ഇൻസ്ട്രക്ഷൻ ക്ലാസ്സുകൾ, ഓരോ വിഷയങ്ങളിലെയും പ്രഗത്ഭരും പ്രശസ്തരുമായ വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിച്ചിരുന്ന സിമ്പോസിയങ്ങൾ, അന്തർദേശീയതലത്തിൽ ശ്രദ്ധേയരായ ശാസ്ത്രജ്ഞരെയും എഴുത്തുകാരെയും ചിന്തകന്മാരെയും ക്ഷണിച്ചുവരുത്തി കുട്ടികൾക്ക് പരിചയപ്പെടുത്തുന്ന പ്രത്യേക പരിപാടികൾ, കലയും സാഹിത്യവും പ്രോത്സാഹിപ്പിക്കുന്നതിനായി സംഘടിപ്പിച്ചിരുന്ന കലോത്സവങ്ങൾ –മനസിന്റെ മണിച്ചെപ്പിലേക്ക് ഒരായിരം ഓർമ്മകൾ ഓടിയെത്തുകയാണ് – ഒരു വസന്തകാലസ്മൃതിപോലെ.

കോളേജിൽ നടത്തിയിരുന്ന എല്ലാ പരിപാടികൾക്കും നൂറുശതമാനം വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിൽ അന്നത്തെ മാനേജ്മെന്റ് ശുഷ്കാന്തി കാണിച്ചിരുന്നു. 1966–67 ൽ പൂർത്തിയായ പ്രധാന കെട്ടിടത്തിന്റെ താഴത്തെ നിലയിലുള്ള ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്ന പരിപാടികൾക്ക് ഒഴുകിയെത്തിയിരുന്ന കുട്ടികളുടെ ബാഹുല്യം ഞങ്ങളെയെല്ലാം വിസ്മയിപ്പിച്ചിരുന്നു.

ആദ്യകാലങ്ങളിലുള്ള അധ്യാപകരെ വിദ്യാർത്ഥികളിൽ നിന്ന് തിരിച്ചറിയാൻ പ്രയാസമായിരുന്നു. മിക്ക അധ്യാപകരും ചെറുപ്പക്കാർ. ചിലരൊക്കെ അവിടെ പഠിച്ചിരുന്ന വിദ്യാർത്ഥിനികളെ ജീവിതപങ്കാളികളാക്കുകയും ചെയ്തുവെന്നതു മറ്റൊരു കാര്യം. രാഷ്ട്രീയപ്രവർത്തനങ്ങളും വിദ്യാർത്ഥി സമരങ്ങളും വേലിക്കകത്തേക്ക് കയറാൻ അച്ചനെന്ന ഒറ്റയാൾ പട്ടാളം അനുവദിച്ചിരുന്നില്ല. കലാസാഹിത്യപരിപാടികൾക്ക് ഇത്രയധികം പ്രാധാന്യവും പ്രോത്സാഹനവും കൊടുത്തിരുന്ന മറ്റ് കോളേജുകൾ ഉണ്ടായിരുന്നുവോ എന്ന് അറിയില്ല. ഓണം, ക്രിസ്തുമസ് ആഘോഷങ്ങൾ വളരെ ആർഭാടമായിട്ടാണ് നടത്തിയിരുന്നത്. അത്തപ്പൂമത്സരവും ക്രിസ്തുമസ് ട്രീ മത്സരവും ക്ലാസ് അടിസ്ഥാനത്തിൽ നടത്തുമ്പോൾ ഒരു സർവ്വകലാശാല തലത്തിലുള്ള മത്സരത്തിന്റെ പ്രാധാന്യത്തോടെ കുട്ടികൾ കണ്ടിരുന്നു. ദൂരെനിന്നു പോലും ഡിസൈൻ വരക്കാൻവേണ്ടി ആർട്ടിസ്റ്റുകളെ ക്ഷണിച്ചുവരുത്തുന്ന രീതി, തിരുവനന്തപുരം പോലെയുള്ള സ്ഥലങ്ങളിൽ നിന്ന് പൂക്കൾ വാങ്ങാൻ കാലേക്കൂട്ടിപോകുന്ന സഹപാഠികൾ, താമരയുടെ രൂപം കളത്തിൽ സൃഷ്ടിക്കാൻ വേണ്ടി പ്ലോട്ടുകളിൽ കുഴിയെടുത്ത് കോൺക്രീറ്റ് ചെയ്ത് വെള്ളം നിറച്ച് അതിനുനടുവിൽ മണ്ണുകൊണ്ട് താമര നിർമ്മിക്കുന്ന ശിൽപികൾ, ആഘോഷമായി വളരെ അകലെനിന്നുപോലും കാറ്റാടിമരങ്ങൾ കൊണ്ടുവന്ന് ക്രിസ്തുമസ് ട്രീ നിർമ്മിക്കുന്ന വിരുതന്മാർ–ഓർമയിൽ തങ്ങി നിൽക്കുന്ന ചിത്രങ്ങളേറെയാണ്.

ഒരു കലാലയത്തിന്റെ ഏറ്റവും വലിയ സ്വത്ത് അവിടെ പ്രവർത്തിക്കുന്ന അധ്യാപകരും സ്റ്റാഫംഗങ്ങളും വിദ്യാർത്ഥികളുമാണ്. പ്രതിഭാധനരായ അധ്യാപകരുടെ ഒരു വൻനിരതന്നെ മൂർ കോളേജിലുണ്ടായിരുന്നു. എനിക്ക് ഏറെ അടുപ്പമുണ്ടായിരുന്ന ചിലരെയെങ്കിലും ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. സാഹിത്യസാംസ്കാരിക രംഗങ്ങളിൽ ഏറെ പ്രശസ്തരായ സർവ്വശ്രീ നൈനാൻ കോശി, വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള, എം.കെ. ചെറിയാൻ, കോശി തലയ്ക്കൻ, ഫിലിപ്പോസ്... എല്ലാ കലകളുടെയും ആചാര്യനും കുട്ടികളുടെ സുഹൃത്തുമായ വി. സി. ജോൺ... കഥാകൃത്തായിരുന്ന രാജൻ വർഗ്ഗീസ്... മികച്ച സംഘാടകനായിരുന്ന ഗബ്രിയേൽ... ഇംഗ്ലീഷ് ക്ലാസുകളിലെ നിത്യവിസ്മയങ്ങളായിരുന്ന അന്നാ വർഗ്ഗീസ്, തോമസ്സ് നൈനാൻ, അനന്തശിവ അയ്യർ... വിവിധ ഡിപ്പാർട്ടുമെന്റുകളിലെ പ്രഗത്ഭമതികളായ ടി. ജെ. ഫിലിപ്പ്, ജോർജ്ജ് എം. ചെറിയാൻ, ഇട്ടി മാത്യു, വെങ്കിടാചലം, കെ.സി.ജേക്കബ്, തങ്കമണി... പിൽക്കാലത്ത് പ്രിൻസിപ്പലായ പുരോഗമന പ്രസ്ഥാനങ്ങളുടെ സഹയാത്രികൻ മാമ്മൻ വർക്കി... ഓർമ്മകളിൽ സുഗന്ധം പരത്തിനിൽക്കുന്ന പ്രിയപ്പെട്ട ഗുരുക്കന്മാർ നിരവധിയാണ്. ഹിന്ദി വിഭാഗത്തിൽ പ്രവർത്തിച്ചിരുന്ന വിഘ്നേശ്വരൻ സാർ വിദ്യാർത്ഥികൾക്ക് ഒരിക്കലും മറക്കാൻ കഴിയാത്ത അദ്ധ്യാപകനാണ്. പഠിപ്പിക്കുന്നത് ഹിന്ദിയാണെങ്കിലും മലയാള സാഹിത്യരംഗത്തെ പ്രശസ്തരായ എം. ടി. യെയും ഒ. വി. വിജയനെയും, മുകുന്ദനെയും, പാറപ്പുറത്തിനെയും തകഴിയെയുമെല്ലാം ഞങ്ങളുടെ മനസിൽ കുടിയിരുത്തിയത് അദ്ദേഹമാണ്. ശുഭ്രവസ്ത്രധാരിയായി കളങ്കമില്ലാത്ത പുഞ്ചിരിയോടെ കുട്ടികളെ സമീപിക്കുന്ന സാത്വികഭാവമുള്ള തങ്കപ്പൻ നായർ സാർ ഇന്നും അലുമ്നി അസോസിയേഷന്റെ തിരുവനന്തപുരം ചാപ്റ്ററിന്റെ പ്രവർത്തനങ്ങളിലെ സജീവസാന്നിദ്ധ്യമാണ്.

വിദ്യാർത്ഥികളും അധ്യാപകരും തമ്മിലുള്ള പര

സ്പരസ്നേഹവും അടുപ്പവും അർപ്പണബോധവും മൂർ കോളേജിനെ മികവിന്റെ കേന്ദ്രമാക്കിയതിൽ മുഖ്യപങ്കു വഹി ച്ചിട്ടുണ്ട്. ബുദ്ധിസങ്കൽപങ്ങൾക്ക് പിന്നിലെ ബോധത്തെ തിരിച്ചറിയാനും മനസിലുള്ള ധൃതരാഷ്ട്രഭാവത്തെ തിരസ്‌ക രിക്കുവാനും സമകാലീനജീവിതത്തിന്റെ പരമമായ യാഥാർത്ഥ്യങ്ങളെ ധൈര്യത്തോടെ നേരിടാനും വിദ്യാർത്ഥി കളെ പ്രാപ്തരാക്കിയത് അധ്യാപകരുടെ പ്രത്യേക ശിക്ഷ ണമാണ്. പഠനത്തിന് പുറമെ കോളേജിൽ നടത്തിയിരുന്ന ശിൽപശാലകളും ക്യാമ്പുകളും കുട്ടികളുടെ സ്വഭാവരൂപീ കരണത്തിൽ നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്. ഇതിനെല്ലാം നേതൃത്വം കൊടുത്ത ചില ഗുരുക്കന്മാർ സൂര്യശോഭയോടെ ഞങ്ങളുടെ മനസിൽ ഇന്നും ഇണങ്ങി നിൽക്കുന്നു.

ഈ ഓർമച്ചെപ്പ് അടയ്ക്കുന്നതിനുമുമ്പ് പൂർവ്വവി ദ്യാർത്ഥികളെക്കുറിച്ചുകൂടി പരാമർശിക്കേണ്ടതുണ്ട്. കോളേജ് രാഷ്ട്രീയം അനുവദിക്കാതിരുന്ന ആദ്യകാലങ്ങ ളിൽ പഠനമികവും പ്രവർത്തനപാടവവും പ്രസംഗകല യിലെ അസാമാന്യകഴിവും പ്രകടിപ്പിച്ച് കുട്ടികളുടെ നേതാ ക്കളായി മാറിയ മോഹനൻപിള്ള (അദ്ദേഹം ഇപ്പോൾ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ സീനിയർ അധ്യാപകനും രാജ്യത്തെ പ്രശസ്ത ധനതത്വശാസ്ത്ര ജ്ഞനുമാണ്) വാക്കുകൾക്ക് തീപിടിപ്പിച്ച മാത്തുക്കുട്ടി, മലയാള വിഭാഗത്തിലെ രാമചന്ദ്രൻ, കേരളവർമ്മ, വിജയ ക്കുറുപ്പ്, എം. ഡേവിഡ് പിൽക്കാലത്ത് എം.എൽ.എ. മാരായി തെരഞ്ഞെടുക്കപ്പെട്ട എം.മുരളി, ടി. വി. രാജേഷ് എന്നിവർ ബിഷപ്പ് മൂറിന്റെ അഭിമാനങ്ങളാണ്. വന്നു കണ്ടു കീഴടക്കി എന്ന ചൊല്ലിനെ അന്വർത്ഥമാക്കി ക്കൊണ്ട് ഒറ്റയാൾ പട്ടാളമായി വന്ന് വശ്യമായ പെരുമാ റ്റവും പ്രസംഗചാതുരിയും ധിക്ഷണാശക്തിയും കൊണ്ട് വിദ്യാർത്ഥികളുടെ ഹരമായി മാറുകയും കോളേജ് യൂണി യൻ ചെയർമാൻ സ്ഥാനത്തേക്ക് വമ്പിച്ച ഭൂരിപക്ഷ ത്തോടെ തെരഞ്ഞെടുക്കപ്പെടുകയും ചെയ്ത സ്വതന്ത്ര സ്ഥാനാർത്ഥി വൽസൻ തമ്പു ഇന്നും ഞങ്ങൾക്കൊരു അത്ഭുതമാണ്. ഇന്നദ്ദേഹം ഡൽഹിയിലെ പ്രശസ്തമായ സെന്റ് സ്റ്റീഫൻസ് കോളേജിന്റെ പ്രിൻസിപ്പലായി പ്രവർത്തിക്കുന്നു.

നാടകരചയിതാവും ഹാസ്യസാമ്രാട്ടുമായിരുന്ന ഓയെസ് ചെറുകോൽ, ചമയങ്ങളിലൂടെയും വരകളിലൂ ടെയും പ്രശസ്തനായ അന്തരിച്ച വി. ജോസഫ്, പ്രശസ്ത കവിയും അധ്യാപകനുമായ ചേരാവള്ളി ശശി, പുതുതല മുറയിലെ ശ്രദ്ധേയനായ കഥാകൃത്ത് ജി. സുധാകരൻ, ചലച്ചിത്രകാരനും എഴുത്തുകാരനുമായ മധു ഇറവങ്കര, ശ്രദ്ധേയനായ മാധ്യമപ്രവർത്തകൻ കെ. ജി. മുകുന്ദൻ, കായിക പ്രതിഭയായിരുന്ന മുഹമ്മദ് ഷെരീഫ് കോളേജ് കാമ്പസിനെ സംഗീതസാന്ദ്രമാക്കിയ ഗായിക മീര, ഐഎ എസ് കേഡറിലേക്ക് തെരഞ്ഞെടുക്കപ്പെട്ട കെ.ആർ. വിശ്വം ഭരൻ, കെ.എസ്. പ്രേമചന്ദ്രക്കുറുപ്പ്, ഷീലാ തോമസ്സ്, സിജി തോമസ്സ്, ചീഫ് ഫോറസ്റ്റ് കൺസർവേറ്ററായിരുന്ന രാജരാജവർമ്മ ഐഎഎസ്, ഐ.പി.എസ്. ഉദ്യോഗസ്ഥ രായ ഹരിസേനവർമ്മ, രാജഗോപാൽ സർവോന്നത പുര സ്‌കാരമായ 'പ്രവാസി ഭാരതീയ സമ്മാൻ' ജേതാവ് പി. വി. രാധാകൃഷ്ണപിള്ള, ബോംബെയിലെ പ്രമുഖ കാർഡി യോളജിസ്റ്റ് ഡോ. എം. ജി. പിള്ള, തിരുവനന്തപുരം മെഡി ക്കൽ കോളേജിലെ ഹൃദ്രോഗവിഭാഗം മേധാവി ജോർജ് കോശി, കവയിത്രിയും ഐആർഎസുകാരിയുമായ സുമം, ആകാശവാണിയുടെ മുൻ ഡയറക്ടർ കെ. എ. മുരളീധ രൻ, പ്രമുഖ ചിത്രകാരൻ ആർട്ടിസ്റ്റ് ഭട്ടതിരി, കോഴിക്കോട് സർവ്വകലാശാല മുൻ പ്രോ-വൈസ് ചാൻസലർ ഗോപി നാഥപിള്ള, തന്റേതല്ലാത്ത കാരണങ്ങളാൽ വിവാദനായ കനായി മാറേണ്ടിവന്ന മോഹനക്കുറുപ്പ്, അലുമ്നി അസോസിയേഷന്റെ സ്ഥാപകനേതാവും ജീവാത്മാവും കോളേജിന്റെ പ്രിൻസിപ്പലുമായി സേവനം അനുഷ്ഠിച്ച കോശി നൈനാൻ മുതലായ നിരവധി പ്രമുഖർ ഈ കോളേജിന്റെ യശസ്സ് വർദ്ധിപ്പിച്ച വ്യക്തികളാണ്.

മാതാ അമൃതാനന്ദമയി മഠത്തിലെ അമ്മയുടെ പ്രധാനശിഷ്യൻ സ്വാമി അമൃതസ്വരൂപാനന്ദപുരി കോള ജിലെ സമർത്ഥനും സർവാദരണീയനും ധിഷണാശാലിയു മായ വിദ്യാർഥിയായിരുന്നു. ശാസ്ത്രരംഗത്തും വിദ്യാ ഭ്യാസ സാമൂഹ്യരംഗങ്ങളിലും ലോകപ്രശസ്തരായ നിര വധി വ്യക്തികളെ സംഭാവന ചെയ്യാൻ ബിഷപ്പ് മൂർ കോളേജിന് കഴിഞ്ഞിട്ടുണ്ട്. സ്ഥലപരിമിതികൾ കാരണം പേരുകൾ സൂചിപ്പിച്ചിട്ടില്ലെങ്കിലും എല്ലാവരെയും സ്നേഹ പൂർവ്വം ഇത്തരുണത്തിൽ ഞാൻ സ്മരിക്കുന്നു.

ബിഷപ്പ് മൂർ കോളേജിന്റെ പൂർവ്വവിദ്യാർത്ഥി സംഘടന മറ്റ് കലാലയങ്ങൾക്ക് ഒരു മാതൃകയാണ്. സ്വദേ ശത്തും വിദേശത്തും ശാഖകളുള്ള സംഘടനയുടെ പ്രവർത്തനങ്ങൾ ചടുലവും വൈവിദ്ധ്യമുള്ളവയുമാണ്. സൗഹൃദവും കൂട്ടായ്മയും ഊട്ടിയുറപ്പിക്കുന്ന ബോധ പൂർവ്വമായ പ്രവർത്തനങ്ങളിലൂടെ സക്രിയമാണ് അലുമ്നി അസോസിയേഷൻ. വാർഷിക കുടുംബയോഗങ്ങളിൽ നിര വധി ആൾക്കാർ പങ്കെടുക്കുന്നുവെന്നത് കോളേജിനോ ടുള്ള ആദരവിന്റെ അടയാളമാണ്. ഷാർജയിലും ദുബാ യിലും അമേരിക്കയിലും തിരുവനന്തപുരത്തും മറ്റുമുള്ള ചാപ്റ്ററുകൾ കൃത്യമായ ഇടവേളകളിൽ കുടുംബസംഗ മങ്ങൾ നടത്തുന്നുണ്ട്.

ബിഷപ്പ് മൂർ കോളേജിന്റെ പ്രവർത്തനം അനു ദിനം മെച്ചപ്പെട്ടു വരുന്നുവെന്നറിയുന്നതിൽ പൂർവ്വവി ദ്യാർത്ഥികളായ ഓരോരുത്തർക്കും അഭിമാനമുണ്ട്. നില വിലുള്ള പ്രിൻസിപ്പലും ഭരണസമിതിയും അലുമ്നി അസോസിയേഷന് നൽകുന്ന നിർലോഭമായ സഹകരണ ത്തിന് ഞങ്ങൾ കൃതാർത്ഥരാണ്. കോളേജിന്റെ മുന്നോ ട്ടുള്ള പ്രയാണത്തിൽ ജ്യേഷ്ഠസഹോദരരായ ഞങ്ങളുടെ എല്ലാവിധ പിന്തുണയും എപ്പോഴും ഉണ്ടാകും. പ്രസാദ പൂർണമായ ഒരു ജീവിതത്തിനുവേണ്ടി അമൂല്യസ്നേഹ ത്തിന്റെ നിധി സമ്പാദിക്കുവാൻ തലമുറയിൽ നിന്ന് കിട്ടിയ അഖില സമ്പത്തിനെ നാം സംരക്ഷിക്കേണ്ടതായിട്ടുണ്ട്. അതിനായി നമുക്കൊന്നിച്ച് പ്രവർത്തിക്കാം.

പ്രശസ്ത കവി മധുസൂദനൻ നായരും ഒരു കവി താശകലം മാതൃവിദ്യാലയത്തിന്റെ ഓർമയ്ക്കു മുമ്പിൽ സമർപ്പിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

"എല്ലാ വിളക്കും കെടുമ്പോഴാകാശമുണ്ട്
എല്ലാ സദിരും നിലയ്ക്കിൽ നിൻ നാദമുണ്ട്
ഏവരും പിരികിലും നിന്റെ സാന്നിദ്ധ്യമുണ്ട്
എങ്ങ് വരണ്ടാലുമുണ്ട് നിൻ ആർദ്രത"

ഈ ആർദ്രത ഉറവവറ്റാതെ എന്നും നമ്മോടൊപ്പം ഉണ്ടാകുമാറാകട്ടെ.





ജിജുമോൻ എം
(1998-2003 ബാച്ച്)
മുനിസിപ്പൽ കൗൺസിലർ
മാവേലിക്കര

# കലാലയവും കൂടെ ഉപഹാരങ്ങളും

ഇന്നലെകളുടെ നന്മകളെ ഒരിക്കൽകൂടി മനസിലേക്ക് ആനയിക്കുമ്പോൾ ബിഷപ്പ് മൂർ കോളേജ് പഠന കാലം കൗമാരത്തിന്റെ, യൗവ്വനത്തിന്റെ, നിറക്കൂട്ടിലേക്കുള്ള മടങ്ങിപ്പോക്കാണ്. ആ അഞ്ചുവർഷക്കാലം ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത നിമിഷങ്ങൾ സമ്മാനിച്ച മനോഹരകാലമായിരുന്നു.

കലാ-സാഹിത്യ, രാഷ്ട്രീയ മേഖലകളിലും വിവിധ ശാസ്ത്രശാഖകളിലും തുടങ്ങി ജീവിതത്തിന്റെ ഏതു പരിഛേദത്തിലും നിരവധി പ്രതിഭാശാലികളെ സമ്മാനിച്ചിട്ടുള്ള ഈ കലാലയം, എന്നിലെ വ്യക്തിത്വവികാസത്തിലും നിർണായകമായ പങ്കുവഹിച്ചു. കോളേജ് പഠനകാലത്തു പ്രത്യേകം പരാമർശിക്കപ്പെടേണ്ടതു പ്രിൻസിപ്പൽമാരായിരുന്ന മാമ്മൻ വർക്കിസാർ, വിക്ടർ സാം സാർ എന്നിവരുടെ സ്നേഹനിർഭരമായ ഇടപെടലുകളായിരുന്നു. ഒരു പാടു നല്ല സൗഹൃദങ്ങൾക്കൊപ്പം അധ്യാപകർ, അനധ്യാപകർ എന്നിവരുടെ സ്നേഹപൂർണമായ പിന്തുണയും ലഭിച്ചിരുന്നു.

പ്രസംഗിക്കാൻ, മുദ്രവാക്യം വിളിക്കാൻ, നെറികേടുകൾക്കെതിരെ പ്രതികരിക്കാൻ, ശരിയും തെറ്റും തിരിച്ചറിയാൻ... എല്ലാം പഠിച്ചത് ഇവിടെനിന്നാണ്. കോളേജ് ക്ലാസ്മുറികൾ, വരാന്തകൾ, ഓഡിറ്റോറിയം, ലൈബ്രറി, ബുക്ക് സ്റ്റാൾ, കാന്റീൻ എന്നുവേണ്ട കോളേജിന്റെ മുക്കിലും മൂലയിലും ഓടിനടന്നിരുന്ന കാലം... പ്രണയിക്കുകയും പിന്നീട് പ്രണയങ്ങൾ വെറും ഭ്രമങ്ങൾ മാത്രമാണെന്നു തിരിച്ചറിയുകയും ചെയ്ത കാലം. നാഷണൽ സർവ്വീസ് സ്കീമിന്റെ ദശദിന ക്യാമ്പുകളും പ്രവർത്തനങ്ങളും കലാ-സാംസ്കാരിക രംഗത്തും സാമൂഹികനന്മയ്ക്കുവേണ്ടിയും വിദ്യാർത്ഥികൾക്കു സമൂഹത്തിൽ നിരവധി കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് പഠിപ്പിച്ചുതന്നു. ഓരോ ക്യാമ്പുകളും ആ പ്രദേശത്ത് ബിഷപ്പ് മൂർ കോളേജിന്റെ കൈയൊപ്പ് പതിപ്പിച്ചവയായിരുന്നു. സഞ്ചാരയോഗ്യമല്ലാത്ത പാതകൾ നന്നാക്കി നൽകിയും, വൃത്തിഹീനമായ പ്രദേശങ്ങൾ വൃത്തിയാക്കി നൽകിയും, വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചും, പൂന്തോട്ടങ്ങൾ നിർമിച്ചുനൽകിയും ഒട്ടനവധി പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ സാധിച്ചു. അതിനു നേതൃത്വം നൽകിയത് വി.ഐ. ജോൺസൺ സാർ, സാബുസാർ, രഞ്ജിത് സാർ, ജേക്കബ് ചാണ്ടി സാർ, ചെമ്മനം സാർ എന്നിവരായിരുന്നു.

പുരോഗമന വിദ്യാർത്ഥിരാഷ്ട്രീയ പ്രവർത്തനത്തിലൂടെ വിദ്യാർത്ഥിപ്രശ്നങ്ങൾക്കു മാത്രമല്ല സമൂഹത്തിൽ നടമാടിയിരുന്ന എല്ലാതിന്മകൾക്കെതിരെയും മുഖം നോക്കാതെ പ്രതികരിക്കാനുള്ള കരുത്ത് നേടിയെടുക്കുവാൻ കഴിഞ്ഞു. എൻസിസി കേഡറ്റ് ആയതും രക്തദാന സേനയുടെ ഭാഗമാകുവാൻ കഴിഞ്ഞതുമെല്ലാം ജീവിതത്തിലെ ഭാഗ്യമാണെന്നു തിരിഞ്ഞുനോക്കുമ്പോൾ മനസിലാകുന്നു. കാലത്തിന്റെ പാച്ചിലിൽ ശിഥിലമായിപ്പോകുന്ന ബന്ധങ്ങളുടെ കണ്ണികളെ വിളക്കിച്ചേർത്തു ദൃഢപ്പെടുത്താൻ ശ്രമങ്ങൾ നടത്തുന്ന പൂർവ്വവിദ്യാർത്ഥി കൂട്ടായ്മയിൽ പ്രവർത്തിക്കുവാൻ കഴിയുന്നതും മഹാഭാഗ്യമായി കണക്കാക്കുന്നു.

മാവേലിക്കരക്കാരനായി ജനിച്ചതും ബിഷപ്പ് മൂർ കോളേജിൽ പഠിക്കാൻ കഴിഞ്ഞതുമൊക്കെ ജീവിതത്തിൽ ലഭിച്ച അനുഗ്രഹങ്ങളാണ്. പാരമ്പര്യത്തിന്റെ മൂല്യങ്ങളെ വരുംതലമുറയ്ക്ക് നൽകാനുള്ള ഉത്തരവാദിത്തം ഏറ്റെടുത്തു മുന്നോട്ടുനീങ്ങുന്ന ഈ മഹത്തായ കലാലയത്തിനു സുവർണ്ണജൂബിലി ആഘോഷവേളയിൽ എല്ലാവിധ നന്മകളും ആശംസിക്കുന്നു.

# THE DREAM NO LONGER A DREAM

## A Chat with REV. DR. VALSAN THAMBU



Anjali S. Thampan
(2011-2013 Batch)
Bishop Moore College

It was a dream come true- to meet Rev. Valsan Thampu. 31 January, 2015 thus became an unforgettable day in my life; the day when that rendezvous was made possible. I noticed the name Valsan Thampu on the first day when I stepped into Bishop Moore College, during my Post Graduate admission procedure. As the only rank holder from the department of English, his name decorated the honour rolls. This inspired me to toil hard, not with a definite aim as the "rank" but to enjoy and learn during my days at BMC. And later on, I remembered his name mentioned during the gathering to felicitate my achievement; his words of appreciation being the most precious one amongst the lot, which was quoted by my mentor, Anne Ma'am in her speech. In the course of time, things were gradually forgotten and one fine day, Anne Ma'am called me to enquire whether I was interested in meeting Valsan Thampu Achen. Thus, the long cherished dream was coming true.

How do we define a priest? The good shepherd, with the most notable long white "clerical clothing", most often too serious, preaching gospels. Contrary to all these, Achen looked like a perfect gentleman in formals, his clergical collar being the only symbol which made us identify him as a priest. Though holding an esteemed position as the Principal of the very famous St.Stephen's College, he wasn't proud or a reserved kind of character. He approached us with a "Hi" and words were showering from him when he recollected his alma mater- Bishop Moore College. His life expedition began from the village of Kallumala and he remembered each and every instance in his educational career that moulded him to the present stage. From rags to riches in terms of wisdom, he said, his inquisitiveness sprouted in the oft-neglected library of Bishop Moore College. His words were really inspiring and he remembered his mother who gifted him with the most treasured things in his life- her pen and the Holy Bible. His capital for education was the salary he earned from working as an assistant in the college library and the capital for his wide reading was, of course, The Holy Bible.

Valson Thampu Achen is a real treasurehouse of wisdom. He has developed a discipline of his own in life- five hours of sleep and writing something every day, inspite of his hectic schedule; which enables him to develop and utilize his potentials to the maximum. I was rather astonished to listen to his proficiency in speech; that which sprouted from a person like him who hailed from a hamlet like Kallumala. With his constant efforts and passion, he conquered whatever he liked and said language was one among that. The greatest lessons that he taught me were "Don't say no to any responsibility" and "be passionate for what you wish to be". His words were the real words of wisdom, the most poetical and magical. He suffered a lot of hardships in life and faced all trials and tribulations with a positive spirit; which quite inspired me, the sentimental idiot, as I would call myself.

Achen is a hardcore lover of nature. He also loves storytelling. He values poetry and said that poetry is life. The only wish left in me was to listen to a poetry class by him and to my amazement he covered the whole history of poetry in just five minutes right from the beginning to the postmodern; including everything notable in it. He is a true multifaceted genius-a great teacher, wonderful administrator and he is educated in law too. He conquered whatever he wished to be and wherever he wanted to be. The two hours spent with him is highlt treasured and I can proudly say that some sort of mutations took place in me, in my character, in my views which was the outcome of the interference of the Holy Spirit; the intervention of the Good Shepherd.



With the Best Compliments of
BISHOP SPEECHLY
COLLEGE FOR ADVANCED STUDIES
BUCHANAN CAMPUS, PALLOM-686 007, PHONE: 0481-6450144
(AFFILIATED TO M.G. UNIVERSITY, KOTTAYAM)
COURSES OFFERED
M. Com (Finance)
B. B. A.
B. C. A.
B. Com with Computer Application
B. Com with Finance and Taxation
ADD ON COURSES
• MAT AND BANK TEST (IBPS) Coaching by Career Launcher
• Communicative English



# എന്റെ കലാലയം ഭവനം



ജേക്കബ് ഫിലിപ്പ്
ജോയിന്റ് സെക്രട്ടറി പിടിഎ
ബിഷപ്പ് മൂർ കോളേജ്

അമ്പതുവയസ്, ഒരു കോളേജിനെ സംബന്ധിച്ചിടത്തോളം വലിയ കാലയളവല്ല. പ്രത്യേകിച്ചും, കലാലയ മുത്തശ്ശിമാരുള്ള കേരളത്തിൽ. ജ്ഞാനപ്രകാശത്തിന് ഒരു കലാലയം നിർവഹിച്ച പങ്ക് വിലയിരുത്തുമ്പോഴാണ് ഈ കാലയളവ് അർത്ഥപൂർണമാകുന്നത്.

ഈ കലാലയം എനിക്ക് എന്തായിരുന്നു എന്നു കുറിക്കുമ്പോൾ ഒരു രണ്ടുവയസുകാരന്റെ ഓർമയിൽ നിന്നും തുടങ്ങേണ്ടിവരും. എന്റെ പിതാവ് കോളേജിന്റെ ചാപ്ലെനായും അമ്മ ബുക്ക്സ്റ്റാളിന്റെ ചുമതലക്കാരിയായും ഉത്തരവാദിത്തം ഏറ്റെടുത്ത നാൾമുതൽ തുടങ്ങുന്നതാണ് കോളേജുമായുള്ള എന്റെ ബന്ധം. ഞാൻ താമസിച്ച വീടും കോളേജും തമ്മിൽ ഒരു മതിലിന്റെ പോലും വേർതിരിവില്ലായിരുന്നു. ഞങ്ങളുടെ കൃഷിയിടവും അതായിരുന്നല്ലോ. ആടുകളെ മേയ്ച്ചിരുന്നതും മറ്റൊരിടത്തായിരുന്നില്ല. ഞാൻ ഓടിച്ചാടി നടന്നതും വളർന്നതും ഈ കലാലയമുറ്റത്തായിരുന്നു. എന്തെല്ലാം വർണ്ണക്കാഴ്ചകളാണ് മനസിൽ നിറയുന്നത്.

വീടിന്റെ മുൻവശത്തെ മുറിയുടെ ജനാലയിൽ നിരത്തിയടിച്ചിരിക്കുന്ന ആണികളിൽ കൊളുത്തിയിട്ടിരിക്കുന്ന താക്കോൽക്കൂട്ടങ്ങൾ-പള്ളിയുടെ, കോളേജിന്റെ, ബുക്ക്സ്റ്റാളിന്റെ... രാവിലെ താക്കോൽക്കൂട്ടങ്ങൾ വാങ്ങാനെത്തുന്ന അനധ്യാപകർ. എല്ലാവരും എനിക്കു സ്വന്തമായിരുന്നു. പ്രത്യേകിച്ച്, ഒരു കാവൽ മാലാഖയെപ്പോലെ അന്നും എന്നും എന്റെ സാന്ത്വനസ്രോതസ്സായിരുന്ന കെ.സി. മാത്യു അച്ചനപ്പച്ചൻ. എനിക്കു നിറയെ സ്നേഹം തന്നവർ, എന്നെ കൊഞ്ചിച്ചവർ, തലോടിയവർ, ചെല്ലാരം പറഞ്ഞവർ, വർണ്ണക്കളറുള്ള വസ്ത്രങ്ങൾ ധരിച്ചു നിരനിരയായെത്തുന്ന കുട്ടികൾ...എത്ര വർണ്ണാഭമായിരുന്നു ഒട്ടും നിറംമങ്ങാതെ നിൽക്കുന്ന ആ കാഴ്ചകൾ.

ഞാൻ ആദ്യാക്ഷരം കുറിച്ച സ്കൂളും ഈ കോളേജിന്റെ അങ്കണത്തിൽത്തന്നെയായിരുന്നു (നൂറ്റമ്പത് വർഷം പിന്നിട്ട സിഎംഎസ് എൽപി സ്കൂൾ). വീടും സ്കൂളും കോളേജും പള്ളിയും എല്ലാം എനിക്ക് ഒന്നായിരുന്നു.

കാലം ഓടിയകന്ന് ഞാൻ ഈ കലാലയത്തിലെ വിദ്യാർത്ഥിയായി ചേരുമ്പോൾ എനിക്ക് ഇവിടെ അന്യമായിട്ടൊന്നുമില്ലായിരുന്നു- അധ്യാപകർ ഉൾപ്പെടെ. സ്വന്തം വീട്ടിലേക്കു തിരിച്ചുവന്ന അനുഭൂതി, ഒന്നും കൊഴിഞ്ഞുപോകാതെ ഓർമയിൽ തങ്ങിനിൽക്കുന്നു.ഞങ്ങളുടെ തലമുറയിൽ എന്തെങ്കിലും നന്മകളുണ്ടെങ്കിൽ അത് ഇവിടെനിന്നും ലഭിച്ച അറിവിന്റെ നന്മകളാണ്.

ഇതെഴുതുമ്പോൾ എന്റെ മകൻ ഇവിടത്തെ വിദ്യാർത്ഥിയാണ്. എന്നിലെ എന്നെ കണ്ടെത്താൻ സഹായിച്ച ആചാര്യശ്രേഷ്ഠർ അവനിലെ ഉണ്മയെ കണ്ടെത്താൻ അവനെയും സഹായിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ കുസൃതികളെയും നിഷേധങ്ങളെയും സഹതാപപൂർവ്വം സ്വീകരിച്ച ഈ കലാലയമാതാവ് അവനെയും അവന്റെ തലമുറയെയും അതുപോലെ സ്വീകരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്.

ഒരു കലാലയം ഒരിക്കലും വളരുന്നത് നിർമാണപ്രവർത്തനങ്ങളിലൂടെയല്ല. അത്തരം വളർച്ചയെ നിഷേധിക്കുകയല്ല. മറിച്ച്, അറിവിന്റെ വിശാലസ്വാതന്ത്ര്യം വിദ്യാർത്ഥികൾക്കു നൽകി സമൂഹത്തിൽ സൗരഭ്യം പടർത്തുന്നവരായി അവരെ മെനഞ്ഞെടുക്കണം. വിശ്വാസങ്ങൾ, പ്രത്യയശാസ്ത്രങ്ങൾക്ക് അതീതമായ ഉണ്മയെ കണ്ടെത്തലായിരിക്കണം. അത്രത്തോളം വളരാൻ ഈ കലാലയത്തിനു കഴിയട്ടെ.

ഒരു സ്വകാര്യം കൂടി...ഈ കലാലയമാതാവിനു 50 വയസ് പൂർത്തിയാകുമ്പോൾ എന്റെ പ്രായവും അമ്പതാകുകയാണ്. എന്റെ അസ്തിത്വത്തെ കണ്ടെത്തിയ ബിഷപ്പ് മൂർ കോളേജിന്റെ ചരിത്രത്തിലൂടെ ജീവിക്കുവാൻ സാധിച്ചത് എനിക്കു ലഭിച്ച സുകൃതം.

# OF MISSES AND HITS



## Career Confessions!




Dr. Nair Anup Chandrasekharan
Dept. of English
Bishop Moore College


Once upon a time, whenever I went on a flash forward mode, like most of the boys of my generation I saw myself as an engineer and when more under the influence of fancy, a doctor! This was so till that fine moment when, landed on my hand, that extraordinary piece of 'sheet' wherein 'marked' that all my dreams after 'B' had to end. I was thus introduced to BA while most of my ilk proudly donned the engineering attire, all the while condescendingly reminding me that I would end up as a school teacher or at the most a Professor! And in the very capitalistic Gujarat of my childhood and youth, the measly paid *mastergiri* was a career that was the graveyard of all glamour.

As I took my tentative first steps towards making sense of the situation, I sensed that I was walking into belongingness and not away from it. The feeling was akin to the hopefulness that calms your anxious being about the success of an arranged marriage, when you feel that somehow you were made for each other, that it was just meant to be and that nothing could have been better than that!

And then I swam in the ecstatic waters of the reflection of life that literature claims itself to be, intermittently unconcerned with the material prospects-prosperity or lack of it, that the course was to lead me to. I realised that the journey was more important than the destination that probably a destination does not even exist for anybody, that a fulfilling journey is all that matters- a secret my schooling never taught me! I discovered the joy of education- something that eluded me while studying in the best school in the city was brought to me by the worst college in town! Another paradox!

Then I held the chalk between my fingers and let myself go. I knew I was born to do it! Addressing twenty somethings at twenty two was an adrenaline boosting experience. With the UGC packages and new pay commissions material respectability too was on the way and it would be wrong to say that I cared less! Though I discovered that to be an Assistant Professor, NET was not the only qualification that was required and that I did not belong to the particular caste, religion and that I was not even a Gujarati, though all along I had thought of myself as one! However, somehow I navigated with a relatively successful mazy motion though the labyrinths of to-dos and did manage to make a mark.

She then came, strangely enough wanting to get married to an educator! With her Chemistry background, we wrote chemical poetry in Rajkot, successfully painting the town with a good tinge of non-commi red, trying to prove that teachers need not be straightjacketed, morose, pedantic and boring and that glamour need not be divorced from academics.

One fine day, Bishop Moore College, my mother's alma mater beckoned us, and for reasons incomprehensible, we did the unthinkable, quit Rajkot, lock, stock and barrel! The Management of the College ensured that I hit the ground running and immediately I was in the midst of things-looking after the National Service Scheme, Coordinating the UGC Add on Journalism Course, editing the college newsletter, besides addressing a very different audience in the classroom. Of late, coordinating the innovative governmental initiative, Additional Skill Acquisition Programme (ASAP), has been an eye-opener of sorts! When a job is a passion, I have learnt, it would not cloy the senses but would make hungry when it most satisfies. (Due apologies to Shakespeare!) My gut feeling is that this passion is for keeps! Amen!

# Teacher Alumni Speak



**KRISHNA KUMAR R.**
*Dept. of English, University College, Thiruvananthapuram*

I am really proud to be a member of Bishop Moore Family. Bishop Moore is a memory, a feeling and a lot more than a college. I have many memories associated with this college and they are ever fresh and warm. I remember the great teachers of our time (2000-2003 B.A. Batch) who gave us the definitions of a wonderful guide. I got the opportunity to work in my alma mater as a guest lecturer in 2005. Bishop Moore is the place, which gave us life and ignited the passion of teaching in our minds. Whenever we become confused, stressed and tired, we turn to you Bishop Moore for your beautiful memories and caring attitude. I express my sincere wishes for the Golden Jubilee Celebrations of my college.

**MALINI S. KUMAR**
*VTM NSS College, Dhanuvachapuram*



My days in Bishop Moore College as a student and as a teacher helped me to mould my career in the best way possible. I extend my sincere gratitude to all my teachers, colleagues and staff of Bishop Moore College, for the wonderful support they gave me which has made me what I am today. Thank you dear college for guiding me to fulfil my dreams and reach my destination. I wish Bishop Moore College all success in the coming years.

**RETHEESH R. NAIR**



*HSST English (Sr.) GHSS, Marayoor*

Bishop Moore College is a nostalgia filled with memories of an excellent team of teachers who kindled my spirit of learning. The campus has sheltered me under its foliage with warmth and cheered me to yearn for more. The Department of English has a major role in shaping my career choices. Thank you, management, teachers and non-teaching staff for your immense support and kindness.

**MAHESH M.**
*HSST English (Jr.) GHSS, Valiazheekal*



Though Shakespeare asks "*whats in a name*?", the name Bishop Moore College, Mavelikara speaks in volumes its greatness…..I am proud to be a part of this institution during the academic year 2006-08, when I did my post graduation in English there. I have seen a real passion for teaching in the Dept. of English. The dedicated and vibrant faculty over there guided us to the world of knowledge. I got the privilege to be a part of the same faculty after my studies. If the culture of a man is the attitude and aptitude gathered from the environment in which he lives, it is true about my college which carved me out as what I am now. During this special occasion, I offer my sincere wishes and prayers to my dear college.

**AKHIL V.**
*Department of Commerce, NSS College, Pandalam*



Cherishing the nostalgic memories of life….To think about this institution is always refreshing to the mind. I love to think of the opportunity I got in spending an important phase of my life in Bishop Moore College, which has indeed turned positive in my life. Now it has enabled me to fulfil one of my dreams - to be a college teacher.

**SIVASANKAR S.**
*Department of English, Govt. College, Tripunithura*



I didn't know that I had been in a trap; the eternal memory of space that warned and rejected me. Like all human beings, I too struggled to be accepted, like a passionate lover. After the eternal wound I am here, still unhealed to wound others. Dear students, jump into the wagon and join the struggle/ride.

**BHAGYA LEKSHMI.V.K**



*HSST English, GHSS Ganeshgiri, Shornur, Palakkad*

Bishop Moore, my college. Always dear to my heart. Being a bloom in this garden was a blessing to both my life and career. Wish that splendid spring carries on… I badly miss you now. You will always be in my heart.

# OUR DEPARTMENTS

## Department of ENGLISH



The Department of English has been part of Bishop Moore College since its inception. Established in the year 1967 as an Undergraduate Department it upgraded itself into a Post Graduate Department in 1998. Over the years, the Department has produced commendable results in University examinations. The Department offers ASAP training, coaching for competitive exams like NET and entrance test for PG admission to other Universities. The facilities of the Department include a language lab and reading room cum media centre. Our alumni is placed around the world in public and private sectors undertakings holding important positions in academics, print & visual media and law to name a few. Anjali S Thampan secured the first rank in MA English language and literature in the University of Kerala in 2013.

The Department has twelve permanent members of faculty and has to its credit seven Minor research Projects sanctioned by the UGC. Three teachers have Doctoral Degrees and others have enrolled for research. The Department believes in the holistic growth of its students and provides ample scope for research. It maintains a perfect balance of academic and extracurricular activities towards the pursuit of excellence. The activities of the Department include invited lectures, seminars and literary fest.

### P.U.J. Endowment Lecture

Endowment Lectures instituted in 2001 in memory of Prof. P.U. Jacob.

### Invited Lectures

Renowned academicians, writers, activists and scholars from different walks of life share their valuable time, knowledge and experience with the students and faculty of the Department making it a rewarding experience for young scholars and teachers.

### Laurel Literaria

The Annual Literary fest conducted since 2003 marks the culmination of the year long activities of the Department. It includes an Inter Collegiate quiz competition with an ever rolling trophy and provides a perfect platform for the students of the Department to showcase their talents. Over the years, this event has witnessed enactment of Shakespearean Plays, dramatic recitals of poems and literary exhibitions by students.

### Former Faculty

Prof. Ninan Koshy, Prof. P. Nagaraj, Rev. Prof. Thomas Ninan, Prof. Anna Verghis, Prof. V. C. John, Prof. M. I. Itty,Prof. Ananthasiva Iyer, Prof. P.U. Jacob, Prof. K. Gopinatha Pillai, Prof. D. G. Issacs, Prof. K. Varghese Mathew, Prof. K.T. Thomas, Prof. N.K. Harilal, Prof. K. Elias Cherian, Prof. Achyamma C. Thomas, Prof. C. T. John, Prof. A.V. Itty, Prof. John Philip, Prof. Prabha Alice Varkey, Prof. Shirley Samuel, Prof. Taty .I. Jacob, Prof. M.K. Samuel, Prof. Pearly Arthur David



### Present Faculty

Prof. Giggy P Koshy (HOD), Dr. Anne Angeline Abraham, Prof. Suma Alexander, Prof. Amith David, Dr. Nair Anup Chandrasekharan, Prof. Vidu Vijayan, Dr. Divya .S, Prof. Julie Thomas, Prof. Premjith M.R, Prof. Anusha Das, Prof. Bhagyalekshmi Mohan, Prof. Neethu Mary Philip.

# Department of MALAYALAM



പ്രീഡിഗ്രി വിദ്യാർത്ഥികൾക്ക് ഉപഭാഷയായി മലയാളം പഠിക്കുവാനുള്ള സൗകര്യമൊരുക്കിക്കൊണ്ട് 1964-ലാണ് മലയാളവിഭാഗം ആരംഭിച്ചത്. യുവലോകം പത്രാധിപർ, ഗവേഷണസ്വഭാവമുള്ള ലേഖനങ്ങളുടെ രചയിതാവ്, വാഗ്മി എന്നീ നിലകളിൽ പ്രസിദ്ധനായിരുന്ന പ്രഫ. കൊഴുവല്ലൂർ എം.കെ. ചെറിയാനാണ് മലയാളവിഭാഗത്തിനു നേതൃത്വം നൽകിയത്. 1965-ൽ പ്രഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള അധ്യാപകനായി വന്നത് മലയാളവിഭാഗത്തിന്റെ പ്രഭാവം വർധിപ്പിച്ചു. 1967-ലാണ് ബിരുദതലത്തിൽ മലയാളഭാഷയും സാഹിത്യവും പഠിക്കുവാൻ അവസരമൊരുങ്ങുന്നത്.

ബിരുദതലപഠനം ആരംഭിച്ചപ്പോൾ നിയമിക്കപ്പെട്ട പ്രഫ. സി.വി. വാസുദേവ ഭട്ടതിരി, പ്രഫ. കെ.പി. ഫിലിപ്പോസ്, പ്രഫ. കോശി തലയ്ക്കൽ, പ്രഫ. ആർ.ബി. വർഗീസ്, ഡോ. പി.കെ. അലക്സാണ്ടർ എന്നിവർ മൗലികതകൊണ്ടും സാമർത്ഥ്യംകൊണ്ടും ഭാഷാധ്യാപനത്തിനു പുതിയമാനങ്ങൾ നൽകി. ഭട്ടതിരിസാറിന്റെ പാണ്ഡിത്യവും ഫിലിപ്പോസ് സാറിന്റെ ആത്മാർത്ഥതയും കോശി സാറിന്റെ സർഗ്ഗാത്മകതയും ആർ.ബി. വർഗീസ് സാറിന്റെ സരളതയും അലക്സാണ്ടർസാറിന്റെ ഗവേഷണൗൽസുക്യവും മൂന്നു പതിറ്റാണ്ടിലെ വിദ്യാർത്ഥികളുടെ ബുദ്ധിയും മനസും നിറച്ചു. അധ്യാപകനെന്ന നിലയ്ക്ക് വ്യക്തിമുദ്ര പതിപ്പിച്ച ചെറിയാൻ സാർ പ്രിൻസിപ്പൽ എന്ന നിലയ്ക്കും പരക്കെ അംഗീകാരം നേടി. ഡോ. പി. ശ്യാമളാദേവി, പ്രഫ. സി. തോമസ് മാത്യു, ഡോ. ധർമ്മരാജ് അടാട്ട് എന്നിവരും മലയാളവിഭാഗത്തിൽ അധ്യാപകരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഗവേഷണരംഗത്തും അധ്യാപനരംഗത്തും തനതായ അംഗീകാരം നേടിയിട്ടുള്ളവരാണിവർ.

1969-ൽ റവ. ജോർജ് മാത്തന്റെ 150-ാം ചരമവാർഷികം മാവേലിക്കരയിൽ സംഘടിപ്പിച്ചത് കോളേജിന്റെയും മലയാളവിഭാഗത്തിന്റെയും ചരിത്രത്തിലെ പ്രധാനനേട്ടങ്ങളിലൊന്നാണ്. ഓരോവർഷവും ഒട്ടേറെ സെമിനാറുകൾ നടക്കുന്ന ബിഷപ്പ് മൂർ കോളേജിന്റെ ചരിത്രത്തിലെ ആദ്യത്തെ സെമിനാറായിരുന്നു റവ. ജോർജ് മാത്തൻ അനുസ്മരണം. ഈ സംരംഭത്തിന്റെ തുടർച്ചയായി മലയാളവിഭാഗത്തിന്റെ നേതൃത്വത്തിൽ ഒരു ഗവേഷണകേന്ദ്രം ആരംഭിക്കുകയുണ്ടായി. ഗവേഷണാവശ്യങ്ങൾക്കായി പ്രത്യേകം രൂപകൽപനചെയ്ത് റവ. ജോർജ് മാത്തൻ ഉപയോഗിച്ചിരുന്ന ഗവേഷണമേശ അദ്ദേഹത്തിന്റെ അനന്തരാവകാശികൾ കോളേജിനു നൽകിയത് വിലപ്പെട്ട നിധിയായി മലയാളവിഭാഗം സംരക്ഷിച്ചു വരുന്നു. ഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 1984-ൽ ആരംഭിച്ച റവ. ജോർജ് മാത്തൻ പ്രഭാഷണപരമ്പരയാണ് കോളേജിലെ ആദ്യത്തെ സ്മാരകപ്രഭാഷണമെന്നതും അഭിമാനകരമാണ്. മഹാകവി പുത്തൻകാവ് മാത്തൻ തരകൻ, ഡി.സി. കിഴക്കേമുറി, പ്രഫ. എൻ.വി. കൃഷ്ണവാര്യർ, ഡോ. കെ. രാമചന്ദ്രൻ നായർ, പ്രഫ. ഗുപ്തൻനായർ, പ്രഫ. സുകുമാർ അഴീക്കോട്, പ്രഫ. ഒ.എൻ.വി. കുറുപ്പ്, ഡോ. എം. ലീലാവതി, ചെമ്മനം ചാക്കോ, വിഷ്ണുനാരായണൻ നമ്പൂതിരി എന്നിവർ പ്രഭാഷണ പരമ്പരക്ക് നേതൃത്വം കൊടുത്തു.

കോളേജ് പ്രിൻസിപ്പൽ ഡോ. ലീലാമ്മ ജോർജ്, പ്രഫ. വി.ഐ. ജോൺസൺ, പ്രഫ. ആർ. ഹരിചന്ദ്രൻ ആചാരി, പ്രഫ. ജോൺസൺ ചെമ്മനം, പ്രഫ. സജിനി ദീന മാത്യു, ഡോ. വി. ദിനേശ് എന്നിവരാണ് ഇപ്പോൾ മലയാളവിഭാഗത്തിൽ അധ്യാപകരായിട്ടുള്ളത്.

അമ്പതുവർഷം പിന്നിടുന്നവേളയിൽ വിദ്യാർത്ഥികളുടെ നേട്ടങ്ങളെക്കുറിച്ച് ആഹ്ലാദകരമായ ഓർമകളാണ് മലയാളവിഭാഗത്തിനുള്ളത്. ആത്മീയം, രാഷ്ട്രീയം, അധ്യാപനം, പത്രപ്രവർത്തനം, നിയമം, പൊതുഭരണം, കല, സാഹിത്യം എന്നിങ്ങനെ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും മലയാളവിഭാഗത്തിന്റെ പൂർവ്വവിദ്യാർത്ഥികൾ സമൂഹത്തിനു വിലപ്പെട്ട സേവനം നൽകിക്കൊണ്ടിരിക്കുന്നു. മിഷണറിമാരും എ.ആർ. രാജരാജവർമ്മയും ഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ നവീനതയുടെ പ്രചാരകരായി വിദ്യാർത്ഥികളെ രൂപപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ മലയാളവിഭാഗം പ്രയാണം തുടരുന്നു.

# Department of HINDI



The Department of Hindi was established in 1964. At the time of establishment, Hindi was to be taught as second language only in Pre-Degree classes. The college was upgraded as a Degree College in 1967. Since then Hindi has been taught as second language in Degree classes also.

***Former faculty*** : Prof. Janardhanan Nair, Prof. D. Thankappan Nair, Prof. V. Vigneshwaran, Prof. P.G. Annamma, Prof. E.J. David

***Present faculty*** : Prof. G. Thomas (HOD), Prof. K.D. Sudhakaran Nair- Associate Professor

# Department of MATHS



The Department of Mathematics was established in the year 1968. The dept. seeks to foster a love for Mathematics in the students, develop their analytical skills and train them to delve deeper into the subject. The first Head of the Department was Prof. S. Krishna Iyer who passed away in 1970, while he was in service. In 1970, Prof. K.Venkitachalam became the H.O.D. After 28 years of meritorious service, Prof. Venkitachalam retired from service in 1998. Two members of our faculty, Prof. Mammen Varkki and Prof. Victor Sam became the Principals of our college during the years 1996-2001 and 2001-2005 respectively. Prof. Mammen Varkki was elected as a member of the syndicate of the University of Kerala in 1993. B.Sc Mathematics started in the year 1967. Ms.P.J. Mariamma, Ms. Sindhu. I and Ms. Devika.S are our rank holders. Every year, the dept. conducts seminars in various branches of Mathematics such as Graph Theory, Topology, Analysis, Astronomy, Vastu, computer programming etc. The Dept. also conducts an Inter-Collegiate Mathematics Quiz in memory of our colleague, Prof. K.J.Johnson. The winners are given the 'Prof. K.J.Johnson Memorial Ever Rolling Trophy ,cash prizes and certificates. The department has a strong Alumni Association.

***Former faculty*** : Prof. S.Krishna Iyer (1967-70), Prof. K.J.Johnson (1979-87), Prof. K.P.Jacob (1965-97), Prof. K.Venkitachalam (1964-98), Prof. S.Parameswaran Pillai (1968-2000), Prof. V.Mammen Varkey (1967-2001), Prof. George Jacob (1969-2002), Prof. Victor Sam (1971-2005), Prof. Nirmalakumari.S (1981-2014), Dr.Susamma Jacob (1982-2014)

***Present faculty*** : Ms. Simili Abraham(HOD), Dr. Sabu George (Statistics)

# Department of PHYSICS



The Department of Physics has a glorious history of over four decades with many golden feathers in its cap. It is the first Post Graduate department in the college, having started the B.Sc. course in 1967 and the M.Sc. course in 1983.

Rev. K.C. Mathew, the first Head of the Department, is also the Founder Principal of Bishop Moore College. The HODs who succeeded him are Prof. K.C. Jacob, Prof. Jacob V. John, Prof. K.K. Kurien, Prof. M.M. Thomas, Prof. Mathew Gabriel, Prof. Lysa Varkey, Prof. George Kurien, Prof. Chandy. N. George and Prof. George Mathew.

Rev. K. C. Mathew Endowment lectures are organized every year since 1994, by either the Department of Physics or the Department of Chemistry.

The 'All Kerala Science Conference' was organized in association with National Association for Application on Radio Isotopes and Radiation in Industry, BARC, Mumbai in October 1989 and November 1995.

Prof. George Kurien visited the University of South Sewane, TN, USA to develop a web based 'Joint Programme on Introductory Computer Science'.

The Indian National Science Academy (INSA) conducted a Refresher Course on 'Theoretical Physics' in the year 2000 in collaboration with the department. The department became an approved Research Centre of the University of Kerala in 2012. The department is now emerging as a flourishing centre of research in the field of Spectroscopy and nonlinear dynamics, with two major research projects and three minor research projects in this field, funded by the UGC, CSIR and DST. There

are also research projects in Electronics, Nano-Ceramics, Optoelectronics and Non-linear dynamics.

The department has become a DST- FIST sponsored department in 2014 with a sponsorship of five years. The recent endeavors include the National Conference on “Materials Science & Technology (MSAT-2015)”, Science Academies’ Lecture Workshop on “Non-linear Dynamics & Chaos” (January 2015), Science Academies’ Refresher Course on “Quantum Mechanics” in 2014, National Science Day Celebrations (SCI-ROSTRUM - 2014), the International Conference on “Perspectives in Vibrational Spectroscopy (ICOPVS-2013), the International Conference on “Molecular Spectroscopy of Advanced Materials and Biomolecules” (IMSAB-2012), the National Conference on “Recent Trends in Vibrational Spectroscopy” (RTVS-2011) and Rev. K.C.Mathew Endowment lectures on “Artificial Intelligence” (2014), “Nanophotonics”(2012) and “An Introduction to Photonics”(2010).

The present faculty of the department are Prof. George Mathew (HOD), Dr. Thomas Kuruvilla, Dr. D. Sajan, Mrs. Lynnette Joseph, Mrs. Merin George, Miss. Jerin Susan John, Dr. Arun Aravind and Mr. Javeesh Alex.

## Department of CHEMISTRY



The Department of Chemistry was established in 1978 with the introduction of B.Sc in Chemistry and was headed by Prof. Rev. Itty Mathew. The department was upgraded to a Post Graduate department in 1995 with M.Sc Degree in Analytical Chemistry. In 2003, Research centre in Chemical Science was inaugurated and a research wing in Nanotechnology was started in 2004. In 2009, Kerala University approved the department as a Research Centre. An exclusive laboratory for research was consecrated in memory of Mrs. Annie Bessy Oommen. The department is equipped with ten competent, dedicated and experienced faculty members. To motivate the students for higher research, the department provides projects for PG students in topics which enable them to get exposed to the real life situations. The department subscribes to twelve research journals. The department had five major projects which were funded by Department of Science and Technology (DST), Kerala State Council of Science Technology and Environment (KSCSTE) and UGC. The department also has collaborative projects with Universities in Germany (DST DAAD). We have about 70 papers published in peer reviewed journals to our credit. The department has a Chemistry Association and is conducting seminars, workshops, study tours, paper presentations and exhibitions. The department has more than 2000 books in various areas of Chemistry. The department has produced 10 first ranks in M.Sc Analytical Chemistry so far. The department has been upgraded as a FIST supported department in 2014. The department exercises innovative teaching methods such as using Computer Assisted Instructions, OHP, Models, Peer teaching and Smart Boards. Many of our students were awarded with JRF and SRF scholarships. At present, there are 4 Research Guides and 1 Emeritus Professor in our department and has produced 4 PhD degrees.



## Department of ZOOLOGY



The Dept. of Biology was started in June 1st 1964 and was headed by Prof. T. J. Philip. In 1967, B.Sc. Zoology was started, headed by Prof. T. J. Philip (1964-1992) and a team of teachers joined with him in subsequent years.

Mrs. Thankamony George (1968-1997)

Mr. Thomas Mathew (1968-1999)

Mr. M. C. Varghese (1969-1995)

Mr. Ommen Mathai (1970-1976)

Mrs. Remani Jacob (1972-2001)

Dr. Shyamala Panicker (1975-1996)

Mrs. Susheela Mary John (1977-2010)

